# സ്നേഹാർദ്രകരങ്ങൾ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# സ്നേഹാർദ്രകരങ്ങൾ


## പ്രൊഫ. എം.വൈ. യോഹന്നാൻ

**റിട്ടയേഡ് പ്രിൻസിപ്പൽ,**
**സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി – 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Binu Varghese, Dentcare, Muvattupuhza

●

Printed at
Five Star Offset Printers, Cochin

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

ബിഷപ്പ് ഫുൾട്ടൻ ഷീൻ ഒരിക്കൽ ചോദിച്ചു: ഉണ്ണിയേശുവിനെ കാണാൻ കഴിഞ്ഞവർ ആരെല്ലാം? അദ്ദേഹം തന്നെ ആ ചോദ്യത്തിന് മറുപടിയും പറഞ്ഞു: "Only two classes of men heard the cry of Infant Jesus that night: Shepherds and the Wise men. Shepherds: Those who know they know nothing. Wise men: Those who know they do not know everything." ഒന്നും തങ്ങൾക്ക് അറിഞ്ഞുകൂടെന്ന് ചിന്തിക്കുന്ന ആട്ടിടയന്മാർ, തങ്ങൾക്ക് എല്ലാക്കാര്യങ്ങളും അറിഞ്ഞുകൂടെന്ന് ചിന്തിക്കുന്ന വിദ്വാന്മാർ.

ഒന്നും അറിഞ്ഞുകൂടാത്ത ആട്ടിടയന്മാർ വഴിതെറ്റാതെ നടന്ന് ഉണ്ണിയേശുവിന്റെ സന്നിധിയിലെത്തി. വിദ്വാന്മാർ അവരുടെ ബുദ്ധിയിലാശ്രയിച്ച് വഴിതെറ്റി ഹെരോദാവിന്റെ കൊട്ടാരത്തിൽ കയറി. അവർ തെറ്റ് മനസ്സിലാക്കി ശരിയായ വഴിയിലൂടെ നടന്ന് ഉണ്ണിയേശുവിന്റെ സമീപത്തെത്തി കാഴ്ചകൾ അർപ്പിച്ചു. യേശുവിനെ കാണുക എന്ന ശുദ്ധോദ്ദേശത്തോടെ പുറപ്പെട്ട വിദ്വാന്മാർക്ക് വഴിതെറ്റിയത് മൂലം ആ ദേശത്ത് ഉണ്ടായിരുന്ന രണ്ട് വയസ്സും അതിൽത്താഴെയുമുള്ള നിരപരാധികളായ ശിശുക്കൾ വധിക്കപ്പെട്ടു.

ശരിയായ വഴിക്ക് യാത്ര തുടങ്ങിയ വിദ്വാന്മാരെ നക്ഷത്രം നയിച്ചുകൊണ്ടിരുന്നു. എന്നാൽ അവർ വഴി തെറ്റി കൊട്ടാരത്തിൽ കയറിയപ്പോൾ നക്ഷത്രം നിശ്ചലമായി. ഉന്നതങ്ങളിലേക്ക് നോക്കാതെ ഭൗതികപ്രതാപം ലാക്കാക്കി നീങ്ങിയപ്പോൾ അവർക്ക് സംഭവിച്ച നഷ്ടം വലുതായിരുന്നു. അവർ തിരിച്ച് ഇറങ്ങുന്നതുവരെയും നക്ഷത്രം അവരെ കാത്തുനി

ന്നു. വഴിതെറ്റിപ്പോകുന്ന മനുഷ്യനെ വീണ്ടെടുക്കാൻ ദാഹിക്കുന്ന നിത്യനായ ദൈവത്തിന്റെ സ്നേഹത്തിന്റെ ദാഹമാണ് നാം അവിടെ കാണുന്നത്.

സഭാപ്രസംഗിയായ ശലോമോൻ പറയുന്നു:

*"പട്ടണത്തിലേക്ക് പോകുന്ന വഴി അറിയാത്ത മൂഢന്മാർ തങ്ങളുടെ പ്രയത്നത്താൽ ക്ഷീണിച്ചു പോകുന്നു."* *സഭാപ്രസംഗി 10 : 15*

പട്ടണത്തിൽ എത്തണമെന്നുണ്ട്. പക്ഷേ, വഴി അറിഞ്ഞുകൂടാ. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാണെന്ന് അരുളിച്ചെയ്ത ക്രിസ്തു ആണ് ഏക വഴി. അത് ജീവന്റെ വഴിയാണ്. സ്നേഹത്തിന്റെ വഴിയാണ്. ത്യാഗത്തിന്റെ വഴിയാണ്. സമാധാനത്തിന്റെ വഴിയാണ്. നിത്യരക്ഷയുടെ വഴിയാണ്. നിത്യസീയോൻപുരിയിലെത്താനുള്ള വഴിയാണ്.

പൂർവ്വികരായ പുണ്യപിതാക്കന്മാർ പാടി:

"ജീവകരമെന്നും മരണകരമെന്നും (മൃതികരം) രണ്ടു വഴികൾ ഉണ്ട്. ജീവന്റെ വഴി ദുർഗ്ഗമമാണ്, ദുർഘടമാണ്, അത് ഒരു പുതിയ മാർഗ്ഗവും ആണ്. ആ പുതുപാതയിലൂടെ നടക്കുന്നവർക്ക് നിരന്തരം പൈശാചികശക്തിയോട് യുദ്ധം ചെയ്യേണ്ടി വരും. തളരാതെ പോരാടിയാൽ ജയം കൈവരിക്കും എന്നുള്ളത് നിശ്ചയമാണ്. പിന്നാലെ വരുന്നവർക്ക് ജയജീവിതത്തിന് ആവേശം പകരുന്ന സത്യസാക്ഷ്യം അവരുടെ ജീവിതം നൽകിക്കൊണ്ടിരിക്കും. അത്യാവശ്യക്കാർ ആണെങ്കിൽ നിങ്ങൾക്കും ജയം കൈവരിക്കാം. ദൈവഭക്തന്മാർക്ക് അനുഗമിക്കാൻ പറ്റിയ ക്രിസ്തുവിന്റെ മാർഗ്ഗമാണ് ആ വിശുദ്ധ വഴി.

"ജീവകരം മൃതികരമെന്നേവം
കണ്ടിരുസരണികൾ സഹദേന്മാർ
നൂതനമാം-ജീവിതമാർജ്ജിപ്പാൻ

ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി
ജയമോടേറിപ്പറയുന്നു:
"ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം
കർത്താവിൻ നാമം ധന്യം."

മോശയുടെ അന്തിമ വചനങ്ങൾ ആവർത്തനപുസ്തകം 30-ന്റെ 15-ലും 19-ലും നാം കാണുന്നു.

*"ഇതാ, ഞാൻ ഇന്ന് ജീവനും ഗുണവും, മരണവും ദോഷവും നിന്റെ മുമ്പിൽ വച്ചിരിക്കുന്നു."*

*ആവർത്തനപുസ്തകം 30 : 15*

*"ജീവനും മരണവും, അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വച്ചിരിക്കുന്നു."*

*ആവർത്തനപുസ്തകം 30 : 19*

*"ഇതാ, ഞാൻ ഇന്ന് അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു."*

*ആവർത്തനപുസ്തകം 11 : 26*

യിരമ്യാവ് പറയുന്നു: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു:

*"ഇതാ, ഞാൻ ജീവന്റെ വഴിയും മരണത്തിന്റെ വഴിയും നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു."*

*യിരമ്യാവ് 21 : 8*

ജീവന്റെ വഴി ശാശ്വത മാർഗ്ഗമാണെന്നും അതിന് സമാന്തരമായി വ്യസനത്തിനുള്ള മാർഗ്ഗം ഉണ്ടെന്നും ദാവീദ് പറയുന്നു:

*"ദൈവമേ, എന്നെ ശോധനചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസന*

*ത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ."*

*സങ്കീർത്തനങ്ങൾ 139 : 23, 24*

നമ്മുടെ കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ അരുളി ച്ചെയ്തിരിക്കുന്നു:

*''ഇടുക്കുവാതിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രേ."*

*മത്തായി 7 : 13, 14*

അപ്പൊസ്തലനായ പൗലോസ് ഇതിനെക്കുറിച്ച് പറയുന്നത്:

*"ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ."* *റോമർ 6 : 16*

മരണത്തിന്റെ വഴി ഉപേക്ഷിച്ച് നരകഭീകരതയിൽ നിന്ന് നാം മോചനം പ്രാപിപ്പാൻ ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം നമ്മെ മാടി വിളിക്കുന്നു. സ്നേഹത്തിന്റെ ആ ആഹ്വാനം കൈക്കൊണ്ട് ക്രിസ്തു ക്രൂശിൽ നേടിത്തന്ന ജയം അനുഭവി ക്കുന്നവരത്രേ ഭാഗ്യവാന്മാർ.

ഈ ആശയം എന്റെ ഉള്ളത്തിൽ തിങ്ങിയതാണ് ഈ ഗ്രന്ഥരചനയ്ക്ക് നിദാനമായത്. താണുപോകുന്ന മനുഷ്യനെ വീണ്ടെടുക്കുവാൻ നിരന്തരം ആർദ്രതയോടെ കൈ നീട്ടുന്ന ക്രിസ്തുവിന്റെ സ്നേഹം അറിഞ്ഞാൽ നാം ആ സ്നേഹത്തിന്റെ മാധുര്യം ആസ്വദിക്കുകയും ആ സ്നേഹത്തിന്റെ പ്രഘോഷ കരായി മാറുകയും ചെയ്യും.

എന്റെ ഈ 123-ാമത്തെ പുസ്തകം നിങ്ങൾക്ക് ഞാൻ

കൈമാറുമ്പോൾ ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങൾ നിങ്ങളെ ഉദ്ധരിക്കുകയും സ്വർഗ്ഗീയ സൗഭാഗ്യം നിങ്ങൾ അനുഭവിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഇതിന്റെ രചനയിലും, DTP, കവർപേജ്, അച്ചടി മുതലായവയിലും അത്യുത്സാഹത്തോടെ സഹകരിച്ച എന്റെ ആത്മീയ സഹോദരങ്ങൾക്ക് എന്റെ ഉള്ളഴിഞ്ഞ കൃതജ്ഞത ഞാൻ പ്രകാശിപ്പിക്കുന്നു.

എന്ന് നിങ്ങളുടെ സ്വന്തം,
**എം.വൈ. യോഹന്നാൻ സാറ്**

# ഒന്ന്

*"അവൻ ഉയരത്തിൽനിന്ന് കൈനീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽനിന്ന് എന്നെ വലിച്ചെടുത്തു. ബലമുള്ള ശത്രുവിന്റെ കൈയിൽ നിന്നും എന്നെ പകച്ചവരുടെ പക്കൽ നിന്നും അവൻ എന്നെ വിടുവിച്ചു; അവർ എന്നിലും ബലമേറിയവരായിരുന്നു." സങ്കീർത്തനങ്ങൾ 18 : 16, 17*

പതിനെട്ടാം സങ്കീർത്തനവും നൂറ്റിപ്പതിനാറാം സങ്കീർത്തനവും തമ്മിൽ കുറെ സാദൃശ്യങ്ങളുണ്ട്. ഒരു വിടുതൽ അല്ലെങ്കിൽ വിമോചനം, അതാണ് ഇവിടെ പറയുന്നത്. വെള്ളത്തിൽ താണുതാണുപോകുകയായിരുന്നു. ആ വെള്ളത്തിൽനിന്ന് എന്നെ പൊക്കി എടുക്കാൻ ആർക്കും സാധിക്കുകയില്ലായിരുന്നു. അത്ര അഗാധമായ ജലാശയത്തിലേക്ക് ഞാൻ വീണു കഴിഞ്ഞിരുന്നു. പൊങ്ങിവരാൻ ശ്രമിക്കുന്തോറും താണുതാണു പോയ്ക്കൊണ്ടിരുന്നു.

അപ്പോൾ എന്റെ അടുക്കലേക്ക് ആരെങ്കിലും വന്നു രക്ഷിക്കാൻ നോക്കിയാൽ ആ ആളും കൂടി വെള്ളത്തിലാകും. അപ്പോൾ ഈ വെള്ളത്തെ സ്പർശിക്കാതെ, ഞാൻ കിടക്കുന്ന ഈ ആഴത്തെ സ്പർശിക്കാതെ മുകളിൽനിന്ന് കരം നീട്ടി ഒരുവൻ എന്നെ പിടിച്ചു.

ബലമുള്ള ശത്രു എന്നെ അഗാധത്തിലേക്ക് താഴ്ത്തിക്കൊണ്ടുപോകുവാൻ ശ്രമിക്കുകയായിരുന്നു. പക്ഷേ, ദുഷ്ടപ്പിശാച് താഴ്ത്തിക്കൊണ്ടിരുന്ന എന്നെ എന്റെ കർത്താവ് മുക

ളിൽനിന്ന് കരം നീട്ടി പിടിച്ചു. "അവൻ ഉയരത്തിൽനിന്ന് കൈനീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽനിന്ന് എന്നെ വലിച്ചെടുത്തു; എന്നെ പകച്ചവരുടെ പക്കൽനിന്നും ബലമുള്ള ശത്രുവിന്റെ കൈയിൽനിന്നും അവൻ എന്നെ വിടുവിച്ചു; അവർ എന്നിലും ബലമേറിയവർ ആയിരുന്നു."

പതിനെട്ടാം സങ്കീർത്തനത്തിന്റെ ആകെത്തുക, വിടുതൽ അല്ലെങ്കിൽ സ്വാതന്ത്ര്യം എന്നുള്ളതാണ്. നമുക്കെല്ലാവർക്കും ഇന്ന് സ്വാതന്ത്ര്യം ആവശ്യമാണ്; നമ്മിൽ നിന്നുതന്നെ സ്വാതന്ത്ര്യം ആവശ്യമാണ്; നമ്മുടെ സ്വയത്തിൽനിന്ന് ഒരു സ്വാതന്ത്ര്യം ആവശ്യമാണ്. നമ്മുടെ സ്വന്തം ഇച്ഛാശക്തിയിൽ നിന്ന് ഒരു സ്വാതന്ത്ര്യം ആവശ്യമാണ്; നമ്മുടെ സ്വന്തം തീരുമാനങ്ങളിൽ നിന്ന് ഒരു സ്വാതന്ത്ര്യം ആവശ്യമാണ്. നമ്മുടെ ശരികളിൽ നിന്ന് ഒരു സ്വാതന്ത്ര്യം ആവശ്യമാണ്.

ആകെ ശരി ഒന്നേയുള്ളൂ, അത് ക്രിസ്തു മാത്രം. സനാതന സത്യം ഒന്നേയുള്ളൂ, അത് ക്രിസ്തു മാത്രം. ക്രിസ്തുവിന്റെ അത്ഭുതശക്തിയാൽ നമ്മെ ക്രിസ്തു വിടുവിച്ചു. നമ്മെ സ്വതന്ത്രരാക്കി. അതാണ് ഗലാത്യലേഖനം അഞ്ചാം അദ്ധ്യായം ഒന്നാം വാക്യത്തിൽ പറയുന്നത്:

> *"സ്വാതന്ത്ര്യത്തിന്നായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചുനിൽപ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്."*
>
> *ഗലാത്യർ 5 : 1*

നമ്മിൽ പലരും വചനം കേട്ടവരാണ്. പലരും ജീവിതം ക്രിസ്തുവിന് സമർപ്പിച്ചവരാണ്. ജീവിതം ക്രിസ്തുവിന് സമർപ്പിക്കുക എന്നത് വലിയ നേട്ടമാണ്. എന്നാൽ ഇന്ന് ആ വിമോചനത്തിന്റെ, ആ സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിലാണോ നിങ്ങൾ നിൽക്കുന്നത്? ഇന്നും പറ്റിപ്പിടിച്ചു നിൽക്കുന്ന ഏതെങ്കിലും പാപപ്രവണതകൾ പിന്നാലെ വരുന്നുണ്ടോ?

നമ്മെ നശിപ്പിക്കുന്ന ശത്രുവിന്റെ ഏതെങ്കിലും തരത്തിലുള്ള ആക്രമണം നമ്മെ വലയം ചെയ്തു നിൽക്കുന്നുണ്ടോ? ദുഷ്ടൻ അവകാശം പറയുന്ന എന്തെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടോ?

ഞാൻ ദൈവവചനം വായിച്ച് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വാക്കു ശ്രദ്ധയിൽപ്പെട്ടു: "അത് ശത്രു ചെയ്തതാകുന്നു." മത്തായിയുടെ സുവിശേഷം 13–ാം അദ്ധ്യായത്തിൽ കർത്താവ് പറയുന്നതാണ്. ശത്രുവാകുന്ന പിശാച് ഇന്ന് മനുഷ്യനെ നശിപ്പിച്ചുകൊണ്ടിരിക്കയാണ്; കുടുംബങ്ങളെ മുടിച്ചുകൊണ്ടിരിക്കയാണ്; തലമുറകളെ നാമാവശേഷമാക്കിക്കൊണ്ടിരിക്കയാണ്. നമ്മുടെ ഭാവി തലമുറ നശിച്ചുകൊണ്ടിരിക്കയാണ്. എന്തെല്ലാം വികലമായ ചിന്താഗതികളാണ് നമ്മുടെ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നത്! ഇതെല്ലാം മാറി ഒരു ശിശുമനസ്സ് നമുക്ക് കിട്ടണം.

നിലയില്ലാത്ത വെള്ളത്തിൽ കരം ഉയർത്തിക്കൊണ്ട് കർത്താവേ, ഈ പെരുവെള്ളത്തിൽനിന്ന് എന്നെ രക്ഷിക്കണമേ എന്ന് നാം ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചാൽ രക്ഷകൻ ഓടി അണയും.

എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ വന്നുപോയ പാപക്കറകൾ എല്ലാം മായിച്ച്, നിന്റെ തിരുരക്തത്തിന്റെ മുദ്ര എനിക്കു തന്ന്, നിന്റെ തിരുരക്തത്താൽ എന്നെ പൊതിഞ്ഞ്, ദുഷ്ടനായ പൈശാചികന് ഒന്നിലും അവകാശം ഇല്ലാത്ത വിധത്തിൽ ഒരു ശിശുവായി ഇനിയുള്ള ജീവിതം നയിക്കാൻ എനിക്കു നീ ഭാഗ്യം തരണമേ. നിങ്ങളുടെ ഹൃദയത്തിന്റെ ആഴത്തിൽ ഇങ്ങനെ ഒരു ചിന്ത വരട്ടെ.

കർത്താവേ, ഞാൻ പഴയതെല്ലാം വിടുന്നു. പഴയ പാപങ്ങൾ വിടുന്നു, പഴയ ചിന്താഗതികൾ വിടുന്നു, പഴയ ആഗ്രഹങ്ങൾ വിടുന്നു, മനസ്സിന്റെ ചാഞ്ചല്യം വിടുന്നു, പഴയ അധൈര്യങ്ങൾ വിടുന്നു, പഴയ ഭീരുത്വങ്ങൾ വിടുന്നു, പഴയ ജഡമോ

ഹങ്ങൾ വിടുന്നു, പഴയതെല്ലാം ഞാൻ ഇതാ വിടുന്നു. ഇതെല്ലാം ഹൃദയത്തിൽ നിന്നായിരിക്കണം പറയുന്നത്.

ഹൃദയത്തിൽ നിന്ന് വാസ്തവമായി നിങ്ങൾ ആഗ്രഹിച്ചു പറഞ്ഞാൽ കർത്താവ് നിങ്ങൾക്ക് ജയം തരും. ഒരു ശിശുവായി പിറക്കുന്ന അനുഭവം കർത്താവ് നിങ്ങൾക്ക് തരും. പഴയ മനുഷ്യൻ തീർന്നു. പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേൽക്കുന്നു. പഴയതെല്ലാം തീർന്നു. പഴയതിന്റെ വശ്യതകളെല്ലാം എന്നിൽനിന്നു മാറി. പഴയതിന്റെ എല്ലാ പ്രേരണാശക്തികളും എന്നിൽ നിന്നു മാറി. ഞാൻ യേശുവിന്റെ സ്വന്തമാണ്. ഞാൻ യേശുവിന്റെ വകയാണ്. എനിക്ക് ആശിക്കാൻ ഒന്നേയുള്ളൂ, എന്റെ യേശുമാത്രം. എനിക്ക് ആശ്രയിക്കാൻ ഒന്നേയുള്ളൂ, എന്റെ യേശുമാത്രം. എനിക്ക് വിളിച്ചപേക്ഷിക്കാൻ ഒരാളേയുള്ളൂ, എന്റെ യേശുമാത്രം.

ആശ്രയിക്കാൻ കൊള്ളാവുന്നവൻ! വിളിച്ചാൽ വിളികേൾക്കുന്നവൻ! വിളിച്ചാൽ വിളിപ്പുറത്തു വരുന്നവൻ!

*"Call upon me in the day of your trouble. I will deliver thee and thou shall glorify my name."   Psalms 50 : 15*

“നിന്റെ കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കുകയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.”

പ്രിയരേ, നിങ്ങൾ യേശു ഉള്ളവരാകുക. നിങ്ങൾ യേശുവിൽ ശിശുക്കളായിത്തീരുക. നിങ്ങൾ ക്രിസ്തുവിൽ ഒന്ന് എന്നു തുടങ്ങുക. പിശാചവകാശം പറയുന്നത് എല്ലാം മാറട്ടെ. ‘ശത്രു ചെയ്തതാകുന്നു’ എന്നു പറയുന്ന ചിലതെല്ലാം ശത്രു നമ്മിൽ ചെയ്തിട്ടുണ്ട്. ചില കേടുകൾ നമുക്കു വരുത്തിയിട്ടുണ്ട്, ചില പ്രയാസങ്ങൾ നമുക്കു വരുത്തിയിട്ടുണ്ട്, ഭാരപ്പെടേണ്ട.

ഒരു പുതിയ പിറവി നിങ്ങൾക്കു തരാൻ രക്ഷകൻ ആഗ്രഹിക്കുന്നു. കർത്താവേ, എന്നെ പുതുക്കണമേ. യേശുവേ, പെരുവെള്ളത്തിൽനിന്ന് എന്നെ വലിച്ചെടുക്കണമേ. ബലമുള്ള ശത്രുവിന്റെ കൈയിൽനിന്ന് എന്നെ രക്ഷിക്കണമേ. കർത്താവേ, നീ ഉയരത്തിൽനിന്ന് എന്റെ നേരെ കൈ നീട്ടണമേ എന്നു നമുക്ക് പ്രാർത്ഥിക്കാം.

ശത്രുക്കളുടെ മേൽ ജയം കിട്ടിയപ്പോൾ ദാവീദ് ദൈവത്തിനു സ്തുതി അർപ്പിക്കുന്നതാണ് പതിനെട്ടാം സങ്കീർത്തനം. ജയം ലഭിക്കുമ്പോൾ സ്തുതി അർപ്പിക്കുന്നു; സകല മഹത്വവും നിത്യനായ ദൈവത്തിനു കൊടുക്കുന്നു; ദൈവത്തിനു സകല മാനവും കൊടുക്കുന്നു; സകല നന്മകളുടേയും ഉത്തരവാദിത്തം ദൈവത്തിന്റെ കരങ്ങളിലേക്ക് ഏൽപ്പിക്കുന്നു. എന്റേതല്ല കർത്താവേ, എന്റേതല്ല, നീ തന്നതേ ഉള്ളൂ.

ലഭിച്ചതല്ലാതെ നിനക്ക് എന്തുള്ളൂ? എല്ലാം ദൈവം തന്നത്. ആരോഗ്യം ദൈവം തന്നത്, ആയുസ്സ് ദൈവം തന്നത്, ശബ്ദം ദൈവം തന്നത്, ബുദ്ധി ദൈവം തന്നത്, നല്ല കുടുംബജീവിതം ദൈവം തന്നത്, ആരോഗ്യമുള്ള മക്കളെ ദൈവം തന്നത്, മക്കൾ ഇല്ലാതിരുന്നേടത്ത് ഒരു പിഞ്ചോമനക്കുഞ്ഞിനെ ദൈവം തന്നത്, ഒരു നല്ല വിവാഹം ദൈവം തന്നത്. ഒന്നും ഞാൻ നേടിയതല്ല, അവൻ എനിക്കു തന്നതാണ്.

ദാവീദിന് ദൈവത്തോട് നന്ദിയുണ്ടായിരുന്നു. പതിനെട്ടാം സങ്കീർത്തനത്തിന്റെ heading- ൽ പറഞ്ഞിരിക്കുന്നത്:

“സംഗീത പ്രമാണിക്ക്, യഹോവയുടെ ദാസനായ ദാവീദിന്റെ ഒരു സങ്കീർത്തനം: യഹോവ അവനെ സകല ശത്രുക്കളുടെയും കൈയിൽനിന്നും ശൗലിന്റെ കൈയിൽ നിന്നും വിടുവിച്ച കാലത്ത് അവൻ ഈ സംഗീത വാക്യങ്ങളെ യഹോവയ്ക്കു പാടി.”

സകല ശത്രുക്കളുടേയും കൈയിൽനിന്നു വിടുവിച്ച

പ്പോൾ ദാവീദ് പാടിയ സ്തോത്രകീർത്തനമാണ് പതിനെട്ടാം സങ്കീർത്തനം. നമ്മുടെ ജീവിതത്തിൽ എന്നും സ്തുതി വേണം; സ്തോത്രം വേണം, തന്നവനോട് നന്ദി വേണം. ഇന്ന് ഒരു അപ കടം വരാതെ നമ്മെ കാത്തു, അതിനു നന്ദി വേണം. എത്രയോ പേർ അപകടത്തിൽപെട്ടു വിഷമിക്കുന്നു, എനിക്ക് അപകടം വരാതെ ദൈവം കാത്തല്ലോ, നന്ദി വേണം.

അപകടത്തിന്റെ വക്കത്ത് എത്തിയിട്ട് രക്ഷപ്പെട്ടാൽ നമു ക്കറിയാം വലിയ ആപത്തായിരുന്നല്ലോ എന്ന്. പക്ഷേ, നാം അത്യാഹിതത്തിന്റെ അടുത്ത് എത്തിയില്ല എങ്കിൽ പോലും ഓർക്കണം ഈ ലോകജീവിതത്തിൽ അനേകമനേകം അത്യാ ഹിതങ്ങളും ആപത്തുകളും വരുന്നതിൽ ഒന്നിലും പെടാതെ നീ എന്നെ കാത്തല്ലോ!

ദൈവത്തോടുള്ള നന്ദി, അതാണ് ക്രിസ്തീയജീവിത ത്തിന്റെ കാതൽ! ദൈവം തന്നില്ലെങ്കിൽ ഒന്നുമില്ല.

വചനം പറയുമ്പോൾ ദൈവത്തിന്റെ കൃപയില്ലെങ്കിൽ ആത്മാവിന്റെ വചനം വരികയില്ല. അറിവുകൾ പറയാം, ജ്ഞാനം പറയാം, അറിയാവുന്ന തത്വങ്ങൾ പറയാം. പക്ഷേ, ആത്മാവിന്റെ ശബ്ദം വരണമെങ്കിൽ യേശുക്രിസ്തുവിന്റെ കൃപ വേണം. കർത്താവ് തന്നാലേ ഉള്ളൂ; ഞാൻ ചില അവസ രങ്ങളിൽ വചനം കിട്ടാതെ വിഷമിച്ചിട്ടുണ്ട്. ആത്മാവിന്റെ തീ ഇറങ്ങുന്നില്ല. അങ്ങനെ വരുന്ന അവസരങ്ങളിൽ വേറെ ആരെ ക്കൊണ്ടെങ്കിലും വചനം പറയിച്ചാലോ എന്നു തോന്നിയിട്ടു ണ്ട്. ഭാഗ്യവശാൽ അങ്ങനെ വേണ്ടിവന്നിട്ടില്ല. അങ്ങനെ ചിന്തി ക്കുമ്പോഴേക്കും കൃപ വന്നു മൂടിക്കഴിയും. കൃപ ഇല്ലല്ലോ എന്നോർത്ത് ഒന്ന് ഏങ്ങലടിക്കുമ്പോഴേക്കും ദൈവകൃപ വന്നുമൂടിക്കഴിയും.

എല്ലാം ദൈവത്തിന്റെ കൃപയാണ്, ദൈവത്തിന്റെ കരു ണയാണ്. 'കൃപയുടെ ഉറവ' എന്ന പുസ്തകത്തിൽ ദാവീദിനു

ലഭിച്ച കൃപയെക്കുറിച്ച് പറയുന്നുണ്ട്. ദാവീദിനു ദൈവത്തിന്റെ കൃപ ലഭിച്ചു. അതുകൊണ്ട് ലഭിച്ച നന്മകൾക്കുവേണ്ടി ദാവീദ് ദൈവത്തെ സ്തുതിച്ചു.

ഒരു കാരണവശാലും രാജസ്ഥാനത്ത് വരേണ്ട ആളല്ല ദാവീദ്. കാരണം, കുഗ്രാമത്തിൽ പിറന്നു. എട്ടുമക്കളുള്ള, പ്രാരബ്ധമുള്ള ഒരു കുടുംബത്തിൽ ഇളയവനായി ജനിച്ചു. എന്നും ദു:ഖവും ദുരിതവും പട്ടിണിയും എല്ലാമുള്ള ഒരു ഗ്രാമീണഭവനം! അപരിഷ്കൃതമായ ഒരു കുടുംബം! യിശ്ശായിയുടെ എട്ടു മക്കളിൽ ഇളയവനാണ് ദാവീദ്.

ദാവീദിന് ദൈവത്തിന്റെ ഒരു പ്രത്യേക കൃപ ലഭിച്ചതുകൊണ്ടാണ് ആടുനോക്കുന്ന വേലയിൽനിന്നു കൊണ്ടുവന്ന് രാജസിംഹാസനത്തിൽ ഇരുത്തിയത്. ദാവീദിന് തിരിഞ്ഞു നോക്കിയാൽ അറിയാം സ്വന്തം കഴിവു കൊണ്ടല്ല താൻ ഈ സിംഹാസനത്തിൽ ഇരിക്കുന്നത് എന്ന്.

ദൈവം അഭിഷേകം ചെയ്തതിനു ശേഷവും എന്തുവലിയ പോരാട്ടമാണ് ദാവീദിനുണ്ടായത്! എത്രയോ ശത്രുത്വം! അഭിഷിക്തന്റെ സ്ഥാനത്ത് ഇരിക്കുന്നതിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് അന്നത്തെ രാജാവായ ശൗൽ പോലും ദാവീദിനു നേരെ പടവാൾ ഓങ്ങി. എന്നാൽ ദാവീദ് അപ്പോഴെല്ലാം ദൈവത്തിൽ ആശ്രയിച്ചു. ദാവീദിന് ഒരു ധൃതഗതിയും ഉണ്ടായിരുന്നില്ല.

ദൈവത്തിന്റെ അഭിഷിക്തനല്ലേ ഞാൻ? ശമൂവേൽ പ്രവാചകന്റെ തൈലക്കൊമ്പിൽ നിന്ന് തൈലം എന്റെ തലയിൽ ഇറ്റിറ്റു വീണതല്ലേ? ദൈവം എന്നെ മുൻകൂട്ടിക്കണ്ടു വിളിച്ചതല്ലേ? ദൈവം എനിക്കു രാജാഭിഷേകം തന്നതല്ലേ? ഈ സിംഹാസനത്തിൽ ഇരിക്കാൻ യോഗ്യതയില്ലാത്ത എന്നെ ദൈവം സിംഹാസനത്തിൽ ഇരിക്കാൻ വിളിച്ചതല്ലേ? അതുകൊണ്ട് ഇനി ആരേയും ഭയപ്പെടണ്ട; ശൗൽ രാജാവിനോടു

യുദ്ധം ചെയ്ത് ശൗൽ രാജാവിനെ വകവരുത്തിയിട്ട് ദൈവത്തിന്റെ ഹിതപ്രകാരം തന്നെ എനിക്ക് ആ സിംഹാസനത്തിൽ ഇരിക്കാം. ഇങ്ങനെയെല്ലാം ദാവീദിന് വേണമെങ്കിൽ ചിന്തിക്കാം.

ദാവീദിന് ഒരു ധൃതിയും ഉണ്ടായിരുന്നില്ല. എന്നെ വിളിച്ച ദൈവം, എന്നെക്കുറിച്ച് വ്യക്തമായ ഉദ്ദേശ്യമുള്ള ദൈവം എനിക്കുവേണ്ടി കരുതിയിരിക്കുന്നേടത്ത് എന്നെ എത്തിക്കാൻ ശക്തനാണ്. ഈ ഒരു വിശ്വാസം! അതുകൊണ്ട് അനേകം എതിർപ്പുകൾ വന്നപ്പോഴും, പോരാട്ടങ്ങൾ വന്നപ്പോഴും, യുദ്ധങ്ങൾ വന്നപ്പോഴും ദാവീദ് പതറാതെ നിന്നു. ഒന്നൊന്നായി ശത്രുക്കളെ എല്ലാം ജയിക്കാൻ ദാവീദിന് സാധിച്ചു. എല്ലാവരേയും കീഴടക്കാൻ സാധിച്ചു. ദാവീദ് ജയിച്ചുജയിച്ച് അവസാനം രാജസിംഹാസനത്തിൽ എത്തി.

അപ്പോൾ ദാവീദ് പറയുകയാണ്:

*"എന്റെ ബലമായ യഹോവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു."* *സങ്കീർത്തനങ്ങൾ 18 : 1*

ഒരു മനുഷ്യന് പറയാവുന്ന ഏറ്റവും നല്ല വാക്ക് അതാണ്. ദൈവത്തോടുള്ള സ്നേഹം! അദൃശ്യനായ ദൈവത്തോടുള്ള സ്നേഹം! ദൈവത്തെ കണ്ടതുപോലെ ഉറച്ചു നിൽക്കുന്ന സ്നേഹം! ഇല്ലായ്മയിൽനിന്ന് ഉണ്മയായതിനെ ഉളവാക്കുന്നവനായ ദൈവത്തിന്റെ അനന്തമോഹനമായ സ്നേഹം! ആ സ്നേഹം അനുഭവിച്ചുകൊണ്ടു ദാവീദ് പറയുകയാണ്: "എന്റെ ബലമായ യഹോവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു."

*"യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു."* *സങ്കീർത്തനങ്ങൾ 18 : 2*

ദൈവത്തിന്റെ ആ കെട്ടുറപ്പിനെപ്പറ്റി ചിന്തിക്കുമ്പോൾ പർവ്വതം പോലെ, കോട്ടപോലെ, കൊത്തളംപോലെ, വലിയ ദുർഗ്ഗം പോലെ എനിക്കു ചുറ്റും വ്യക്തമായി ഒരു സംരക്ഷണ ഭിത്തി തീർക്കുന്നവനാണ് ദൈവം! ദൈവം തരുന്ന safety, ദൈവം തരുന്ന സുരക്ഷിതത്വം! ആ കോട്ടക്കുള്ളിൽ എനിക്കു മറഞ്ഞിരിക്കാം.

ദാവീദ് ദൈവത്തിന്റെ സ്നേഹത്തെ തിരിച്ചറിഞ്ഞ് പറയുകയാണ്: "ദൈവമേ, ഞാൻ നിന്നെ സ്നേഹിക്കുന്നു." ഇതു തന്നെ 116-ാം സങ്കീർത്തനത്തിൽ നമുക്ക് കാണാം.

> *"യഹോവ എന്റെ പ്രാർത്ഥനയും യാചനകളും കേട്ടതുകൊണ്ട് ഞാൻ അവനെ സ്നേഹിക്കുന്നു. അവൻ തന്റെ ചെവി എങ്കലേക്കു ചായിച്ചതുകൊണ്ടു ഞാൻ ജീവകാലമൊക്കെയും അവനെ വിളിച്ചപേക്ഷിക്കും. മരണപാശങ്ങൾ എന്നെ ചുറ്റി, പാതാളവേദനകൾ എന്നെ പിടിച്ചു; ഞാൻ കഷ്ടവും സങ്കടവും അനുഭവിച്ചു. അയ്യോ, യഹോവേ, എന്റെ പ്രാണനെ രക്ഷിക്കേണമേ എന്നു ഞാൻ യഹോവയുടെ നാമം വിളിച്ചപേക്ഷിച്ചു."* *സങ്കീർത്തനങ്ങൾ 116 : 1 – 4*

ദാവീദ് ദൈവത്തിൽ മാത്രം ആശ്രയിച്ചു; ദൈവത്തിൽ മാത്രം ആശ വച്ചു. ഇത് നിങ്ങളിൽ പലർക്കും അനുഭവപാഠമാണ്. നിങ്ങൾ ചില പ്രതിസന്ധികളിൽപ്പെട്ടപ്പോൾ ദൈവത്തെ വിളിച്ചപേക്ഷിച്ചു. രൂക്ഷമായ ചില പ്രശ്നങ്ങൾ നിങ്ങളെ തുറിച്ചു നോക്കിയപ്പോൾ ഗോഗുൽത്തായിലെ കുരിശിലേക്കു നിങ്ങൾ നോക്കി. ശത്രുവിന്റെ വലിയ എതിർപ്പുകൾ വന്നപ്പോൾ നിങ്ങൾ കർത്താവിൽ ആശ്രയിച്ചു. ശത്രുവിന്റെ എതിർപ്പുകൾ വരുമ്പോൾ അകത്താണ് യുദ്ധം; അവിടെ നിരാശകൾ വരുന്നു; അവിടെ മനം പതറുന്നു; ജീവിതത്തിൽ ഉത്സാഹം

കുറയുന്നു; പ്രാർത്ഥന കുറയുന്നു. വേദപുസ്തക വായന കുറയുന്നു; അങ്ങനെ ആത്മീയമായി മാന്ദ്യം സംഭവിക്കുന്നു.

പ്രതിസന്ധികളുടെ രൂക്ഷമായ ആക്രമണങ്ങൾ വരുമ്പോൾ നാം തളർന്നു പോകും. എന്നാൽ അതാണ് ഏറ്റവും വലിയ യുദ്ധം ചെയ്യേണ്ട രംഗം. ദുഷ്ടനായ പിശാച് ചില സാഹചര്യങ്ങളിലേക്ക്, ചില പാപങ്ങളിലേക്ക് നമ്മെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു. എപ്പോഴും സൂക്ഷിക്കുക. യഹോവയിൽ ചാരുക.

യോഹന്നാൻശ്ലീഹാ കർത്താവിന്റെ തിരുമാറിൽ ചാരി. സ്നേഹം സ്പന്ദിക്കുന്ന ആ ഹൃദയത്തോടു ചേർത്ത് തല വച്ചുകൊണ്ട് യോഹന്നാൻശ്ലീഹാ ചോദിച്ചു: "ആരാകുന്നു കർത്താവേ, നിന്നെ തള്ളിപ്പറയുന്നത്? ആരാകുന്നു നിന്നെ ഒറ്റിക്കൊടുക്കുന്നത്?" ഞാനോ കർത്താവേ, എന്ന് ഓരോരുത്തരും ചോദിച്ചു. യോഹന്നാൻ ശ്ലീഹാ ആ സ്നേഹം മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് തിരുമാറിൽ തല അണച്ചു.

നമുക്ക് ഒന്നും മിണ്ടാനില്ല. ചാരാൻ മാത്രമേ നമുക്കുള്ളൂ. നമുക്ക് ഒന്നും അവകാശം പറയാനും ഇല്ല. ഞാൻ ഇത്രകാലം നിന്റെ വേല ചെയ്തതല്ലേ? പറയാനില്ല. ഞാൻ ഇത്രകാലം നിനക്കുവേണ്ടി ഓടിയതല്ലേ? പറയാനില്ല. അവകാശം പറയാൻ ഒന്നുമില്ല.

അകത്തുള്ള യുദ്ധം, നമ്മുടെ അകത്തു നടക്കുന്ന ചില ചിന്താഗതികൾ, അകത്തു നടക്കുന്ന ചില ആശയഗതികൾ, ആശയ സംഘട്ടനങ്ങൾ. അവയെല്ലാം വരുമ്പോൾ തളരാതെ കർത്താവിൽ ആശ്രയിക്കാൻ സാധിക്കുക. വിശ്വാസത്തിനു കോട്ടം തട്ടുന്ന ചില ആക്രമണങ്ങൾ ശത്രു അഴിച്ചുവിടും. തിമൊഥെയോസിന്റെ ലേഖനത്തിൽ വായിക്കുന്നു; "അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി" എന്ന്. ഹുമനയോസും ഫിലേത്തോസും അവരുടെ കൂട്ടത്തിൽ ഉള്ളവരാകുന്നു.

വലിയൊരു കപ്പൽ; പിശാച് വിശ്വാസികളുടെ വിശ്വാസക്കപ്പൽ തകർത്തുകളഞ്ഞു. വിശ്വാസത്തോടെ കർത്താവിനെ അനുഗമിച്ച ആളുകളായിരുന്നു അവർ. പക്ഷേ, അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി.

ഇന്ന് വിശ്വാസക്കപ്പൽ തകർന്നവർ ആരെങ്കിലും ഉണ്ടോ ഈ വാക്കുകളെ വായിക്കുന്നവർ? മനസ്സ് പതറിയിരിക്കുന്നവർ ആരെങ്കിലുമുണ്ടോ? തളർന്നുപോയവർ ആരെങ്കിലുമുണ്ടോ? ഞാൻ എത്ര പ്രാർത്ഥിച്ചു? കർത്താവ് എന്റെ പ്രാർത്ഥന കേട്ടില്ലല്ലോ? കർത്താവ് എന്റെ വേദന കണ്ടില്ലല്ലോ? എന്നിങ്ങനെ ഭാരത്തോടെ ആരെങ്കിലും ഇരിക്കുന്നുണ്ടോ? Delays are not denials. Delay ആയി എന്നുള്ളതുകൊണ്ട് denial അല്ല. ദൈവം നിങ്ങളെ deny ചെയ്തില്ല, നിരസിച്ചു കളഞ്ഞിട്ടില്ല. മറുപടി കിട്ടാൻ കുറെ താമസിച്ചു. പക്ഷേ delays are not denials.

നിങ്ങൾ വിശ്വസിക്കൂ. ഏതൊരു കാര്യത്തിന് നിങ്ങൾ മനംനൊന്തു പ്രാർത്ഥിച്ചിട്ടുണ്ടോ ചിലപ്പോൾ delay ആയി എന്നുവരാം. കർത്താവിന്റെ സമയം ആർക്കറിയാം? നമുക്കറിഞ്ഞുകൂടാ. ഞാൻ വായിച്ചു: "ത്രോഫിമോസിനെ ഞാൻ രോഗിയായി വിട്ടേച്ചുപോന്നു." അപ്പൊസ്തലനായ പൗലോസിന്റെ നിഴൽ തട്ടിയാൽ രോഗികൾ എഴുന്നേൽക്കും. ത്രോഫിമോസിന്റെ രോഗം മാറിയില്ല. എന്താണ് മാറാത്തത്? പൗലോസിനു പ്രാർത്ഥിക്കാനുള്ള കൃപാവരം ഉണ്ടല്ലോ. അപ്പൊസ്തലൻ പ്രാർത്ഥിച്ച് ദൈവം പ്രാർത്ഥന കേട്ടിട്ടുണ്ടല്ലോ. പിന്നെ എന്തുകൊണ്ട് ദൈവം കേട്ടില്ല എന്ന് നമുക്കറിഞ്ഞുകൂടാ.

നമ്മുടെ ബുദ്ധിയിലോ നമ്മുടെ ചിന്തയുടെ പരിധിയിലോ പെടുന്നതല്ല നിത്യനായ ദൈവത്തിന്റെ സ്വർഗ്ഗീയകാര്യപരിപാടി. ഇപ്പോൾ എനിക്ക് ഇതൊന്നും മനസ്സിലാകുന്നില്ല. അക്കരെ വരുമ്പോൾ എനിക്ക് ആവശ്യമുള്ളതു ഞാൻ ചോദിച്ചുകൊള്ളാം. എനിക്ക് നിർബ്ബന്ധമില്ല. കർത്താവേ, ഇന്ന്

എനിക്കൊന്നും അറിയില്ല. എനിക്ക് ജ്ഞാനമില്ല. എന്റെ ചെറിയ ബുദ്ധിയിൽ ഒന്നും ഒതുങ്ങുന്നതല്ല.

ദൈവമക്കളേ, നിങ്ങൾ എളിമപ്പെടുക, നിങ്ങൾ താഴുക. കർത്താവേ, എന്റെ ജീവിതത്തിൽ ശത്രു ഒരുക്കുന്ന കെണികളിൽ വീഴാതെ ഇതുവരെ നീ എന്നെ കാത്തു. പാപത്തിന്റെ ചതിയിൽപ്പെടാതെ ഇതുവരെ നീ എന്നെ സൂക്ഷിച്ചു. ദുഷ്ടപ്പിശാച് എന്നെ വഞ്ചിച്ച് ചതിച്ചുകൊണ്ടു പോകാതെ നീ എന്നെ കാത്തു. കർത്താവേ, എന്റെ ജീവിതത്തിൽ ഏതുസമയത്ത് ഈ ഭൂമിയിൽനിന്ന് ഞാൻ മാറ്റപ്പെടേണ്ടി വന്നാലും, എപ്പോൾ എങ്ങനെ കടന്നുപോകേണ്ടി വന്നാലും എന്റെ കർത്താവിന്റെ വിശുദ്ധ മണവാട്ടിസഭയിൽ ഞാനും ഉണ്ടായിരിക്കണം. വേറൊന്നും എനിക്കുവേണ്ട കർത്താവേ, വേണ്ട.

നിങ്ങൾ ഇപ്പോൾ ദൈവത്തോട് ഒരു വാക്കു പറയുമോ? കർത്താവേ, എനിക്ക് നിന്റെ സന്നിധിയിലേക്ക് അണയുവാൻ ഭാഗ്യം തന്നാൽ മതി. നിന്റെ ആത്മാവിനെ പ്രാപിപ്പാൻ കൃപ തന്നാൽ മതി. ദുഷ്ടപ്പിശാചിന്റെ കെണികളിൽ വീഴാതെ എനിക്ക് യേശുവിന്റെ സ്നേഹം അറിഞ്ഞ്, നന്ദി നിറഞ്ഞ ഹൃദയത്തോടെ യേശുവിനെ സ്തുതിച്ച് എന്റെ കാലം തീർത്താൽ മതി. ഈ ഭൂമിയിൽ വച്ച് കർത്താവ് എന്റെ ജീവിതത്തിൽ എന്തെല്ലാം ചെയ്തു എന്ന് വാസ്തവമായി തിരിച്ചറിഞ്ഞ് നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തുതിക്കുവാനുള്ള ഒരു എളിയ ബുദ്ധി എനിക്കു തന്നാൽ മതി. അതിനുള്ള സ്തുതി എന്റെ നാവിൽ വരച്ചുതരണം.

ഇപ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ സമർപ്പിക്കുക.

എന്റെ കർത്താവേ, പോരാട്ടജീവിതത്തിൽ തളരാതെ യുദ്ധം ചെയ്യാൻ, പതറാതെ ദുഷ്ടപ്പിശാചിനോട് യുദ്ധം ചെയ്യാൻ കൃപ എനിക്ക് തരണമേ. ഞാൻ തളർന്നു പോകാൻ നീ സമ്മതിക്കല്ലേ. ഞാൻ വീണുപോകാൻ നീ സമ്മതിക്കല്ലേ. നിന്റെ ബല

മുള്ള ഭുജംകൊണ്ട് എന്നെ പിടിച്ചുകൊള്ളണമേ. കർത്താവേ, എന്റെമേൽ നിന്റെ കൃപയുടെ കരം വയ്ക്കണമേ. നാഥാ, നിന്റെ സ്നേഹം തിരിച്ചറിയാനുള്ള സുബുദ്ധി എനിക്ക് തരണമേ.

നിന്റെ കരങ്ങളിലേക്ക് ഈ നിസ്സാരജീവിതം താഴ്ത്തി ഏല്പിക്കുന്നു. അഭിമാനിക്കാൻ എനിക്ക് ഒന്നുമില്ല, അവകാശം പറയാൻ ഒന്നുമില്ല. ആകെയുള്ളത് യേശുനാഥാ, നീ എന്നെ സ്നേഹിക്കുന്നു. നിന്റെ രക്തം എന്റെ പാപത്തിന്റെ പരിഹാരമായി നീ കുരിശിൽ ചൊരിഞ്ഞിരിക്കുന്നു. ആ തിരുരക്തത്തിൽ മാത്രം ശരണപ്പെട്ടുകൊണ്ട് ജയമുള്ള സ്ലീബായുടെ ചുവട്ടിലേക്ക് ഞാനിതാ വരുന്നു. കർത്താവേ, നിന്റെ തൃക്കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ.

## രണ്ട്

*"എന്റെ ബലമായ യഹോവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു. സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കയും എന്റെ ശത്രുക്കളുടെ കൈയിൽനിന്നു രക്ഷ പ്രാപിക്കയും ചെയ്യും." സങ്കീർത്തനങ്ങൾ 18 : 1 – 3*

ശത്രുക്കളുടെ കൈയിൽ നിന്നു രക്ഷപ്രാപിക്കാൻ ഒരു പോംവഴിയേ ഉള്ളൂ. സ്തുതിക്കപ്പെടേണ്ടവനായ ദൈവത്തെ വിളിച്ചപേക്ഷിക്കുക. സ്തുതികൾക്കു യോഗ്യനായ ദൈവത്തെ വിളിച്ചപേക്ഷിക്കുക. സർവ്വ ആരാധനയ്ക്കും, സർവ്വ സ്തുതിക്കും, സർവ്വ മഹത്വത്തിനും യോഗ്യനായ നിത്യനായ ദൈവത്തെ വിളിച്ചപേക്ഷിക്കുക.

*"കഷ്ടകാലത്ത് എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും." സങ്കീർത്തനങ്ങൾ 50 : 15*

"സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കുകയും എന്റെ ശത്രുക്കളുടെ കൈയിൽനിന്നു രക്ഷ പ്രാപിക്കുകയും ചെയ്യും." സങ്കീർത്തനങ്ങൾ 18 : 3

സ്തുത്യനായ യഹോവ! സ്തുതിക്കപ്പെടേണ്ടവനായ

യഹോവ! ദാവീദിന്റെ ജീവിതവിജയത്തിന്റെ രഹസ്യം അതായിരുന്നു. ദാവീദ് എന്നും നന്ദിയുള്ളവനായിരുന്നു. തന്നെ എല്ലാ രംഗങ്ങളിലും സഹായിക്കുകയും രക്ഷിക്കുകയും വിടുവിക്കുകയും ചെയ്ത ആ നിത്യപരിശുദ്ധനായ ദൈവത്തിന്റെ സാന്നിദ്ധ്യം ദാവീദിന് ലഭിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ദാവീദ് ദൈവത്തിലുള്ള ആശ്രയം കൈവിടാതെ കർത്താവിനോടു പറ്റിച്ചേർന്ന് സ്നേഹത്തോടെ, ഭക്തിയോടെ നിന്നു.

> *"അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ."*
>
> *സങ്കീർത്തനങ്ങൾ 57 : 2*

നമ്മുടെ ജീവിതത്തിൽ അതൊരു പാഠമാക്കി എടുക്കണം. എനിക്കുവേണ്ടി എല്ലാം ചെയ്യാൻ ഒരു ദൈവമുണ്ട്. ഞാൻ ചെയ്യുന്നില്ല പക്ഷേ, എനിക്കുവേണ്ടി എല്ലാം നിർവ്വഹിക്കാൻ ഒരു ദൈവമുണ്ട്. എനിക്കൊരു ഉടമസ്ഥനുണ്ട്, എനിക്കൊരു നാഥനുണ്ട്, എനിക്കൊരു കർത്താവുണ്ട്. എന്റെ നാഥൻ, എന്റെ നായകൻ, എന്റെ യേശു, അവൻ എനിക്കു വേണ്ടി എല്ലാം നിർവ്വഹിക്കും. ഇത് അനുഭവിക്കുമ്പോളാണ് ക്രിസ്തീയ ജീവിതത്തിന്റെ മാധുര്യം നാം കൂടുതൽ ആസ്വദിക്കുന്നത്.

ദാവീദിന് ചുറ്റും എപ്പോഴും ശത്രുക്കളാണ്. ദാവീദിന് ആദ്യകാലം മുതലേ ശത്രുത്വത്തെ നേരിടേണ്ടി വന്നിരുന്നു. ദാവീദ് കാട്ടിലൂടെ ആടുകളുടെ പിറകെ നടക്കുമ്പോൾ സിംഹം, കരടി ഇവയുടെയെല്ലാം ആക്രമണം വന്നപ്പോൾ ദാവീദിന് ശക്തി പകർന്നത് ദൈവത്തിന്റെ സാന്നിധ്യമായിരുന്നു. അവിടെയെല്ലാം ദാവീദ് ജയിച്ചുനിന്നു.

ക്രിസ്തുവിൽ ചാരി നിൽക്കാൻ കഴിഞ്ഞാൽ എത്ര ഘോരമായ, കൊടുംക്രൂരമായ ആപത്തുകളോ അനർത്ഥങ്ങളോ വന്നാൽപോലും ശത്രുക്കളുടെ കൈയിൽനിന്ന് രക്ഷ പ്രാപി

പ്പാൻ നമുക്കു സാധിക്കും.

നമുക്കു ലഭിച്ചിരിക്കുന്ന വലിയ ഭാഗ്യം ക്രിസ്തുവിന്റെ സാന്നിധ്യമാണ്. കൂട്ടായ്മയുണ്ട് ശരി. പക്ഷേ കൂട്ടായ്മക്കും അപ്പുറത്ത് ഉയർന്നു നിൽക്കുന്ന തേജോമയനായ യേശു! ഒരു മനുഷ്യനിലും നിങ്ങൾ ആശ്രയിക്കരുത്. ഒരു ദൈവഭക്ത നിലും ആശ്രയിക്കരുത്. ആശ്രയിക്കാൻ കൊള്ളാവുന്ന ഒരു സ്ഥാനമേയുള്ളൂ. ഇളകാത്ത പാറ! അതാണ് ദാവീദ് പറയുന്നത്.

ഞാൻ ശരണമാക്കുന്ന എന്റെ പാറ! അനങ്ങിപ്പോകാത്ത, ചലിച്ചു പോകാത്ത, മാറ്റമില്ലാത്ത പാറ! ഞാൻ ആശ്രയിക്കുന്ന പാറ! എന്റെ ദൈവം എന്റെ പാറയാണ്. അവൻ എന്റെ രക്ഷാമാർഗ്ഗമാണ്. അവൻ എനിക്കു ചുറ്റും ശൈലമാണ്. പർവ്വതം പോലെ എന്നെ ചുറ്റി നിൽക്കുന്നു. അവൻ എനിക്കു ചുറ്റും ഉയർന്നു നിൽക്കുന്ന ഗോപുരമാണ്. അവൻ എന്നെ സംരക്ഷി ക്കുന്നു. ഇത് നമ്മുടെ ജീവിതത്തിൽ അനുഭവമാക്കണം. യേശു ക്രിസ്തു എന്റെ രക്ഷയുടെ കൊമ്പാണ്. അവൻ എന്റെ പാറ യാണ്. അവന്റെ രക്തക്കോട്ടയ്ക്കകത്ത് അവൻ എന്നെ സംര ക്ഷിക്കുന്നു.

വാസ്തവത്തിൽ ഇതു നാം അനുഭവിക്കുന്നത് ഓരോ പ്രശ്നങ്ങൾ വരുമ്പോഴാണ്. മരുഭൂമിയിൽക്കൂടി പോകുന്ന ജനം! അല്പംപോലും തണൽ ഇല്ലാത്ത സ്ഥലം! അറുന്നൂറായിരം യിസ്രായേൽക്കാർ മിസ്രയീമിൽനിന്ന് പുറപ്പെട്ട് സീനായ് മരു ഭൂമിയിൽക്കൂടി പോകുകയായിരുന്നു. പക്ഷേ, അവർക്ക് ആ വെയിൽ തട്ടിയില്ല. പകലത്തെ ഉഗ്രമായ സൂര്യരശ്മികൾ അവ രുടെമേൽ തട്ടിയില്ല. കാരണം, അവരുടെ മീതെ ഒരു മേഘം തണൽ വിരിച്ചു.

സൂര്യൻ ഇല്ലാഞ്ഞിട്ടല്ല, ചൂട് ഇല്ലാഞ്ഞിട്ടല്ല, സൂര്യന്റെ ചൂട് കുറഞ്ഞുപോയിട്ടുമല്ല. പക്ഷേ, അതിന്റെ മദ്ധ്യത്തിൽ അവർക്കുവേണ്ടി സ്വർഗ്ഗത്തിലെ ദൈവം തണൽ വിരിച്ചു. ആ

ഊഷരമായ മരുപ്പറമ്പിൽ കർത്താവ് അവർക്കുവേണ്ടി തണൽ ഒരുക്കി. പകൽ മേഘസ്തംഭം! രാത്രിയിലെ കൊടും തണുപ്പ്. ഒരിറ്റുവെളിച്ചമില്ല. നോക്കിയാൽ നോക്കെത്താത്ത മരുഭൂമി. അവിടെ കർത്താവ് അവർക്കുവേണ്ടി അഗ്നിസ്തംഭം ഒരുക്കി. ഓരോരുത്തരുടേയും അടുത്ത് വെളിച്ചം എത്തുന്ന അഗ്നിത്തൂണ്. ഇതൊന്നും വെറും ചരിത്രകഥയല്ല. കേട്ടുകേൾവിയല്ല. വാസ്തവമായി നടന്ന സംഭവമാണ്.

പ്രിയപ്പെട്ടവരേ, ദൈവം നമുക്കുവേണ്ടി കരുതുന്നുണ്ട്. എന്റെ ജീവിതാനുഭവത്തിൽ ഞാൻ മനസ്സിലാക്കി, ദൈവം കരുതുന്നവനാണ്, കാക്കുന്നവനാണ്, നമ്മുടെ കാര്യം അന്വേഷിക്കുന്നവനാണ് എന്ന്; ഞാൻ അനുഭവിച്ചു ദൈവം മറന്നുപോകുന്നില്ല എന്ന്.

വലിയ ഒരു ഓട്ടക്കാരൻ ഉണ്ടായിരുന്നു. അവന്റെ പേര് ഉസൈൻ ബോൾട്ട് എന്നാണ്. ബോൾട്ട്, മിന്നൽ വേഗത്തിൽ പായും. അതുകൊണ്ട് അവനെ lightning Bolt എന്ന് ആളുകൾ വിളിക്കും. കാരണം 9.58 സെക്കന്റുകൊണ്ട് അവൻ നൂറു മീറ്റർ ഓടിത്തീർത്തു. പക്ഷേ, അവന്റെ കോച്ച് ഒരു ദിവസം അവനെ വിളിച്ചു. നിനക്ക് ഓടാൻ കഴിവുണ്ട് പക്ഷേ, ഇങ്ങനെ പോയാൽ നീ തോറ്റുപോകും. കാരണം, നീ ഓടുമ്പോൾ ഇടക്കിടക്ക് പിറകോട്ട് തിരിഞ്ഞു നോക്കുന്നു. ഇടക്കിടക്ക് വശങ്ങളിലേക്ക് നോക്കുന്നു.

മററുള്ളവരാരെങ്കിലും എത്തി വരുന്നുണ്ടോ? ആരെങ്കിലും എന്നെ മറികടന്നു പോകുമോ? മുന്നോട്ടു മാത്രം നോക്കാതെ വശങ്ങളിലേക്കും പുറകോട്ടും നോക്കുന്നു. നീ ഒരു കാര്യം മാത്രം ചെയ്യുക. മുന്നോട്ടു ലക്ഷ്യം വച്ച്, ലാക്കിൽനിന്ന് വ്യതിചലിക്കാതെ ഓടുക. അതുമാത്രം മതി. അങ്ങനെ lightning Bolt ലോകത്തിലെ ഏറ്റവും പ്രശസ്തനായ ഓട്ടക്കാരനായി മാറി. അവൻ ആ കോച്ചു പറഞ്ഞത് അനുസരിച്ചു. ലക്ഷ്യം ശരിയാക്കിക്കൊണ്ട് വിജയലക്ഷ്യത്തിലേക്ക് മാത്രം നോക്കിക്കൊണ്ട്

അവൻ ഓടി.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ മറ്റു വിശ്വാസികൾ എങ്ങനെയിരിക്കുന്നു? അവർ വിശ്വാസത്തിൽ വളർന്നുവരുന്നുണ്ടോ? അവരുടെ ശുശ്രൂഷ എങ്ങനെയാണ്? ഇതൊന്നും നാം നോക്കണ്ട. നോക്കാൻ കൊള്ളാവുന്നവനായി ഒരുവനുണ്ട്. അങ്ങോട്ടു മാത്രം നിങ്ങൾ നോക്കുക. ആശ്രയിക്കാൻ കൊള്ളാവുന്നവനായി, വിളിച്ചപേക്ഷിക്കാൻ യോഗ്യനായി, പിറകേ പോകാൻ യോഗ്യനായി ഒരാളുണ്ട്. അത് കർത്താവായ യേശുക്രിസ്തുവാണ്.

അതൊരു കേട്ടുകേൾവിയല്ല, ഊഹാപോഹമല്ല. അതൊരു സജീവ യാഥാർത്ഥ്യമാണ്. ആരും എന്റെ ഒപ്പമില്ലെങ്കിലും ഒരുമിച്ച് യാത്രചെയ്യാൻ കൂടെ ആരുമില്ലെങ്കിലും ഞാൻ യേശുവിന്റെ കൂടെ യാത്രചെയ്യും എന്നുള്ള ഒരു തീരുമാനം നമ്മുടെ ഹൃദയത്തിലുണ്ടായിരിക്കണം. എങ്കിൽ മാത്രമേ അന്ത്യംവരെ നിൽക്കാൻ പറ്റുകയുള്ളൂ. എന്റെ ജീവിതത്തിൽ ആരെല്ലാം എന്നെ സഹായിക്കാം എന്നു പറഞ്ഞാലും അവരുടെ സഹായങ്ങൾക്കെല്ലാം പരിമിതിയുണ്ട്. അതിനപ്പുറത്തേക്ക് ഒന്നും ചെയ്യാൻ അവർക്ക് സാധിക്കുകയില്ല.

പക്ഷേ, ഏത് അർദ്ധരാത്രിയിലും ഉറങ്ങാത്തവനും ഉറക്കം തൂങ്ങാത്തവനുമായി എപ്പോഴും ജാഗരിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ കർത്താവ്, തന്റെ ദൂതന്മാരെ നമുക്കു ചുറ്റും അയച്ച് നമ്മെ പരിപാലിക്കുന്നു. ഈ യേശുവിനെ വ്യക്തമായും വ്യക്തിപരമായും നിങ്ങൾ തിരിച്ചറിയുക. എന്തെല്ലാം നഷ്ടപ്പെട്ടാലും എല്ലാം പോയ്പ്പോയാലും എനിക്ക് എന്റെ യേശുവിനെ വേണം. എന്റെ യേശു ഇല്ലാത്ത ജീവിതം പൂജ്യം. യേശു ഇല്ലാത്ത ജീവിതം വ്യർത്ഥം.

നിങ്ങൾ യേശുവിനോട് പറയണം: കർത്താവേ, ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ്. നിന്റെ വചനത്തിൽ നീ പറഞ്ഞിട്ടുണ്ടല്ലോ, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന

വർക്ക് നീ സമീപസ്ഥനാണെന്ന്. ഞാൻ ആ വചനം വിശ്വസിക്കുന്നു. ഞാൻ സത്യമായി വിളിച്ചപേക്ഷിക്കുന്നു. എന്റെ ആഗ്രഹം നീ സാധിപ്പിച്ചു തരണം.

"ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ. മനസ്സുതകർന്നവരെ അവൻ രക്ഷിക്കുന്നു." സങ്കീർത്തനങ്ങൾ 34:18 അങ്ങനെയെങ്കിൽ കർത്താവേ, മനസ്സു തകർന്ന്, ഹൃദയം നുറുങ്ങി ഞാൻ ഇതാ തിരുമുമ്പാകെ വന്നിരിക്കുന്നു. എന്നെ നീ ഒന്നു നോക്കണം. ഒരു പാപിയായ മനുഷ്യൻ ഇവിടെ ഇരിക്കുന്നുണ്ട്. ഈയുള്ളവളേയും വിലയേറിയവളായി കണ്ടാണല്ലോ നീ കുരിശിൽ മരിച്ചത്. അതെനിക്ക് വിശ്വാസമാണ്. എന്റെ എണ്ണിയാൽ തീരാത്ത പാപങ്ങൾ നിന്റെ തിരുരക്തത്താൽ കഴുകുമെന്ന് നീ വാക്കു പറഞ്ഞല്ലോ. അതു വിശ്വസിച്ചുകൊണ്ട് നിന്റെ സന്നിധിയിലേക്കു ഞാനിതാ വരുന്നു.

ഇങ്ങനെ നിങ്ങൾ തന്നത്താൻ ദൈവസന്നിധിയിൽ ഇരുന്ന് കർത്താവിനോടു പറയണം. ഏകാന്തരാവുകളിൽ നിങ്ങൾ ശാന്തമായി, ഹൃദയം തകർന്ന് കർത്താവിനോടു പറയുമ്പോൾ കർത്താവ് നിങ്ങളുടെ അരികിലേക്കു വരും. വിശ്വസിക്കൂ. സംശയിക്കണ്ട. സംശയിക്കുന്നെങ്കിൽ അതിന്റെ അർത്ഥം നിങ്ങളുടെ ജീവിതം പുതുക്കാൻ തീരുമാനിച്ചിട്ടില്ലെന്നാണ്.

നിങ്ങൾ പറയണം: "എനിക്ക് ഒരേയൊരു ലക്ഷ്യം മാത്രം. എന്റെ യേശു പ്രസാദിക്കുന്ന ഒരു നല്ല ഭക്തിജീവിതം നയിക്കണം." അതിന് ഒരു ചെലവും ചെയ്യണ്ട. പത്തുപൈസ മുടക്കണ്ട. നിങ്ങളുടെ ഹൃദയം തുറന്നു കർത്താവിനോടു പറയണം: എന്റെ യേശുവേ, എന്റെ ഉള്ളത്തിലേക്കു വരണമേ. ഇതുവരേയും പുറത്ത് വാതിൽക്കൽ മുട്ടിക്കൊണ്ടു നിന്ന എന്റെ പ്രിയൻ അകത്തേക്ക്, എന്റെ ഹൃദയത്തിലേക്കു വരണം. എനിക്കതു മാത്രം മതി, വേറൊന്നും വേണ്ട.

ഭാരങ്ങളെല്ലാം അവിടെ ഇരിക്കട്ടെ. ചുമടുകളെല്ലാം

അവിടെ ഇരിക്കട്ടെ. അതെല്ലാം നീ അറിയുന്നു, നീ കാണുന്നു. അതെല്ലാം നിന്റെ ഇഷ്ടം. എന്റെ തലമുടിനാരുപോലും നീ എണ്ണിയിരിക്കുന്നു. ഒരു ഇഴ താഴെ വീണാൽ സ്വർഗ്ഗസ്ഥനായ പിതാവ് അറിയുമെന്നാണ് നീ പറഞ്ഞത്. അതുകൊണ്ട് എല്ലാം അറിയുന്ന എന്റെ യേശുവേ, നിന്റെ തൃപ്പാദത്തിലേക്കു ഞാനിതാ വരുന്നു. ഇതാണ് വിശ്വസജീവിതം! ഇതാണ് ക്രിസ്തീയജീവിതം!

അങ്ങനെ ഒരു വിശ്വാസസമൂഹം നമ്മുടെ ഇടയിൽ ഉണ്ടാകട്ടെ. ക്രിസ്തുവിൽ വിശ്വസിക്കുന്ന, ക്രിസ്തുവിന്റെ തിരുരക്തത്തിൽ വിശ്വസിക്കുന്ന, ക്രിസ്തുവിന്റെ ക്രൂശു മരണത്തിൽ വിശ്വസിക്കുന്ന, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പിൽ വിശ്വസിക്കുന്ന, ക്രിസ്തുവിന്റെ വീണ്ടും വരവിൽ വിശ്വസിക്കുന്ന വാസ്തവമായ വിശ്വാസമുള്ള ദൈവമക്കൾ ഒരുമിച്ചിരിക്കുമ്പോൾ കാണാം അത്ഭുതങ്ങൾ നടക്കുന്നത്, അതിശയങ്ങൾ നടക്കുന്നത്. നിങ്ങളുടെ ജീവിതത്തിലെ പ്രശ്നങ്ങൾ, ഭാരങ്ങൾ എല്ലാം നിങ്ങളിൽനിന്ന് നിശ്ശേഷം മാറ്റിത്തരും.

“സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കുകയും എന്റെ ശത്രുക്കളുടെ കൈയിൽ നിന്ന് രക്ഷ പ്രാപിക്കുകയും ചെയ്യും.” “അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു, എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ.”

അങ്ങനെ പ്രാർത്ഥിക്കുമ്പോഴാണ് സങ്കീർത്തനക്കാരൻ പിന്നെ പറയുന്നത്: “നീ എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും.” സങ്കീർത്തനങ്ങൾ 18 : 28 – 30

ഇതുവരെയും ചാടിക്കടക്കാൻ പറ്റാത്ത ചില മതിലുകൾ ചാടിക്കടക്കാൻ സാധിക്കും. എന്റെ ദൈവത്താൽ എന്റെ മുമ്പിൽ

ഉയർന്നു നില്ക്കുന്ന പ്രതിബന്ധങ്ങളെ ഞാൻ ചാടിക്കടന്ന് വിജയശ്രീലാളിതനായി എന്റെ കർത്താവിനെ സ്തുതിച്ചു കൊണ്ട് അവന്റെ നീട്ടിപ്പിടിച്ച ഭുജങ്ങളിലേക്ക് ഞാൻ വീഴും. ആ കൈകളിൽ ഞാൻ മുത്തും. ആ തൃപ്പാദം ഞാൻ മുത്തും.

ഏതു നിമിഷവും മരണം വരുമെന്നുള്ള അത്ര കനത്ത ചിന്താഗതിയായിരുന്നു ദാവീദിനെ ഭരിച്ചുകൊണ്ടിരുന്നത്. കാരണം, അനുകൂലമായി ആരുമില്ല. ശൗൽ രാജാവ് എതിരാണ്; രാജാവിന്റെ സൈന്യം മുഴുവൻ എതിരാണ്. സ്വന്തം ഭവനത്തിൽ തന്റെ ഏറ്റവും സമർത്ഥനായ മകൻ അബ്ശാലോം എതിരാണ്. ആകെ പാവപ്പെട്ട, നിസ്സാരന്മാരായ കുറെ ആളുകൾ മാത്രം ദാവീദിന്റെ കൂടെയുണ്ട്. ശൗൽ രാജാവ് ദാവീദിനെ വേട്ടയാടുകയായിരുന്നു. ദാവീദിനെ കൊല്ലുവാൻ രാജാവിന്റെ സൈന്യം പിറകെ പാഞ്ഞടുക്കുകയായിരുന്നു.

ഇന്ന് അനേകം ദൈവമക്കളെ പൈശാചിക സൈന്യം ചുറ്റി വളഞ്ഞുനിൽക്കുകയാണ്. ദൈവമക്കൾക്കു ചുറ്റും സാത്താൻ അവന്റെ കിങ്കരന്മാരെ ഒരുക്കി നിർത്തിയിരിക്കുന്നു. ദൈവമക്കളെ എന്നന്നേക്കുമായി തകർത്തുകളയുവാൻ, ദൈവമക്കളുടെ വിശ്വാസം ക്ഷയിപ്പിക്കുവാൻ, ദൈവമക്കളുടെ ഹൃദയത്തിന്റെ ശാന്തി കെടുത്തുവാൻ വിവിധങ്ങളായ പദ്ധതികൾ പിശാച് ആസൂത്രണം ചെയ്ത് മനുഷ്യനെ വളഞ്ഞിരിക്കുന്നു.

E. V. Hill എന്നു പറയുന്ന ഒരു ഭക്തനായ ദൈവപൈതലിന്റെ അടുക്കൽ ഒരു വിശ്വാസിയായ സ്ത്രീ ചെന്നു. അവർ പറഞ്ഞു: പിശാച് എന്നെ വളഞ്ഞിരിക്കുകയാണ്. എനിക്കു വേണ്ടി ഒന്നു പ്രാർത്ഥിക്കണം. എനിക്ക് ഇടം വലം നോക്കാൻ വയ്യാത്തവിധം ഭൂതാത്മാക്കൾ എന്റെ ചുറ്റുമുണ്ട്. ഞാൻ എന്തു വേണ്ടൂ?

ആ സ്ത്രീയോട് അദ്ദേഹം പറഞ്ഞു: പിശാച് നിങ്ങളെ

വളയത്തക്കവണ്ണം അത്രയൊന്നും നിങ്ങൾ ദൈവത്തിനു വേണ്ടി ചെയ്തിട്ടില്ല, ദൈവത്തിന്റെ പക്ഷത്തു നിന്നിട്ടുമില്ല. ആ സ്ത്രീ കാര്യം ഗ്രഹിച്ചു. പിശാചുക്കൾ വളയുന്നത് നാം ദൈവത്തിന്റെ പക്ഷത്തേക്കു തിരിയും എന്നുള്ള അവന്റെ ആശങ്കകൊണ്ടാണ്; ദൈവത്തിനുവേണ്ടി നാം പ്രയോജനപ്പെടും എന്നുള്ളതുകൊണ്ടാണ്.

അതുകൊണ്ട് പിശാചിന്റെ കിങ്കരന്മാർ, അവന്റെ സൈന്യമായ ദുരാത്മാക്കൾ നമ്മെ ഉപദ്രവിക്കാൻ നോക്കും. എപ്പോഴും ദൈവമക്കൾ ഓർത്തുകൊള്ളണം, നമുക്കു ചുറ്റും പിശാചിന്റെ കോട്ടകൾ ഉണ്ട്. അവന്റെ സൈന്യമുണ്ട്. നമ്മുടെ വിശ്വാസം തകർക്കുവാൻ, നമ്മുടെ പ്രത്യാശ നശിപ്പിക്കുവാൻ, നമ്മെ എങ്ങനെയെങ്കിലും ദൈവത്തിൽ നിന്ന് അകറ്റുവാൻ പിശാചിന്റെ സൈന്യം കൂടി നിൽക്കുകയാണ്. അപ്പോഴാണ് ദൈവം പറയുന്നത്: “യഹോവ തന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു.” സങ്കീർത്തനങ്ങൾ 34 : 7

എലീശാപ്രവാചകന്റെ കാലത്ത് അരാം സൈന്യം വന്ന് യഹൂദയെ വളഞ്ഞു. പ്രവാചകൻ, ഇന്ന ഭാഗത്തുകൂടി ശത്രു വരുന്നുണ്ട് എന്ന് ജനത്തിന് മുന്നറിയിപ്പുകൊടുത്തുകൊണ്ടിരുന്നു. ജനം അതുകൊണ്ട് ശത്രുവിന്റെ മുമ്പിൽ തോറ്റില്ല. അപ്പോൾ അരാം സൈന്യത്തിന്റെ തലവൻ പറഞ്ഞു: നമുക്കൊരു കാര്യം ചെയ്യാം. അവിടെ ഒരു പ്രവാചകൻ ഉണ്ട്. അയാളെ കൊന്നുകളഞ്ഞാൽ പിന്നെ നമ്മുടെ രഹസ്യം അവരാരും അറിയുകയില്ല. അയാൾക്ക് സ്വർഗ്ഗീയമായ അരുളപ്പാട് കിട്ടുന്ന മനുഷ്യനാണ്.

അരാം സൈന്യം വന്ന് എലീശാപ്രവാചകന്റെ വീടിന്റെ പരിസരം മുഴുവൻ നിറഞ്ഞു. ഒരു സൈന്യം മുഴുവൻ ചുറ്റി നിൽക്കുകയാണ്. പ്രവാചകൻ അതു മനസ്സിലാക്കി. പക്ഷേ ഒന്നും മിണ്ടിയില്ല. അപ്പോൾ പ്രവാചകശിഷ്യൻ വന്നു പറഞ്ഞു: യജമാനനേ, നാം എന്തുചെയ്യും? അരാം സൈന്യം നമ്മെ വളഞ്ഞി

രിക്കുന്നല്ലോ. ഒന്നു നോക്കൂ. എത്ര പെരുത്ത് സൈന്യമാണു വന്നിരിക്കുന്നത്? നാം ഇവിടുന്ന് രക്ഷപ്പെടുകയില്ല.

എലീശാപ്രവാചകൻ പ്രാർത്ഥിച്ചു: "കർത്താവേ, ഇവന്റെ കണ്ണ് ഒന്നു തുറന്നു കൊടുക്കണമേ." പ്രാർത്ഥന ദൈവം കേട്ടു. അവന്റെ അകക്കണ്ണു തുറന്നു. അപ്പോൾ അവൻ കണ്ടു: അരാം സൈന്യത്തിന്റെ ഇപ്പുറത്ത് പ്രവാചകന്റെ ഭവനത്തോടു ചേർന്ന് വലിയ അഗ്നി അശ്വങ്ങളും അഗ്നിത്തേരുകളും! അഗ്നിയാകുന്ന സ്വർഗ്ഗീയസൈന്യം വന്നു നിൽക്കുന്നു! സ്വർഗ്ഗീയസൈന്യം പ്രവാചകനെ കാവൽ ചെയ്യുന്നു! ദൈവദൂതന്മാർ വന്ന് എലീശാപ്രവാചകനെ കാവൽ ചെയ്തുകൊണ്ട് നിന്നു!

പ്രവാചകൻ ശിഷ്യനോടു പറഞ്ഞിരുന്നു: "നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരേക്കാൾ അധികമാണെന്ന്." അവന് അത് മനസ്സിലായില്ലായിരുന്നു. ഇപ്പോൾ അവന് മനസ്സിലായി നമ്മോടുകൂടെയുള്ളവർ ആരാണെന്ന്! വിശ്വസിക്കാം, നമുക്ക് ധൈര്യപ്പെടാം. ദൈവത്തിന്റെ കൃപയിൽ ശരണപ്പെടാം, ആശ്രയിക്കാം. വിശ്വാസത്തിൽ പതറരുത്. സ്വർഗ്ഗീയസൈന്യം നമുക്കു താങ്ങും തണലുമായി നിൽക്കട്ടെ. സ്വർഗ്ഗീയസേനകൾ നമ്മുടെ ജീവിതത്തിൽ അത്ഭുതകരമായ വിടുതൽ തരുന്നതിന് നമുക്കു വേണ്ടി അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു യുവാവ് ഉണ്ടായിരുന്നു. അവന് ദൈവഭക്തിയില്ല; പ്രാർത്ഥിക്കുകയില്ല. അവൻ ഭൗതിക ഇമ്പങ്ങളിൽ മുഴുകി, വെറിക്കൂത്തുകളിൽ മുഴുകി ജീവിക്കുന്നവനാണ്. പക്ഷേ, അവന്റെ അമ്മ പ്രാർത്ഥിക്കുന്ന ഒരു സ്ത്രീ ആയിരുന്നു. അവന്റെ അപ്പൻ നേരത്തേ മരിച്ചുപോയി. അമ്മ എന്നും മോനെ ഉപദേശിക്കും: മോനേ, ദൈവമില്ലെങ്കിൽ നമുക്ക് ഒന്നുമില്ല. നമുക്കു സമാധാനം കിട്ടില്ല. ഇപ്പോൾ നീ ഓടി നടന്നനുഭവിക്കുന്ന സന്തോഷങ്ങൾ എല്ലാം മാറി മറിയും. നീ വിഷമിക്കും. വലഞ്ഞുപോകും. അവൻ ചെവിക്കൊണ്ടില്ല. ഒരു ദിവസം അമ്മ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ അവൻ പറഞ്ഞു:

“എനിക്ക് കേൾക്കണ്ട ഈ പ്രാർത്ഥന. കേട്ടുകേട്ടു ഞാൻ മടുത്തു. ഞാൻ ഈ വീട്ടിൽ നിന്നു പോകുകയാണ്. ഞാൻ എന്നേക്കുമായി പോകുകയാണ്.”

അമ്മ പറഞ്ഞു: മോനേ, നീ പോകുകയാണെങ്കിൽ ഞാൻ നിന്നെ തടയുന്നില്ല. പക്ഷേ, എന്നെങ്കിലും നിനക്ക് ഒരു പ്രതിസന്ധി നേരിടുകയാണെങ്കിൽ നീ പറയണം: എന്റെ അമ്മയുടെ ദൈവമേ, എന്നെ രക്ഷിക്കണമേ എന്ന്. അമ്മ അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവൻ പോയി പട്ടണപ്പരിഷ്ക്കാരത്തിൽ മുഴുകി, ആഡംബരത്തിൽ ലയിച്ച് ഭൗതിക ഇമ്പങ്ങളിൽ മുഴുകി ജീവിച്ചു.

എന്ത് ആഡംബരമായാലെന്ത്, എന്തു പ്രൗഢി ആയാലെന്ത്, മനുഷ്യന് സമാധാനം ഇല്ലെങ്കിൽ എന്തുപ്രയോജനം? അവന് സ്വസ്ഥത ഇല്ലാതായി, സമാധാനമില്ലാതായി, മരിച്ചുകളയാം എന്ന് അവൻ തീരുമാനിച്ചു. അവൻ നോക്കിയ വഴികളിലൊന്നിലും അവന് മനശ്ശാന്തി കിട്ടുന്നില്ല. അങ്ങനെ അവൻ മരിക്കാൻ തീരുമാനിച്ചു. പെട്ടെന്ന് അമ്മ പറഞ്ഞ വാക്ക് അവന്റെ മനസ്സിൽ വന്നു: മോനേ, വഴിമുട്ടുമ്പോൾ എന്റെ അമ്മയുടെ ദൈവമേ എന്നെ രക്ഷിക്കണമേ എന്നു പറഞ്ഞുകൊള്ളണം എന്ന്.

അമ്മ മുട്ടുകുത്തി പ്രാർത്ഥിക്കുന്നത് അവൻ കണ്ടിട്ടുണ്ട്. അവൻ മുട്ടുകുത്തിയിട്ടില്ല. എന്നാൽ ഇപ്പോൾ അവൻ മുട്ടുകുത്തി: എന്റെ അമ്മയുടെ ദൈവമേ ഞാൻ വലഞ്ഞിരിക്കുന്നു, ഞാൻ വശം കെട്ടിരിക്കുന്നു, എന്നെ നീ സഹായിക്കണമേ; എന്നോടു മനസ്സലിയണമേ എന്ന് പ്രാർത്ഥിച്ചു. അവൻ തിരികെ അമ്മയുടെ അടുക്കൽ വന്നു. അമ്മയും മോനും കൂടി ഒരുമിച്ച് ദൈവത്തെ സ്തുതിച്ചു. സന്തോഷമായി.

പിന്നീട് ഈ ചെറുപ്പക്കാരൻ പ്രസിദ്ധനായ സുവിശേഷകനായി മാറി. അവന്റെ പേര് R. A. Torrey എന്നാണ്. R. A. Torrey

പറഞ്ഞ പ്രസിദ്ധമായ ഒരു വാക്യമാണ്: “Pray for great things, expect great things, work for great things and above all pray, pray and pray.”

“വൻകാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക, വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, അദ്ധ്വാനിക്കുക. എല്ലാറ്റിനും മീതെ പിന്നെയും പിന്നെയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.”

ദാവീദ് ഇവിടെ പറയുകയാണ്: “മരണപാശങ്ങൾ എന്നെ ചുറ്റി, അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. മരണത്തിന്റെ കെണികൾ എന്നെ തുടർന്നു പിടിച്ചു.” ദാവീദിന് രക്ഷ കിട്ടുമെന്ന് ഒരു പ്രതീക്ഷയുമില്ലാത്ത സ്ഥിതിയിൽ ആയിപ്പോയി.

ഒരവസരത്തിൽ ദാവീദ് ഒരു ഗുഹയ്ക്കകത്ത് കടന്ന് വെറും തറയിൽ കിടന്ന് ഉറങ്ങിയവനാണ്. അന്ന് ഉറങ്ങാൻ നേരത്ത് ദാവീദ് പ്രാർത്ഥിച്ചത് ഇങ്ങനെയായിരുന്നു.

> *“ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.”*
>
> *സങ്കീർത്തനങ്ങൾ 4 : 7, 8*

ദാവീദ്, കർത്താവിൽ ധൈര്യപ്പെട്ടു. നമുക്കു കർത്താവിൽ മാത്രമേ ധൈര്യപ്പെടാനുള്ളൂ. വിദ്യാഭ്യാസത്തിൽ ആശ്രയിക്കാനില്ല; പണത്തിൽ ആശ്രയിക്കാനില്ല, ആരോഗ്യത്തിൽ ആശ്രയിക്കാനില്ല. മാതാപിതാക്കന്മാരിലോ സഹോദരങ്ങളിലോ ഭാര്യയിലോ ഭർത്താവിലോ ആശ്രയിക്കാനില്ല. അവരൊക്കെ നമ്മെ സഹായിക്കുന്നവരാണ്, സ്നേഹിക്കുന്നവരുമാണ്. പക്ഷേ അവരിലൊന്നിലും ആശ്രയിക്കുവാൻ നിർവ്വാഹമില്ല. കാരണം, ഒരു പ്രതിസന്ധിഘട്ടം വന്നാൽ ഇവർക്ക് ഒന്നും

ചെയ്യാൻ സാധിക്കുകയില്ല. സങ്കടത്തോടെ നോക്കി നിൽക്കാനേ പറ്റൂ. അതിവേദനയോടെ നോക്കി നിൽക്കാനേ പറ്റൂ. ഒന്നും ചെയ്യാൻ പറ്റില്ല. യേശുക്രിസ്തുവിനു മാത്രം നമ്മെ സഹായിക്കാൻ സാധിക്കും.

മരണപാശങ്ങൾ എന്നെ ചുറ്റി; മരണത്തിന്റെ കയറുകൾ എന്നെ ചുറ്റി. ഇനി രക്ഷയില്ല. അഗാധപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. വിശ്വാസിയല്ലേ? തീർച്ചയായും വിശ്വാസിയാണ്. പക്ഷേ, പരിഭ്രമമായി, അമ്പരപ്പായി. എന്തുവേണ്ടൂ? പാതാള പാശങ്ങൾ എന്നെ വളഞ്ഞു; മരണത്തിന്റെ അപ്പുറത്തേക്കുള്ള പാതാളത്തിന്റെ കയറുകൾ വന്ന് എന്നെ വളഞ്ഞുകഴിഞ്ഞിരിക്കുന്നു.

"മരണത്തിന്റെ കെണികളും എന്നെ തുടർന്നു പിടിച്ചു." ഇനി ഈ ഭൂമിയിൽ പ്രതീക്ഷയ്ക്കു വകയില്ല. നാളെ നേരം വെളുക്കുമ്പോൾ ഞാൻ ഈ ഭൂമിയിൽ ഉണ്ടായിരിക്കുകയില്ല. ശൗൽ രാജാവിന്റെ പടയാളികളുടെ പടവാളിന് ഞാൻ ഇരയായിത്തീരും. ദാവീദിന് സമാധാനമായി കിടക്കാൻ പറ്റാത്തതുപോലുള്ള വലിയ സംഭ്രമം പിടിപെട്ടു. അപ്പോൾ ദാവീദ്:

> *"എന്റെ കഷ്ടതയിൽ ഞാൻ യഹോവയെ വിളിച്ചപേക്ഷിച്ചു, എന്റെ ദൈവത്തോടു നിലവിളിച്ചു; അവൻ തന്റെ മന്ദിരത്തിൽ നിന്ന് എന്റെ അപേക്ഷ കേട്ടു; തിരുമുമ്പിൽ ഞാൻ കഴിച്ച പ്രാർത്ഥന അവന്റെ ചെവിയിൽ എത്തി."* *സങ്കീർത്തനങ്ങൾ 18 : 6*

മനുഷ്യന്റെ കൈകൾ തളരുമ്പോൾ, മനുഷ്യന്റെ യത്നങ്ങൾ നിഷ്ഫലമാകുമ്പോൾ വിളിച്ചപേക്ഷിക്കാൻ നമുക്കൊരു ദൈവമുണ്ട്. ഈ കാര്യം നിങ്ങൾ ഉറപ്പാക്കണം. ഏതു പ്രതിസന്ധി വന്നാലും എനിക്ക് വിളിച്ചപേക്ഷിക്കാൻ എന്റെ കർത്താവ് എന്റെ കൂടെ ഉണ്ട്. ഞാൻ വിളിച്ചാൽ അവൻ വിളികേൾക്കും. തീർച്ചയായും അവൻ എന്നെ വെറുങ്കൈ ആയി വിടുകയില്ല.

തന്നെ അന്വേഷിക്കുന്നവർക്ക് അവൻ സമീപസ്ഥനാണ്. ഹൃദയം നുറുങ്ങി കരയുന്നവർക്ക് അവൻ സമീപസ്ഥനാണ്. മനം തകർന്നവർക്ക് അവൻ സമീപസ്ഥനാണ്.

ക്രിസ്തീയജീവിതത്തിൽ നിരാശ എന്നൊന്നില്ല. ക്രിസ്തു അത്യുന്നതൻ! ക്രിസ്തു മഹോന്നതൻ! ക്രിസ്തു എന്റെ രക്ഷകൻ! ക്രിസ്തു എന്റെ രക്ഷിതാവ്! അവൻ എന്റെ പാറയാണ്, അവൻ എന്റെ കോട്ടയാണ്, അവൻ എന്റെ ഗോപുരമാണ്, അവൻ എന്റെ ജീവന്റെ ബലമാണ്, അവൻ എന്റെ രക്ഷയാണ്.

*"യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?"*
*സങ്കീർത്തനങ്ങൾ 27 : 1*

യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ നിൽക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ആ ബന്ധം അറ്റുപോകരുത്. നിങ്ങൾ യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിച്ചാൽ എവിടെ ഇരുന്നു പ്രാർത്ഥിച്ചാലും ആ ബന്ധം കിട്ടും.

നിങ്ങളുടെ പ്രാർത്ഥന കേൾക്കാൻ ആശയോടിരിക്കുന്ന കർത്താവ്. പ്രാർത്ഥനയ്ക്കു മറുപടി തരാൻ കാത്തിരിക്കുന്ന കർത്താവ്. ചിലർക്കു സംശയം തോന്നും ഞാൻ ഇത്രയും നാളും പ്രാർത്ഥിച്ചിട്ടും കർത്താവ് കേട്ടില്ലല്ലോ എന്ന്. കേട്ടില്ല എന്നു വിചാരിക്കണ്ട, കർത്താവ് എല്ലാം കുറിച്ചുവച്ചിട്ടുണ്ട്. നിങ്ങൾ ദൈവസന്നിധിയിലിരുന്നു കരഞ്ഞ കണ്ണുനീര് അവന്റെ തുരുത്തിയിലുണ്ട്. അവൻ നിങ്ങളെ സ്നേഹിക്കുന്നവനാണ്. യേശു സ്നേഹം മാത്രമാണ്.

സ്നേഹമായ യേശുവിന്റെ പരിപാവനമായ പാദപീഠത്തിലാണ് ഇപ്പോൾ നാം ഇരിക്കുന്നത്. വിശ്വാസത്തോടെ നിങ്ങൾ പറയൂ: കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. കർത്താവേ, ഞാൻ നിന്നിൽ ആശ്രയിക്കുന്നു. കർത്താവേ,

ഞാൻ നിന്നെ വിശ്വസിക്കുന്നു. എന്റെ യേശുവേ, എന്റെ ജീവിതത്തിൽ നീ മനസ്സലിഞ്ഞ് ഇപ്പോൾ നിന്റെ തൃക്കരം നീട്ടി എന്റെ ശിരസ്സിൽ ഒന്നു തൊടണമേ. നീ തൊട്ടാൽ മാത്രം മതി എന്റെ പ്രശ്നത്തിനു പരിഹാരമാകും. നീ എന്റെ അരികത്തു കൂടി കടന്നുപോകുമ്പോൾ ആ തിരുവസ്ത്രത്തിന്റെ തൊങ്ങൽ എന്നെ ഒന്ന് മുട്ടി ഉരുമ്മി പോയാൽ മതി. വേറൊന്നും എനിക്കു വേണ്ട. എന്റെ ജീവിതം ഞാൻ ഒരിക്കലായിട്ട് നിനക്ക് തന്നതാണ്.

കർത്താവേ, മനുഷ്യരെ ഞാൻ നോക്കുന്നില്ല. കൂട്ടായ്മയേയും നോക്കുന്നില്ല. ദൈവവചനം പറയുന്നവരേയും നോക്കുന്നില്ല. ഞാൻ ഗോഗുൽത്തായിലേക്കു നോക്കുന്നു. എനിക്കുവേണ്ടി തകർക്കപ്പെട്ട ആ തിരുവിലാവിലേക്ക് ഞാൻ നോക്കുന്നു. എനിക്കു വേണ്ടി രക്തം ചിന്തിയ ആ തിരുമേനിയിലേക്ക് ഞാൻ നോക്കുന്നു.

കർത്താവേ, നിന്റെ തൃക്കരം തൊട്ട് തിരുരക്തത്താൽ നാളിതുവരെ വന്നുപോയ പാപങ്ങൾ എല്ലാം ക്ഷമിച്ച് കഴുകിത്തരണമേ. ഇനി മേലിൽ പാപം വരികയില്ല. ഇങ്ങനെ കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിച്ചു കൊടുക്കൂ.

മരണത്തിന്റെ പാശങ്ങൾ എല്ലാം പൊട്ടിപ്പോകട്ടെ. പാതാളവേദനകൾ എല്ലാം മാറിപ്പോകട്ടെ. യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെമേൽ വരട്ടെ.

# മൂന്ന്

യിസ്രായേൽ ജനം മിസ്രയീമിൽ നിന്നു പുറപ്പെട്ടപ്പോൾ അവരുടെ പിന്നാലെ ഫറവോനും സൈന്യവും വന്നു. അവർ മരുഭൂമിയിലേക്കു കടക്കുന്നതിനു മുമ്പ് ചെങ്കടലിന്റെ തീരത്തു വരുമ്പോൾ തൊട്ടു പിന്നാലെ ഫറവോനും സൈന്യവും ഉണ്ട്. അവരെ തിരികെ കൊണ്ടുപോകാനാണ് ഫറവോനും സൈന്യവും വരുന്നത്. യിസ്രായേൽ ജനം അടിമത്വത്തിൽ നിന്ന് വിടുവിക്കപ്പെട്ടു പോകുകയാണ്. മോശ നോക്കിയപ്പോൾ മുമ്പിൽ ചെങ്കടൽ! പുറകിൽ മിസ്രയീം സൈന്യം! മുന്നോട്ടും ഗതിയില്ല, പിറകോട്ടും ഗതിയില്ല. മോശയ്ക്ക് എന്തെല്ലാം ചിന്തകൾ വന്നുകാണും?

പക്ഷേ, മോശ ഒരു കാര്യം ചെയ്തു. മോശ ദൈവത്തോടു പ്രാർത്ഥിച്ചു. പ്രാർത്ഥിച്ചപ്പോൾ ദൈവം ചോദിച്ചു: നിന്റെ കൈയിലിരിക്കുന്നത് എന്ത്? എന്റെ കൈയിൽ ഒരു വടിയുണ്ട്. മോശ പറഞ്ഞു: നിന്റെ വടി ചെങ്കടലിന്മേൽ നീട്ടുക. മോശ വടി നീട്ടി. ഉടനെ വെള്ളം രണ്ടു ഭാഗമായി തിരിഞ്ഞു. ആറു ലക്ഷം പേർ സന്തോഷത്തോടെ ചെങ്കടൽ കടന്ന് മറുകര എത്തി. ഫറവോനു ഞാനിനി അടിമയല്ല, പരമസീയോനു ഞാൻ അന്യനല്ല എന്നു പാടി.

തൊട്ടു പിന്നാലെ ഫറവോനും സൈന്യവും ഉണ്ട്. ദൈവമക്കൾ പോന്ന അതേ വഴിയിൽക്കൂടി ഫറവോനും സൈന്യവും വരികയാണ്. പക്ഷേ, ചെങ്കടൽ പൂർവ്വസ്ഥിതിയിലായി. ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങിപ്പോയി.

ദൈവമക്കൾക്കുവേണ്ടി ദൈവം തുറക്കുന്ന വഴിയിൽക്കൂടി ശത്രുവിന് പ്രവേശിക്കാൻ സാധിക്കുകയില്ല. ദൈവമക്കൾക്കുവേണ്ടി ദൈവം ചില വഴികൾ ഒരുക്കുന്നുണ്ടായിരിക്കും. അത് ശത്രുവായ പിശാച് തടുക്കാൻ നോക്കിയാൽ സാധിക്കുകയില്ല.

ഒരാൾ ദൈവത്തിങ്കലേക്ക് തിരിഞ്ഞാൽ അവനെ എങ്ങനെയും കുടുക്കണം, എങ്ങനെയും നശിപ്പിക്കണം എന്ന നിർബ്ബന്ധത്തോടെ നമ്മുടെ പിന്നാലെ അനേകം ദുരാത്മാക്കൾ വരികയാണ്. നമ്മുടെ ജീവിതത്തിൽ എന്നും കർത്താവേ, നീ എനിക്ക് താങ്ങായില്ലെങ്കിൽ ശത്രുവിന്റെ മുമ്പിൽ ഞാൻ പരാജയപ്പെട്ടുപോകുമല്ലോ എന്നുള്ള ദൈവാശ്രയത്തിന്റെ നിലവിളി ഉണ്ടായിരിക്കണം.

കർത്താവേ, നിന്റെ കൃപയുടെ കരം എന്നിൽനിന്ന് മാറിപ്പോയാൽ ഞാൻ ഏറ്റവും വലിയ കെടുതിയിൽ ആയിപ്പോകുമല്ലോ എന്നുള്ള തിരിച്ചറിവിൽ നിന്നുള്ള അപേക്ഷയും അഭയയാചനയും നമ്മുടെ ജീവിതത്തിൽ വന്നാൽ തീർച്ചയായിട്ടും കർത്താവ് തക്കസമയത്ത് ഇടപെടും. കർത്താവ് പ്രവർത്തിക്കും. നാം വിശ്വസിക്കുക: "സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കുകയും എന്റെ ശത്രുക്കളുടെ കൈയിൽനിന്നു രക്ഷ പ്രാപിക്കുകയും ചെയ്യും."

> *"നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും."*
>
> *സങ്കീർത്തനങ്ങൾ 18 : 28, 29*

വളരെ ശക്തമായ വിശ്വാസത്തിന്റെ പ്രഖ്യാപനമാണ് ദാവീദ് ഈ വാക്കുകളിൽക്കൂടി നമുക്കു തരുന്നത്. നിങ്ങൾ

ഒരോ പരീക്ഷണഘട്ടവും വരുമ്പോൾ വിശ്വാസത്തോടെ നിൽക്കുമോ എന്നു കർത്താവ് നോക്കുന്നുണ്ട്. ഒരു പ്രതിസന്ധി വരുമ്പോൾ ഞാനെന്തുള്ളൂ എന്നു നമുക്കു മനസ്സിലാകും. എന്നെക്കൊണ്ട് ഒന്നും സാധ്യമല്ലല്ലോ എന്നു മനസ്സിലാകും. ആശ്രയമറ്റവനായിത്തീരും. ആശ്വാസമില്ലാത്തവനായിത്തീരും.

നാം വിഷമസന്ധിയെ അഭിമുഖീകരിക്കുമ്പോൾ ആ സമയത്താണ് നമുക്ക് കർത്താവിന്റെ പ്രകാശം ലഭിക്കുന്നത്. എപ്പോഴും കർത്താവിങ്കലേക്ക് നോക്കിയിരിക്കുന്ന മനുഷ്യന് ശരിയായ ആശ്രയജീവിതം കിട്ടും. കർത്താവിൽ ആശ്രയിക്കാൻ പറ്റും.

നിങ്ങൾക്ക് കർത്താവിലുള്ള ഈ ഒരു വിശ്വാസത്തിന്റെ ആശ്രയം കിട്ടിയിട്ടുണ്ടോ? ഏതു സാഹചര്യത്തിലും, ദൈവം എന്നെ വിളിച്ചതാണ് എന്ന ചിന്ത, ദൈവമാണ് എന്നെ വിളിച്ചത് എന്ന ഉറപ്പ് നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ? എന്നെ വിളിച്ചവൻ വിശ്വസ്തനാണ്. അവൻ വാക്കു പാലിക്കുന്നവനാണ്, വാക്കു മാറാത്തവനാണ്. എന്റെ യേശു, എനിക്കുവേണ്ടി ജീവൻ തന്നവൻ എന്നെ വിളിച്ചിരിക്കുന്നു.

രണ്ടായിരം കൊല്ലം മുമ്പ് ഗോഗുൽത്തായിൽ മരിച്ചവൻ ഇന്നും സജീവമായി നിന്നുകൊണ്ട് എന്നെ വിളിക്കുന്നു. അവൻ എന്റെ അരികത്തേക്കു വരുന്നു. ഗോഗുൽത്തായിലെ കുരിശിൽ എനിക്കുവേണ്ടി രക്തം ചിന്തിയ എന്റെ രക്ഷകൻ എന്നെ വിളിക്കുന്നു. യേശുക്രിസ്തുവിനോട് എനിക്കു കടപ്പാടുണ്ട്. എനിക്കവനോട് നന്ദിയുണ്ട്. ഒരു അർഹതയുമില്ലാത്ത എനിക്ക് അഡ്രസ്സുതന്ന് എന്നെ എഴുന്നേല്പിച്ചത് എന്റെ യേശുവാണ്. ഈ ഒരു ചിന്ത നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം.

അഡ്രസ് ഇല്ലാത്തവന് അഡ്രസ്സു തന്നു. വിലയില്ലാത്തവനെ വിലയുള്ളവനാക്കിത്തീർത്തു. ഭൂമിയിൽ മാത്രമല്ല സ്വർഗ്ഗത്തിലും വിലയുള്ളവനായി കണ്ടു. സ്വർഗ്ഗത്തിൽ നാം

വിലയേറിയവരാണ്. തിരുവചനം പറയുന്നു: മാലാഖമാർക്ക് നമ്മെ പരിചയപ്പെടുത്തിക്കൊടുത്തു. വിലയേറിയവരും മാന്യരുമായി ദൈവം നമ്മെ പരിഗണിച്ചിരിക്കയാണ്. ഈ ഒരു ബോധ്യം നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടാകണം.

നിങ്ങൾ ചിന്തിക്കൂ. എന്നെ ഇന്ന് യേശു നോക്കുന്നുണ്ട്. എന്നെ യേശു കാണുന്നുണ്ട്, വിളിക്കുന്നുണ്ട്. യേശു എന്റെ പുറം മാത്രമല്ല എന്റെ അകവും കാണുന്നു. എന്റെ ചിന്താഗതികൾ കാണുന്നു. എന്റെ മനോഭാവം കാണുന്നു. എന്റെ ഹൃദയത്തിന്റെ വിചാരഗതികൾ കാണുന്നു. എന്റെ ഹൃദയത്തിന്റെ വികാരങ്ങൾ കാണുന്നു. എന്റെ ആഗ്രഹങ്ങളും ആശങ്കകളും കാണുന്നു. ആരും അറിയാത്ത, എന്റെ ഹൃദയത്തിൽ ഒളിച്ചിരിക്കുന്ന ചില രഹസ്യപാപങ്ങൾ യേശു കാണുന്നു. യേശു എന്നെ വ്യക്തിപരമായി അറിയുന്നു. യേശു എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു.

ഏതെല്ലാം രോഗം വന്നാലും യേശു എന്നെ കൈവിടുകയില്ല. യേശുവിന്റെ കരങ്ങളിൽ ഞാൻ സുരക്ഷിതമായിരിക്കും. യേശുക്രിസ്തു എന്നെ കൈവിടാത്തവനാണ്. അവൻ എന്നോടുകൂടെ ഉണ്ട്. അതുകൊണ്ട് ഇപ്പോൾ നിങ്ങൾ ചിന്തിക്കൂ. യേശു വ്യക്തിപരമായി നിങ്ങളുടെ പേരുചൊല്ലി വിളിക്കുന്നു. അന്ന് ശീമോനേ, ശീമോനേ എന്നു വിളിച്ചതുപോലെ, മാർത്തേ, മാർത്തേ എന്നു വിളിച്ചതുപോലെ, സക്കായിയേ വേഗം ഇറങ്ങി വാ എന്നു പറഞ്ഞതുപോലെ യേശു നിങ്ങളെ പേർ ചൊല്ലി വിളിക്കുന്നു.

ഞാൻ തളർന്ന് ക്ഷീണിതനായിരുന്ന സമയങ്ങളിൽ എന്റെ ദൈവം എന്നെ വിളിക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്: മകനേ, നീ എന്തിനു പതറുന്നു? നീ വിചാരിക്കുന്നതുപോലെ അല്ല എന്റെ വിചാരങ്ങൾ. ഇങ്ങനെ കർത്താവ് പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്.

നിങ്ങൾ വിശ്വസിക്കുക, നിങ്ങളെ വ്യക്തിപരമായി യേശു അറിയുന്നു. ലോകത്തിനു നിങ്ങളെ അറിയില്ല. ലോകം നിങ്ങളെ ഗൗനിക്കയില്ല. പക്ഷേ, യേശു നിങ്ങളെ അറിയുന്നു. യേശുവിന് നിങ്ങളുടെ പ്രശ്നങ്ങൾ അറിയാം. നിങ്ങളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം യേശുവിന്റെ പക്കലുണ്ട്. നിങ്ങളുടെ പ്രശ്നം എത്ര ഗുരുതരമായാലും അതിനുള്ള പരിഹാരം യേശുക്രിസ്തുവിന്റെ കൈകളിലുണ്ട്.

യുദ്ധമെല്ലാം ജയിച്ചു വന്നപ്പോൾ ദാവീദ് ഇരുന്നു പാടുകയാണ്: "സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കുകയും എന്റെ ശത്രുക്കളുടെ കൈയിൽ നിന്ന് രക്ഷ പ്രാപിക്കുകയും ചെയ്യും."

> *"അവൻ ഉയരത്തിൽനിന്ന് കൈനീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽനിന്ന് എന്നെ വലിച്ചെടുത്തു. ബലമുള്ള ശത്രുവിന്റെ കൈയിൽ നിന്നും എന്നെ പകച്ചവരുടെ പക്കൽ നിന്നും അവൻ എന്നെ വിടുവിച്ചു; അവർ എന്നിലും ബലമേറിയവരായിരുന്നു."* *സങ്കീർത്തനങ്ങൾ 18 : 16, 17*

അവൻ എന്നെ വിടുവിച്ചു. ശത്രു എന്നെ ബന്ധിച്ചിട്ടിരിക്കയായിരുന്നു. ചില തിന്മകളിൽ, ചില ദുശ്ശീലങ്ങളിൽ, ചില ദുസ്സ്വഭാവങ്ങളിൽ, ചില അരുതാത്ത ബന്ധങ്ങളിൽ ബന്ധിച്ചിട്ടിരിക്കയായിരുന്നു. അനേക കെട്ടുകൾ കെട്ടി എന്നെ ബന്ധിച്ചിട്ടിരിക്കയായിരുന്നു. പക്ഷേ, അവൻ എന്നെ വിടുവിച്ചു. ബലമുള്ള ശത്രുവിന്റെ കൈയിൽനിന്ന്, ദുഷ്ടന്റെ കൈയിൽ നിന്ന് അവൻ എന്നെ വിടുവിച്ചു.

ഇപ്പോൾ നിങ്ങൾ ധ്യാനിക്കൂ. നിങ്ങളെ വിടുവിപ്പാൻ യേശു വന്നിരിക്കുകയാണ്. ഓരോ വചനശുശ്രൂഷയിലും അതാണ് നടക്കുന്നത്. കർത്താവ് നമ്മുടെ അരികത്തേക്ക് വരികയാണ്. കർത്താവ് നമ്മോടു ചേർന്നു നിൽക്കുകയാണ്. ഞാൻ വചനം

പറയാൻ നിൽക്കുമ്പോൾ എനിക്കറിയാം യേശു എന്റെ തൊട്ടു ചേർന്നു നിൽക്കുന്നുണ്ട് എന്ന്.

യേശുക്രിസ്തു നിങ്ങളുടെ തൊട്ടുചേർന്നു നിൽക്കുന്നുണ്ട്. യേശുക്രിസ്തു ദൂരെ മാറി നിൽക്കുകയല്ല. നിങ്ങൾ യേശുവിനെ ഉള്ളഴിഞ്ഞ് വിളിക്കുക: കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് ഒന്നു വരണമേ. ഈ നിരാശനിറഞ്ഞ ജീവിതത്തിലേക്ക്, കയ്പ്പുനിറഞ്ഞ ജീവിതത്തിലേക്ക് നാഥാ, നീ എഴുന്നള്ളി വരണമേ. നിങ്ങൾക്ക് ദൈവത്തോട് അപേക്ഷിക്കാം.

നിങ്ങൾ ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ യേശുവിനോടു പറയണം: കർത്താവേ, ശത്രു എന്നെ വരിഞ്ഞു മുറുക്കികെട്ടിയിട്ടിരിക്കുന്നു; എനിക്ക് ചില ഭോഷ്ക്കിന്റെ ചിന്താഗതികളുണ്ട്. ഞാൻ എന്ന ഭാവമുണ്ട്. ഞാനാണ് കാര്യങ്ങൾ നടത്തുന്നത്, എന്റെ കൈകളിലൂടെയാണ് കാര്യങ്ങൾ നടക്കുന്നത്, ഇങ്ങനെയുള്ള വളരെ അപകടകരമായ ചിന്തകൾ എന്നിലുണ്ട്.

നിഗളം ഉള്ളതുകൊണ്ടാണ് നാം കോപിക്കുന്നത്. ഒരിക്കലും നാം എന്തെങ്കിലും ആണ് എന്നു തോന്നിപ്പോകരുത്. ഇത് എന്റെ പ്രാപ്തിയാണ്, എന്റെ കഴിവാണ് എന്ന് ഒരിക്കലും തോന്നിപ്പോകരുത്. എപ്പോഴും ഓർത്തുകൊള്ളണം: കർത്താവേ, നീ തന്നതല്ലാതെ എനിക്ക് സ്വന്തമായിട്ട് ഒന്നുമില്ല. ഒരു വാക്ക് ഞാൻ പറയണമെങ്കിൽ, ഒരു ദിവസം ഞാൻ ജീവിച്ചിരിക്കണമെങ്കിൽ, ഒന്ന് ഉറങ്ങണമെങ്കിൽ, എന്റെ ഹൃദയത്തിൽ അടിച്ചുകയറുന്ന നിരാശയുടെ ചിന്തകൾ മാറണമെങ്കിൽ നിന്റെ കൃപ വേണം. എന്റെ ഹൃദയത്തിൽ എന്നെ അലട്ടുന്ന ചിന്തകൾ മാറിക്കിട്ടണമെങ്കിൽ നിന്റെ കൃപ വേണം.

സ്വന്തമായിട്ടെനിക്ക് ഒന്നുമില്ല. സ്വന്തമായിട്ട് കഴിവുണ്ടെന്നും സ്വന്തമായിട്ട് ബുദ്ധിയുണ്ടെന്നും തോന്നുന്നെങ്കിൽ അതു വെറും മൗഢ്യമാണ്. ഞാൻ ആരുമല്ല. എനിക്ക് ഒന്നുമില്ല.

ഇന്ന് നിങ്ങൾ ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനോട് ഒരു വാക്കു പറയുമോ? കർത്താവേ, ഞാൻ ഒന്നുമില്ലാത്തവൻ. നിന്റെ സ്നേഹംകൊണ്ട് നീ എന്നെ വിളിച്ചു എന്നതുമാത്രമാണ് എന്റെ യോഗ്യത. നിനക്ക് എന്നോട് കരുണതോന്നി എന്നു മാത്രം. അത് നിന്റെ കൃപ.

ഞാൻ ഇനി എന്റെ കഴിവിലേക്കു നോക്കുകയില്ല. ഞാൻ നിസ്സാരൻ. ഞാനോ വെറും കൃമി, വെറും കീടം. നീയോ അത്യുന്നതനായ ദൈവം! അഖിലാണ്ഡത്തെ മെനഞ്ഞവനായ ദൈവം! എല്ലാ ഗ്രഹങ്ങളേയും ഉപഗ്രഹങ്ങളേയും നിർമ്മിച്ച് അതാതിന്റെ സ്ഥാനത്ത് നിർത്തിയവനായ ദൈവം!

കർത്താവേ, എല്ലാം നിന്റെ ദാനം. നീ തന്നതല്ലാതെ എനിക്ക് ഒന്നുമില്ല. ഇനി ഞാൻ ഒന്നിലും പുകഴുകയില്ല. ഞാൻ യേശുവിനെ അറിയുന്നു. എന്നെ യേശു സ്നേഹിക്കുന്നു. ഞാൻ യേശുവിന്റെ സ്വന്തം!

ദാവീദിന്റെ നന്ദിയുടെ സ്തോത്രഗാനമാണ് 18–ാം സങ്കീർത്തനം. നന്ദിയുടെ സ്തുതി. ദൈവത്തിന് എന്നോടു പ്രസാദം തോന്നി. അവൻ എന്നിൽ പ്രസാദിച്ചിരുന്നതുകൊണ്ട് എന്നെ അവൻ വിടുവിച്ചു.

നാം ആഴമായി ചിന്തിക്കേണ്ടതാണ്. ദൈവത്തിന് എന്നിൽ പ്രസാദമുണ്ടോ? പ്രശ്നങ്ങൾ ഉണ്ടാവുകയില്ല എന്നു ഞാൻ പറയുന്നില്ല. നമുക്ക് ജീവിതത്തിൽ ക്ലേശങ്ങളും കഷ്ടങ്ങളും നഷ്ടങ്ങളും ദുരിതങ്ങളും ഒക്കെ ഉണ്ടാകും. പക്ഷേ, അപ്പോഴെല്ലാം ദൈവത്തിന് എന്നിൽ പ്രസാദമുണ്ടോ എന്നു നാം ചിന്തിക്കണം. ദൈവം പ്രസാദിക്കത്തക്കവണ്ണമാണോ ഞാൻ ജീവിക്കുന്നത്? ഒരു സത്യം നമുക്കറിയാം. യേശുക്രിസ്തു ജീവിക്കുന്നു. യേശുക്രിസ്തു നമ്മുടെ ഹൃദയം അറിയുന്നു. യേശുക്രിസ്തു നമ്മുടെ ജീവിതം അറിയുന്നു; അവന്

ഒന്നും മറഞ്ഞിരിക്കുന്നില്ല. എല്ലാം കർത്താവ് കാണുന്നു. ജീവനുള്ള ദൈവത്തിന് എന്നിൽ പ്രസാദമുണ്ടായിരിക്കത്തക്കവണ്ണം എന്റെ ജീവിതത്തെ ഞാൻ ക്രമപ്പെടുത്തിയിട്ടുണ്ടോ?

ദാവീദ്‌രാജാവിനു ദൈവം വചനം കൊടുത്തു. ദൈവം ദാവീദിൽ പ്രസാദിച്ചു. അതുകൊണ്ട് ബലമുള്ള ശത്രുവിന്റെ കൈയിൽനിന്നും ദുഷ്ടനായ ശത്രുവിന്റെ കൈയിൽ നിന്നും വിടുവിച്ചു. അവർ എന്നിലും ബലമേറിയവർ ആയിരുന്നു. ഞാൻ തോറ്റുപോകേണ്ടതായിരുന്നു. പക്ഷേ, ദൈവത്തിന് എന്നോട് പ്രസാദം തോന്നി.

“നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കണം.” പലപ്പോഴും നാം നമ്മുടെ വാക്കുകൾ ശ്രദ്ധിക്കാറില്ല. അതിനകത്ത് ചില ക്രൂരതകൾ വരാറുണ്ട്. ചിലപ്പോൾ ചില അഹന്തകൾ വരാറുണ്ട്. ചിലപ്പോൾ കോപാവേശത്തോടെ സംസാരിക്കാറുണ്ട്. ഏതെങ്കിലും കാര്യത്തിൽ കോപം വരാൻ തുടങ്ങുമ്പോൾ പെട്ടെന്ന് നാവിനെ നിയന്ത്രിച്ചു കൊള്ളണം. അരുതാത്ത ഒരു വാക്ക് നാവിൽനിന്നു വരാതെ നോക്കിക്കൊള്ളണം. വായടച്ചു കൊള്ളണം. ഒരിക്കലും ആരുടേയും ഹൃദയം നൊമ്പരപ്പെടാൻ ഇടവരരുത്. അതെല്ലാം ഹൃദയത്തിൽ വ്രണം ഉണ്ടാക്കും.

കേൾക്കുന്ന ആൾ ചിലപ്പോൾ ആത്മീയൻ ആയിരിക്കയില്ല. ദൈവവചനത്തിൽ തത്പരനും ആയിരിക്കയില്ല. പക്ഷേ, ആ ആളുടെ ഹൃദയത്തിൽ മുറിവേല്ക്കാൻ ഇടവരരുത്, വ്രണപ്പെടുവാൻ ഇടവരരുത്.

സൗമ്യമായ, സ്നേഹമസൃണമായ, വാത്സല്യാർദ്രമായ അലിവോലുന്ന വാക്കുകൾ നമ്മുടെ നാവിൽനിന്നു വന്നുകൊണ്ടിരിക്കണം. നാം എവിടെയെല്ലാം ഇടപെടുന്നോ അവിടെയെല്ലാം എളിമയുടെ വാക്കുകൾ ആയിരിക്കണം. അങ്ങനെ നമ്മുടെ ജീവിതത്തിൽ വലിയൊരു വ്യത്യാസം വന്നെങ്കിൽ

മാത്രമേ ദൈവം നമ്മിൽ പ്രസാദിക്കുകയുള്ളൂ.

നിങ്ങൾ ചിന്തിച്ചു നോക്കൂ. ദൈവം ഇപ്പോൾ എന്നിൽ പ്രസാദിക്കുന്നുണ്ടോ? ഞാൻ പലകാര്യങ്ങൾ ചെയ്യുന്നു. കർത്താവിന്റെ വേല ചെയ്യുന്നു. കർത്താവിന്റെ വേലയ്ക്കു വേണ്ടി പൈസ മുടക്കുന്നു, സമയം മുടക്കുന്നു. എന്റെ പല ആവശ്യങ്ങളും മാറ്റിവച്ച് കർത്താവിന്റെ വേലയ്ക്കുവേണ്ടി ഓടുന്നു. പക്ഷേ, ഹൃദയം കാണുന്ന ദൈവം എന്നിൽ പ്രസാദിക്കുന്നുണ്ടോ?

അവൻ എന്നിൽ പ്രസാദിച്ചിരുന്നതുകൊണ്ട് എന്റെ കഷ്ടങ്ങളിൽ നിന്ന് എന്നെ വിടുവിച്ചു. ദാവീദിന്റെ അനുഭവ സാക്ഷ്യമാണത്. ദൈവം പുറമെയുള്ളതല്ല, ഹൃദയമാണ് കാണുന്നത്. വേറൊരാൾ വേദനിക്കുമ്പോൾ അത് എന്റെ വേദനയാണെന്ന് ദാവീദിനു തോന്നത്തക്കവണ്ണം ദാവീദിന്റെ ഹൃദയത്തിന് ആർദ്രതയുണ്ടായിരുന്നു. വേറൊരാൾ ദു:ഖിക്കുമ്പോൾ ആ ദു:ഖം എന്റെ ദു:ഖമാണ് എന്നുള്ള ഒരു ബോധം നമുക്കുണ്ടാകണം.

രോഗിയായ ഒരാൾ തനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്നുപറയുന്നു. നാം പ്രാർത്ഥിക്കുന്നു. പക്ഷേ, ആ പ്രാർത്ഥന ദൈവസന്നിധിയിൽ ചെല്ലണമെങ്കിൽ ആ ആളുടെ വേദന നമ്മുടെ സ്വന്തം വേദനയായി നാം കാണണം. എന്നാൽ മാത്രമേ ദൈവത്തിന് അവിടെ പ്രവർത്തിക്കാൻ പറ്റുകയുള്ളൂ.

നമ്മുടെ കൂട്ടായ്മയിൽ ഉണ്ടായിരുന്ന അവറാച്ചായൻ എന്നു വിളിക്കുന്ന N.T. Abraham, അദ്ദേഹത്തിന്റെ ഹൃദയം നിഷ്ക്കളങ്കമായിരുന്നു, നിർമ്മലമായിരുന്നു. അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയിലും ആർദ്രതയുണ്ടായിരുന്നു. കൈയിൽ പൈസയില്ലെങ്കിൽപോലും ഒരാൾ വിഷമിക്കുന്നതുകണ്ടാൽ പൈസ കടം മേടിച്ച് കൊടുത്തു സഹായിക്കും. അങ്ങനെ ജീവിതത്തിൽ ആവശ്യക്കാരുടെ കാര്യത്തിൽ അവരെ സഹാ

യിക്കണം എന്ന് നിർബ്ബന്ധമുണ്ടായിരുന്നു.

മുവാറ്റുപുഴയിലുള്ള ഡെന്റ്കെയറിന്റെ എം.ഡി., ജോൺ കുര്യാക്കോസിൽ കാണുന്ന പ്രത്യേകതയും അതുതന്നെയാണ്. ജോൺ കുര്യാക്കോസ് ഒരിക്കലും ആരുടേയും കാര്യത്തിൽ അനാവശ്യമായി ഇടപെടുകയില്ല. പക്ഷേ, കഴിവുള്ള ഉപകാരം ആർക്കും ചെയ്തു കൊടുക്കും. അങ്ങനെ ചില നന്മകൾ ഉള്ളതുകൊണ്ടാണ് ദൈവം അഭിവൃദ്ധി കൊടുക്കുന്നത്. ഊരാക്കുടുക്കുകൾ പോലുള്ള പ്രതിസന്ധി വരുമ്പോഴും ദൈവം ആ കുരുക്കഴിച്ചു രക്ഷിക്കുന്നത്.

നമ്മുടെ ഹൃദയം എങ്ങനെയാണിരിക്കുന്നത്? നമ്മുടെ ഹൃദയത്തിൽ ഒരു നിഷ്ക്കളങ്കതയുണ്ടോ? നടപ്പിൽ നിഷ്ക്കളങ്കരായവർ ഭാഗ്യവാന്മാർ. യാതൊരു കറയുമില്ലാത്ത ചിന്താഗതിയാണോ എനിക്കുള്ളത്? സ്വാർത്ഥതയില്ലാത്ത ചിന്താഗതിയാണോ എനിക്കുള്ളത്? എന്റെ ലാഭം, എന്റെ ഗുണം എന്നുള്ളത് നോക്കാതെ അപരന്റെ ഗുണം, അപരന്റെ നന്മ എന്നുള്ളതു നോക്കുന്ന ഒരു സ്വഭാവം നമുക്കുണ്ടോ? ഉണ്ടെങ്കിൽ മാത്രമേ ദൈവം പ്രസാദിക്കുകയുള്ളൂ.

നമുക്ക് വേദപുസ്തകം പഠിക്കാം, പഠിച്ച് പ്രസംഗിക്കാം. നമുക്ക് അനേകം നല്ല കാര്യങ്ങൾ ലോകപ്രകാരം ചെയ്യാൻ സാധിക്കും. പക്ഷേ, ഹൃദയത്തിന്റെ നൈർമ്മല്യം, അത് ഏറ്റവും പ്രധാനമാണ്. അവിടെ ഹൃദയത്തിന്റെ ഉള്ളിൽ സത്യസന്ധതയുണ്ടാകണം. വിശ്വസ്തതയുണ്ടാകണം. സ്നേഹമുണ്ടാകണം. ആർദ്രതയുണ്ടാകണം. മനസ്സലിവുണ്ടാകണം. വേദനിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്നു വേദനിക്കാൻ മനസ്സുണ്ടാകണം.

പലപ്പോഴും നമുക്ക് risk എടുക്കാൻ തോന്നുന്നില്ല. അതിനുവേണ്ടി ബദ്ധപ്പെടാൻ തോന്നുന്നില്ല. വേറൊരാളെ സഹായിക്കാൻ വേണ്ടി തന്നെത്തന്നെ മറന്നു പ്രവർത്തിക്കാൻ നമുക്ക്

സാധിക്കുന്നില്ല. കാരണം, സ്നേഹമില്ല. ദൈവം ആവശ്യപ്പെടുന്നത്, ദൈവം demand ചെയ്യുന്നത്, ക്രിസ്തുവിന്റെ സ്വഭാവം, ക്രിസ്തുവിന്റെ ദയാമസൃണമായ പെരുമാറ്റം, ക്രിസ്തുവിന്റെ വാത്സല്യമസൃണമായ സംഭാഷണം, അതെല്ലാം നാം അനുകരിക്കേണ്ടതാണ്; അതുപോലെ നാം ആകേണ്ടതാണ്.

ഇതൊക്കെ വച്ചുകൊണ്ട് നിങ്ങൾ ചിന്തിച്ചു നോക്കൂ. ഞാൻ ഇതുവരെ ദൈവത്തെ പ്രസാദിപ്പിച്ചുവോ? ഹോസ്പിറ്റലിൽ അവശനായി കിടന്നപ്പോഴെല്ലാം ഞാൻ ചിന്തിച്ച ഒരു വിഷയം അതായിരുന്നു. എന്റെ ജീവിതത്തിൽ ദൈവം പ്രസാദിക്കുന്നുണ്ടോ? ദൈവപ്രസാദത്തിനു പറ്റാത്ത രീതിയിൽ ഉള്ള എന്തെങ്കിലും എന്റെ ജീവിതത്തിൽ വന്നിട്ടുണ്ടോ?

പലതും പലതും ഞാൻ കണ്ടുപിടിച്ചു. പലതും മനസ്സിലായി. ഞാനതു വേദനയോടെ ഏററുപറഞ്ഞു. പുതിയ സമർപ്പണങ്ങൾ എടുത്തു.

എന്റെ ജീവിതത്തിൽ ഞാൻ അറിയാതെ തന്നെ വന്നുകൂടിയ ചില പാപങ്ങൾ, ചില കളങ്കങ്ങൾ, അത് പ്രവൃത്തിയിലുമല്ല വാക്കിലുമല്ല. പക്ഷേ, എന്റെ മനോഭാവത്തിലുള്ള, എന്റെ ആശയഗതിയിലുള്ള, എന്റെ ചിന്താഗതിയിലുള്ള, എന്റെ ലക്ഷ്യത്തിലുള്ള ചില പോരായ്മകൾ എനിക്കു കർത്താവു മനസ്സിലാക്കിത്തന്നു. ഞാൻ രോഗക്കിടക്കയിൽ കിടന്നുകൊണ്ടു തന്നെ കർത്താവിനോടു പറഞ്ഞു: കർത്താവേ, തിരുരക്തത്താൽ എന്നെ കഴുകണമേ, തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ, തിരുരക്തത്താൽ എന്റെ സകല പാപക്കറകളും കഴുകിക്കളയണമേ, കർത്താവേ, നിന്റെ സ്വഭാവം ഇതുവരെയും ഞാൻ പ്രാപിച്ചിട്ടില്ല എന്ന്.

ഞാൻ നിനക്കുവേണ്ടി പ്രസംഗിച്ചു. പക്ഷേ, നിന്റെ സ്വഭാവം പ്രാപിച്ചിട്ടില്ല. കർത്താവേ, ഞാൻ നിനക്കുവേണ്ടി അദ്ധ്വാനിച്ചു. പക്ഷേ, നിന്റെ സ്വഭാവം പ്രാപിച്ചിട്ടില്ലായിരുന്നു.

അതിലെല്ലാം ഒരു ego, ഒരു സ്വയം ഉണ്ടായിരുന്നു. എന്റെ, എനിക്ക്, എന്നോട്, എന്റേത് അങ്ങനെ എനിക്കൊരു സ്വന്തം അഭിമാനം ഉണ്ടായിരുന്നു. അതെല്ലാം കറപുരണ്ട തുണി പോലെ മാത്രമേ ദൈവം കാണുന്നുള്ളൂ. എന്റെ നീതിപ്രവൃത്തികൾ പോലും കറപുരണ്ട തുണിയാണ്.

കറ പുരണ്ട തുണിപോലെയല്ല കാണേണ്ടത്; സ്വച്ഛമായ ശുദ്ധമായ തുണിപോലെ നമ്മുടെ ജീവിതം വളരെ വ്യക്തമായും തെളിമയുള്ളതായിരിക്കണം. സുതാര്യം (Transparent) ആയിരിക്കണം. ഇപ്പുറത്ത് നിന്നു നോക്കിയാൽ അപ്പുറം കാണത്തക്കവണ്ണം ഒരു കറയും പൊട്ടും പൊടിയുമില്ലാതെ നിഷ്ക്കളങ്കമായിരിക്കണം.

ഇവിടെ ദാവീദിനു കിട്ടിയ ഗുണം, ചെറുപ്പം മുതലേ ഒരു എളിമ ഉണ്ടായിരുന്നു ദാവീദിന്. ദൈവത്തെ അറിയാതിരുന്ന കാലത്തും ദൈവം തിരഞ്ഞെടുക്കുന്നതിനു മുമ്പും ശമൂവേൽ പ്രവാചകനിൽ നിന്ന് അഭിഷേകം പ്രാപിക്കുന്നതിനുമുമ്പും ദാവീദിന് ഒരു നിഷ്ക്കളങ്കഹൃദയം ഉണ്ടായിരുന്നു. നിഷ്ക്കളങ്ക ഹൃദയം! നിങ്ങൾ ഇപ്പോൾ ചിന്തിച്ചു നോക്കുക.

നിങ്ങൾ വിട്ടതും വെറുത്തതും പിന്നീട് എടുത്തുവോ? കോപാക്രാന്തമായി പെരുമാറിയിരുന്ന ആൾ ഇപ്പോൾ സൗമ്യനായി. എന്നാൽ ഇടക്ക് പിന്നെയും പൊട്ടിത്തെറിക്കുന്നുണ്ടോ? ഒരിക്കൽ വളരെ ആവേശത്തോടെ, അധികാരത്തോടെ സംസാരിച്ചിരുന്ന ആളുകൾ. അവർ സൗമ്യരായിത്തീർന്നു. എന്നാൽ ഇപ്പോൾ ഇടയ്ക്ക് ആ അധികാരത്തിന്റെ, സ്വന്തം പദവിയുടെ മേന്മകൊണ്ട് ആരെയെങ്കിലും മുറിപ്പെടുത്തുന്നുണ്ടോ?

ഇങ്ങനെ ചിന്തിക്കുമ്പോഴാണ് നമുക്കു വ്യക്തമായ, കൃത്യമായ അനുഭവം തരുന്നത്. വ്യക്തമായി മനസ്സിലാക്കിത്തരും. കാരണം, ദൈവം വെളിച്ചങ്ങളുടെ ദൈവമാണ്. ഇന്ന കാര്യത്തിൽ മോനേ, നീ എന്നെ വേദനിപ്പിക്കുന്നുണ്ട്. ഞാൻ

ആ വേദന സഹിച്ചുകൊണ്ടാണ് നിന്റെ ഹൃദയത്തിൽ വസിക്കുന്നത്. പക്ഷേ, ഞാൻ ശ്വാസം മുട്ടിയാണ് അവിടെ ഇരിക്കുന്നത്.

ആത്മാവിനെ കെടുക്കരുത്. ആത്മാവിനെ ദു:ഖിപ്പിക്കരുത്. നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ദു:ഖിക്കാൻ ഇടവരരുത്. എന്തു സംഭവിച്ചാലും ശരി, എന്റെ ജീവിതത്തിൽ കർത്താവ് ദു:ഖിക്കുന്ന യാതൊന്നും ഞാൻ വച്ചുകൊണ്ടിരിക്കയില്ല.

ദൈവം ദു:ഖിക്കുന്നുണ്ടായിരിക്കയില്ല; അല്ല, ദൈവം ദു:ഖിക്കുന്നില്ല. ഇങ്ങനെ നിങ്ങൾക്ക് സംശയം വരുന്നുണ്ടോ? എങ്കിൽ അത് ദൈവം ദു:ഖിക്കുന്നതുതന്നെയാണ്. നിങ്ങൾക്ക് ഉറപ്പുണ്ടോ എന്റെ കർത്താവ് എല്ലാം ക്ഷമിച്ചു തന്നിരിക്കുന്നു, കർത്താവ് മാറ്റിത്തന്നിരിക്കുന്നു എന്ന്. ഈ ഉറപ്പു നിങ്ങൾക്കു കിട്ടിയാൽ കർത്താവ് ക്ഷമിച്ചു തന്നു എന്ന് ഉറപ്പാണ്.

നിങ്ങൾക്കു തന്നെ സ്വന്തമായ പ്രാഗത്ഭ്യം ഉണ്ടായിരിക്കണം. സ്വന്തമായ ധൈര്യം നമുക്കുണ്ടായിരിക്കണം. “അവൻ എന്നിൽ പ്രസാദിച്ചിരുന്നതുകൊണ്ട് എന്നിലും ബലമേറിയ ശത്രുവിന്റെ കൈയിൽനിന്ന് എന്നെ വിടുവിച്ചു.”

ദാവീദിൽ ദൈവം പ്രസാദിച്ചു. ദാവീദിനെ ദൈവം സഹായിച്ചു. ഏറ്റവും ക്രൂരമായ ആപത്തുവന്നപ്പോഴും മരണത്തിന്റെ വിപത്തുകൾ തേടി ചെന്നപ്പോഴും ദാവീദിനെ ദൈവം രക്ഷിച്ചു. ദാവീദിനെ ദൈവം പ്രതിസന്ധികളിൽ നിന്നു വിടുവിച്ച് അനുഗ്രഹിച്ചു.

കർത്താവേ, ഇത്രയും കാലമുള്ള എന്റെ ജീവിതത്തിൽ നിന്നെ വേണ്ടതുപോലെ പ്രസാദിപ്പിച്ചില്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. കർത്താവേ, എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല. ആകെയുള്ള അഭിമാനം എന്റെ യേശുവിന്റെ കുരിശിൽ മാത്രം.

“എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്.” എനിക്ക് അഭിമാനിക്കാൻ ഒന്നേയുള്ളൂ. കർത്താവായ യേശുവിന്റെ കുരിശ്, കുരിശിലെ ത്യാഗമരണം, ആ കുരിശിലെ വേദന, കുരിശിലെ പിടച്ചിൽ, കുരിശിലെ ദിവ്യസ്നേഹം, നിസ്തുലസ്നേഹം, അതുല്യസ്നേഹം!

എന്റെ കർത്താവേ, ആ സ്നേഹം എന്നെ പിടികൂടിയിരിക്കുന്നു. ഇനി ഞാൻ എന്റെയല്ല, നിന്റേതാണ്. എനിക്ക് എന്തെല്ലാം ഉണ്ടെന്ന് ഞാൻ കരുതുന്നുവോ ഇനി അതൊന്നും എന്റേതല്ല, നിന്റേതാണ്. അങ്ങനെ ഒരു തീരുമാനത്തിലേക്ക് വരാൻ നിങ്ങൾക്ക് സാധിക്കുമോ? എന്നാൽ നിങ്ങൾക്ക് ജയിക്കാം. നല്ല ഭാവിജീവിതം നേടിയെടുക്കാം. നമുക്ക് സമർപ്പിക്കാം.

# നാല്

*"ഉഷസ്സായപ്പോൾ ദൂതന്മാർ ലോത്തിനെ ബദ്ധപ്പെ ടുത്തി: ഈ പട്ടണത്തിന്റെ അകൃത്യത്തിൽ നശി ക്കാതിരിപ്പാൻ എഴുന്നേറ്റു നിന്റെ ഭാര്യയേയും ഇവിടെ കാണുന്ന നിന്റെ രണ്ടു പുത്രിമാരെയും കൂട്ടിക്കൊണ്ടു പൊയ്ക്കൊൾക എന്നു പറഞ്ഞു. അവൻ താമസിച്ചപ്പോൾ, യഹോവ അവനോടു കരുണ ചെയ്കയാൽ, ആ പുരുഷന്മാർ അവ നെയും ഭാര്യയെയും രണ്ടു പുത്രിമാരെയും കൈക്കു പിടിച്ചു പട്ടണത്തിന്റെ പുറത്തുകൊണ്ടു പോയി ആക്കി. അവരെ പുറത്തുകൊണ്ടുവന്ന ശേഷം അവൻ: ജീവരക്ഷയ്ക്കായി ഓടിപ്പോക: പുറകോട്ടു നോക്കരുത്; ഈ പ്രദേശത്തെങ്ങും നിൽക്കയുമരുത്; നിനക്കു നാശം ഭവിക്കാതിരി പ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക എന്നു പറ ഞ്ഞു."*

*ഉല്പത്തി 19 : 15 – 17*

"യഹോവ അവരോട് കരുണ ചെയ്തു. ആ പുരുഷന്മാർ, രണ്ട് ദൈവദൂതന്മാർ അവനേയും ഭാര്യയെയും രണ്ടു പുത്രിമാ രേയും കൈക്കു പിടിച്ചു പട്ടണത്തിന്റെ പുറത്തുകൊണ്ടുപോയി ആക്കി." മനുഷ്യൻ തയ്യാറാകുന്നില്ലെങ്കിലും മനുഷ്യൻ ഒരുങ്ങു ന്നില്ലെങ്കിലും, മനുഷ്യൻ കർത്താവിന്റെ വചനം കേൾക്കാൻ ഒരുക്കം കാണിക്കുന്നില്ലെങ്കിലും ദൈവം കരുണ കാണിച്ച് അവസരങ്ങൾ നീട്ടിക്കൊടുക്കുന്നു. ലോത്തിനേയും ഭാര്യ യേയും രണ്ടു പെൺമക്കളേയും ആ വീട്ടിലുള്ള എല്ലാവരേയും കൈക്കു പിടിച്ച് നശിക്കാൻ പോകുന്ന പട്ടണത്തിനു പുറത്ത്

കൊണ്ടുപോയി ആക്കി.

നാം നമ്മുടെ ചുറ്റുപാടും എന്താണ് നടക്കുന്നത് എന്നറിയുന്നില്ല. മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ എന്ന് കർത്താവ് ഒരിക്കൽ പറയുകയുണ്ടായി. അത്രമാത്രം അവിശ്വാസവും അന്ധതയും ബാധിച്ചിരിക്കുന്ന സമൂഹമാണ് ഇന്ന് നമുക്കു ചുറ്റും ഉള്ളത്.

ഭാഗ്യവശാൽ നമുക്ക് തിരുവചനം കേൾക്കാൻ ഇടയായി. തിരുവചനം കേൾക്കാൻ അവസരങ്ങൾ കർത്താവ് തന്നു. ഭാഗ്യവശാൽ ജീവന്റെ വചനം നാം കേട്ടു. ഇനിയും നാം താമസിക്കരുത്.

ആ പുരുഷന്മാർ രണ്ടുപേരും വന്ന് ലോത്തിനെ അറിയിച്ചത്: ഈ പട്ടണം നശിക്കാൻ പോകുകയാണ്; ആകാശത്തുനിന്ന് തീയും ഗന്ധകവും പെയ്ത് ഈ പട്ടണം നശിച്ചുപോകും. ദൈവദൂതന്മാർ വന്ന് ഈ കാര്യം അറിയിച്ചപ്പോൾ ലോത്തിന് അവിശ്വാസമൊന്നും ഉണ്ടായില്ല. പക്ഷേ, ലോത്ത് അല്പം താമസിച്ചു. ലോത്തിന്റെ ഭാര്യ പുറപ്പെടാൻ തയ്യാറായതുമില്ല. രണ്ടു പെൺമക്കൾ, അവരും തറ്റുനിന്നു. അപ്പോൾ ആ ദൈവദൂതന്മാർ അവരെ നിർബ്ബന്ധമായി കൈക്കുപിടിച്ചു പട്ടണത്തിനു പുറത്തു കൊണ്ടുപോയി ആക്കി.

നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ ദൈവം നമ്മുടെ കൈക്കുപിടിച്ചു നശിക്കാൻ പോകുന്ന പട്ടണത്തിന്റെ പുറത്താക്കുകയാണ്. നിർബ്ബന്ധമായി നമ്മെ രക്ഷിക്കാൻ കർത്താവ് പരിശ്രമിക്കുകയാണ്. ദൈവസ്നേഹം നമ്മെ വീണ്ടെടുക്കാൻ യത്നിക്കുകയാണ്.

എന്താണ് ലോത്ത് താമസിച്ചത്? ലോത്തിന്റെ ഭാര്യ താമസിച്ചത്? എന്തായിരിക്കാം മക്കൾ താമസിച്ചുപോയത്? കാരണമുണ്ട്. ലോത്ത് അബ്രാഹാമിന്റെകൂടെ പുറപ്പെട്ടതാണ്. മെസപ്പൊത്താമ്യയിൽ നിന്നു പുറപ്പെടുമ്പോൾ ലോത്തിനോട് പുറപ്പെടാൻ ദൈവം പറഞ്ഞിരുന്നില്ല.

ഒരു ദൈവവിളി കിട്ടുക വലിയ ഭാഗ്യമാണ്. ലോത്തിനു വാസ്തവത്തിൽ ദൈവവിളി ഉണ്ടായിരുന്നില്ല. പക്ഷേ, ലോത്ത് അബ്രാഹാം പിതാവ് പുറപ്പെട്ടപ്പോൾ ആ കൂടെ പുറപ്പെടാൻ തയ്യാറായി. ലോത്തിനെയും അബ്രാഹാമിനെയും നാം ഒരുമിച്ചു വച്ച് ആത്മീയമായി ചിന്തിച്ചാൽ കുറെ ഏറെ കാര്യങ്ങൾ കാണാൻ സാധിക്കും.

അബ്രാഹാം കൂടാരങ്ങളിലാണു പാർത്തത്. അബ്രാഹാം സ്ഥിരമായി ഒരു പട്ടണത്തിൽ താമസിച്ചില്ല. കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരിക്കുകയാണ്. ഏതോ ഒരു വലിയ മഹാഭാഗ്യം വരാൻ പോകുന്നു. അതിനു വേണ്ടി അബ്രാഹാം കാത്തിരിക്കയാണ്. അബ്രാഹാമിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സവിശേഷത, വചനത്തെ അത്യധികം മാനിച്ചു. വചനത്തെ അനുസരിച്ചു.

ഒരു ഭക്തനായ വിശ്വാസി. അദ്ദേഹം ഒരു സുവിശേഷകനാണ്. അദ്ദേഹം ഒരിക്കൽ ഉറങ്ങാൻ നേരത്ത് ഭാര്യയോടു പറഞ്ഞു: എനിക്കുറക്കം വരുന്നില്ല. എന്താണ് കാരണം എന്നു ചിന്തിച്ചപ്പോൾ കർത്താവിന്റെ ആത്മാവ് എന്നോടു പറയുന്നതുപോലെ തോന്നി, അടുത്തവീട്ടിൽ വേഗം പോയി അവർക്ക് എന്തെങ്കിലും കൊടുക്കുക, സഹായം ചെയ്യുക എന്ന്. രാത്രിയാണ്. എനിക്കു പോകുന്നതിന് പ്രയാസമുണ്ട്. പോകണോ വേണ്ടായോ എന്നിങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കയാണ്. നിന്റെ അഭിപ്രായം എന്താണ്?

ദൈവം കല്പിച്ചതാണെങ്കിൽ പോകണ്ടേ? പക്ഷേ, അദ്ദേഹം അന്നുപോയില്ല. പിറ്റേദിവസം രാത്രി തീരെ ഉറക്കമില്ലാതെ അവശനായി കിടക്കുകയാണ്. ദൈവം തന്നോടു പിന്നേയും പറയുന്നു: നീ പോയി സഹായം ചെയ്യുക എന്ന്. സഹായം ചെയ്യണമെന്നറിയാം, കൊടുക്കണം എന്നറിയാം. ദൈവത്തിന്റെ കല്പന ആണെന്നു മനസ്സിലായി. പക്ഷേ പോയില്ല.

മൂന്നാമത്തെ ദിവസം തീരെ ഉറക്കം കിട്ടാതായപ്പോൾ അദ്ദേഹം എഴുന്നേറ്റു. രാത്രിയാണെങ്കിലും ഞാൻ പോവുകയാണ്. മൂന്നു ഡോളർ അദ്ദേഹം കൈയിലെടുത്തു. അതുമായിട്ട് ആ വീടിന്റെ അടുത്തെത്തി. വീടിന്റെ വരാന്തയിൽ കയറി. അവിടെ പത്രം വയ്ക്കുന്ന ഒരു പൊത്തുണ്ട്. അതിൽക്കൂടി കൈ കടത്തി മൂന്നു ഡോളർ അതിലേക്കിട്ടു. അത് ആരും കണ്ടില്ല, ആരും അറിഞ്ഞില്ല. അദ്ദേഹം തിരികെ പോരുകയും ചെയ്തു.

കുറച്ചുനേരം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വീടിന്റെ വാതിൽക്കൽ ആരോ മുട്ടുന്നതുകേട്ട് വാതിൽ തുറന്നു. വന്നയാൾ ഈ പറഞ്ഞ വീടിന്റെ ഉടമസ്ഥനാണ്. അദ്ദേഹം പറയുകയാണ്: ഞാൻ ഒരു വലിയ കൊലപാതകത്തിൽനിന്ന് രക്ഷപ്പെട്ടു. ഇന്നുരാത്രി പന്ത്രണ്ടുമണിക്കു മുമ്പ് എന്നെ ആരും സഹായിച്ചില്ലെങ്കിൽ, മൂന്നു ദിവസമായി പട്ടിണി കിടക്കുന്ന എന്റെ കുഞ്ഞുങ്ങൾക്ക് ആഹാരം കിട്ടിയില്ലെങ്കിൽ പാതിരാത്രി ആകുമ്പോൾ എന്റെ മക്കളേയും ഭാര്യയേയും കൊന്ന് ഞാൻ ആത്മഹത്യ ചെയ്യാൻ ഇരിക്കയായിരുന്നു.

ഞാനാണ് ഇത് കൊണ്ടുതന്നതെന്ന് താങ്കൾ എങ്ങനെ അറിഞ്ഞു? ഞാൻ അസ്വസ്ഥനായി കിടക്കയായിരുന്നു. അപ്പോഴാണ് എന്തോ ശബ്ദം കേട്ടത്. ചാടി എഴുന്നേറ്റു പൊത്തിൽക്കൂടി ഞാൻ നോക്കിയപ്പോൾ നിങ്ങളാണ് വന്നതെന്നു മനസ്സിലായി. നിങ്ങളുടെ പുറം ഞാൻ കണ്ടു. ഞാൻ ഒരു കൊലപാതകിയായി ജയിലിൽ പോയേനെ. അതോടെ എന്റെ ജീവിതം തീർന്നുപോയേനെ. എന്റെ കുടുംബം നശിച്ചു പോയേനെ.

പ്രിയപ്പെട്ടവരേ, ആ സുവിശേഷകൻ പിന്നീട് പറയുകയായിരുന്നു, ദൈവം തരുന്ന കല്പനകൾ അപ്പോഴപ്പോൾ അനുസരിച്ചുകൊള്ളണം, താമസിക്കരുത് എന്ന്. ദൈവം ചില സൂചനകൾ നമുക്ക് തരും. ചില ഉൾവിളികൾ നമുക്കു ലഭിക്കും. അതു കിട്ടുമ്പോൾ ഒട്ടും താമസിക്കാതെ നാം അനുസരിച്ചുകൊള്ളുക. എന്തിനെന്നോ എന്തെന്നോ ചോദ്യം ചെയ്യാതെ

നാം അത് അപ്പാടെ അനുസരിച്ചുകൊള്ളുക.

ദൈവത്തെ അനുസരിച്ച് അബ്രാഹാം പുറപ്പെട്ടു. എന്നാൽ അബ്രാഹാം പുറപ്പെട്ടപ്പോൾ എന്തോ നല്ല കാര്യമാണെന്ന് ലോത്തിനുതോന്നി. ലോത്തും കൂടെ പുറപ്പെട്ടു. അബ്രാഹാമിന്റെയും ലോത്തിന്റെയും ജീവിതം കാണുമ്പോൾ നമുക്കു ചിലതെല്ലാം പഠിക്കാൻ പറ്റും.

> *"അപ്പോൾ ലോത്ത് നോക്കി യോർദ്ദാന്നരികെയുള്ള പ്രദേശം ഒക്കെയും നീരോട്ടമുള്ളതെന്നു കണ്ടു; യഹോവ സോദോമിനെയും ഗോമോറയെയും നശിപ്പിച്ചതിനു മുമ്പേ അത് യഹോവയുടെ തോട്ടം പോലെയും സോവാർവരെ മിസ്രയീംദേശം പോലെയും ആയിരുന്നു. ലോത്ത് യോർദ്ദാന്നരികെയുള്ള പ്രദേശം ഒക്കെയും തിരഞ്ഞെടുത്തു."*
>
> *ഉല്പത്തി 13 : 10, 11*

ലോത്ത് നീരോട്ടമുള്ള സ്ഥലങ്ങൾ നോക്കി. ഭൗതികമായ മേന്മയുള്ളതും നന്മകളുള്ളതുമായ സ്ഥലങ്ങൾ നോക്കി. നാം ആത്മീയരാണ്. നാം വചനം കേൾക്കാൻ താത്പര്യമുള്ളരാണ്. പലപ്പോഴും സമർപ്പണം എടുത്തിട്ടുള്ളവരാണ്. എന്നാൽ നമ്മുടെ ഹൃദയത്തിന്റെ ഏതോ ചില കോണുകളിൽ ചില ലൗകികമായ ചായ്‌വുകളും ആഗ്രഹങ്ങളും വരുന്നില്ലേ? ലോകത്തിന്റെ ചില കാര്യങ്ങൾക്കുവേണ്ടി നിത്യസന്തോഷം മാറ്റിവയ്ക്കാൻ നാം തയ്യാറാകാറില്ലേ? ഈ ലോകം വിട്ടുപിരിയാൻ ഇന്നും നമ്മുടെ മനസ്സിന് സമ്മതമല്ല. ഞാനും ഒരു ദിവസം മരണം വഴിയായി കടന്നുപോകും എന്നു നാം ചിന്തിക്കാറില്ല.

ചില ബുദ്ധിപരമായ ചിന്തകൾ വരും. പക്ഷേ, നാം ഹൃദയത്തിൽ എല്ലാം മറന്ന്, എല്ലാം വിട്ട് ക്രിസ്തുവിനെ അനുഗമിക്കാൻ തയ്യാറാണോ? എങ്ങനെ അറിയാം? നമ്മെ ഭാരപ്പെടുത്തുന്ന വിഷയങ്ങൾ എന്തെല്ലാമാണ്? നമ്മുടെ ഹൃദയത്തെ

അലട്ടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? ശരീരത്തിന്റെ രോഗമോ പൈസയുടെ ഞെരുക്കമോ അല്ലെങ്കിൽ മറ്റുള്ളവരുമായിട്ടുള്ള ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ വ്യത്യാസമോ ഇതെന്തെങ്കിലുമാണോ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നത്?

ഈ ലോകത്തിലുള്ള ഏതെങ്കിലും കാര്യത്തിൽ നമുക്ക് ഭാരം വരുന്നെങ്കിൽ നാം ലോകം വിട്ടിട്ടില്ല. അബ്രാഹാമിന് ഇക്കാര്യം വളരെ കൃത്യമാണ്. ലോകം വിട്ടു. അബ്രാഹാം കൂടാരങ്ങളിലാണ് പാർത്തത്. ലോത്ത്, ഭവനം നിർമ്മിച്ച് അതിൽ പാർത്തു.

നീരോട്ടമുള്ള സ്ഥലങ്ങൾ നോക്കി ലോത്ത് തിരഞ്ഞെടുത്തു. അബ്രാഹാം പറഞ്ഞു: മോനേ, നമ്മൾ തമ്മിൽ വഴക്കുണ്ടാകാൻ പാടില്ല. അതുകൊണ്ട് നീ ഒരു കാര്യം ചെയ്യ്. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പോയ്ക്കൊള്ളാം. അല്ല, നീ വലത്തോട്ടാണ് പോകുന്നതെങ്കിൽ ഞാൻ ഇടത്തോട്ടു പോയ്ക്കൊള്ളാം. എന്തുവന്നാലും ശരി ദൈവികമായ മനോഭാവത്തിൽ തന്നെ നിൽക്കണമെന്നുള്ള നിർബ്ബന്ധം അബ്രാഹാമിനുണ്ടായിരുന്നു.

നിങ്ങളുടെ ജീവിതത്തിൽ ദൈവം പ്രസാദിക്കുന്ന ഭാവം ഉൾക്കൊണ്ടുകൊണ്ട് നിൽക്കും എന്ന തീരുമാനമുണ്ടോ? ദൈവം എന്നിൽ പ്രസാദിക്കണം. ദൈവം എന്നിൽ സന്തോഷിക്കണം. നിത്യനായ ദൈവം രഹസ്യങ്ങൾ കാണുന്നവനാണ്. സ്വാഭാവികമായി വിഘ്നം കൂടാതെ തിരുസന്നിധിയിൽ എല്ലാം രേഖപ്പെടുത്തുന്നു.

ഒരു ദിവസം പുസ്തകം തുറന്നു വായിച്ചു കേൾപ്പിക്കും. ന്യായവിധി ദിവസം! അന്ന് ഞാൻ അവിടെ ചെന്ന് നിൽക്കുമ്പോൾ എന്റെ കാലുകൾ ഉറച്ചു നിൽക്കുമോ? എന്റെ കൈകൾ ബലപ്പെട്ടിരിക്കുമോ? ഞാൻ പ്രാഗത്ഭ്യത്തോടെ ചെന്നു നിൽക്കുമോ? ഇല്ലെങ്കിൽ ജീവിതം നഷ്ടമാണ്. ഞാൻ എന്തെല്ലാം നേടി എന്ന് പറഞ്ഞാലും എന്തെല്ലാം നല്ല കാര്യ

ങ്ങൾ ചെയ്തു എന്നു പറഞ്ഞാലും രഹസ്യങ്ങൾ കാണുന്ന ദൈവം, എന്റെ ഉള്ളം കാണുന്ന ദൈവം എന്നിൽ പ്രസാദിക്കുമോ? ദൈവം പ്രസാദിക്കത്തക്കവണ്ണമാണോ ഞാൻ ഇത്രയും കാലം ജീവിച്ചത്? അഥവാ ഞാൻ എന്തെങ്കിലും തീരുമാനം എടുത്തശേഷം എന്റെ ജീവിതത്തിൽ സാരമായ മാറ്റം വന്നുവോ? നാം ചിന്തിച്ചുനോക്കുക.

ലോകം മായയാണ്. ഇവിടെ കാണുന്നതെല്ലാം മായയാണ്. ഒരു നിമിഷനേരംകൊണ്ട് എല്ലാം നമ്മെ വിട്ടുപോകും. നാം ലോകത്തിന്റെ സ്നേഹിതനാകാൻ പാടില്ല. ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവൻ ദൈവത്തിന്റെ ശത്രുവായിത്തീരും എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. അതുകൊണ്ട് ലോകത്തിലേക്ക് നമ്മുടെ ആകർഷണം പോകാൻ പാടില്ല.

അതുകൊണ്ട് ഭക്ഷണം കഴിക്കണ്ട എന്നല്ല, ജോലി ചെയ്യണ്ട എന്നല്ല; നിങ്ങൾ വ്യക്തമായി മനസ്സിലാക്കൂ. ലോകം നമ്മുടെ ഉള്ളത്തിൽ മരിച്ചിരിക്കണം. ഈ ലോകത്തിലെ യാതൊരു നീതിയും, ഒരു നന്മയും നമ്മെ ഭരിക്കാൻ ഇടവരരുത്. ലോകത്തിലെ കാര്യങ്ങൾ ഒന്നും നമ്മെ നിയന്ത്രിക്കാൻ ഇടവരരുത്. നമ്മുടെ ലക്ഷ്യം കർത്താവായ യേശുക്രിസ്തുമാത്രം. ക്രിസ്തുവിനെ നോക്കിയുള്ള യാത്ര!

ഹോസ്പിറ്റലിൽ രോഗക്കിടക്കയിലായിരുന്നപ്പോൾ ഞാൻ ചിന്തിച്ച കാര്യം അതാണ്. ഈ ലോകത്തിൽ എല്ലാ സൗകര്യങ്ങളും ദൈവം തന്നു. സ്വന്തമായി സഹോദരങ്ങൾ ഇല്ലാത്ത എനിക്ക് അനേകം ദൈവമക്കളെ സഹോദരങ്ങളായി തന്നു. ലോകത്തിൽ എല്ലാം കർത്താവ് ദാനമായി തന്നു.

പക്ഷേ, എന്റെ ഹൃദയം ലോകത്തോട് പറ്റിപ്പിടിച്ചിരിക്കയാണോ? ഞാൻ വീണ്ടും വീണ്ടും പരിശോധിച്ചു. ലോകത്തോട് എന്നെ ബന്ധിക്കുന്ന, എന്നെ ചേർത്തണയ്ക്കുന്ന എന്തെങ്കിലും കാര്യങ്ങൾ എന്റെ ആത്മീയജീവിതത്തിൽ തട

സ്സമായി നിൽക്കുന്നുണ്ടോ?

ഞാൻ ചിലതെല്ലാം കണ്ടു, ചിലതെല്ലാം മനസ്സിലാക്കി. ഞാൻ കർത്താവിനോട് പറഞ്ഞു: ഞാൻ രോഗക്കിടക്കയിൽനിന്ന് എഴുന്നേല്ക്കുമോ ഇല്ലയോ എന്ന് എനിക്കറിയില്ല. പക്ഷേ, കർത്താവേ, എനിക്കൊരാഗ്രഹമുണ്ട്. നാഥാ, ഞാൻ ദൈവസന്നിധിയിലേക്കു വരുമ്പോൾ വെറും കൈയായിട്ട് വരാൻ ഇടയാകരുത്. ഞാൻ, “ദുഷ്ടനും മടിയനും ആയ ദാസനേ” എന്ന വിളി കേൾക്കാൻ ഇടവരരുത്. “നല്ലവനും വിശ്വസ്തനുമായ ദാസനേ” എന്ന വിളി കേൾക്കാൻ എനിക്കു സാധിക്കണം. അതുകൊണ്ട് ഈ ലോകത്തിലുള്ളതെല്ലാം ചപ്പെന്നും ചവറെന്നും എണ്ണുവാൻ ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുകയാണ്.

പ്രിയപ്പെട്ടവരേ, എല്ലാം താത്ക്കാലികമാണെന്നു മനസ്സിലാക്കൂ. ഈ ലോകത്തിൽ ആശ്രയിച്ചിട്ടു കാര്യമില്ല. ഈ ലോകം മിഥ്യയാണ്. ഈ ലോകം താല്ക്കാലികമാണ്. സത്യമായിട്ടുള്ളത് ജീവനുള്ള ക്രിസ്തു, ക്രിസ്തുവിന്റെ രാജ്യം, നിത്യജീവൻ ഇവയാണ്. മറ്റുള്ളതെല്ലാം മിഥ്യയാണ്. എല്ലാം മാറിപ്പോകും, എല്ലാം വിട്ടുപോകും. പക്ഷേ, വിട്ടുപോകാത്തത് യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ രാജ്യവും.

ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ തീരുമാനം പുതുക്കാം. എനിക്ക് യേശുക്രിസ്തുവും യേശുക്രിസ്തുവിന്റെ രാജ്യവും മതി എന്ന് നിങ്ങൾക്ക് ഉറയ്ക്കാം. നിങ്ങളുടെ ഭാരങ്ങളെല്ലാം മാറ്റിവച്ചിട്ട്, കർത്താവേ, നിനക്കുവേണ്ടി മാത്രമായി എന്റെ ജീവിതം ഞാനിതാ പ്രതിഷ്ഠിക്കുന്നു, ഇനി ഈ ലോകത്തിലെ ഒരു കാര്യവും എന്നെ അലട്ടാൻ ഇടവരികയില്ല; ഈ താൽക്കാലിക വാസത്തിൽനിന്ന് നിത്യതയിലേക്കു വരുവാൻ ഒരുക്കമായി ഞാനിതാ തിരുമുമ്പാകെ വന്നിരിക്കുന്നു എന്ന് സമർപ്പിക്കാം.

അങ്ങനെ നിത്യതയെക്കുറിച്ചുള്ള ഉന്നതമായ ഒരു കാഴ്ച

പ്പാട് നിങ്ങൾക്കു ലഭിച്ചാൽ തീർച്ചയായും നിങ്ങൾ അത്യന്തം മനോഹരമായി സ്വർഗ്ഗരാജ്യത്തിലേക്ക് ചെല്ലുവാൻ യോഗ്യരായിത്തീരും. എല്ലാം മാറി മറയുമ്പോൾ മാറാത്ത സ്നേഹം, മാറാത്ത ക്രിസ്തു, മാറാത്ത ദൈവം, ജീവനുള്ള ദൈവം; ആ ദൈവത്തിനായി നമ്മെത്തന്നെ വേർതിരിക്കുക.

ലോത്ത്, നീരോട്ടമുള്ള സ്ഥലങ്ങൾ, ഫലപുഷ്ടിയുള്ള സ്ഥലങ്ങളെല്ലാം തിരഞ്ഞെടുത്തു. അബ്രാഹാമിനു കിട്ടിയത് ഉണങ്ങി വരണ്ട ഭൂമികളാണ്. മരുഭൂമിക്കു തുല്യമായ സ്ഥലങ്ങൾ! പക്ഷേ, അബ്രാഹാമിന് അസംതൃപ്തിയില്ല. കാരണം, അബ്രാഹാമിന്റെ ഉള്ളിൽ ലോകം മരിച്ചു കഴിഞ്ഞിരിക്കുന്നു.

രണ്ടാമതായി ലോത്ത്, സോദോമിലേക്ക് നോക്കിക്കൊണ്ട് നടന്നു. നീരോട്ടമുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ചപ്പോൾ ലോത്ത് സോദോമിന്റെ നേരെയാണ് മുഖം തിരിച്ചത്. സോദോം നശിക്കാനുള്ളതാണെന്നു ലോത്തിനറിഞ്ഞുകൂടാ. പക്ഷേ പരിഷ്ക്കാരമുള്ള ആളുകളുള്ള, പേരും പെരുമയുമുള്ള പ്രദേശമാണെന്നറിയാം.

> *"ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും തിരഞ്ഞെടുത്തു; ഇങ്ങനെ ലോത്ത് കിഴക്കോട്ടു യാത്രയായി; അവർ തമ്മിൽ പിരിഞ്ഞു."*
>
> *ഉല്പത്തി 13 : 11*

എന്നാൽ അബ്രാഹാം കൂടാരങ്ങളിൽ പാർത്തു. അബ്രാഹാം കനാൻദേശത്തു പാർത്തു. ലോത്ത്, സോദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു. അബ്രാഹാം ദൈവത്തെയാണ് നോക്കിയത്. ദൈവത്തിന്റെ സ്നേഹിതൻ എന്ന പേരും പ്രാപിച്ചു.

ലോത്ത് ലോകത്തിന്റെ സ്നേഹിതനായിപ്പോയി. ഒരുമിച്ചു പുറപ്പെട്ടവരാണ്, ഒരുമിച്ച് കുറെക്കാലം കഴിഞ്ഞവരാണ്, ഒരുമിച്ചു പ്രാർത്ഥിച്ചവരാണ്. എന്നാൽ ലോത്തിന്റെ ഉള്ളിൽ ലോകത്തോടുള്ള സ്നേഹം നിൽക്കുകയായിരുന്നു.

ലോത്ത് തിരഞ്ഞെടുത്തത് നല്ല പുല്ലുള്ള പ്രദേശങ്ങളാണ്. ആടുമാടുകൾക്ക് ആഹാരം കിട്ടുന്ന നല്ല ഫലഭൂയിഷ്ഠമായ പ്രദേശങ്ങൾ! Loth selected grass and Abraham selected grace. അബ്രാഹാം ദൈവത്തിന്റെ കൃപ തിരഞ്ഞെടുത്തു. ലോത്ത് പുൽമൈതാനങ്ങൾ തിരഞ്ഞെടുത്തു.

നാം എന്താണ് നമ്മുടെ ജീവിതത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്? നിങ്ങൾക്ക് ദൈവവിളി കിട്ടിയതല്ലേ? മോനേ, നീ എന്തു തിരഞ്ഞെടുക്കുന്നു? ലോകത്തിന്റെ ധനമാണോ തിരഞ്ഞെടുക്കുന്നത്? ലോകമനുഷ്യരുടെ പ്രീതിയാണോ തിരഞ്ഞെടുക്കുന്നത്? ലോകത്തിന്റെ മഹത്വമാണോ തിരഞ്ഞെടുക്കുന്നത്? ലോകമനുഷ്യരുടെ പ്രീതിയാണോ തിരഞ്ഞെടുക്കുന്നത്?

ഇതൊന്നുമല്ല കർത്താവേ, എനിക്ക് എന്റെ യേശുവിന്റെ പ്രസാദം വേണം. യേശു പ്രസാദിക്കുന്ന ജീവിതം വേണം. കർത്താവേ, ഇതുവരെ ഞാൻ ലോകത്തിന്റെ സ്നേഹിതനായി ജീവിച്ചു. എന്റെ ജീവിതത്തിന്റെ ഏറ്റവും മുൻപന്തിയിൽ നിന്നത് ലോകമാണ് എന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. ഞാൻ അതെല്ലാം താഴെ വയ്ക്കുന്നു. കർത്താവേ, എന്റെ ശരീരത്തിന്റെ ആഗ്രഹങ്ങൾ, എന്റെ വിശപ്പ്, എന്റെ വരുമാനത്തിന്റെ കാര്യങ്ങൾ, എന്റെ കുടുംബത്തിന്റെ കാര്യങ്ങൾ എല്ലാം ഞാൻ താഴെ വയ്ക്കുന്നു.

എല്ലാം താഴെവച്ച് എന്റെ യേശുവിനെ പ്രസാദിപ്പിക്കാൻ ഇതാ, ഞാൻ മുന്നോട്ടുവരുന്നു. അങ്ങനെ നിങ്ങൾ ഒരു തീരുമാനമെടുക്കുമെങ്കിൽ നിങ്ങളുടെ തലമുറ നശിച്ചുപോകയില്ല. നിങ്ങളുടെ മക്കൾ സമാധാനം അനുഭവിക്കുന്നവരായിത്തീരും. ഇന്ന് മക്കളെ ഓർത്ത് നെടുവീർപ്പിടുന്ന മാതാപിതാക്കൾ എത്രയോ പേരുണ്ട്! എന്നാൽ പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ സാധിക്കും. നിങ്ങളുടെ കുഞ്ഞുങ്ങൾ സുവിശേഷകരായി മാറും. ഇന്ന് സുവിശേഷകന് വിലയൊന്നുമില്ല. എന്നാൽ അതൊരു ബഹുമതിയായി

കാണുവാൻ നിങ്ങൾക്ക് സാധിക്കുമോ?

സുവിശേഷമാണ് എന്നെ വളർത്തിയത്. എന്നെ ഞാനാക്കി മാറ്റിയത്. സുവിശേഷമാണ് എനിക്കു സമാധാനം തന്നത്. സുവിശേഷത്തിനായി എരിഞ്ഞടങ്ങുവാൻ നിങ്ങൾക്കു സാധിക്കുമോ? ക്രിസ്തുവിനുവേണ്ടി ജീവിതം വേർതിരിച്ചു വയ്ക്കാൻ സാധിക്കുമോ?

ഇപ്പോൾ നിങ്ങൾ ഒരു കാര്യം മാത്രം ചിന്തിക്കുക. എന്റെ കർത്താവേ, ഇത്രയുംകാലം ഞാൻ ഈ ഭൂമിയിൽ ജീവിച്ചു. ഞാൻ ലോകത്തെ വെറുത്തു ജീവിച്ചില്ല. ലോക മനുഷ്യരുടെ പ്രീതിയും ബഹുമാനവും ഞാൻ ആഗ്രഹിച്ചു. തെറ്റിപ്പോയി കർത്താവേ. ഈ ലോകജീവിതം മായയാണെന്ന് എണ്ണിക്കൊണ്ട് ലോകത്തിൽ ആശ്രയിക്കാതെ എന്റെ യേശുവിനെ മാത്രം പിൻപറ്റുക എന്ന ഏക ലക്ഷ്യത്തോടെ ഞാൻ മുന്നോട്ടു പോകുവാൻ തീരുമാനിക്കുന്നു.

കർത്താവേ, ഇന്ന് എന്റെ ഈ തീരുമാനം മുദ്രവച്ചു തരണമേ. ഇന്നുമുതൽ ഞാൻ എല്ലായിടത്തും യേശുക്രിസ്തുവിന് പ്രാധാന്യം കൊടുത്തും യേശുക്രിസ്തുവിനെ പ്രസാദിപ്പിച്ചും മാത്രം ജീവിക്കും. കർത്താവേ, നീ എന്നെ അനുഗ്രഹിക്കണമേ.

# അഞ്ച്

*"അവൻ ഉയരത്തിൽ നിന്ന് കൈനീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽ നിന്ന് എന്നെ വലിച്ചെടുത്തു." സങ്കീർത്തനങ്ങൾ 18 : 16*

"ഉയരത്തിൽ നിന്ന് കൈനീട്ടി എന്നെ പിടിച്ചു." അവന്റെ സ്നേഹമുള്ള ഭുജംകൊണ്ട് എന്നെ പെരുവെള്ളത്തിൽ നിന്ന് വലിച്ചെടുത്തു: ദാവീദ് ഈ അദ്ധ്യായത്തിലാണ് പറയുന്നത്: "നീ എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും."

നമ്മുടെ മുമ്പിലുള്ള അനേകം വിഘ്നങ്ങളെ മറികടക്കാനും പ്രശ്നങ്ങളെ തരണം ചെയ്യാനും കർത്താവ് നമുക്ക് കൃപ തരും.

ദൈവത്തിന്റെ കരുണയുള്ള കരം ലോത്തിനെ പിടിച്ചു.

ലോത്തിനേയും ഭാര്യയേയും ലോത്തിന്റെ രണ്ടു പെൺമക്കളേയും നിത്യനായ ദൈവം കൈക്കു പിടിച്ച് സോദോം പട്ടണത്തിൽ നിന്ന് പുറത്താക്കി. ദൈവമാണ് അവിടെ മുൻകൈ എടുക്കുന്നത്, ലോത്ത് മുൻകൈ എടുക്കുന്നില്ല; അതിനു വേണ്ടി ആഗ്രഹിക്കുന്നുമില്ല. കാരണം, ലോത്തിന്റെ ഹൃദയത്തിൽ സോദോമിലെ സമ്പത്തും പ്രതാപവും അവിടെയുള്ള ഭൗതിക ഐശ്വര്യങ്ങളും മാത്രമായിരുന്നു.

ലോത്തിന് ഭൗതികമായ ഐശ്വര്യമുണ്ടായിരുന്നു.

സോദോമിൽ മാന്യമായ സ്ഥാനമുണ്ടായിരുന്നു, നല്ല പദവിയുണ്ടായിരുന്നു. പക്ഷേ, ഇതൊന്നും വിട്ട് അവിടെനിന്നു ഓടിപ്പോകുവാൻ ലോത്തിനു മനസ്സില്ലായിരുന്നു.

ഈ ലോകത്തിന്റെ സമ്പത്തിലും, ഈ ലോകത്തിന്റെ പ്രതാപത്തിലും, ഈ ലോകത്തിന്റെ മഹിമയിലും ആശ്രയിച്ചു നിന്നാൽ എല്ലാം നമ്മെ കൈവിട്ടു പോകുന്ന ഒരു സമയം ഉണ്ടാകും. നമുക്ക് വിടാൻ സമ്മതമില്ലെങ്കിലും ദൈവത്തിന്റെ കരുണ നമുക്ക് അവസരം തരികയാണ്.

ഒരു പരമാർത്ഥം നാം തിരിച്ചറിയണം. നാം ലോകത്തിന്റെ അടിമകളാണെങ്കിൽ തീർച്ചയായും നമുക്കു നിത്യജീവനിൽ പ്രവേശിക്കാൻ സാധിക്കുകയില്ല.

"ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു" എന്ന് കർത്താവിന്റെ വചനം പറയുന്നു. "ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം കർത്താവിന്റെ ശത്രുവാകുന്നു." യാക്കോബ് 4 : 4

ലോകത്തോടുള്ള മമത, ലോകരുടെ ബഹുമതിക്കുള്ള ആഗ്രഹം, മനുഷ്യർ നല്ലത് നല്ലത് എന്നു പറയണമെന്നുള്ള ആഗ്രഹം, എന്നെ നല്ലവൻ എന്ന് ആളുകൾ കാണണം എന്ന ആഗ്രഹം. ഇതെല്ലാം വാസ്തവത്തിൽ ഒരു self – സ്വയം ആണ്. ഇതൊന്നും നമുക്കു പ്രയോജനപ്പെടുന്നതല്ല.

ആരെല്ലാം നല്ലതെന്നു പറഞ്ഞാലും, ആരെല്ലാം എന്നെ ഭക്തൻ എന്നു പറഞ്ഞാലും, എന്റെ ഹൃദയം ലോകത്തിന്റെ പ്രതാപത്തിലും ഐശ്വര്യത്തിലും മുഴുകി നിന്നുപോയാൽ ഞാൻ ദൈവരാജ്യത്തിൽ കടക്കുകയില്ല. കർത്താവേ, എന്റെ ഉള്ളിലുള്ള സ്വയത്തെ നീ തകർത്ത് കളയണമേ എന്ന് നാം നിരന്തരം പ്രാർത്ഥിക്കണം.

പൗലോസ് അപ്പൊസ്തലൻ പറഞ്ഞു: "ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു

ഞാനല്ല, ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു." ഗലാത്യർ 2 : 20

ലോകം എത്രമാത്രം നിങ്ങളെ സ്വാധീനിക്കുന്നുണ്ട് എന്ന് നിങ്ങൾ ചിന്തിക്കണം. കർത്താവിന്റെ വചനം പറയുന്നു: "എത്രത്തോളം നിങ്ങൾ രണ്ടുതോണിയിൽ കാൽ വയ്ക്കും? യഹോവ ദൈവമെങ്കിൽ അവനെ ആരാധിപ്പിൻ. ബാൽ ആണ് ദൈവമെങ്കിൽ അവനെ ആരാധിപ്പിൻ." 1 രാജാക്കന്മാർ 18 : 21. രണ്ടുംകൂടി പറ്റുകയില്ല. രണ്ടുംകൂടി ആരാധിക്കാൻ നോക്കിയാൽ ഒന്നും നിനക്കില്ലാതെ പോകും. അതുകൊണ്ട് എത്രത്തോളം നിങ്ങൾ രണ്ടു തോണിയിൽ കാൽ വയ്ക്കും? രണ്ടു തോണിയിൽ കാൽ വച്ചുള്ള യാത്ര അപകടകരമാണ്.

ലോകമനുഷ്യർ കാണുമ്പോൾ നാം ആത്മീയരാണ്; കൂട്ടായ്മയിലുള്ളവർ കാണുമ്പോൾ നാം ആത്മീയമായി താല്പര്യമുള്ളവരാണ്. ചിട്ടയായി വേദപുസ്തകം വായിക്കുന്നുണ്ട്, ദൈവവേലയിൽ പങ്കാളികളാകുന്നുണ്ട്. ദൈവവേലയ്ക്കുവേണ്ടി കഷ്ടപ്പെടാനും ചെലവു ചെയ്യാനും മനസ്സാണ്. പല നന്മകളും നമുക്കുണ്ട്. പക്ഷേ, ഈ ലോകത്തോടുള്ള നമ്മുടെ മനോഭാവം എങ്ങനെ നിൽക്കുന്നു? ലോകമയത്വത്തോട് എത്രത്തോളം നാം അകന്നിരിക്കുന്നു? വാസ്തവത്തിൽ അത് ചിന്തിക്കുമ്പോഴാണ് കർത്താവേ, ഞാൻ ഇന്ന് തീർത്തും പാപ്പരാണ് എന്നറിയുന്നത്. ആത്മീയമായ വിലയേറിയ സമ്പത്ത് ഒന്നും എന്റെ കൈവശമില്ലല്ലോ എന്ന് നാം ഓർക്കുന്നത് അപ്പോഴാണ്.

ലോകമയത്വം! മനുഷ്യരുടെ പ്രീതി, മനുഷ്യരുടെ ബഹുമതി നാം ആഗ്രഹിക്കുന്നു; നാം നല്ലതെന്ന് മനുഷ്യർ പറയണമെന്ന് ആഗ്രഹിക്കുന്നു. ഇങ്ങനെ എന്തെല്ലാമുണ്ടെന്ന് നാം തന്നെ കണ്ടെത്തി ദൈവസന്നിധിയിൽ ഏറ്റുപറയാതെ ഒന്നും പോകില്ല. കാരണം, അത്രമാത്രം നമ്മെ പറ്റിപ്പിടിച്ചിരിക്കുന്ന ഒരു ഭീകരശത്രുവാണ് ലോകസ്നേഹം. നമ്മിൽനിന്നു പറിച്ചുമാറ്റാൻ പറ്റാതെ അത് നമ്മുടെ ഹൃദയത്തിൽ ഇഴുകിച്ചേർന്നിരിക്കയാണ്.

ലോകം, ലോകമയത്വം, ലോകസ്നേഹം, ലോകമനുഷ്യരുടെ പ്രീതി, ഇതൊന്നും നമുക്കു വേണ്ട. കാരണം, "ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു;" "ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്."

നാമിന്ന് പ്രതാപൈശ്വര്യങ്ങളുടെ പിന്നാലെ ഓടുകയാണ്. നാം മനുഷ്യരെയാണ് നോക്കുന്നത്; ദൈവത്തെ നോക്കുന്നില്ല.

നിങ്ങൾ കുറച്ചുപേർ ഒരുമിച്ച് ചേർന്നിരുന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥിക്കാൻ നേരത്ത് എന്റെ പ്രാർത്ഥന നന്നാകണം, എന്റെ പ്രാർത്ഥന അനുഗ്രഹമായിത്തീരണം, വേദവാക്യങ്ങൾ ഒക്കെ ഉദ്ധരിച്ചുള്ള എന്റെ പ്രാർത്ഥന നല്ലതായിത്തീരണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ ലോകമയത്വം ആണത്.

നിങ്ങൾ സാക്ഷ്യം പറയുന്നു; എന്റെ സാക്ഷ്യം നന്നാകണം; എന്റെ സാക്ഷ്യം ഏറ്റവും അനുഗ്രഹമായിത്തീരണം, അത് അനേകർക്ക് പ്രയോജനമായിത്തീരണം എന്നു തോന്നിയാൽ അതിന്റെ പിന്നിൽ ഒരു ലോകമയത്വം ഉണ്ട്. എന്റെ പ്രാർത്ഥന, എന്റെ സാക്ഷ്യം, എന്റെ പ്രസംഗം അങ്ങനെ ഒന്നില്ല. ഞാൻ യേശുക്രിസ്തുവിന്റെ ദാസൻ, യേശുക്രിസ്തുവിന്റെ അടിമ. ഞാൻ ലോകത്തിന്റെ അടിമയല്ല, ദൈവത്തിന്റെ അടിമയാണ്. ഞാൻ ക്രിസ്തുവിന്റെ അടിമയാണ്. ആര്, എന്ത് എന്നെക്കുറിച്ച് അഭിപ്രായം പറയുന്നു എന്നുള്ളത് എനിക്ക് വിഷയമല്ല.

ഞാൻ എന്റെ യേശുവിന്റെ സാക്ഷിയായി നിൽക്കുകയാണ്; ഞാൻ പ്രസംഗിക്കാൻ നിൽക്കുമ്പോൾ യേശുവിനു പ്രസംഗിക്കാനുള്ളത് എന്റെ നാവിൽക്കൂടി തരികയാണ്. ഞാൻ പാട്ട് പാടാൻ നിൽക്കുന്നത് യേശുവിന് മധുരതരമായി പാടാനുള്ളത് എന്റെ നാവിലൂടെ അവൻ പാടുകയാണ്. ഞാൻ പ്രാർത്ഥിക്കുന്നത് യേശുവിനു പ്രസാദകരമായി, യേശുവിനോ

ടാണ് ഞാൻ പ്രാർത്ഥിക്കുന്നത്, മനുഷ്യരോടല്ല.

ചിലരെല്ലാം പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരുടെ പ്രശംസ കിട്ടാൻ വേണ്ടി പ്രാർത്ഥിക്കുന്നു. ചിലപ്പോൾ മറ്റുള്ളവർക്ക് ഉപദേശം കൊടുക്കേണ്ടതിനു പകരം പ്രാർത്ഥനയിൽക്കൂടി ഉപദേശം കൊടുക്കുന്നു. ഇതെല്ലാം നാം ദൈവത്തെ മറന്നുള്ള വലിയ അപകടകരമായ കാര്യങ്ങളാണ്. നമ്മുടെ ജീവിതത്തിൽ ഒളിഞ്ഞും തെളിഞ്ഞും ഇതുപോലെ അനേകം പാപങ്ങളുണ്ട്. പാപത്തിന്റെ വിത്ത് നമ്മുടെ ഉള്ളിൽ കിടപ്പുണ്ട്. അതുകൊണ്ടാണ് ലോകമയത്വത്തിലേക്കു നാം പോകുന്നത്.

വേദപുസ്തകം പറയുന്നു: "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ." സങ്കീർത്തനങ്ങൾ 32 : 1. ലംഘനം ക്ഷമിച്ചു തരുന്നു; പാപം മറച്ചു തരുന്നു; പാപം എന്നുള്ള പ്രകൃതി നമ്മുടെ ഉള്ളത്തിലുണ്ട്; Sinful nature! അപ്പൊസ്തലനായ പൗലോസ് ജഡം എന്ന് പറയും. പാപപ്രകൃതി ഉള്ളതുകൊണ്ട് ഞാൻ ഏതെങ്കിലും പാപം ചെയ്തു എന്നുവരാം.

പാപപ്രകൃതി ഉള്ളവർ നുണ പറഞ്ഞു എന്നു വരും; മറ്റുള്ളവരോട് നീരസപ്പെട്ടു എന്നു വരും; മറ്റുള്ളവരെക്കുറിച്ച് ഈർഷ്യയോടെ ചിന്തിച്ചു എന്നുവരും; ചിലരോടെല്ലാം വൈരാഗ്യം പുലർത്തി എന്നുവരും. പക്ഷേ, വൈരാഗ്യം മൂലം വഴക്ക് പറയുകയോ, ഉച്ചത്തിൽ കോപിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അത് ലംഘനങ്ങളാണ്: ദൈവത്തിന്റെ നിയമത്തിന്റെ ലംഘനമാണ്. എന്നാൽ പാപത്തിന്റെ പ്രകൃതി അവിടെത്തന്നെ ഉണ്ട്. ലംഘനം കർത്താവ് ക്ഷമിച്ചു തന്നു. പക്ഷേ, പാപം കർത്താവ് മറച്ചു തരികയാണ് ചെയ്യുന്നത്. പാപത്തിന്റെ വേര് അവിടെയുണ്ട്.

അതുകൊണ്ട് നാം പ്രാർത്ഥിക്കണം, ഒരു വിശുദ്ധജീവിതത്തിന് കർത്താവേ, എന്നെ ഒരു പൂർണ്ണ ആത്മീയനാക്കിത്തീർക്കണമേ എന്ന്. ഈ ഭൂമിയിലെ ജീവിതം എത്രയോ ചുരുങ്ങിയ ഒരു കാലം! ഇവിടെ എന്തെല്ലാമുണ്ടെങ്കിലും ഞാൻ

എന്ന മനുഷ്യൻ ഈ ഭൂമിയിൽ നിന്നു പറന്നുപോയേ പറ്റൂ, സംശയമില്ല.

ഒരു ദൈവം ജീവിക്കുന്നുണ്ട്, ആ ദൈവം പ്രവർത്തിക്കുന്നുണ്ട്, തന്റെ മക്കളുടെ പ്രാർത്ഥന കേൾക്കുന്നുണ്ട്. ഒന്നാമത് നിങ്ങളുടെ ആത്മാവിന്റെ കാര്യം ശരിയാക്കണം. അതിനി വൈകരുത്; ഒരു കാര്യത്തിൽപ്പോലും ലോകത്തിലേക്ക് നിങ്ങളുടെ ഹൃദയം ചായരുത്. സകലവും മായ. നിലനിൽക്കുന്നതു യേശുക്രിസ്തു മാത്രം, യേശുക്രിസ്തുവിന്റെ സ്നേഹം മാത്രം, യേശുക്രിസ്തുവിന്റെ രാജ്യം മാത്രം.

യേശുക്രിസ്തുവിനെ മാത്രം നിങ്ങൾ കാണുക. യേശുവാണ് രക്ഷകൻ! യേശുവാണ് നിങ്ങൾക്കുവേണ്ടി രക്തം ചിന്തിയത്, യേശുവാണ് നിങ്ങളെ പാപച്ചേറ്റിൽ നിന്നു വീണ്ടെടുത്തത്. യേശുവിനെ നോക്കുക. നിങ്ങളുടെ ഹൃദയം യേശുവിൽ ഏകാഗ്രമായിത്തീരട്ടെ.

ലോത്ത്, ലോകത്തിനു ദാസനായിപ്പോയി. അതാണ് ലോത്തിന് പറ്റിയ അപകടം. ലോത്ത് ഒരു പാപം ചെയ്തതായിട്ട് നാം കാണുന്നില്ല; ലോകത്തിന്റെ ദാസനായിപ്പോയി; വിട്ടുപോകാൻ മനസ്സില്ല. സോദോമിൽ തന്നെ കഴിയാനാണ് ആഗ്രഹം. കാരണം, അവിടെ നല്ല പ്രതാപമുണ്ട്; നല്ല സ്ഥാനമാനങ്ങളുണ്ട്. ഇന്നത്തെ രീതിയിൽ പറഞ്ഞാൽ ഒരു പഞ്ചായത്ത് പ്രസിഡന്റെന്നോ മുൻസിപ്പൽ ചെയർമാനെന്നോ ഒക്കെ പറയാവുന്ന രീതിയിലുള്ള ഒരു നല്ല ‘പൊസിഷൻ’ ഉണ്ട്.

നാട്ടിൽ എല്ലാവരുടേയും അംഗീകാരമുണ്ട്. അവിടെ ചെന്നു താമസിച്ച കാലം മുതൽ ലോത്ത് ആ നാട്ടിലെ ഒരു പ്രഭുവായിത്തീർന്നു. അങ്ങനെ ലോത്ത് ലോകപ്രകാരം ഉയർന്നു. ഇതെല്ലാം വിട്ടുപോകാൻ ലോത്തിനു മനസ്സില്ല. ദൂതൻ ലോത്തിനോട് പോകാൻ പറഞ്ഞു. വേഗം ഇവിടം വിട്ടു പൊയ്ക്കോ. ഇത് കത്താൻ പോകുകയാണ്. ഗന്ധകവും തീയും ആകാശത്ത് നിന്ന് പെയ്യും.

ഞാൻ ഈയിടെ പത്രത്തിൽ വായിച്ചു, യിസ്രായേലിൽ തീ പടർന്നു പിടിക്കുന്നു എന്ന്. എവിടെനിന്നാണ് തീയുണ്ടായത്, ആർക്കറിയാം? ആകാശത്തുനിന്ന് ഗന്ധകവും തീയും പെയ്യുക എന്നുപറഞ്ഞാൽ നമുക്കൊന്നും മനസ്സിലാകയില്ല. ഒരു കാരണവുമില്ലാതെ ഒരു ദേശത്തു തീ പടർന്നുപിടിക്കുകയാണ്. ആരും തീ ഇട്ടതൊന്നുമല്ല.

തീയും ഗന്ധകവും വന്ന് ശരീരത്തിൽ പറ്റിപ്പിടിച്ചാൽ പൊള്ളിക്കുന്നു എന്നു മാത്രമല്ല അത് ശരീരത്തിൽ നിന്ന് പറിച്ചുമാറ്റാൻ പറ്റുകയില്ല. ഈ ഭയങ്കരമായ ആപത്തിൽനിന്നു ലോത്തിനെ രക്ഷപ്പെടുത്താൻ ദൈവം ആഗ്രഹിച്ചു. ലോത്തിനോട് ഓടിപ്പോകാൻ പറഞ്ഞു. ലോത്തിന് പക്ഷേ പോകാൻ മനസ്സായില്ല. ലോകമഹത്വം, ലോകസ്നേഹം!

അതുകൊണ്ട് ലോത്ത് ദേശംവിട്ടുപോകുവാൻ മനസ്സില്ലാതെ മടിച്ചുനിന്നു. ലോത്തിന്റെ ഭാര്യയ്ക്കോ ഒട്ടും മനസ്സില്ല. അവിടെയുള്ള സമ്പത്ത്, അവിടെയുള്ള സൗകര്യങ്ങൾ, സോദോമിലുള്ള സ്ഥാനമാനങ്ങൾ ഇതെല്ലാം വിടാൻ ആ സ്ത്രീക്കും മനസ്സില്ല. മക്കളോ? അപ്പനും അമ്മയ്ക്കും ഉള്ളതിനേക്കാൾ വലിയ ആത്മീയം അവർക്കു കിട്ടുകയില്ലല്ലോ. അതുകൊണ്ട് പെൺമക്കളും പോകാൻ മടിച്ചു.

അങ്ങനെ അവർ താമസിച്ചപ്പോൾ മാലാഖമാർ ബദ്ധപ്പെടുത്തി. നിങ്ങൾ വേഗം പുറപ്പെടൂ; തിരിഞ്ഞുനോക്കാതെ ഓടിക്കൊള്ളൂ; സോവാറിലേക്ക് പൊയ്ക്കൊള്ളൂ എന്നു പറഞ്ഞ് അവരെ നിർബന്ധിച്ചു.

അപ്പോഴും താമസിക്കുകയാണ് അവർ. എന്തെങ്കിലും കാരണം പറഞ്ഞ് താമസിക്കുകയാണ്. അപ്പോൾ ജീവനുള്ള ദൈവത്തിന്റെ സ്നേഹം അവരെ കൈക്കു പിടിച്ചു പട്ടണത്തിനു പുറത്താക്കി.

സഹോദരങ്ങളേ, നിങ്ങൾ ചിന്തിക്കണം. ലോകമയത്വം എന്നെ എത്രത്തോളം വിഴുങ്ങിയിട്ടുണ്ട്? ഞാൻ എത്രത്തോളം

ലോകത്തിന്റെ സ്നേഹിതനായിത്തീരുകയാണ്? ലോകത്തോടുള്ള പറ്റുമാനത്തിൽ ഞാൻ എത്രത്തോളം ബന്ധിക്കപ്പെട്ടുകിടക്കുകയാണ്? ഓരോരുത്തരും തങ്ങളെത്തന്നെ നോക്കിക്കാണുക.

നിങ്ങളെ ഓരോരുത്തരേയും പിടിച്ചെഴുന്നേൽപ്പിച്ച് പുറത്തുകൊണ്ടുവരുവാൻ കർത്താവ് ആഗ്രഹിക്കുന്നു. കർത്താവ് നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ ഓരോരുത്തരേയും കൈക്കുപിടിച്ച് നശിക്കുന്ന പട്ടണത്തിനു പുറത്താക്കാൻ കർത്താവ് ആഗ്രഹിക്കുന്നു.

വിശ്വസിക്കുക. എന്റെ യേശു എന്നെ സ്നേഹിക്കുന്നു; ഇതൊരിക്കലും മറക്കരുത്. എനിക്ക് രോഗം വന്നാലും, എനിക്ക് വേദന വന്നാലും, എനിക്ക് ആപത്ത് വന്നാലും, അപകടം വന്നാലും, എനിക്ക് പൈസയുടെ ഞെരുക്കം വന്നാലും, കടം കൂടിക്കൂടി വന്നാലും, കുടുംബത്തിൽ അലോഹ്യങ്ങൾ ഉണ്ടെങ്കിലും കർത്താവേ, നീ എന്നെ സ്നേഹിക്കുന്നു. യേശു സ്നേഹം മാത്രമാണ്. യേശുവിന് സ്നേഹിക്കാനേ അറിയാവൂ. ഒരിക്കലും യേശു ആരെയും ദ്വേഷിക്കുന്നില്ല.

നിങ്ങളുടെ ബലഹീനതകളോടുകൂടെ, പോരായ്മകളോടുകൂടെ, നിങ്ങളുടെ വല്ലായ്മകളോടുകൂടെ യേശു നിങ്ങളെ സ്നേഹിക്കുന്നു. യേശു നിങ്ങളെ കൈക്കു പിടിക്കുന്നു. നാശപട്ടണത്തിൽ നിന്നു പുറത്താക്കാൻ, രക്ഷ തരുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നശിക്കുന്ന ലോകത്ത് നശിക്കാത്ത സമ്പാദ്യമുള്ളവരായി നിൽക്കാൻ കർത്താവ് നിങ്ങളെക്കുറിച്ചാഗ്രഹിക്കുന്നു.

നേരിട്ട് വിളി ലഭിച്ച് പുറപ്പെട്ട അബ്രാഹാം, ദൈവത്തിൽ നിന്ന് നേരിട്ട് നിർദ്ദേശം ലഭിച്ചു പുറപ്പെട്ട അബ്രാഹാം, ദൈവത്തിന്റെ വഴികളിൽക്കൂടിത്തന്നെ നടക്കുകയായിരുന്നു. ഭാഗ്യവശാൽ ലോത്തിനും അതിനോടു ചേർന്നു നടക്കാൻ ഇടയായി. അതുകൊണ്ട് ഒരു ഗുണം കിട്ടി.

അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ അബ്രാഹാം

തളർന്നിരിക്കുന്ന സമയത്ത് മൂന്നുപേർ മുൻപിൽ വന്നു. ആ മൂന്നുപേരിൽ ഒന്ന് കർത്താവായ യേശുക്രിസ്തുവും രണ്ടു ദൂതന്മാരും ആയിരുന്നു. യേശുക്രിസ്തു അന്ന് ജനിച്ചിട്ടില്ലല്ലോ എന്നു നിങ്ങൾ ചിന്തിക്കണ്ട: യേശുക്രിസ്തു ആദ്യന്തവിഹീന നാണ്. ആദിയും അന്തവും ഇല്ലാത്തവനാണ്. ലോകാരംഭ ത്തിനു മുമ്പേ കുരളറുക്കപ്പെട്ട കുഞ്ഞാടാണ്. അബ്രാഹാം ജനിക്കുന്നതിനു മുമ്പേ ഞാനുണ്ട് എന്ന് കർത്താവ് പറഞ്ഞി ട്ടുണ്ട്. യേശു അവരോട്: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹാം ജനിച്ചതിന്നു മുമ്പേ ഞാൻ ഉണ്ട്" എന്ന് പറഞ്ഞു. യോഹന്നാൻ 8 : 58.

യേശുക്രിസ്തു രണ്ടു ദൂതന്മാരുമായി അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ വന്നു. അബ്രാഹാം അവരെ എതിരേറ്റു; അവരെ സൽക്കരിച്ചു. സന്തോഷമായി ദൂതന്മാർ മടങ്ങിപ്പോയി. ദൂതന്മാർ മാറിക്കഴിഞ്ഞപ്പോൾ അബ്രാഹാം യേശുവിനോടു പറ്റിച്ചേർന്ന് നിന്നു. ദൈവം പറഞ്ഞു: എന്റെ സ്നേഹിതനായ അബ്രാഹാമിനോട് എനിക്ക് ഒന്നും മറച്ചുവയ്ക്കാൻ പറ്റില്ലല്ലോ. നിന്റെ സഹോദരപുത്രനായ ലോത്ത് താമസിക്കുന്ന നഗരം നശിക്കാൻ പോകുന്നു. ഗന്ധകവും തീയും പെയ്ത് ആ ദേശം മുടിയാൻ പോകുന്നു. ദൂതന്മാർ മാറിപ്പോയശേഷം യേശു ക്രിസ്തു അബ്രാഹാമിനോട് രഹസ്യമായി വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ച് സംസാരിക്കുകയായിരുന്നു.

> *"അബ്രാഹാം അടുത്തുചെന്നു പറഞ്ഞത്: ദുഷ്ട നോടുകൂടെ നീതിമാനെയും നീ സംഹരിക്കുമോ? പക്ഷേ ആ പട്ടണത്തിൽ അമ്പതു നീതിമാന്മാർ ഉണ്ടെങ്കിൽ നീ അതിനെ സംഹരിക്കുമോ? അതിലെ അമ്പതു നീതിമാന്മാർ നിമിത്തം ആ സ്ഥലത്തോടു ക്ഷമിക്കയില്ലയോ? ഇങ്ങനെ നീ ഒരുനാളും ചെയ്യുന്നതല്ലല്ലോ? നീതിമാൻ ദുഷ്ടനെ പ്പോലെ ആകത്തക്കവണ്ണം ദുഷ്ടനോടുകൂടെ നീതിമാനെ നീ ഒരുനാളും കൊല്ലുകയില്ല. സർവ്വഭൂ*

*മിക്കും ന്യായാധിപതിയായവൻ നീതി പ്രവൃത്തിക്കാതിരിക്കുമോ? അതിന്നു യഹോവ: ഞാൻ സോദോമിൽ, പട്ടണത്തിനകത്ത്, അമ്പതു നീതിമാന്മാരെ കാണുന്നു എങ്കിൽ അവരുടെ നിമിത്തം ആ സ്ഥലത്തോടൊക്കെയും ക്ഷമിക്കും എന്ന് അരുളിച്ചെയ്തു." ഉല്പത്തി 18 : 23 – 26*

ഉടനെ അബ്രാഹാം ചോദിച്ചു: അമ്പതില്ലെങ്കിലോ, നാൽപത്തഞ്ചു പേരേ ഉള്ളെങ്കിലോ കർത്താവേ, നീ അതിനോടു ക്ഷമിക്കുമോ? ഉടനെ കർത്താവ് പറഞ്ഞു: നാല്പത്തഞ്ചു നീതിമാന്മാർ ഉണ്ടെങ്കിൽ ആ ദേശം നശിക്കുവാൻ ഞാൻ ഇട വരുത്തുകയില്ല.

അബ്രാഹാം പിന്നെയും ചോദിച്ചു: കർത്താവേ, ക്ഷമിക്കണമേ. നാല്പതു നീതിമാന്മാരേ ഉള്ളൂ എങ്കിലോ? ശരി, നാല്പതു നീതിമാന്മാരുണ്ടെങ്കിൽ ഞാൻ ദേശം നശിക്കുവാൻ ഇട വരുത്തുകയില്ല.

അബ്രാഹാം പിന്നെയും തിരുത്തി. ദൈവമേ, ക്ഷമിക്കണമേ. മുപ്പതു നീതിമാന്മാരേ ഉള്ളൂ എങ്കിലോ? മുപ്പതു നീതിമാന്മാരുണ്ടെങ്കിൽ ഞാൻ ആ പട്ടണം നശിപ്പിക്കയില്ല. പിന്നെയും അബ്രാഹാം തിരുത്തിപ്പറഞ്ഞു: ഇരുപതു നീതിമാന്മാരേ ഉള്ളൂ എങ്കിലോ? ശരി. ഇരുപതു നീതിമാന്മാരുണ്ടെങ്കിൽ ഞാൻ ആ പട്ടണം നശിപ്പിക്കയില്ല.

അബ്രാഹാം പറഞ്ഞു: കർത്താവേ, ക്ഷമിക്കണമേ. ഞാൻ സംസാരിച്ചുപോയല്ലോ. ഇനി ഞാൻ പറയുന്നതു നീ എന്നോടു പൊറുക്കണം. പത്തു നീതിമാന്മാർ ഉണ്ടെങ്കിൽ നീ ആ പട്ടണം നശിപ്പിക്കാതിരിക്കാമോ? കെഞ്ചുകയാണ്. മദ്ധ്യസ്ഥത വഹിച്ച് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ്. സഹോദരപുത്രനായ ലോത്തിനുവേണ്ടി മാത്രമല്ല ആ പട്ടണങ്ങൾക്കുവേണ്ടി അബ്രാഹാം ഇടനില നിന്ന് പ്രാർത്ഥിക്കുകയാണ്.

കർത്താവ് പറഞ്ഞു: ശരി. നീ എന്റെ സ്നേഹിതനല്ലേ? പത്തു നീതിമാന്മാരുണ്ടെങ്കിൽ ആ പട്ടണം നശിപ്പിക്കുകയില്ല.

ജീവിതത്തിൽ നിങ്ങൾക്കോരോരുത്തർക്കും ദൈവത്തോട് ഒരു സംഭാഷണ ശൈലി വേണം. ദൈവത്തോടു നേരിട്ടു സംസാരിക്കുന്ന ഒരു അനുഭവം വേണം. നിങ്ങളുടെ ആഗ്രഹങ്ങൾ നേരിട്ടു കർത്താവിനോടു പറയാം. ധൈര്യമായി പറയാം. കൃപാസനത്തിന്റെ അടുക്കലേക്ക് ആർക്കും കടന്നു ചെല്ലാം.

*"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക." എബ്രായർ 4 : 15*

അബ്രാഹാം ചിന്തിച്ചു: എന്റെകൂടെ വന്ന ലോത്ത് എല്ലാം വിട്ട് ഇറങ്ങിയതല്ലേ? എന്താണ് ദൈവത്തിന്റെ ഉദ്ദേശമെന്നും, ദൈവികവഴി എന്താണെന്നും അവൻ അറിഞ്ഞതല്ലേ? തീർച്ചയായും അവൻ ചെന്ന് പാർക്കുന്ന ദേശത്ത് കുറെപ്പേരെയെങ്കിലും അവൻ നേടിക്കാണും. ഒരു പത്തു പേരെയെങ്കിലും നേടാതിരിക്കില്ല.

നാം മാനസാന്തരപ്പെട്ടിട്ട് എത്രയോ നാളുകളായി? നാം വചനം കേട്ടുതുടങ്ങിയിട്ട് എത്രയോ നാളുകളായി? നാം മൂലം ആരെങ്കിലും നീതിമാന്മാരായിട്ടുണ്ടോ? ആരെങ്കിലും ദൈവവഴിയിലേക്കു തിരിഞ്ഞിട്ടുണ്ടോ? അബ്രാഹാമിന് കർത്താവിന്റെ മുമ്പിൽ നിന്ന് plead ചെയ്യാൻ ഒരു അവകാശം ഉണ്ടായിരുന്നു. നമുക്കും വേണം ഈ അവകാശം. ദൈവത്തോടു വീണ്ടും വീണ്ടും പറഞ്ഞ് അപേക്ഷിക്കണം. ദൈവത്തോട് നിർബ്ബന്ധ

മായും ചോദിച്ചു വാങ്ങുവാനുള്ള ഒരവകാശം എനിക്കും ഉണ്ട് എന്ന് നാം ധരിക്കണം.

നമ്മുടെ ജീവിതംമൂലം ചിലരെയെല്ലാം ആത്മീയമായി സ്വാധീനിക്കാൻ നമുക്കു കഴിയണം. ചിലരെ നല്ല വഴിയിലേക്കു തിരിക്കുവാൻ നമുക്ക് സാധിക്കണം. അതിനു വെറുതെ പോയി ഭവനസന്ദർശനം നടത്തി സാക്ഷ്യം പറഞ്ഞാൽ പോരാ. നിങ്ങൾ ദൈവസന്നിധിയിൽ ഇരുന്നു കരയണം. നിങ്ങൾ ആത്മാവിൽ നിറയണം. ആത്മാവിൽ ജീവനില്ലാതെ വചനം പറയുന്നവരുണ്ട്; സാക്ഷ്യം പറയുന്നവരുണ്ട്. നമുക്ക് ദൈവം തന്നിരിക്കുന്ന കാഴ്ചപ്പാട് നാം ജീവനുള്ളവരായി നിന്നുകൊണ്ട്, സമൃദ്ധിയായി ജീവൻ അനുഭവിച്ചുകൊണ്ട് ഈ ജീവൻ മറ്റുള്ളവരിലേക്ക് പകരണമെന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്.

ചിലർ പരിഹസിക്കും. ചിലർ ആക്ഷേപിക്കും. ചിലർ പുച്ഛിക്കും. എന്നാൽ അവനിൽ എന്തോ ഒരു പ്രത്യേകതയുണ്ട് എന്ന് മറ്റുള്ളവർ പറയണം.

ചിലപ്പോൾ അവർക്ക് ഇഷ്ടമല്ലാത്ത പ്രത്യേകത ആയിരിക്കാം. എങ്കിൽപ്പോലും എന്തോ ഒരു പ്രത്യേകത! നാം ലോകത്തോട് ഇഴുകിച്ചേർന്നിരിക്കുന്നവരായിരിക്കരുത്.

അബ്രാഹാമിനു പ്രത്യേകത ഉണ്ടായിരുന്നു. എന്തുകൊണ്ട്? അബ്രാഹാം ദൈവത്തോടുചേർന്നു നടന്നു. അബ്രാഹാം ദൈവത്തിന്റെ സ്നേഹിതനായിരുന്നു. അബ്രാഹാം ദൈവസന്നിധിയിൽ മറ്റുള്ളവർക്കുവേണ്ടി വാദിച്ചു. മറ്റുള്ളവർക്കുവേണ്ടി ഇടനിലനിന്നു.

ലോത്തിനെ രക്ഷിക്കാൻവേണ്ടി അബ്രാഹാം പറയുന്ന വാക്കുകൾ കേൾക്കൂ. അൻപതില്ല, നാല്പത്തഞ്ചില്ല, നാൽപ്പതില്ല, മുപ്പതില്ല, ഇരുപതില്ല, പത്തുപേരെങ്കിലും ഉണ്ടെങ്കിൽ നീ ആ ദേശത്തെ ശിക്ഷിക്കാതിരിക്കാമോ?

സഹോദരങ്ങളേ, നിങ്ങൾ ഒരാൾ ഒരു ഭവനത്തിൽ നീതിമാനായി നിൽക്കുമെങ്കിൽ ഉറപ്പാണ്, നിങ്ങളോടു ചേർന്നുള്ളവർ കർത്താവിനെ കണ്ടെത്തും. നിങ്ങൾ ഒരാൾ യേശുക്രിസ്തുവിനോടു ചേർന്ന് ക്രിസ്തുവിന്റെ ഭാവത്തോടെ, ക്രിസ്തുവിന്റെ വിശുദ്ധിയോടെ, ആത്മാക്കളെക്കുറിച്ച് എരിഞ്ഞുകൊണ്ട് നിൽക്കുമെങ്കിൽ സംശയിക്കേണ്ട നിങ്ങളോടു ചേർന്നു നിൽക്കുന്നവർ കർത്താവിനെ കണ്ടെത്തും.

*"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നുകേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും."*

*2 ദിനവൃത്താന്തം 7 : 14*

എന്റെ ജനം അനുതപിച്ചാൽ ദേശത്തിനു സൗഖ്യം കിട്ടും. എന്റെ ജനം മാനസാന്തരപ്പെട്ടാൽ, എന്റെ ജനം ദൈവത്തിങ്കലേക്കു തിരിഞ്ഞാൽ ദേശത്തിന്നു സൗഖ്യം! ഭവനത്തിന്നു സൗഖ്യം!

നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരം! ദൈവത്തെ അറിയാതെ ജീവിക്കുന്നവരെക്കുറിച്ചുള്ള ഭാരം! നമ്മുടെ ചുറ്റും അനേകർ ദൈവത്തെ അറിയുന്നില്ല. കുറെ അനുഷ്ഠാനങ്ങളുണ്ട്. കുറെ ആചാരങ്ങളുണ്ട്. അതിലെല്ലാം മുഴുകി സംതൃപ്തരായി പോകുകയാണ്. കൂട്ടായ്മയിൽ വരുന്നവർപോലും ഇന്നും ചില മൂഢവിശ്വാസങ്ങൾക്ക് അടിമകളാണ്.

ഞാൻ നേടിക്കൊള്ളാം. ഞാൻ രക്ഷിക്കപ്പെട്ടു, ഞാൻ കർത്താവിനെ വിശ്വസിച്ച്, മനസ്സറിഞ്ഞ് ഒരു പാപവും ചെയ്യുന്നില്ല. അതുകൊണ്ട് ഞാൻ സ്വർഗ്ഗരാജ്യത്തിൽപ്പോകും, എനിക്ക് നല്ല ഉറപ്പാണ് എന്ന് വിശ്വസിക്കുന്ന ചില ആളുകളുണ്ട്. വലി

യൊരു ഭോഷ്ക്കിലാണവർ!

ഞാൻ വീണ്ടെടുപ്പ് പ്രാപിച്ചു; ഞാൻ അറിയപ്പെടുന്ന പാപങ്ങളിൽ ഒന്നും കുടുങ്ങിയിട്ടില്ല; ഞാൻ വേണ്ടാതനത്തിനൊന്നും പോയില്ല; ആരുടേയും എനിക്ക് വേണമെന്ന് ആഗ്രഹിച്ചില്ല; ആരുടേയും തട്ടി എടുത്തില്ല; ഞാൻ പണസംബന്ധമായ കാര്യങ്ങളിൽ കൃത്യത പാലിച്ച ആളാണ്. ഞാൻ സത്യസന്ധമായിട്ടേ പെരുമാറിയിട്ടുള്ളൂ; ഞാൻ പ്രാർത്ഥിക്കുന്നുണ്ട്; ദൈവത്തിന്റെ വേല ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള ചില നന്മകൾ എടുത്തുപറഞ്ഞ് സ്വയം അഭിമാനിച്ചും സ്വയം പ്രശംസിച്ചും പോകുന്ന അനേകം ആളുകളുണ്ട്. സ്വയം ധൈര്യപ്പെടുത്തുന്നു.

എപ്പോഴും പരിശുദ്ധാത്മാവിന്റെ സാക്ഷ്യം കിട്ടിയേ നാം അടങ്ങാവൂ. "ആത്മാവ് താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു." റോമർ 8 : 16. നമ്മുടെ ആത്മാവോടു ചേർന്നു പരിശുദ്ധാത്മാവ് സാക്ഷ്യം പറയണം.

കൂട്ടായ്മയിൽ ചേർന്നുവരുന്നുണ്ട്. പല ആചാരങ്ങളുണ്ട്. പല അനുഷ്ഠാനങ്ങളുണ്ട്. പള്ളിയിൽ പോകുന്നുണ്ട്. പള്ളിയിലെ കാര്യങ്ങളിൽ താത്പര്യത്തോടെ പങ്കെടുക്കുന്നുണ്ട്. എല്ലാം നല്ലതുതന്നെ സംശയമില്ല. ഞാൻ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി പുറപ്പെട്ട കാലത്ത് ആഴമായ ശുദ്ധീകരണം എന്നു പറയുന്നത് എനിക്ക് മനസ്സിലായിരുന്നില്ല. ഞാനും സാക്ഷ്യം പറഞ്ഞു, സുവിശേഷം പറഞ്ഞു, ദൈവവേല ചെയ്തു. പക്ഷേ, എന്നിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രസാദിക്കുന്നുണ്ടോ എന്നു ഞാൻ തിരിഞ്ഞുനോക്കിയില്ല.

നമ്മിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രസാദിക്കുന്നുണ്ടോ എന്നു നാം തിരിഞ്ഞുനോക്കണം. ശുദ്ധീകരണം കൂടാതെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല.

ഇന്ന് നമ്മുടെ മദ്ധ്യത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നുണ്ട്. നാം വ്യർത്ഥാശയിലാണോ പോകുന്നത്, അതോ നാം ശരിയായ വിശ്വാസത്തിലാണോ പോകുന്നത്? ദൈവ

ത്തിന്റെ പരിശുദ്ധാത്മാവ് എന്നെക്കുറിച്ച് എന്താണ് സാക്ഷ്യം പറയുന്നത്? ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ സാക്ഷ്യം എനിക്ക് ലഭിച്ചിട്ടുണ്ടോ? ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇപ്പോൾ എന്നെ എങ്ങനെയാണ് കാണുന്നത്?

ഞാൻ കാണുന്നതുപോലെയല്ല, മനുഷ്യർ കാണുന്നതു പോലെയല്ല, മറ്റുവിശ്വാസികൾ കാണുന്നതുപോലെയല്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നെ ഇപ്പോൾ എങ്ങനെ യാണ് കാണുന്നത്?

ചില വ്യർത്ഥമായ ആശകളിൽ കുടുങ്ങിപ്പോകരുത്; വ്യർത്ഥമായ ആചാരങ്ങളിൽ കുടുങ്ങിപ്പോകരുത്. നിങ്ങളുടെ ഹൃദയത്തിലേക്കു തിരിഞ്ഞുനോക്കണം; ഹൃദയത്തിന്റെ ഉള്ള റകളിലേയ്ക്ക് തിരിഞ്ഞുനോക്കണം. അപ്പോൾ നിങ്ങൾക്കു മനസ്സിലാകും എനിക്ക് എന്തെല്ലാമോ തിരുത്തുവാനുണ്ട്. എന്റെ സ്വഭാവത്തിൽ എന്തെല്ലാമോ മാലിന്യങ്ങളുണ്ട്.

എന്റെ സ്വഭാവത്തിൽ സ്വാർത്ഥതയുണ്ട്. എന്റെ സ്വഭാവ ത്തിൽ ദ്രവ്യാഗ്രഹമുണ്ട്. എന്റെ സ്വഭാവത്തിൽ സ്വയപ്രശംസ യുണ്ട്. ഇതെല്ലാം ഒരളവിൽ എല്ലാവരെയും ബാധിച്ചിരിക്കുന്ന പാപങ്ങളാണ്. ഇത് ഓരോന്നും എടുത്തെടുത്തുപറഞ്ഞ് കർത്താവിന്റെ സന്നിധിയിൽ വീണു കരഞ്ഞുകഴിയുമ്പോൾ നിങ്ങൾക്ക് കർത്താവിനോട് സംഭാഷണം ചെയ്യാൻ സാധിക്കും.

നിങ്ങൾ തനിയെ ദൈവസന്നിധിയിലിരുന്ന് നിങ്ങളെ ത്തന്നെ കണ്ടുകൊണ്ട് ഓരോന്നും തുറന്നു പറയുമ്പോൾ നിങ്ങൾ ഏങ്ങലടിക്കാൻ തുടങ്ങും. അനുതാപത്തോടെ, തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തോടെ കർത്താവിന്റെ സന്നിധി യിലേക്ക് കടന്നു ചെല്ലണം. ഇതൊന്നും നമുക്ക് അപ്രാപ്യമല്ല. ആർക്കും വരാം, ആർക്കും കിട്ടും. ദൈവം സഹതാപം കാണി ക്കുന്ന ദൈവമാണ്.

*“താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരി ക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായി*

*പ്പാൻ കഴിവുള്ളവൻ ആകുന്നു.” എബ്രായർ 2 : 18*

യേശു പരീക്ഷിക്കപ്പെട്ടു. സാത്താൻ യേശുവിനെ പരീക്ഷിച്ചു. അവിടെയെല്ലാം കർത്താവ് കഷ്ടം അനുഭവിച്ച് പരീക്ഷകൾ സഹിച്ചു; കർത്താവ് പരീക്ഷകൾ ജയിച്ചു.

നാം ഇന്നു ജീവിച്ചിരിക്കുന്നതു ദൈവത്തിന്റെ കൃപയാണ്; നമ്മുടെ ആയുസ്സ് എന്നേ തീർന്നുപോകേണ്ടതായിരുന്നു, എന്നാൽ ഭാഗ്യവശാൽ നമ്മുടെ ആയുസ്സ് ഇന്നുവരേയും കർത്താവ് നീട്ടിത്തന്നു. ഇനി മുന്നോട്ടുള്ള യാത്ര ഞാൻ യേശുവിന്റെ കൂടെ നടക്കും, യേശുവിനോടു ചേർന്നുനടക്കും, യേശുവിന്റെ വചനം ഞാൻ കേൾക്കും, യേശുവിന്റെ ഇഷ്ടം പ്രവർത്തിക്കും. ഞാൻ എന്റെ ജീവിതം യേശുവിനു കൊടുത്തു കഴിഞ്ഞിരിക്കുന്നു. എന്റെ ഭാവി യേശുവിനു കൊടുത്തിരിക്കുന്നു. ഈ ഒരു ഉറപ്പ് നിങ്ങൾക്കുണ്ടോ?

എനിക്ക് അങ്കലാപ്പില്ല; ആവലാതിയില്ല; പരിഭവമില്ല; പരാതിയില്ല; ഒന്നിനെക്കുറിച്ചും നിരാശയില്ല; അത്യുന്നതന്റെ കൈകളിലേക്ക് ഞാൻ എന്റെ നിസ്സാരജീവിതം ഏൽപ്പിച്ചുകഴിഞ്ഞിരിക്കുന്നു. മുഴുവനായി വിട്ടുകൊടുത്തിരിക്കുന്നു. അങ്ങനെ പറയാനുള്ള ഒരു പ്രാഗത്ഭ്യം നിങ്ങൾക്ക് വേണം.

എനിക്ക് ഇന്നുവരേയും ആയുസ്സു നീട്ടിത്തന്ന ദൈവമേ, കരുണയോടെ എന്നെ കണ്ട കർത്താവേ, ഇന്ന് ഞാൻ എന്നെ നിന്റെ കൈകളിലേക്ക് തരുന്നു. എനിക്ക് ഒന്നേ ഒന്നു മാത്രം. യേശുവേ, നിന്നെ സ്നേഹിച്ച്, നിന്റെ വിശുദ്ധനായി, കർത്താവ് ഭരമേല്പിച്ച വേല തികച്ച് തിരുസന്നിധിയിലേക്കു പറന്നുവരണം. അതിന് എന്നെ ഒരുക്കണമേ.

## ആറ്

സ്നേഹത്തിന്റെ ചങ്ങലയിൽ ചേർത്തണയ്ക്കുക! സ്നേഹത്തിന്റെ ചങ്ങലയിൽ കെട്ടിയിടുക! അതൊരു അപൂർവ്വ അനുഭവമാണ്. ആ ചങ്ങലയുടെ ബന്ധം പോകാതെ, ചങ്ങലയുടെ കണ്ണികളകലാതെ ക്രിസ്തുവിന്റെ ക്രൂശിനോടും ക്രിസ്തുവിന്റെ സ്നേഹത്തോടും ബന്ധിക്കപ്പെട്ടു നിൽക്കുന്നതാണ് ആത്മീയജീവിതം.

നാം ആഗ്രഹിക്കാതെ തന്നെ ഒരു സ്നേഹത്തിന്റെ ചങ്ങല നമ്മെ കുരുക്കിലാക്കുകയാണ്. നമ്മെ വശീകരിച്ചടുപ്പിക്കുകയാണ്. അപ്പൊസ്തലനായ പൗലോസ് പറയുന്നു: ഞാൻ നേടിയതല്ല, ഞാൻ സമ്പാദിച്ചതല്ല. യേശുക്രിസ്തുവിന്റെ കൃപയാൽ എനിക്ക് ലഭിച്ചതത്രേ.

സെന്റ് പോൾ യേശുക്രിസ്തുവിന് എതിരായി പുറപ്പെടുകയായിരുന്നു; യേശുക്രിസ്തുവിന്റെ മക്കളെ ഉപദ്രവിക്കാൻ പുറപ്പെടുകയായിരുന്നു. അപ്പോഴാണ് ഈ സ്നേഹത്തിന്റെ ചങ്ങലയിൽ കുരുങ്ങിയത്. അതൊരു വലിയ അത്ഭുതമാണ്. നാം ആരും പ്രതീക്ഷിക്കാത്ത സമയത്തായിരിക്കും ഈ സ്നേഹം നമ്മെ വന്നു തൊടുന്നത്.

ഈ ക്രൂശിലെ സ്നേഹത്തിന്റെ ചരട് നിങ്ങളെ ബന്ധിക്കുന്ന ആ മഹാസൗഭാഗ്യം അനുഭവിക്കണം. അത് ഇന്നായിരിക്കട്ടെ. ആ സ്നേഹത്തിൽ എന്റെ ആകുലങ്ങൾ മുങ്ങിപ്പോകുന്ന ദിവസം ഇന്നായിരിക്കട്ടെ. കർത്താവേ, ഇന്നായിരിക്കട്ടെ നിന്റെ കൃപയുടെ കരം എന്റെ തലമേൽ വരുന്നത്. നമ്മുടെ തലമേൽ ആ സ്നേഹത്തിന്റെ കരം വന്ന് തൊടും. നാമത് അറി

യുന്നില്ലെങ്കിലും അവൻ ചെയ്യാനുള്ളത് ചെയ്യും. അതറിഞ്ഞ് അവനെ അനുഗമിക്കുന്നതാണ് ബുദ്ധി.

എന്നെ തൊട്ട സ്നേഹം! എന്നെ പിടികൂടിയ സ്നേഹം! എന്നെ ബന്ധിച്ച സ്നേഹം! എന്നെ ആകുലങ്ങളിൽ നിന്നു വിടുവിച്ച് ഇവിടംവരെയും എത്തിച്ച സ്നേഹം! എന്നെ സകല വിധ പാപങ്ങളിൽ നിന്നും വിടുവിച്ച സ്നേഹം! സമാധാന ത്തിന്റെ ശ്രേഷ്ഠമായ മാർഗ്ഗത്തിലേക്ക് എന്നെ നയിച്ച സ്നേഹം! അത് നാം അനുഭവിക്കുമ്പോഴാണ് ക്രിസ്തീയജീ വിതത്തിന്റെ മാധുര്യം നുണയുന്നത്.

ക്രിസ്തീയജീവിതം മധുരമാണ്. ഏതൊരവസ്ഥയിലും നമുക്ക് വിളിച്ചപേക്ഷിക്കാൻ ഒരു യേശുവുണ്ട്. ഒരു അപ്പനു ണ്ട്; ഒരു നാഥനുണ്ട്; ഒരു കർത്താവുണ്ട്; നമുക്കൊരു യജമാന നുണ്ട്. യേശു എന്നെ സ്നേഹിക്കുന്നു എന്ന ബോദ്ധ്യം ഉള്ള ത്തിൽ കിട്ടുന്നതാണ് ക്രിസ്തീയജീവിതത്തിന്റെ അടിത്തറ. യേശുക്രിസ്തു എന്നെ സ്നേഹിക്കുന്നു. ആ സ്നേഹമാണ് എനിക്കുവേണ്ടി ക്രൂശിൽ മരിച്ചത്. ആ സ്നേഹമാണ് എനിക്കു വേണ്ടി രക്തം ചിന്തിയത്.

> *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതി രിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നുകേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തികൊടുക്കും."*
>
> *2 ദിനവൃത്താന്തം 7 : 14*

നമ്മുടെ ദേശത്തിന്നു സൗഖ്യം വേണം. നമ്മുടെ ഭവന ങ്ങളിൽ സൗഖ്യം വേണം. ഈ സ്നേഹത്തിന്റെ ചങ്ങലയിൽ കുരുങ്ങി നാം പ്രാർത്ഥിക്കുക. യേശുക്രിസ്തുവിന്റെ തിരുവി ലാവിൽ നിന്നൊഴുകിയ തിരുരക്തത്തിന്റെ ചങ്ങലയിൽ കുരുങ്ങി നാം പ്രാർത്ഥിക്കുക. യേശുക്രിസ്തുവിന്റെ തിരുവി

ലാവിൽ നിന്നൊഴുകിയ തിരുരക്തത്തിന്റെ സ്നേഹച്ചങ്ങല! അത് നമ്മെ കർത്താവിനോടു ചേർത്തടുപ്പിക്കുകയും അകന്നു പോകാതെ നമ്മെ തുടരെത്തുടരെ ചേർത്തണച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ആ ചങ്ങലയിൽ കുരുങ്ങിക്കഴിഞ്ഞാൽ പിന്നെ വിട്ടുപോകാതിരിക്കാൻ കർത്താവ് നിരന്തരം നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത്: എന്റെ കൈയിൽ നിന്നു അവയെ പിടിച്ചുപറിപ്പാൻ ആർക്കും കഴിയുകയില്ല. ഒരു ശത്രുവിനും പിടിച്ചുകൊണ്ടുപോകുവാൻ സാധിക്കുകയില്ല. എന്റെ കുഞ്ഞാടുകളെ എന്റെ കൈയിൽ നിന്നു പിടിച്ചുപറിപ്പാൻ ആർക്കും കഴിയുകയില്ല.

നിങ്ങൾ ക്രിസ്തുവിനെ വിശ്വസിക്കുക. പിശാചിനെ ഭയപ്പെടരുത്, ബാധകളെ ഭയപ്പെടരുത്. കർത്താവേ, ദു:ഖത്തിന്റെ പാനപാത്രം നീ എനിക്ക് തന്നാലും ഞാൻ വിനയപൂർവ്വം കൈനീട്ടി അത് വാങ്ങും. കർത്താവേ, ഞാൻ നിരസിക്കയില്ല. നീ എന്ത് ആപത്ത് എനിക്ക് അനുവദിച്ചാലും കർത്താവേ, ഞാൻ കൈ നീട്ടി വാങ്ങും; ഞാൻ നിരസിക്കയില്ല. കർത്താവിന്റെ സന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തുക.

> *“യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു: അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു.”* *മത്തായി 14 : 31*

ദൈവം ഉയരത്തിൽ നിന്നു കൈനീട്ടി എന്നെ പിടിച്ചു, എന്നെ രക്ഷിച്ചു എന്ന് ദാവീദ് പറഞ്ഞു. ലോത്തും കുടുംബവും രക്ഷപ്പെടാൻ താമസിച്ചതുകൊണ്ട് ദൂതന്മാർ അവന്റെ കൈക്കു പിടിച്ച് അവരെ പട്ടണത്തിനു പുറത്താക്കി.

യേശു പിടിക്കുന്നു. ഏതവസ്ഥയിൽ ഉള്ളവനേയും യേശു പിടിക്കുന്നു; ഏതു മഹാപാപിയേയും യേശു പിടിക്കുന്നു; ഏതു ഘോരപാതകം ചെയ്തവനേയും യേശു പിടിക്കുന്നു.

യേശു എപ്പോഴും നമ്മെ കാണുന്നു. എത്ര രഹസ്യമായ കാര്യങ്ങളും കർത്താവ് കാണുന്നു. നമുക്ക് യേശുവിനെ മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല. യേശുവിന്റെ മുന്നിൽ നാം എല്ലാം തുറന്നവരാണ്. "സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു" എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്.

നമ്മുടെ ഹൃദയവിചാരങ്ങൾ കർത്താവിന്നു കാണാം; നമ്മുടെ ഉദ്ദേശങ്ങൾ കർത്താവിനു കാണാം. നമ്മുടെ ജീവിതത്തിന്റെ ലാക്ക് കർത്താവിനു കാണാം. നമ്മിൽ മറഞ്ഞിരിക്കുന്ന പാപങ്ങൾ കർത്താവിനു കാണാം. നാം തന്നെ അറിയാത്ത ചില പാപവശങ്ങളുണ്ട്. അതും കർത്താവ് കാണുന്നു. യേശു തക്കസമയത്ത് കരത്തിൽ കയറിപ്പിടിക്കുന്നു. ഇത് പറയുന്നത് ശിഷ്യന്മാർ വലഞ്ഞുപോയ സമയത്താണ്.

> *"പടകോ കരവിട്ടു പലനാഴിക ദൂരത്തായി, കാറ്റു പ്രതികൂലമാകകൊണ്ടു തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്നു അവരുടെ അടുക്കൽ വന്നു. അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ടു ശിഷ്യന്മാർ ഭ്രമിച്ചു: അത് ഒരു ഭൂതം എന്നു പറഞ്ഞു പേടിച്ച് നിലവിളിച്ചു. ഉടനെ യേശു അവരോട്: ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു; പേടിക്കേണ്ടാ എന്നു പറഞ്ഞു. അതിന്നു പത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിന്നു കല്പിക്കേണം എന്നു പറഞ്ഞു. വരിക എന്നു അവൻ പറഞ്ഞു. പത്രോസ് പടകിൽ നിന്ന് ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റു കണ്ടു പേടിച്ചു മുങ്ങിത്തുടങ്ങുകയാൽ; കർത്താവേ, എന്നെ രക്ഷിക്കേണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി*

*അവനെ പിടിച്ചു: അല്പവിശ്വസിയേ, നീ എന്തിന്നു സംശയിച്ചു എന്നു പറഞ്ഞു. അവർ പടകിൽ കയറിയപ്പോൾ കാറ്റു അമർന്നു. പടകിലുള്ളവർ: നീ ദൈവപുത്രൻ സത്യം എന്നുപറഞ്ഞു അവനെ നമസ്ക്കരിച്ചു.”* *മത്തായി 14 : 24 – 33*

കർത്താവിന്റെ ശിഷ്യന്മാർ പടകിൽ യാത്ര ചെയ്യുകയാണ്. കർത്താവ് അപ്പോൾ കൂടെ ഇല്ല. ഗലീലക്കടൽ, ചില ഭാഗത്ത് ഗന്നേസരെത്ത് തടാകം എന്നുപറയും, വേറെ ചില ഭാഗത്ത് തിബര്യാസ് കടൽ എന്നുപറയും. എല്ലാം ഒരേ തടാകമാണ്.

ഗലീലക്കടലിൽക്കൂടി ഇക്കരെനിന്ന് അക്കരയിലേക്കു പോകണം. കർത്താവ് അവരെ പറഞ്ഞുവിട്ടു. യേശു നമ്മെ പറഞ്ഞുവിടുന്നേടത്തു പോകാൻ നമുക്ക് നല്ല ധൈര്യമാണ്. യേശു ആണോ നമ്മെ പറഞ്ഞുവിടുന്നത് നമുക്ക് ധൈര്യമായിട്ട് പോകാം. യേശുവേ, നീ അറിയാതെ എന്റെ ജീവിതത്തിൽ ഒന്നും ഇല്ലല്ലോ. അപകടകരമായ രംഗത്തേക്ക് നീ എന്നെ പറഞ്ഞു വിടരുതേ എന്ന് പ്രാർത്ഥിക്കണം.

വിവാഹജീവിതത്തിലേക്കു വരുമ്പോൾ കർത്താവേ, എന്റെ ജീവിതത്തിൽ ആത്മാവിന്, നിത്യജീവന് ഉതകുന്ന ഒരു ബന്ധം തരണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കുക. ഒരു കുഞ്ഞുണ്ടാകുമ്പോൾ യേശുക്രിസ്തുവിനെ അറിയുന്ന ഒരു കുഞ്ഞിനെ എനിക്ക് തരണമേ എന്ന് പ്രാർത്ഥിക്കുക. നിങ്ങൾ പഠിക്കാൻ തുടങ്ങുമ്പോൾ ഈ പഠനം മൂലം യേശുവിന്റെ നാമം മഹത്വപ്പെടണമേ എന്ന് പ്രാർത്ഥിക്കണം.

ഏതൊരു കാര്യത്തിന് ഇറങ്ങി പുറപ്പെടുമ്പോഴും യേശു കൂടെ ഉണ്ടായിരിക്കണം. യേശുവിനെ അനുസരിച്ചായിരിക്കണം നാം പോകുന്നത്. നിങ്ങൾക്ക് യേശുവുമായി ഒരു ബന്ധമുണ്ടെങ്കിൽ, നിങ്ങൾ യേശുവുമായി നിരപ്പാണെങ്കിൽ നിങ്ങൾ തനിയെ ഇരുന്നു പ്രാർത്ഥിച്ചുകൊണ്ട് കർത്താവിനോടു പറയണം: യേശുവേ, എനിക്ക് ഒന്നും അറിഞ്ഞുകൂടാ. എന്നെ

ശരിയായ വഴിയിൽ നടത്താൻ നീ ശക്തനാണ്. കർത്താവേ, നീ എന്റെ കരത്തിൽ പിടിച്ച് എന്നെ നടത്തണമേ. കാരണം, എന്നെ നിനക്കു തന്നതാണല്ലോ.

യേശുവിന്റെ കൈയിലേക്ക് ഏല്പിച്ചു എന്ന ധൈര്യം നമുക്ക് വേണം. ഞാൻ പടകും വലയും വിട്ടു നിന്നെ അനുഗമിച്ചതല്ലേ എന്നു പറയാനുള്ള പ്രാഗത്ഭ്യം വേണം. അതിലെല്ലാമുപരിയായി യേശുവിനെ സ്നേഹിച്ചുകൊണ്ട് യേശുവിന്റെ പിന്നാലെ പുറപ്പെടുന്ന സമർപ്പണമെടുക്കാൻ നീ എനിക്ക് ഭാഗ്യം തന്നതല്ലേ എന്നുപറയാനുള്ള പ്രാഗത്ഭ്യം നമുക്കുണ്ടായിരിക്കണം.

ഒന്നാമതു വേണ്ടത് യേശുവിന്റെ വരുതിയിൽ നിൽക്കുവാനുള്ള ഒരു സ്വാതന്ത്ര്യം, യേശുവിന്റെ അടുക്കലേക്കു ചെന്നു ചോദിക്കുവാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടായിരിക്കണം. യേശുവുമായി ഒരു ബന്ധമുണ്ടായിരിക്കണം. അങ്ങനെ വാസ്തവമായും പാപത്തെ വിട്ട് ക്രിസ്തുവിനായി ജീവിതം സമർപ്പിച്ച്, ക്രിസ്തുവിന്റെ പാദപീഠത്തിൽ ജീവിതം അർപ്പിച്ച് നിങ്ങൾ ഇരിക്കുമെങ്കിൽ നിങ്ങൾക്ക് ധൈര്യമായി തന്നെത്താൻ ഇരുന്നു പ്രാർത്ഥിക്കാം.

കർത്താവേ, ഈ വിഷമസന്ധിയിൽ ഞാൻ എന്താണ് ചെയ്യേണ്ടത്? എന്റെ കുഞ്ഞിനെ ഏതു വഴിക്കാണ് പഠിപ്പിക്കാൻ വിടേണ്ടത്? കർത്താവേ, നീ എനിക്ക് കാണിച്ചുതരണമേ. ഈ വിവാഹാലോചനയിൽ ഞാൻ എന്താണ് ചെയ്യേണ്ടത്? നീ എനിക്ക് കാണിച്ചുതരണമേ. ആരുടേയും അടുക്കൽ നിങ്ങൾ ആലോചന ചോദിക്കാൻ പോകണ്ട. നിങ്ങൾ തനിയേ ഇരുന്നു പ്രാപിക്കണം.

യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ, ഗാഢമായ, ദൃഢമായ, സ്ഥിരമായ ബന്ധമാണ് ക്രിസ്തീയജീവിതം. യേശുക്രിസ്തുവിനോടു ബന്ധമില്ലാതെ യേശുവിനെക്കുറിച്ച് പ്രസംഗിക്കാം. യേശുവിനോടു ബന്ധമില്ലാതെ പാപം ഹൃദയത്തിൽ

വച്ചുകൊണ്ട് യേശുവിന്റെ വേല ചെയ്യാം. പക്ഷേ, അതെല്ലാം നമുക്കു ദോഷമായിത്തീരുകയേയുള്ളൂ.

ഒന്നാമത് വേണ്ടത് യേശുക്രിസ്തുവിന് സ്വന്തം എന്നുള്ള ഒരു ബന്ധം സ്ഥാപിക്കുക എന്നുള്ളതാണ്. എന്നെ വേറെ ആർക്കും കിട്ടുകയില്ല. എന്നെ യേശുവിനു കൊടുത്തുപോയി, വിറ്റുപോയി. നിങ്ങൾ ഒരു പത്തുസെന്റ് ഭൂമി ഒരാൾക്ക് വിൽക്കുന്നു. അടുത്ത ദിവസം വേറൊരാൾ വന്ന് ചോദിച്ചു, ആ ഭൂമി കൊടുക്കുന്നുണ്ടോ? ഇല്ല, ഞാൻ അത് ഒരാൾക്ക് കൊടുത്തുപോയല്ലോ, വിറ്റുപോയല്ലോ എന്നു പറയാനുള്ള പ്രാഗത്ഭ്യം. ആരെല്ലാം വന്നു ചോദിച്ചാൽപ്പോലും ഞാൻ അത് യേശുവിനെ ഏല്പിച്ചുപോയി. യേശുവിന് വിറ്റുപോയി. യേശു എനിക്ക് അതിനു പകരം തന്നത് സ്വന്തജീവനാണ്. സ്വന്തജീവൻ എനിക്ക് തന്നു. ഈ ഒരു വ്യക്തമായ ബോദ്ധ്യം കിട്ടുന്നതാണ് വീണ്ടും ജനനം.

അതാണ് മാനസാന്തരം. ആ ഒരു ദൃഢമായ ബോദ്ധ്യത്തിലേക്ക് നിങ്ങളെ നയിക്കാനാണ് വചനം കേൾക്കുന്നത്. കർത്താവിനു നിങ്ങളെക്കുറിച്ച് പ്രതീക്ഷയുള്ളതുകൊണ്ടാണ് നിങ്ങൾക്ക് വചനം കേൾക്കാൻ അവസരം ലഭിക്കുന്നത്.

ഇവിടെ യേശു അവരോട് പറഞ്ഞു: വൈകുന്നേരമായി, ഞാൻ മലയിലേക്ക് കയറിപ്പോകുകയാണ്; ഞാൻ പ്രാർത്ഥിക്കട്ടെ. കർത്താവ് അവരെ പറഞ്ഞുവിട്ടു. പടക് കര വിട്ടു, ദൂരത്തായി. ഏതാണ്ട് ഇരുപതുമൈൽ വീതിയുണ്ട് ആ ഭാഗത്ത് ഗലീലാകടലിന്. അതിന്റെ ഏതാണ്ട് പകുതി സ്ഥലം യാത്ര ചെയ്ത് കഴിഞ്ഞു. നാലാം യാമമായി. അപ്പോഴാണ് പെട്ടെന്ന് ഒരു വലിയ പ്രതിസന്ധി നേരിട്ടത്.

“പടക് കരവിട്ട് പല നാഴിക ദൂരത്തായി.” കരയിൽ നിന്ന് ഏതാണ്ട് പത്തു മൈലോളം ദൂരത്തായി. അപ്പോൾ ഒരു കൊടുങ്കാറ്റടിച്ചു.

“കാറ്റ് പ്രതികൂലമായി.”

പ്രതികൂലമായ അനുഭവങ്ങൾ വന്നത് എവിടെയെല്ലാമാണ്? ഇന്ന് നമ്മിൽ പലർക്കും പ്രതികൂലങ്ങൾ പലതുമുണ്ട്. നാം പ്രതീക്ഷിക്കുന്നതുപോലെ മുന്നേറാൻ സാധിക്കുന്നില്ല; നാം ആഗ്രഹിച്ചതുപോലെ വിജയം നമുക്ക് ലഭിക്കുന്നില്ല. ആഗ്രഹിച്ചതുപോലെ സൗഖ്യം കിട്ടുന്നില്ല; നാം ആഗ്രഹിക്കുന്നതുപോലെ, ആഗ്രഹിക്കുന്ന സമയത്ത് കാര്യങ്ങൾ നടക്കുന്നില്ല; കാറ്റ് പ്രതികൂലമാണ്.

ഈ പ്രകൃതിയിൽ പ്രതികൂലമായ കാറ്റുകളുണ്ട്. ഈ ലോകത്ത് നാം ജീവിക്കുമ്പോൾ പ്രതികൂലങ്ങൾ ഉണ്ട്. ഒരു പക്ഷേ മക്കളിൽ നിന്നായിരിക്കും പ്രതികൂലം വരുന്നത്, അല്ലെങ്കിൽ ഭർത്താവിൽ നിന്നായിരിക്കും പ്രതികൂലം വരുന്നത്; ഭാര്യയിൽ നിന്നായിരിക്കും പ്രതികൂലം വരുന്നത്. മാതാപിതാക്കളിൽ നിന്നായിരിക്കും പ്രതികൂലം വരുന്നത്. അല്ല കൂട്ടായ്മയിൽ നിന്നായിരിക്കും പ്രതികൂലം. കാറ്റ് പ്രതികൂലമാണ്!

നമ്മൾ ചിന്തിക്കണം. എനിക്കിപ്പോൾ പ്രതികൂലമായ കാറ്റ് ഏതാണ്? ഏതാണ് എന്റെ ജീവിതത്തിൽ തടസ്സമായി നിൽക്കുന്നത്? കാറ്റ് പ്രതികൂലമാകകൊണ്ട് നടുക്കടലിൽ അവർ വലഞ്ഞു. ഗലീലാക്കടലിൽ ഇന്ന സമയത്തേ കൊടുങ്കാറ്റ് വരൂ എന്ന് അറിയാൻ പാടില്ല; പ്രതീക്ഷിക്കാൻ പറ്റുകയില്ല. വളരെ പ്രശാന്തമോഹനമായ അന്തരീക്ഷത്തിൽ യാത്ര തുടങ്ങിയാലും യാത്രാമദ്ധ്യത്തിൽ ചിലപ്പോൾ കാറ്റ് പ്രതികൂലമാകും. പടക് മുങ്ങിപ്പോയി വലിയ അപകടങ്ങൾ സംഭവിക്കും.

"കാറ്റു പ്രതികൂലമാകകൊണ്ട് അവർ തിരകളാൽ വളരെ വലഞ്ഞിരുന്നു." തിരമാലകൾ അടിച്ചു കയറുകയാണ്. പടക് ആടി ഉലയുകയാണ്. നടുക്കടലിൽ തീരാൻ പോകുകയാണോ? അവർ ചിന്തിച്ചുകാണും. കർത്താവ് കൂടെയില്ലല്ലോ. കർത്താവ് കൂടെ ഉണ്ടായിരുന്നെങ്കിൽ നമുക്ക് ഒരു സമാധാനം കിട്ടിയേനെ. ഇപ്പോൾ ഒരു പ്രതീക്ഷയ്ക്കും വകയില്ല. നടുക്കടലിൽ താഴാൻ പോകുകയാണ്. വലിയ ഒരു പ്രതിസന്ധിയാണ് അവർ നേരിട്ടത്. നാലാം യാമമായി, വെളുപ്പിന് മൂന്നുമണി സമയ

മായി. അവർ ഭ്രമിച്ചുപോയി.

> *"അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ട് ശിഷ്യന്മാർ ഭ്രമിച്ചു: അത് ഒരു ഭൂതം എന്നു പറഞ്ഞു പേടിച്ചു നിലവിളിച്ചു. ഉടനെ യേശു അവരോട്: ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു; പേടിക്കേണ്ടാ എന്നു പറഞ്ഞു." മത്തായി 14 : 26, 27*

ഒട്ടും പ്രതീക്ഷിക്കാത്ത രീതിയിൽ കർത്താവ് കടലിന്മേൽ നടന്നുവരുന്നു. ഏതാണ്ട് പത്തു നാഴിക ദൂരത്തിരുന്നുകൊണ്ട് ശിഷ്യന്മാർ കരയുകയാണ്. തിരമാലകൾ ആഞ്ഞടിച്ചു വീശുകയാണ്. അവർ വിഷമിച്ചു. എന്ത് വേണ്ടൂ, കർത്താവ് കൂടെയില്ലല്ലോ. കർത്താവ് കൂടെ ഉണ്ടായിരുന്നുവെങ്കിൽ പരിഹാരം കിട്ടുമായിരുന്നല്ലോ. അവർ അമ്പരപ്പിലായ സമയത്ത് കർത്താവ് കടലിന്മേൽ നടന്നു വരുന്നു.

നടുക്കടലിൽ അവർ വലയുന്നത് കർത്താവ് കണ്ടു. അതൊരു ആശ്വാസകരമായ ദൂതാണ്. നാം രോഗശയ്യയിൽ കിടന്നു വലയുന്നത് യേശു കാണുന്നുണ്ട്; നാം കരയുന്നത് യേശു കാണുന്നുണ്ട്. നമ്മുടെ മക്കൾ വേദനിച്ചുപുളയുന്നത് യേശു കാണുന്നുണ്ട്. അങ്ങ് മലയിൽ കയറി പ്രാർത്ഥിച്ചുകൊണ്ടിരുന്ന യേശു ശിഷ്യന്മാരുടെ നിലവിളി കേട്ടു. അവരുടെ അമ്പരപ്പ് കർത്താവ് കണ്ടു.

കർത്താവ് ആ കടലിലേക്ക് ഇറങ്ങി. ഓളങ്ങളുടെ മീതെ കർത്താവ് നടന്നു അവരുടെ അടുത്തെത്തി. രാത്രി ഒരു അരണ്ട വെളിച്ചമേയുള്ളൂ. ആരോ വരുന്നു. വല്ല ഭൂതവും ആയിരിക്കുമോ? അവർ പേടിച്ചു.

ഭൂതാത്മാക്കൾ നമ്മെ പേടിപ്പിച്ചു എന്നുവരും. ചിലപ്പോൾ സ്വന്ത കുടുംബത്തിൽ ഭൂതാത്മാവ് വന്നു എന്നു വരും. നമ്മുടെ മക്കളിൽ ഭൂതാത്മാവ് പ്രവേശിച്ചു എന്നു വരും. മക്കൾ അപ്പനെ ധിക്കരിക്കുന്നത്, അപ്പനോടു വാശി പിടിക്കുന്നത്, അമ്മയോട് അനുസരണക്കേടു കാണിക്കുന്നത്, അവർ

വേണ്ടാത്ത വഴിക്കു പോകുന്നത്, ചീത്തമാർഗ്ഗങ്ങളിൽ കൂടി സഞ്ചരിക്കുന്നത്, അവർ ദുശ്ശീലങ്ങൾക്ക് അടിമകളാകുന്നത്, തന്നിഷ്ടം നടത്താൻ നോക്കുന്നത്, ഇതെല്ലാം ദുർഭൂതങ്ങൾ ബാധിക്കുന്നതുകൊണ്ടാണ്. എന്നാൽ കുഞ്ഞുങ്ങൾ അറിയുന്നില്ല.

പല കുട്ടികളും ജാതിമതഭേദമെന്യേ പ്രേമിക്കുന്നു. ഒരു ബോയ്ഫ്രണ്ട് വേണം അല്ലെങ്കിൽ ഒരു ഗേൾഫ്രണ്ട് വേണം. എത്രമാത്രം അധ:പതിച്ചു പോയിരിക്കുന്നു. ഭൂതം കയറുകയാണ്. ഒരു ആൺകുട്ടി ഒരു പെൺകുട്ടിയെ സ്നേഹിച്ചുകഴിയുമ്പോൾ ആ പെൺകുട്ടിയിലുള്ള അവളുടെ പൂർവ്വികരുടെ കാലം മുതലുള്ള എല്ലാ ദുർഭൂതങ്ങളും ആ പെൺകുട്ടിയെ അവൻ സ്നേഹിക്കുന്നതുമൂലം അവന്റെ അകത്തേക്കു വരുന്നു. തൊടുന്നില്ല, കണ്ടിട്ടേയുള്ളൂ, സ്നേഹിക്കുന്നു. ആ ബാധകളെല്ലാം ഉള്ളത്തിലേക്കു വരുന്നു.

ആ ബാധകളുടെ കൂടെ രോഗത്തിന്റെ ബാധയുണ്ടാകും. അതിന്റെ കൂടെ ക്യാൻസറിന്റെ ബാധകൾ ഉണ്ടായിരിക്കും. അതിന്റെ കൂടെ ക്ഷയത്തിന്റെ ബാധ ഉണ്ടായിരിക്കും. അതിന്റെകൂടെ ശാപങ്ങളുടെ ബാധ ഉണ്ടായിരിക്കും. പ്രായത്തിന്റെ കൊഴുപ്പിലും മെഴുപ്പിലും ഇങ്ങനെയെല്ലാമുള്ള അബദ്ധങ്ങളിൽ കുട്ടികൾ ചെന്നു ചാടുന്നു.

കോളേജിൽ കയറിയാൽ പിന്നെ പഠിത്തമല്ല ഒന്നാമത്തെ കാര്യം, പ്രേമം! കോളേജിൽ ഓരോ തൂണിന്റേയും ചുവട്ടിൽ രണ്ട് ഇണകൾ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നതു കാണാം; ഞാൻ കണ്ടിട്ടുണ്ട്.

നമ്മുടെ കുട്ടികളെ നിങ്ങൾ പിക്നിക്കിന് വിടുമല്ലോ. വിനോദയാത്രയ്ക്കു വിടുമ്പോൾ അവിടെ നടക്കുന്നതെന്തെല്ലാമാണ്? ഒരു ദിവസം ഞാൻ സുൽത്താൻബത്തേരിയിൽ യോഗത്തിനു പോയിട്ടു പോരുകയായിരുന്നു. ഞങ്ങൾ കാറിൽ പോരുമ്പോൾ ഒരു വളവിൽ കുറെ കുട്ടികൾ കൂടി

നിൽക്കുന്നതുകണ്ടു. കുറെകൂടി മാറി അടുത്ത വളവിൽ ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും വേണ്ടാത്ത രീതിയിൽ നിൽക്കുന്നു. ഇങ്ങനെ മേളിക്കാനാണ് അവർ വിനോദയാത്രയ്ക്കു പോയത്.

ഇതെല്ലാമുള്ളതുകൊണ്ട് മാതാപിതാക്കൾ മക്കളോടു പറയും: മക്കളേ, വിനോദയാത്രയ്ക്കു പോകണ്ട. ഞങ്ങൾ കൊണ്ടുപോയ്ക്കൊള്ളാം. അങ്ങനെ പറയുന്നതു കുട്ടികൾക്കിഷ്ടമല്ല. ഈ കൂട്ടത്തിൽ കൂടി രസിച്ചു മേളിച്ച് പോകണം. അനേകം കുട്ടികൾക്കു വരുന്ന ബാധയാണ്. അതുകൊണ്ട് പോകുന്ന കുട്ടികളെല്ലാം ചീത്തയായിപ്പോകും എന്ന് ഞാൻ പറയുന്നില്ല.

നിങ്ങൾ എപ്പോഴും നിങ്ങളെത്തന്നെ സൂക്ഷിക്കാൻ തയ്യാറായിരിക്കണം. നിങ്ങളുടെ മക്കളെ സൂക്ഷിക്കാൻ നിങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്.

ഇവിടെ പാവപ്പെട്ട ശിഷ്യന്മാർ കർത്താവിനെ കണ്ടു. ഭൂതമാണെന്ന് വിചാരിച്ചു. യേശു അടുത്തുവന്നു പക്ഷേ, യേശുവിനെ തിരിച്ചറിയാൻ സാധിക്കുന്നില്ല. ഇന്നും നമ്മുടെ കൂട്ടായ്മയിൽ വരുന്നവർക്ക് യേശു അടുത്ത് വന്നു എന്നു തിരിച്ചറിയാൻ കഴിയുന്നില്ല. യേശു എന്റെ സമീപത്ത് വന്ന് എന്നോട് സംസാരിക്കുന്നു, തിരിച്ചറിയാൻ സാധിക്കുന്നില്ല. യേശുവിന് എന്നോടു സ്നേഹമാണ്, മനസ്സിലാക്കാൻ സാധിക്കുന്നില്ല.

യേശു ഇപ്പോഴും എന്നെ സ്നേഹിക്കുന്നു, ഗ്രഹിക്കാൻ സാധിക്കുന്നില്ല. ഏതു ഘോരപാതകം ഞാൻ ചെയ്തു എങ്കിലും യേശു എന്നെ സ്നേഹിക്കുന്നു. അത് അംഗീകരിക്കാൻ സാധിക്കുന്നില്ല. കാരണം, ഹൃദയത്തിൽ നിന്ന് പാപത്തിന്റെ വേരുകൾ പറിഞ്ഞുപോയിട്ടില്ല. പാപത്തിന്റെ വേരുകൾ അടിത്തറപാകി കിടക്കുകയാണ്. അതുകൊണ്ടാണ് യേശു എന്നെ സ്നേഹിക്കുന്നു എന്നു മനസ്സിലാക്കാൻ സാധി

ക്കാത്തത്.

പാവപ്പെട്ട ശിഷ്യന്മാർ പരിഭ്രമിച്ചു. അവർ അമ്പരപ്പിലായി. അവർ പരിഭ്രാന്തരായി.

ഇവരെ സഹായിപ്പാനാണ് യേശു വരുന്നത്. പക്ഷേ, അവർക്ക് ഭൂതം ആണെന്ന് തോന്നിപ്പോയി. ഇന്നും നമ്മെ സഹായിപ്പാനാണ് നമുക്ക് വചനം തരുന്നത്. നമുക്ക് ശാന്തിയും സ്വസ്ഥതയും സമാധാനവും തരാനാണ് യേശു വചനം തരുന്നത്. നാം പലപ്പോഴും യേശുവിനെ തിരിച്ചറിയുന്നില്ല.

സഹോദരങ്ങളേ, നമ്മൾ യേശുവിനെ തിരിച്ചറിയേണ്ടിയിരിക്കുന്നു; യേശുവിന്റെ സ്നേഹം തിരിച്ചറിയേണ്ടിയിരിക്കുന്നു; യേശുവിന്റെ കാരുണ്യം തിരിച്ചറിയേണ്ടിയിരിക്കുന്നു; യേശു നിങ്ങളെ സ്നേഹിക്കുന്നു എന്ന സത്യം നിങ്ങൾ തിരിച്ചറിയണം. എപ്പോഴും നിങ്ങൾ ഉള്ളത്തിൽ പറഞ്ഞുകൊണ്ടിരിക്കണം: “യേശു എന്നെ സ്നേഹിക്കുന്നു.” ആ സ്നേഹത്തെക്കുറിച്ചുള്ള ഓർമ്മ വരുമ്പോൾ നിങ്ങൾക്കു തെറ്റിലേക്കു പോകുവാൻ കഴിയുകയില്ല. യേശു എന്നെ സ്നേഹിക്കുന്നു, പിന്നെ ഞാൻ എങ്ങനെ തെറ്റിലേക്കു പോകും? എന്നെ സ്നേഹിക്കുന്ന യേശുവിനെ ഞാൻ എങ്ങനെ വേദനിപ്പിക്കും? ആ ചിന്ത നമ്മുടെ ഹൃദയത്തിൽ വരുമ്പോൾ പാപത്തിൽനിന്നു മാറി നിൽക്കാൻ സാധിക്കും.

പാപത്തിന്റെ സാഹചര്യം വരുമ്പോൾ, പാപത്തിന്റെ പ്രേരണ വരുമ്പോൾ, പ്രലോഭനങ്ങൾ വരുമ്പോൾ നിങ്ങൾ അവിടെനിന്നു മാറി കർത്താവേ, രക്ഷിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊള്ളണം.

പേടിച്ചു നിലവിളിക്കുന്നവരോട് കർത്താവ് പറയുന്നത്, പേടിക്കേണ്ട, ഞാനാകുന്നു, ധൈര്യപ്പെടുവിൻ എന്നാണ്. ഈ സ്നേഹത്തിന്റെ ആശ്വാസവചനം നിങ്ങളെ തഴുകട്ടെ.

“ഞാനാകുന്നു പേടിക്കേണ്ട. ഞാൻ അടുത്ത് വന്നിട്ടുണ്ട്. ഞാൻ തന്നെ ആകുന്നു വന്നിരിക്കുന്നത്. ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ട്. മോളേ, നിന്നെക്കുറിച്ച് എനിക്ക് കരുതലുണ്ട്. മകളെ ഞാൻ ആകുന്നു, പേടിക്കേണ്ട.”

ഇന്നു പരിഭ്രമിച്ച് ആകുലചിത്തരായി മനസ്സു വിഷമിച്ച് ഉള്ളുരുകി വലഞ്ഞ് ഹൃദയത്തിൽ സ്വസ്ഥത ഇല്ലാതെ ഈ വാക്കുകളെ വായിക്കുന്നവരോട് കർത്താവ് പറയുന്നു: മകനേ പേടിക്കേണ്ട, ഞാനാകുന്നു. നിന്റെ അടുത്തേക്ക് ഞാൻ വന്നിരിക്കുകയാണ്. നിനക്ക് ധൈര്യംതരാൻ, നിന്റെ ആപത്തുകൾ മാറ്റാൻ, നിന്റെമേൽ കവിഞ്ഞുവരുന്ന തിരമാലകളെ അടക്കാൻ, തിരമാലകളുടെ ഓളം തെറുത്തുയർന്നു വരുമ്പോൾ അതിനെ ശാന്തമാക്കാൻ ഞാനിതാ വരുന്നുണ്ട്. നീ എന്നെ വിശ്വസിക്കുക.

ക്രിസ്തുവിന്റെ തിരുമുഖത്തേക്ക് നോക്കുക. ആ മുഖത്ത് രോമങ്ങൾ പിഴുതെടുത്ത പാടുകൾ കാണാം. തിരുരക്തം ഒഴുകിക്കൊണ്ടിരിക്കുന്ന ആ മുഖം നാം കാണുക. എന്റെ രോഗം മാറ്റാൻ, എന്റെ ദു:ഖം മാറ്റാൻ, എന്റെ ആകുലം മാറ്റാൻ, എന്റെ പ്രതിസന്ധികൾ മാറ്റാൻ എനിക്കുവേണ്ടി നീ രക്തം ചിന്തിയിരിക്കുന്നു. ഇല്ല കർത്താവേ, ഇനി ഞാൻ പാപത്തിലേക്കില്ല. ഇപ്പോൾ തീരുമാനിക്കാം. കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ ഏല്പിച്ചു കൊടുക്കാം.

# ഏഴ്

അപ്പൊസ്തലനായ പൗലോസിന് ജീവിതകാലത്തിന്റെ അവസാനദിശയിൽ ഒരു സങ്കടം പറയാനുണ്ടായിരുന്നു. വ്യക്തിപരമായ സങ്കടമാണ്. അപ്പൊസ്തലൻ ഒരിടത്തു ചെന്നപ്പോൾ അവിടെ രോഗിയായ ഒരു ദൈവപൈതൽ വന്നു. അപ്പൊസ്തലൻ ആ ആൾക്കുവേണ്ടി പ്രാർത്ഥിച്ചു. പക്ഷേ, പ്രാർത്ഥന കർത്താവ് കൈക്കൊണ്ടില്ല. എന്തായിരിക്കും? അറിഞ്ഞുകൂടാ. "ത്രോഫിമോസിനെ ഞാൻ മിലേത്തിൽ രോഗിയായി വിട്ടേച്ചു പോന്നു." 2 തിമോഥെയോസ് 4 : 20. എല്ലായ്പ്പോഴും പ്രാർത്ഥന ദൈവം സ്വീകരിക്കണമെന്നില്ല. ഒരാളുടെ ആയുസ്സ് എത്ര വേണം? എത്രകാലം ജീവിക്കണം? എല്ലാം കർത്താവിനറിയാം.

ഒരിക്കലും നാം നമ്മുടെ ജീവിതത്തിൽ നമ്മെക്കുറിച്ച് ദൈവം പ്രതീക്ഷിക്കുന്നത്, ദൈവം ആശവച്ചത് നിവർത്തിക്കാതെ കടന്നുപോകരുത്. എന്തെല്ലാം കർത്താവ് നമ്മെക്കുറിച്ച് ആശ വച്ചിട്ടുണ്ടോ, അതെല്ലാം നിവർത്തിക്കണം.

Lord Tennison അനുഗൃഹീതനായ ഒരു കവിയായിരുന്നു. അദ്ദേഹം തന്റെ ജീവിതകാലത്ത് ഒട്ടേറെ പ്രശസ്ത കവിതകൾ രചിച്ചു. അദ്ദേഹം പ്രായാധിക്യത്തിലെത്തിയപ്പോൾ ഒരു സ്നേഹിതൻ ചോദിച്ചു: എല്ലാം ചെയ്തുതീർത്തു എന്ന സംതൃപ്തിയുണ്ടോ? ഇല്ല, ഞാൻ എല്ലാം ചെയ്തു തീർത്തിട്ടില്ല. A new vision of God! ദൈവത്തെക്കുറിച്ച് ഒരു പുതിയ ദർശനം എനിക്കു കിട്ടേണ്ടിയിരിക്കുന്നു. ഒന്നുമായില്ല എന്നാണ് ഭക്തനായ അദ്ദേഹം പറഞ്ഞത്. ദൈവത്തെക്കുറിച്ച് ശരിയായ കാഴ്ചപ്പാട്

കിട്ടണം!

നാം ഓരോരുത്തരും വാസ്തവത്തിൽ ദൈവത്തെക്കുറിച്ച് ഒന്നും അറിഞ്ഞിട്ടില്ല. നമുക്ക് ഒന്നും അറിഞ്ഞുകൂടാ. ഈ ഭൂമിയിൽ എത്രയോ കോടാനുകോടി ജനങ്ങളുണ്ട്? ഈ അണ്ഡകടാഹത്തിൽ എത്രയോ ഗ്രഹങ്ങളാണുള്ളത്? എത്രയോ ഉപഗ്രഹങ്ങളാണുള്ളത്? മൂന്ന് കോടിയിൽപ്പരം മൈൽ ദൂരെയാണ് സൂര്യൻ! ആ സൂര്യനു ചുറ്റും അനേകം ഗ്രഹങ്ങളുണ്ട്. ഓരോ ഗ്രഹത്തിനും ഉപഗ്രഹങ്ങളുണ്ട്. ഇതെല്ലാം നിർമ്മിച്ച് നിയന്ത്രിച്ചുകൊണ്ടുപോകുന്ന നിത്യനായ ദൈവത്തിന്റെ മുമ്പിൽ ഈ പാവപ്പെട്ട മനുഷ്യൻ ചെന്നു പറയുകയാണ്: കർത്താവേ, നീ എന്റെ രോഗം മാറ്റിത്തരണം. നീ എനിക്ക് സൗഖ്യം തരണം.

നിത്യനായ ദൈവത്തിന്റെ ദൃഷ്ടിയിൽ എല്ലാവരും ഒരുപോലെയാണ്. എല്ലാവരേയും സ്നേഹത്തോടെ കർത്താവ് കാണുന്നു. അപ്പൊസ്തലനായ പൗലോസ് പ്രാർത്ഥിച്ചു: കർത്താവേ, എന്റെ ഈ രോഗം ഒന്നു മാറ്റിത്തരണേ. ധാരാളം യാത്ര ചെയ്യാനുണ്ട്. ശരീരത്തിനു ക്ഷീണമുണ്ട്. ഉപജീവനത്തിന് കൂടാരപ്പണി ചെയ്യണം. എല്ലാം നിനക്കറിയാമല്ലോ. അതുകൊണ്ട് എന്റെ രോഗം മാറ്റിത്തരണം.

പക്ഷേ, കർത്താവ് പറഞ്ഞു: "എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു." രോഗം മാറുകയാണോ വേണ്ടത്? ഇനിയും കുറേക്കാലം ജീവിച്ചിരിക്കുകയാണോ വേണ്ടത്? അതോ എന്റെ കൃപയാണോ വേണ്ടത്? നിനക്ക് എന്റെ കൃപ മതി. നിങ്ങളുടെ ആയുസ്സിൽ നിങ്ങൾ ആഗ്രഹിക്കേണ്ട കാര്യം കർത്താവേ, നിന്റെ കൃപയുടെ കരം എന്നിൽ നിന്നു മാറിപ്പോകരുതേ എന്നാണ്.

അനേകമനേകം വിശുദ്ധന്മാർ വീണുപോയ വഴിയാണ് ആത്മീയവഴി. വീരപരാക്രമികൾ വീണുപോയ വഴിയാണ്. ഭക്തന്മാർ വീണുപോയ വഴിയാണ്. കർത്താവേ, നീ തന്ന ഈ

ഉപനിധി സൂക്ഷിച്ചുകൊണ്ട് അങ്ങേയറ്റംവരെയും ഓടിത്തീർക്കാൻ എനിക്കു കൃപ തരണമേ. ഇത് നിങ്ങളുടെ പ്രാർത്ഥനാവിഷയ മായിരിക്കണം.

എന്തെല്ലാം വന്നാലും കർത്താവേ, നീ എന്നെ പിടിച്ചു എന്നുള്ള ഉറപ്പുണ്ടായിരിക്കണം. എന്റെ കൈയിൽ യേശുക്രിസ്തു പിടിച്ചിട്ടുണ്ട്. ഞാൻ അവന്റെ കൈയിൽ സുരക്ഷിതനാണ്. യേശുക്രിസ്തു എന്റെ വലങ്കരത്തിൽപ്പിടിച്ച് എന്നെ നടത്തുകയാണ്. എന്റെ എല്ലാ കാര്യങ്ങളും കർത്താവിനറിയാം. എന്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് അവൻ അറിയുന്നു. ആവശ്യമില്ലാത്തത് എന്നിൽ നിന്നും മാറ്റിക്കളയാൻ അവൻ നോക്കുന്നു. കർത്താവ് എല്ലാം അറിയുന്നു.

സർവ്വകൃപാലുവായ ദൈവം, അണ്ഡകടാഹത്തെ മുഴുവൻ മെനഞ്ഞവനായ ദൈവം, ആ ദൈവം അറിയാതെ ഒന്നും എനിക്ക് സംഭവിക്കയില്ല. ദൈവം എന്നെ കാണുന്നു. എന്നെ അവൻ അറിയുന്നു. എന്റെ പേര് അവനറിയാം; എന്റെ ഊര് അവനറിയാം, എന്റെ പശ്ചാത്തലം അവനറിയാം; അവൻ എല്ലാം അറിയുന്നു. എനിക്ക് ഒരു പാരമ്പര്യവും പറയാനില്ല. അഭിമാനിക്കാൻ ഒന്നുമില്ല.

അഭിമാനിക്കാൻ ഒന്നുമാത്രം കർത്താവേ, എന്റെ വലങ്കരത്തിൽ പിടിക്കാൻ നിനക്കു തോന്നിയല്ലോ! അതുമാത്രം. എന്നെ തൊടാനും, എന്നെ പിടിക്കാനും, എന്നെ നടത്താനും നിനക്കു തോന്നിയല്ലോ! ഈ സ്നേഹത്തെ നമുക്കു മനസ്സിലായിക്കഴിഞ്ഞാൽ നിരാശപ്പെടേണ്ടതായി വരികയില്ല. പ്രയാസങ്ങളും പ്രശ്നങ്ങളുമെല്ലാം നമ്മുടെ ജീവിതത്തിലുണ്ട്. ഓരോരുത്തരും ഓരോ തരത്തിലുള്ള യാതനകളിൽപ്പെട്ടു വിഷമിക്കുകയാണ്. എന്നാൽ ഒരു കാര്യം നിങ്ങൾ ഉറപ്പാക്കണം: കർത്താവേ, നീ എന്റെ കരത്തിൽ പിടിച്ചിരിക്കുന്നു എന്ന ഉറപ്പ് എനിക്കു നൽകണം. ഞാൻ രോഗശയ്യയിൽ കിടന്നാലും നിന്റെ കരം എന്നെ പിടിച്ചിരിക്കുന്നു; കർത്താവേ, കടബാദ്ധ്യതയിൽ മുങ്ങി ഞാൻ വലയുകയാണെ

ങ്കിലും നിന്റെ കൈ എന്നെ പിടിച്ചിരിക്കുന്നു.

അനേകം ശത്രുക്കൾ എനിക്കെതിരെ അപവാദം പറയുമ്പോഴും നീ എന്റെ കരത്തിൽ പിടിച്ചിരിക്കുന്നു. സുവിശേഷവിരോധികളായ ആളുകൾ ഞാൻ പറയുന്ന സുവിശേഷത്തെ എതിർക്കുകയും എന്നെ നിന്ദിക്കുകയും ചെയ്യുമ്പോഴും നീ എന്റെ കരത്തിൽ പിടിച്ചിരിക്കുന്നു.

ക്രിസ്തു എന്നെ തൊട്ടിരിക്കുന്നു. ക്രിസ്തുവിന്റെ കരം എന്നെ പിടിച്ചിരിക്കുന്നു. ഞാൻ ക്രിസ്തുവിന്റെ വകയാണ്. ആ ഉറപ്പ് നമുക്കുണ്ടായിരിക്കണം.

ദാവീദ് വലിയ യുദ്ധരംഗങ്ങളിൽ വിഷമിച്ചപ്പോൾ കർത്താവ് ദാവീദിനെ കൈനീട്ടിപ്പിടിച്ചു. ആമോസ്, പ്രവാചകനുമല്ല, പ്രവാചക ശിഷ്യനുമല്ല. കാട്ടത്തിപ്പഴം പെറുക്കുന്ന ഒരു പാവപ്പെട്ട കൃഷീവലനായിരുന്നു. ഒരു ആട്ടിടയനുമായിരുന്നു. കൃഷിക്കാരനും ആട്ടിടയനുമായ ആമോസിനെ അവന്റെ ജോലിയുടെ ഇടയ്ക്കു ചെന്ന് യഹോവയായ ദൈവം പിടിച്ചു. നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്നു പറഞ്ഞു.

ആമോസ് പറയുന്നു: "യഹോവ എന്നെ പിടിച്ചു. നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിയ്ക്ക എന്നു കല്പിച്ചു." ആമോസിനെ ദൈവം പിടിച്ചു.

ലോത്തും കുടുംബവും നശിക്കുന്ന പട്ടണത്തിൽ നിന്നു പോകാൻ മടിച്ചപ്പോൾ ദൂതന്മാർ വന്ന് അവനെ കൈക്കു പിടിച്ച് നഗരവാതിലിനു പുറത്താക്കി. അവനോടു പറഞ്ഞു: ഓടി പൊയ്ക്കൊള്ളൂ, പിറകോട്ടു നോക്കരുത്.

ദൈവം വന്നു കൈയിൽ പിടിക്കുന്നു; രക്ഷപ്പെടാൻ കൈയിൽ പിടിക്കുന്നു. രക്ഷയുടെ സങ്കേതത്തിലേക്ക് ഓടിപ്പോകാൻ കൈയിൽ പിടിക്കുന്നു.

കടലിൽ ഓളങ്ങളിൽപ്പെട്ട് നട്ടം തിരിയുമ്പോൾ,

ഓളങ്ങളിൽപ്പെട്ട് വഞ്ചി ആടി ഉലയുമ്പോൾ ആ പടകിൽ യേശു ഉണ്ടായിരുന്നില്ല. അപ്പോൾ ശിഷ്യന്മാർ അമ്പരപ്പിലായി. പടക് ആടി ഉലയുന്നു. തിരമാലകൾ പൊങ്ങുന്നു. വള്ളം മുങ്ങാൻ തുടങ്ങുന്നു. വള്ളത്തിൽ വെള്ളം കയറുന്നു. കൊടുങ്കാറ്റു വീശുന്നു. എല്ലാവരും അമ്പരപ്പിലായി.

> *"ഉടനെ യേശു താൻ പുരുഷാരത്തെ പറഞ്ഞയക്കുന്നതിന്നിടയിൽ ശിഷ്യന്മാർ പടകിൽ കയറി, തനിക്കുമുമ്പായി അക്കരെക്കു പോകുവാൻ അവരെ നിർബ്ബന്ധിച്ചു. അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ തനിയെ മലയിൽ കയറിപ്പോയി; വൈകുന്നേരം ആയപ്പോൾ ഏകനായി അവിടെ ഇരുന്നു പടകോ കരവിട്ടു പലനാഴിക ദൂരത്തായി, കാറ്റു പ്രതികൂലമാക കൊണ്ടു തിരകളാൽ വലഞ്ഞിരുന്നു. രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്നു. അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ട് ശിഷ്യന്മാർ ഭ്രമിച്ചു: അതു ഒരു ഭൂതം എന്നു പറഞ്ഞു പേടിച്ചു നിലവിളിച്ചു. ഉടനെ യേശു അവരോടു: ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു; പേടിക്കേണ്ടാ എന്നു പറഞ്ഞു. അതിന്നു പത്രോസ്: കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിന്നു കല്പിക്കേണം എന്നു പറഞ്ഞു. വരിക എന്നു അവൻ പറഞ്ഞു. പത്രോസ് പടകിൽ നിന്നു ഇറങ്ങി, യേശുവിന്റെ അടുക്കൽ ചെല്ലുവാൻ വെള്ളത്തിന്മേൽ നടന്നു. എന്നാൽ അവൻ കാറ്റു കണ്ടു പേടിച്ചു മുങ്ങിത്തുടങ്ങുകയാൽ: കർത്താവേ, എന്നെ രക്ഷിക്കേണമേ എന്നു നിലവിളിച്ചു. യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു."*
>
> *മത്തായി 14 : 22 – 31*

യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു. പെരുവെള്ള

ത്തിൽ താണുപോകുകയായിരുന്നു. കൊടുങ്കാറ്റ് ആഞ്ഞ് വീശുകയായിരുന്നു.

പ്രിയപ്പെട്ടവരേ, നമ്മിൽ പലരും കൊടുങ്കാറ്റിൽപ്പെട്ട് ആടി ഉലയുകയാണ്. ഒരു എത്തുംപിടിയും കിട്ടാത്ത രീതിയിൽ കാര്യങ്ങൾ മുന്നോട്ടു നീങ്ങുകയാണ്. വലിയ പ്രതിസന്ധികൾ നമ്മെ വിഴുങ്ങാൻ ഭാവിക്കുകയാണ്. നമുക്ക് ഒരു ചുവട്ടടി വയ്ക്കാൻ സാധിക്കാത്ത തരത്തിൽ കാര്യങ്ങൾ എല്ലാം അങ്കലാപ്പിലാകുകയാണ്. ഏതെല്ലാം തരത്തിലുള്ള പ്രയാസങ്ങളിലൂടെയാണ് നിങ്ങൾ ഓരോരുത്തരും കടന്നു പോകുന്നത്! ആർക്കും വ്യത്യാസമില്ല. മനസ്സിൽ എപ്പോഴും ടെൻഷൻ. എപ്പോഴും ഒരു പിരിമുറുക്കം. ഒരിക്കലും മനസ്സിനു സ്വസ്ഥത കിട്ടുന്നില്ല. പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾപോലും പ്രാർത്ഥനയിൽ ഏകാഗ്രത നഷ്ടപ്പെട്ട് മറ്റെന്തെല്ലാമോ ലോകകാര്യങ്ങൾ, ഭാരകാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കയാണ്.

പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ പോലും ഏകാഗ്രത കിട്ടുന്നില്ല. കാരണം, ലോകത്തിന്റെ ഓളങ്ങളിൽപ്പെട്ട് മനുഷ്യൻ നട്ടം തിരിയുകയാണ്. എത്ര സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളാണ് നമ്മെ ഓരോരുത്തരേയും അലട്ടിക്കൊണ്ടിരിക്കുന്നത്.

ചില ഫോൺ കോളുകൾ ശ്രദ്ധിക്കുമ്പോൾ ഞാനും കണ്ണുനീർ ഒഴുക്കാറുണ്ട്. എന്റെ ദൈവമേ, ആർക്കും സ്വസ്ഥത ഇല്ലല്ലോ, എല്ലാവരും വലയുന്നല്ലോ, എല്ലാവരും വിഷമിക്കുന്നല്ലോ എന്നോർത്താണ്.

ചില എഴുത്തുകൾ കാണുമ്പോൾ സങ്കടം തോന്നും. വിഷമിച്ചു വലയുകയാണ്. കാറ്റ് പ്രതികൂലമാണ്. മുന്നോട്ടു പോകുന്നതിനു പ്രതികൂലമായി കാറ്റ് ഇങ്ങോട്ടു വീശുന്നു. സാധിക്കുന്നില്ല.

നിങ്ങൾ ചിന്തിക്കൂ. ഏതെല്ലാം പ്രതികൂലങ്ങളാണ് നിങ്ങൾക്ക് നേരിടുന്നത്? എന്തെല്ലാം പ്രശ്നങ്ങളെയാണ് നിങ്ങൾ അഭിമുഖീകരിക്കുന്നത്? എന്തെല്ലാം മനസ്സിന്റെ

ഉരുക്കമാണ് നിങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്? മനസ്സ് ഉരുകി വലയുന്നു.

ടെൻഷനുള്ള, ആകുലതകളും നൈരാശ്യങ്ങളും മുറ്റിയ സാഹചര്യത്തിൽ ഒരു എത്തും പിടിയും കിട്ടാതെ, ഒരടി മുന്നോട്ടു വയ്ക്കാൻ നിർവ്വാഹമില്ലാത്ത രീതിയിലായിപ്പോകുമ്പോൾ നാം വാവിട്ടു കരഞ്ഞുപോകും.

ശിഷ്യന്മാർ അതാണ് ചെയ്തത്. അപ്പോഴാണ് അവിടെ മൈലുകൾക്കപ്പുറം മലമേൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന കർത്താവ് ആ ശബ്ദം കേൾക്കുന്നത്. കർത്താവ് തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരുടെ കരച്ചിൽ കേൾക്കുന്നു. കർത്താവ് മലയിൽ നിന്നിറങ്ങി കടലിന്മേൽ നടന്നു. ഏതാണ്ട് പത്തുമൈൽ ദൂരം കർത്താവ് നിമിഷനേരംകൊണ്ട് നടന്നെത്തി. കർത്താവിനു സ്ഥലമോ ദൂരമോ ഒരു പരിധിയില്ല. പരിമിതിയുമില്ല.

എപ്പോഴും എവിടെ വേണമെങ്കിലും കർത്താവിനു ചെല്ലാൻ സാധിക്കും. കർത്താവ് സർവ്വശക്തനല്ലേ? ദൈവമല്ലേ? വളരെ അരണ്ടവെളിച്ചത്തിൽ നട്ടപ്പാതിരയ്ക്ക് ഒരാൾ വെള്ളത്തിലൂടെ നടന്നു വരുന്നു. അവർ പേടിച്ചു പോയി.

പ്രിയമുള്ളവരേ, യേശുക്രിസ്തു തന്നെയാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടുപിടിക്കാൻ പലരും വൈകിപ്പോകുന്നു. അത് വാസ്തവത്തിൽ നഷ്ടമാണ്. നമുക്ക് ലോകത്തിന്റെ പ്രതാപം വിടാൻ മനസ്സില്ലാത്തതുകൊണ്ടാണ് വിശ്വാസം വരാത്തത്. മനുഷ്യനെ വഞ്ചിക്കുന്ന കൊടിയ പിശാച് അവിശ്വാസമാണ്.

പിശാച് ആദ്യംതന്നെ മനുഷ്യനെ വഞ്ചിച്ചത് അവിശ്വാസം കൊണ്ടാണ്. ഹവ്വായുടെ ഹൃദയത്തിൽ അവിശ്വാസചിന്ത കൊടുത്തു. ആദാമിന്റെ ഹൃദയത്തിലും ഹവ്വായിൽക്കൂടെ അവിശ്വാസചിന്ത പകർന്നു. അങ്ങനെ ആദിമമനുഷ്യൻ പാപം ചെയ്തു.

നിങ്ങൾ ഈ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് വാസ്തവമായി ദൈവം കല്പിച്ചിട്ടുണ്ടോ? പിശാച് ചോദിക്കുകയാണ്. ഉണ്ട്. തൊടരുതെന്ന് ദൈവം കല്പിച്ചിട്ടുണ്ട്. ഹവ്വായ്ക്ക് നല്ല വീറും വാശിയുമാണ്. തൊടരുതെന്നാണ് കർത്താവ് കല്പിച്ചിട്ടുള്ളത്. അങ്ങനെയൊന്നും കർത്താവ് കല്പിച്ചിട്ടില്ല.

എന്നാൽ പാമ്പ് പറഞ്ഞു: വെറുതെയല്ല ദൈവം അങ്ങനെ കല്പിച്ചത്. നിങ്ങൾ ആ ഫലം തിന്നാൽ ദൈവത്തെപ്പോലെ ആകുമെന്ന് ദൈവത്തിനറിയാം. ദൈവത്തെപ്പോലെ നിങ്ങൾ ആകരുത് എന്ന് ദൈവത്തിന് ഉദ്ദേശമുള്ളതുകൊണ്ടാണ് ഫലം തിന്നരുതെന്ന് പറഞ്ഞത് എന്ന് ഒരു ദുർവ്യാഖ്യാനം അവൻ തന്ത്രപൂർവ്വം ഹവ്വായുടെ ഹൃദയത്തിലേക്ക് കൊടുത്തു.

ഹവ്വ അത് വിശ്വസിച്ചു. ദൈവത്തിന്റെ വചനം അവിശ്വസിക്കുക. അത് മഹാപാതകമാണ്. ദൈവത്തിന്റെ വചനം, പരിശുദ്ധാത്മാവ് തരുന്ന വചനം, നിത്യനായ ദൈവം തരുന്ന വചനം ഒരു കാരണവശാലും നാം അനുസരിച്ചില്ല എന്നു വരരുത്. നാം വിശ്വസിച്ചില്ല എന്ന് വരരുത്.

വചനം ദൈവികമാണ്; വചനം ദൈവമാണ്, വചനം കർത്താവാണ്.

> *"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവമായിരുന്നു." യോഹന്നാൻ 1 : 1*

ജഡത്തിന്റെ ഇഷ്ടത്താലുമല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല നിത്യദൈവത്തിന്റെ കൃപയാലത്രേ വീണ്ടും ജനിക്കുന്നത്. ഓരോ മനുഷ്യനും വീണ്ടുംജനനം പ്രാപിക്കുന്നത് ദൈവത്തിന്റെ കൃപയാണ്.

ദൈവത്തിന്റെ വചനം! ആ വചനം കേൾക്കുമ്പോഴാണ് വീണ്ടും ജനനം ലഭിക്കുന്നത്. നിങ്ങൾ എവിടെയെങ്കിലും വചനം അവിശ്വസിച്ചിട്ടുണ്ടോ? വചനം വിശ്വസിക്കാതിരുന്നിട്ടുണ്ടോ?

വചനത്തെയും വചനം പറയുന്നവരേയും വിശ്വസിക്കുക. വചനം പറയുന്നവരെ വിശ്വസിക്കുന്നില്ല എന്നു പറഞ്ഞാൽ അവർ പറയുന്ന വചനം ഭോഷ്ക്കാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നു എന്നാണർത്ഥം. അത് മനുഷ്യന്റെ ശബ്ദമല്ല ദൈവത്തിന്റെ ആലോചനയാണ് എന്നു വിശ്വസിക്കാൻ സാധിക്കണം. ദൈവത്തിന്റെ ആലോചന എനിക്കു കിട്ടുന്നു. ദൈവം എന്നോടു സംസാരിക്കുന്നു. എന്നോടു വ്യക്തി പരമായി ദൈവം സംസാരിക്കുന്നു. എന്റെ പ്രശ്നം അറിഞ്ഞുകൊണ്ട് ദൈവം സംസാരിക്കുന്നു.

കാരണം, കർത്താവ് എന്നെ സ്നേഹിക്കുന്നു. കർത്താവിന് എന്നോടു സ്നേഹമാണ്. ഈ ഒരു ബോദ്ധ്യത്തോടുകൂടി വചനം വായിക്കുമ്പോൾ ആ വചനം നിങ്ങൾക്ക് വിശ്വാസം തരും. വിശ്വാസത്തോടുകൂടി അനുഭവങ്ങൾ തരും. നിങ്ങൾക്ക് വിജയം ലഭിക്കും.

അവിശ്വാസമാണ് ആദ്യം ശിഷ്യന്മാർക്കും വന്നത്. ഭൂതമാണോ വരുന്നത്, അവർ സംശയിച്ചു; അവർ പേടിച്ചു നിലവിളിച്ചു.

അനേകംപേർ ഇന്നു സത്യദൈവത്തിന്റെ വചനത്തെ അകറ്റി നിർത്തുന്നുണ്ട്. അവർ ലോകപ്രകാരം നല്ല ആളുകൾ ആയിരിക്കാം. നല്ല സന്മാർഗ്ഗദൃഷ്ടിയുള്ളവർ ആയിരിക്കാം. നല്ല സത്ഗുണങ്ങൾ ഉള്ളവർ ആയിരിക്കാം. പക്ഷേ, അവർക്ക് ലോകത്തിന്റെ ഇമ്പങ്ങൾ വിടാൻ സാധിക്കുന്നില്ല; ലോകത്തിന്റെ സന്തോഷങ്ങൾ വിടാൻ സാധിക്കുന്നില്ല. എല്ലാവരുടേയും സ്നേഹം വേണം. സുവിശേഷകന്മാർ പോലും ശ്രദ്ധിക്കേണ്ട കാര്യമാണത്.

അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ ഒരിക്കലും നാം ദൈവത്തിന്റെ വചനത്തെ സംശയിക്കരുത്. ദൈവത്തിന്റെ സാന്നിദ്ധ്യത്തെ സംശയിക്കരുത്. യേശുവുമായിട്ട് സാമീ പ്യബന്ധം വേണം. യേശു എന്റെ കരത്തിൽ പിടിച്ചു എന്ന

ബോധ്യം എനിക്കു കിട്ടണം.

ഇപ്പോൾ എല്ലാം കർത്താവിന്റെ പാദപീഠത്തിലേക്ക് വയ്ക്കുക. കർത്താവേ, ഇനിമേൽ ഞാൻ ഒരു വിശ്വാസിയായിരിക്കും. ഞാൻ ചഞ്ചല ഹൃദയനാകുകയില്ല. ഇനി ഞാൻ പരിശുദ്ധാത്മാവിനെ വിശ്വസിക്കുന്നവനായിരിക്കും. എന്റെ കർത്താവേ, നീ എന്നെ ഒന്നു പിടിച്ചുകൊള്ളണമേ. നൂറ്റാണ്ടുകൾക്ക് മുമ്പ് ആ പെരുവെള്ളത്തിന്റെ മദ്ധ്യേ പത്രോസിനെ പിടിച്ച കരം ഇന്ന് എന്റെ നേരെ നീട്ടിയിരിക്കുന്നത് ഞാൻ കാണുന്നു. ഇനിയുള്ളകാലം നിന്റെ കരത്തിൻ കീഴിൽ വിനയപ്പെട്ടിരുന്നുകൊണ്ട് നിന്നോടു ചേർന്നു നടക്കുവാൻ എനിക്കു കൃപ നൽകണമേ. യേശുവിലാണെന്റെ ആനന്ദം. യേശുവിലാണെന്റെ ആശ്രയം.

*“യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു: അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു.”* *മത്തായി 14 : 31*

വിഷമിച്ചു വലയുമ്പോൾ യേശു കടലിന്മേൽ നടന്നു വരുന്നത് അവർ കണ്ടു. പക്ഷേ, യേശു ആണെന്ന് അറിയാൻ പാടില്ല. ഒരു അരണ്ട വെളിച്ചമല്ലേയുള്ളൂ. ഒരു നിഴൽ പോലെ തോന്നി. വെള്ളത്തിൻമീതെ മനുഷ്യർ ആരും നടക്കുകയില്ലല്ലോ. അവർ ഓർത്തു ഏതോ ഭൂതം ആണെന്ന്. അവർ പേടിച്ചുപോയി. കൊടുങ്കാറ്റിന്റെ ആക്രമണംകൊണ്ട് പേടിച്ചിരിക്കുമ്പോൾ ഇതാ ഒരു ഭൂതം വരുന്നു. അവർ അങ്ങേയറ്റം അമ്പരപ്പിലായി, കൂട്ടക്കരച്ചിലായി.

കർത്താവ് പറഞ്ഞു: ഞാനാകുന്നു പേടിക്കേണ്ട. ഒരപൂർവ്വകാര്യം കണ്ടു എന്നു കരുതി നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളുടെ ഉള്ളിൽ സാക്ഷാൽ സ്നേഹം ഉണ്ടെങ്കിൽ പേടിയില്ല. മനുഷ്യർ തമ്മിലാണെങ്കിലും ദൈവത്തോടാണെങ്കിലും സാക്ഷാൽ സ്നേഹമുണ്ടെങ്കിൽ അകൽച്ചയില്ല.

എപ്പോഴും ഹൃദയം സ്വച്ഛമായിരിക്കും. ഹൃദയം ശുദ്ധമായിരിക്കും. യേശുക്രിസ്തുവിനോടുള്ള സ്നേഹം അവർക്കുണ്ട്. പക്ഷേ ഇതൊരു ഭൂതം ആണെന്നു കണ്ട് അവർ പേടിച്ചുപോയി. യേശുക്രിസ്തുവിനെ തിരിച്ചറിഞ്ഞില്ല.

നാമും അങ്ങനെയാണ്. പലരും കർത്താവിനെ തിരിച്ചറിയുന്നില്ല. നമ്മുടെ അരികത്തുകൂടി നടക്കുന്ന യേശുവിനെ തിരിച്ചറിയുന്നില്ല.

പ്രിയ സ്നേഹിതാ, നിനക്കു വരൾച്ച വരുമ്പോഴും യേശു അരികിൽ തന്നെയുണ്ട്. നീ വലയുമ്പോൾ യേശു കൂടെയുണ്ട്. നീ തണ്ടു വലിച്ചു വലയുമ്പോഴും യേശു കൂടെയുണ്ട്. എത്രയോ ദൂരെയാണെങ്കിലും നിമിഷനേരംകൊണ്ട് യേശു അവിടെ എത്തും. അത്ഭുതങ്ങൾ നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കും.

ഇന്നു നിങ്ങൾ ക്രിസ്തുവിനെ കൈക്കൊള്ളുമെങ്കിൽ യേശുക്രിസ്തുവിന്റെ രക്ഷയിൽ നിങ്ങൾ ആശ്രയിക്കുമെങ്കിൽ അതിശയകരമാംവണ്ണം നിങ്ങൾ ഇന്നു രക്ഷപ്രാപിക്കും. ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത വലിയ സമാധാനം നിങ്ങൾക്കു കിട്ടും. കർത്താവ് കൂടെയുണ്ട് എന്ന ഉറപ്പ്. എന്തൊരു ധൈര്യമാണത്!

“ഞാനാകുന്നു പേടിക്കേണ്ട” എന്നു പറഞ്ഞപ്പോൾ ശിഷ്യന്മാർക്കു സമാധാനമായി. കർത്താവ് നടന്നടുക്കുകയാണ്. ഉടനെ പത്രോസ് പറഞ്ഞു: നീ നടക്കുന്നതുപോലെ എനിക്കു നടന്നാൽ കൊള്ളാം. വരിക എന്നു കർത്താവു പറഞ്ഞു. പത്രോസ് വെള്ളത്തിലേക്കിറങ്ങി. എല്ലായിടത്തും എടുത്തുചാടി പ്രവർത്തിക്കുന്ന പ്രകൃതമാണ് പത്രോസിന്.

പത്രോസ് ഒട്ടും സംശയിച്ചില്ല. കർത്താവല്ലേ പറഞ്ഞത്, അതുകൊണ്ട് പേടിക്കാനില്ല. വെള്ളത്തിൽക്കൂടി ഏതാനും ചുവടു നടന്നു. അപ്പോഴേക്കും പെട്ടെന്നൊരു തിരമാല വന്നു. തിരമാല വന്ന് തോളറ്റം വെള്ളം ഒഴുകിപ്പോയപ്പോൾ പത്രോസ്

പേടിച്ചു. ചഞ്ചലപ്പെട്ടു. അവൻ പെരുവെള്ളത്തിലേക്ക് നോക്കി പ്പോയി. അവന്റെ നോട്ടം കർത്താവിൽ നിന്നു വിട്ടു. അവൻ താഴാൻ തുടങ്ങി.

ജീവിതത്തിൽ പ്രതിസന്ധികൾ വരുമ്പോൾ നിങ്ങൾ ഒരിക്കലും തളരാതെ യേശുക്രിസ്തുവിങ്കലേക്കു നോക്കുക. പ്രയാസമുണ്ട് പക്ഷേ, നോട്ടം വിടരുത്. യേശുക്രിസ്തുവിങ്കലേക്കു നോക്കിക്കൊള്ളണം. ക്രൂശിൽ ത്യാഗം സഹിച്ച ക്രിസ്തുവിങ്കലേക്കു നോക്കിക്കൊള്ളണം. ക്രൂശിൽ രക്തം ചിന്തിയ യേശുവിങ്കലേക്കു നോക്കിക്കൊള്ളണം.

പ്രിയമുള്ളവരേ, യേശുക്രിസ്തു ഇല്ലെങ്കിൽ ഈ വേദപുസ്തകം ഇല്ല. യേശുക്രിസ്തുവാണ് ഈ വേദപുസ്തകം നമുക്കു തന്നത്. യേശുക്രിസ്തുവാണ് വചനം നമുക്കു തന്നത്. വചനത്തിലേക്കു നോക്കിക്കൊള്ളുക. വചനം എന്തുപറയുന്നു? 'ഭയപ്പെടേണ്ട' എന്നാണ് പറയുന്നത്. മുന്നൂറ്റി അറുപത്തിയാറ് പ്രാവശ്യം 'ഭയപ്പെടേണ്ട' എന്നു വേദപുസ്തകത്തിലുണ്ട്. ഒരുവർഷത്തിൽ മുന്നൂറ്റി അറുപത്തഞ്ച് ദിവസമാണ്. എന്നാൽ ചില വർഷങ്ങളിൽ മുന്നൂറ്റി അറുപത്താറു ദിവസമുണ്ട്. മുന്നൂറ്റി അറുപത്താറു ദിവസവും 'ഭയപ്പെടേണ്ട' എന്നു കർത്താവ് പറയുന്നു.

നമുക്കിതു മനസ്സിലാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? നമുക്ക് ഈ ലോകം മതി, ലോകത്തിന്റെ സന്തോഷങ്ങൾ മതി, ലോകസുഖങ്ങൾ മതി. അതുകൊണ്ട് ഇന്നു ഭയപ്പെടേണ്ട എന്നു പറയുന്നത് ഹൃദയത്തിൽ നമുക്ക് അംഗീകരിക്കാൻ സാധിക്കുന്നില്ല.

നിങ്ങൾ ഇന്നുള്ള വിശ്വാസത്തോടെ നിന്നാൽ കർത്താവിന്റെ രാജ്യത്തിൽ എത്താൻ കഴിയുകയില്ല. ഇന്നുള്ള വിശ്വാസം പോരാ. ഇന്നുള്ള ദൈവാശ്രയം പോരാ. ഇന്നുള്ള ദൈവഭക്തിപോരാ. നിങ്ങൾ കുറേക്കൂടി ആത്മീയരാകണം. നിങ്ങളുടെ ലക്ഷ്യം ക്രിസ്തു ആകണം. വേറൊരു ലക്ഷ്യവും

നിങ്ങളുടെ ജീവിതത്തിൽ വരരുത്. യേശുക്രിസ്തുവിനെ മാത്രം ലക്ഷ്യമാക്കി മുന്നോട്ടു പോകുക. യേശുക്രിസ്തുവിങ്ക ലേക്കു നോക്കുക.

“അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവ രുടെ മുഖം ലജ്ജിച്ചുപോയതുമില്ല.” നോക്കുക, ലജ്ജ മാറും, അപമാനം മാറും. ക്രിസ്തുവിലേക്കു നോക്കുക. നമ്മുടെ പ്രയാസങ്ങൾ മാറും. നമ്മുടെ കഷ്ടപ്പാടുകൾ മാറും.

നാം മനുഷ്യരിലേക്കു നോക്കുന്നു. നാം ലോകത്തി ലേക്കു നോക്കുന്നു. മറ്റു മനുഷ്യരുടെ അഭിപ്രായങ്ങളിലേക്കു നോക്കുന്നു. മറ്റു മനുഷ്യരുടെ പ്രീതിയിലേക്കു നോക്കുന്നു. ക്രിസ്തുവിലേക്കു നോക്കുക. എനിക്ക് ആശ്രയിക്കാൻ കൊള്ളാവുന്നത് ക്രിസ്തു മാത്രം എന്നുറയ്ക്കുക.

പത്രോസ് താഴാൻ തുടങ്ങി. കഴുത്തറ്റം വെള്ളത്തിൽ ആയിക്കഴിഞ്ഞു. അപ്പോൾ പത്രോസ് ഇരുകരവും ഉയർത്തി ക്കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. അയ്യോ, ഞാൻ താണുപോകുന്നല്ലോ. ഉടനെ കർത്താവ് കൈ നീട്ടി അവനെ പിടിച്ചു. ശീമോൻ പത്രോസിനെ കർത്താവ് കൈക്കു പിടിച്ച് പടകിനകത്താക്കി.

നിങ്ങളുടെ ജീവിതത്തിൽ കർത്താവ് നിങ്ങളുടെ കൈക്കു പിടിച്ച് നിങ്ങളെ സുരക്ഷിത മേഖലയിലേക്ക് ആക്കു കയാണ്. നിങ്ങൾക്കത് സ്വീകരിക്കാം. സുരക്ഷിത സ്ഥാനമുണ്ട്. ഈ പടകിനുള്ളിൽ കർത്താവ് കൂടെയുണ്ട്. അവിടെയാണ് സുരക്ഷിത സ്ഥാനം. യേശു ഉള്ളേടമാണ് സുരക്ഷിത സ്ഥാനം. യേശു കൈയിൽ പിടിക്കുകയാണ്. മോനേ, നീ ചില പ്രശ്ന ങ്ങളിൽ താണുതാണു പോകുകയാണ്. മോളേ, നീ ചില യാത നകളിൽ വീണു തളർന്നു കിടക്കുകയാണ്. യേശു കൈ നീട്ടി നിന്നെ പിടിക്കുന്നു.

കൈനീട്ടി പിടിച്ചുകൊണ്ട് കർത്താവ് നിന്നെ പടകിനു ള്ളിലാക്കുന്നു. രക്ഷാസങ്കേതത്തിൽ ആക്കുന്നു. എന്റെ

സഹോദരങ്ങളേ, ഇന്നു നിങ്ങൾ സുരക്ഷിത സ്ഥാനം കൈവശമാക്കണം.

നിങ്ങൾ നോക്കേണ്ടത് ക്രിസ്തുവിലേക്കാണ്. നിങ്ങൾ നോക്കേണ്ടത് രക്ഷകനിലേക്കാണ്. തന്റെ തിരുവിലാവു തുറന്നു തിരുരക്തം ഒഴുക്കുന്ന രക്ഷകനിലേക്ക് നിങ്ങൾ നോക്കുക. രക്ഷകനെ നിങ്ങൾ വിളിക്കുക. രക്ഷകനോട് നിങ്ങൾ പ്രാർത്ഥിക്കുക. യേശുവേ, ഞാനിതാ വരുന്നു. എന്നെ സ്വീകരിക്കണമേ.

കർത്താവേ, ഇതാ ഞാൻ വരുന്നു. നിന്റെ കരം എന്നെ പിടിക്കുന്നതിന് ഞാൻ ആശയോടെ നോക്കുന്നു. കർത്താവേ, ഞാൻ താണുതാണു പോകുന്നു. എനിക്ക് കരേറ്റമില്ലെന്ന് ഞാൻ വിചാരിക്കുന്നു. എനിക്ക് ഒരു ഭാവിയില്ലെന്നു ഞാൻ കരുതുന്നു. എന്റെ നല്ലകാലം പോയല്ലോ എന്നു ഞാൻ കരുതുന്നു.

എന്നാൽ മകനേ വിശ്വസിക്കുക. നിനക്ക് ഒരു നല്ല കാലമുണ്ട്. ഒരു ശോഭനമായ ഭാവിയുണ്ട്. ഇന്നത്തെ ദുരിതങ്ങൾ മാറുന്ന, ഇന്നത്തെ കഷ്ടതകൾ മാറുന്ന, ഇന്നത്തെ യാതനകളും വേദനകളും മാറുന്ന ഒരു നല്ലകാലം നിനക്കുണ്ട്. നിന്നെ സുരക്ഷിത സങ്കേതത്തിലാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു.

കർത്താവ് ഇതാ കരം നീട്ടുന്നു. യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളെ പിടിക്കുന്നു. നമുക്ക് സമർപ്പിക്കാം. യേശുവേ, ഞാൻ നിന്റെ വക. നാഥാ, തൃക്കരം നീട്ടി എന്നെ ഉയർത്തണമേ. എന്റെ ജീവിതത്തിലെ പരാജയങ്ങൾ മാറ്റണമേ. വന്നുപോയ പാപങ്ങളെല്ലാം നിന്റെ തങ്കച്ചോരയാൽ കഴുകിത്തരണമേ. എന്നെ പുതിയ സൃഷ്ടിയാക്കി മാറ്റണമേ, എന്നെ സ്വീകരിക്കണമേ.

## എട്ട്

ജോൺ രണ്ടാമൻ രാജാവ് പോർച്ചുഗീസ് ഭരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഏറെ നാളായുള്ള ഒരാഗ്രഹമായിരുന്നു, പോർച്ചുഗീസിൽനിന്ന് ആഫ്രിക്കയെ ചുറ്റി ഇന്ത്യയിലേക്ക് ഒരു വഴി കണ്ടെത്തണമെന്ന്. അതിന് നല്ലൊരു നാവികനെ അദ്ദേഹം അന്വേഷിച്ചു.

അന്ന് പായ്ക്കപ്പലേ ഉള്ളൂ. 1486-ൽ ബർത്തലോമിയോ ഡയസ്സ് എന്നു പറയുന്ന ആ നാവികൻ അതിനു തയ്യാറായി. അദ്ദേഹം പായ്ക്കപ്പലിൽ യാത്ര പുറപ്പെട്ടു. ദുരിതപൂർണ്ണമായ യാത്രയായിരുന്നു അത്. പതിനാറുദിവസം യാത്രചെയ്താണ് ആഫ്രിക്കയുടെ തെക്കെ അറ്റത്ത് എത്തിയത്. അറ്റ്ലാന്റിക് സമുദ്രത്തിൽക്കൂടി തെക്കോട്ടു യാത്രചെയ്ത് ആഫ്രിക്കയുടെ തെക്കെ അറ്റത്തുള്ള ഒരു മുനമ്പിൽ എത്തിച്ചേർന്നു.

അവിടെ ചെന്നപ്പോഴേക്കും വലിയ കോളിളക്കം. കൊടുങ്കാറ്റ് ആഞ്ഞാഞ്ഞു വീശുന്നു. തിരമാലകൾ തള്ളിത്തള്ളി കയറുന്നു. കടൽ കോളിളക്കത്തിൽപ്പെട്ടിരിക്കുന്നു. പായ്ക്കപ്പൽ എങ്ങനെ മുന്നോട്ടുപോകും? എന്നാൽ അദ്ദേഹം ആ കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ നിന്നുകൊണ്ട്, ഈ മുനമ്പ് കൊടുങ്കാറ്റുകളുടെ മുനമ്പാണ്, ഇവിടം കടന്നുപോകാൻ ആർക്കു സാധിക്കും? എന്നു ചിന്തിച്ചു. അദ്ദേഹം വിഷാദമഗ്നനായി വേദനിച്ചു നിന്നു. ഭാഗ്യവശാൽ അദ്ദേഹം ഇപ്പുറം കടന്ന് ഇന്ത്യയിലെത്തി. അതിനെ തുടർന്ന് പോർച്ചുഗൽ രാജാവ് ജോൺ രണ്ടാമൻ ആ മുനമ്പിന് The Cape of Storms എന്നു പേരിട്ടു. പിന്നീട് ആ ഭാഗത്തുകൂടി യാത്രചെയ്യുന്ന അനേകം കപ്പലുകൾ അവിടെ

തകർന്നടിഞ്ഞു.

ഒരു ദിവസം മറ്റൊരു കപ്പൽ അതിലെ പോകുമ്പോൾ കൊടുങ്കാറ്റിൽ ആടി ഉലഞ്ഞു. മുന്നോട്ട് ഒരു ഗതിയുമില്ലാതെ വിഷമിച്ചു. നടുക്കടലിൽ മുങ്ങിപ്പോകുമെന്ന് ഉറപ്പായി. അവിടെയുള്ള പ്രയാസങ്ങളും പ്രശ്നങ്ങളും കോളിളക്കങ്ങളുമെല്ലാം കണ്ട് മരിക്കുന്നതിനുമുമ്പായി രക്ഷപ്പെടാൻ വേണ്ടി കപ്പിത്താൻ പറഞ്ഞു: നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കുക. ദൈവത്തിനു മാത്രമേ നിങ്ങളെ രക്ഷിക്കാൻ കഴിയൂ. എല്ലാവരും മുറവിളി കൂട്ടുകയാണ്. അപ്പോൾ യാത്രക്കാരിൽ ഒരാളായ ഒരു സ്ത്രീയുടെ കൈയിൽനിന്ന് അവരുടെ പിഞ്ചു കുഞ്ഞിനെ ക്യാപ്റ്റൻ കൈയിൽ എടുത്തിട്ട് ആ കുഞ്ഞിനെ ഉയർത്തിപ്പിടിച്ചു.

ദൈവമേ, ഞങ്ങൾ എല്ലാവരും പാപികളാണ്. ഞങ്ങൾ എല്ലാവരും ഈ കൊടുങ്കാറ്റിൽപ്പെട്ടു മരിക്കാൻ അർഹരാണ്. എന്നാൽ കർത്താവേ, ഈ കുഞ്ഞ് പാപം ഒന്നും ചെയ്തിട്ടില്ലല്ലോ. കർത്താവേ, ഈ പിഞ്ചുകുഞ്ഞിനെ ഓർത്തെങ്കിലും കൊടുങ്കാറ്റ് ശാന്തമാക്കിത്തരണമേ. അവർ പ്രാർത്ഥിച്ചു.

അത്ഭുതം! പെട്ടെന്ന് കൊടുങ്കാറ്റ് നിലച്ചു. സമുദ്രത്തിന്റെ കോളിളക്കങ്ങൾ എല്ലാം നിലച്ചു. സമാധാനമായി അവർ യാത്ര ചെയ്തു പോയി. പോർച്ചുഗൽ രാജാവ് അതിനുശേഷം 'Cape of Storms' എന്നുള്ളത് തിരുത്തി എഴുതി, 'Cape of Good Hope' എന്നാക്കി. പ്രത്യാശയുടെ മുനമ്പ്! ആഫ്രിക്കയുടെ തെക്കേ അറ്റത്തുള്ള മുനമ്പിന് 'Good Hope' എന്നു പേരു വരാൻ കാരണം അതാണ്.

പ്രിയമുള്ളവരേ, നിങ്ങളിൽ പലരും കൊടുങ്കാറ്റുകളുടെ മുനമ്പുകളിലാണ്. ഉള്ളിൽ തിക്കിത്തിരക്കി വരുന്ന കൊടുങ്കാറ്റുകൾ നിങ്ങളെ വലയം ചെയ്യുന്നുണ്ട്. അനേകമനേകം പ്രശ്നങ്ങൾ! ഊരാക്കുരുക്കുകൾ! യാതനകളും വേദനകളും രോഗങ്ങളും കഷ്ടതകളും നഷ്ടങ്ങളും എന്തെല്ലാം! ഉള്ളിൽ കൊടു

ങ്കാറ്റ്! പുറമേ ശാന്തമാണ്. പുറമേ വർത്തമാനം പറയുന്നുണ്ട്. സാക്ഷ്യം പറയുന്നുണ്ട്. പുറമേ നോക്കിയാൽ ഒന്നും കാണാനില്ല. പക്ഷേ, അകത്ത് കൊടുങ്കാറ്റ്. കൊടുങ്കാറ്റുകളുടെ മുനമ്പ്! ഇന്ന് അത് തിരുത്തിക്കുറിക്കണം.

Cape of Good Hope! നല്ല പ്രത്യാശയുടെ മുനമ്പ്! നിങ്ങൾക്ക് ഈ പ്രത്യാശ തരാൻ കർത്താവായ യേശുക്രിസ്തു ആഗ്രഹിക്കുന്നു. യേശുക്രിസ്തു തരുന്ന പ്രത്യാശ, യേശുക്രിസ്തു തരുന്ന സമാധാനം, യേശുക്രിസ്തു തരുന്ന സന്തോഷം നിങ്ങൾ ഇന്ന് അനുഭവിക്കാൻ കർത്താവ് ആഗ്രഹിക്കുന്നു. പ്രത്യാശയുടെ മുനമ്പിന്റെ ആശ്വാസം ഉൾക്കൊള്ളാൻ കർത്താവ് ആഗ്രഹിക്കുന്നു.

> *"അവൻ ഉയരത്തിൽ നിന്ന് കൈ നീട്ടി എന്നെ പിടിച്ചു, പെരുവെള്ളത്തിൽ നിന്ന് എന്നെ വലിച്ചെടുത്തു. ബലമുള്ള ശത്രുവിന്റെ കൈയിൽ നിന്നും എന്നെ പകച്ചവരുടെ പക്കൽനിന്നും അവൻ എന്നെ വിടുവിച്ചു."* *സങ്കീർത്തനങ്ങൾ 18 :16, 17*

ഉയരത്തിൽ നിന്നു കൈനീട്ടി പിടിക്കുന്ന ഒരു ദൈവം! അത്യുന്നതങ്ങളിൽനിന്ന് ഭൂമിയിലേക്കു കൈ നീട്ടി സാധുവായ മനുഷ്യനെ പിടിക്കുന്ന ദൈവം! നിസ്സാരനായ മനുഷ്യനെ സ്നേഹിച്ച് കരുണയോടെ അവനെ അലങ്കോലങ്ങളിൽനിന്നും കോളിളക്കങ്ങളിൽനിന്നും വിടുവിക്കുന്ന ക്രിസ്തു! വിശ്വസിക്കുക; ഈ വചനത്തിലൂടെ ഒരാശ്വാസം, ഒരു കുളിർകാറ്റ് ലഭിക്കുന്നത് നിങ്ങൾക്കനുഭവിക്കാം.

ദാവീദ് രാജാവ് പറയുകയാണ്: "അവൻ ഉയരത്തിൽ നിന്നു കൈനീട്ടി എന്നെ പിടിച്ചു." ദാവീദിനെ ഉയരത്തിൽ നിന്നു കൈനീട്ടി പിടിച്ചു. ബലമുള്ള ശത്രുവിന്റെ കൈയിൽ നിന്നു വിടുവിച്ചു. തീർന്നുപോകുമായിരുന്നു. ശത്രുവിന്റെ വെട്ടേറ്റു വീഴുമായിരുന്നു. ശത്രു ദാവീദിനെ തകർക്കുമായിരുന്നു. എന്നാൽ ബലമുള്ള ശത്രുവിന്റെ കൈയിൽ നിന്നും തന്നെ

പകച്ചവരുടെ പക്കൽ നിന്നും ദൈവം വിടുവിച്ചു.

ദാവീദിനെ ദൈവം പിടിച്ചു. ആമോസിനെ ദൈവം പിടിച്ചു.

*“ഞാൻ പ്രവാചകനല്ല, പ്രവാചകശിഷ്യനുമല്ല, ഇടയനും കാട്ടത്തിപ്പഴം പെറുക്കുന്നവനും അത്രേ. ഞാൻ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ യഹോവ എന്നെ പിടിച്ചു: നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോടു പ്രവചിക്ക എന്ന് യഹോവ എന്നോട് കല്പിച്ചു എന്നു ഉത്തരം പറഞ്ഞു.” ആമോസ് 7 : 14, 15*

ദൈവം എന്നെ പിടിച്ചു, ദൈവത്തിന്റെ ശുശ്രൂഷ ഭരമേല്പിച്ചു. ഞാൻ ഒരു സാധാരണ പാവപ്പെട്ടവനായിട്ട് തൊഴിൽ ചെയ്തു ജീവിക്കുമ്പോൾ ദൈവം വന്നു എന്നെ പിടിച്ചു. ഞാൻ ആടിനെ നോക്കിക്കൊണ്ട് കാടുകളിൽ കൂടി നടക്കുമ്പോൾ യഹോവയായ ദൈവം എന്നെ പിടിച്ചു. നീ ചെന്ന് എന്റെ ജനമായ യിസ്രായേലിനോട് പ്രവചിക്ക എന്നു കല്പിച്ചു. ദൈവം വചനശുശ്രൂഷ ഭരമേല്പിക്കുന്നു.

അബ്രാഹാമിന്റെ സഹോദരപുത്രനായ ലോത്തിനെ ദൈവം പിടിച്ചു. സോദോം ഗൊമോറയിൽനിന്നു വിടുവിക്കുന്നതിനുവേണ്ടി ദൂതന്മാർ അവിടെ വന്നു. ദൈവദൂതന്മാർ അന്ന് ലോത്തിന്റെ ഭവനത്തിൽ താമസിച്ചു. അതിനുശേഷം പിറ്റേന്നു രാവിലെ പറഞ്ഞു: ഈ നാടു മുടിയാൻ പോകുന്നു. സോദോം ഗൊമോറ നശിക്കാൻ പോകുന്നു. അഗ്നിയും ഗന്ധകവും ഇറങ്ങി ഈ ദേശം നശിക്കും. അതിനുമുമ്പ് നിങ്ങൾ വേഗം ഓടി പൊയ്ക്കൊൾവിൻ.

ലോത്തും രണ്ടു മക്കളും താമസിച്ചപ്പോൾ ദൂതന്മാർ അവരെ കൈക്കു പിടിച്ചു നഗരവാതിലിനു പുറത്താക്കി പർവ്വതങ്ങളിലേക്ക് ഓടിപ്പോക എന്നു കല്പിച്ചു.

ദൈവം നമ്മെയും പിടിക്കുന്നു. ഓരോ സമയത്തായി

ദൈവം നമ്മെ പിടിക്കുകയാണ്. ആ ഒരു ദൈവിക സ്നേഹ ത്തിന്റെ സ്പർശനമുള്ളതുകൊണ്ടാണ് നിങ്ങൾക്ക് ഈ വചനം വായിക്കാൻ തോന്നുന്നത്. ക്രിസ്തുവിന്റെ കര സ്പർശം!

*“യേശു ഉടനെ കൈനീട്ടി അവനെ പിടിച്ചു.”*
*മത്തായി 14 : 31*

വെള്ളം തെറുത്ത് ഉയരുകയാണ്. തിരമാലകൾ ആഞ്ഞു തിമിർത്ത് ആടുകയാണ്. പടക് ആടി ഉലയുകയാണ്. ശിഷ്യ ന്മാർ എല്ലാവരും ഉണ്ട്. അവർ തണ്ടു വലിച്ചു വലയുകയാണ്. യേശു വെള്ളത്തിന്മേൽ നടന്ന് അവരുടെ അടുക്കൽ എത്തി. ദൈവത്തിന്ന് അസാധ്യമായിട്ട് ഒന്നുമില്ല.

തന്റെ മക്കൾ വലയുന്നത് കണ്ടാൽ, തന്റെ പ്രിയപ്പെട്ടവർ വലയുന്നതു കണ്ടാൽ, താൻ തിരഞ്ഞെടുത്തവർ വലയുന്നത് കണ്ടാൽ അവിടുന്ന് അടങ്ങിയിരിക്കയില്ല. അവിടുന്ന് പെരു വെള്ളത്തിന്മീതെ ചാടി ഇറങ്ങും. പെരുവെള്ളത്തിൽക്കൂടി നട ക്കും. പ്രകൃതിക്ഷോഭങ്ങൾ ഒരിക്കലും യേശുവിന് തടസ്സമാക യില്ല. കൊടുങ്കാറ്റ് യേശുവിനു തടസ്സമാകയില്ല. സകലത്തി ന്റേയും ഉടയവനാണ് യേശു.

കൊടുങ്കാറ്റുകൾ നമ്മുടെ ജീവിതത്തിൽ ആഞ്ഞടിക്കു ന്നുണ്ട്. നിങ്ങൾ വിശ്വസിക്കുക. യേശു നടന്ന് അടുത്തുവരും. വിളിച്ചാൽ വിളി കേൾക്കുന്ന ദൈവം! എന്റെ കർത്താവേ, എന്ന് ഉള്ളം തൊട്ടു പറയുമ്പോൾ, എന്റെ യേശുവേ, എനിക്കു വേറെ രക്ഷയില്ലല്ലോ എന്നു പറയുമ്പോൾ, ഞാൻ തകർന്നു പോകുന്നല്ലോ എന്നു പറയുമ്പോൾ ഇറങ്ങിവന്ന് നമ്മെ കയറി പിടിക്കുന്നവനാണ് യേശു. ഈ പ്രകൃതിയിലെ യാതൊരു തട സ്സങ്ങളും കർത്താവിന് തടസ്സമായി തോന്നുകയില്ല. യേശു നിങ്ങളുടെ അരികിലേക്കു വരും.

അന്ന് യേശു വെള്ളത്തിന്മേൽ നടന്നു വരുന്നതു കണ്ട പ്പോൾ ആദ്യം അത് ഭൂതമാണെന്ന് അവർക്കു തോന്നിപ്പോയി.

കാരണം യേശുവിനെ തിരിച്ചറിയാതവണ്ണം അവരുടെ ഹൃദയത്തിൽ ഒരു ആലസ്യം വന്നു; നിരാശ വന്നു. ഈ നടുക്കടലിൽ നമ്മുടെ ജീവിതം അവസാനിക്കുകയേയുള്ളൂ എന്നവർ ചിന്തിച്ചു. അവരുടെ ഉള്ളിൽ നിരാശയും പരിഭ്രമവും ഉള്ളതുകൊണ്ട് അവരുടെ മുമ്പിൽ വന്ന യേശുവിനെ അവർക്കു തിരിച്ചറിയാൻ ആദ്യം സാധിച്ചില്ല.

നിങ്ങളുടെ ഉള്ളിൽ കടുത്ത നിരാശയുണ്ടെങ്കിൽ നിങ്ങളുടെ അരികത്തു വന്ന് നിൽക്കുന്ന യേശുവിനെ തിരിച്ചറിയാൻ സാധിക്കുകയില്ല. യേശു വരുന്നുണ്ട്, യേശു അരികത്തു തന്നെ ഉണ്ട്, പക്ഷേ, നാം അത് തിരിച്ചറിയുകയില്ല. ഭാഗ്യവശാൽ അന്നു ശിഷ്യന്മാർ യേശുവിനെ തിരിച്ചറിഞ്ഞു. ആദ്യം ഭയന്നു, ആദ്യം സംശയിച്ചു പക്ഷേ, അവർ യേശുവിനെ തിരിച്ചറിഞ്ഞു.

യേശു ആണെന്നറിഞ്ഞപ്പോൾ പത്രോസ് പറഞ്ഞു: ഞാനും ഇറങ്ങിവരട്ടെ. എനിക്കും നീ നടക്കുന്നതുപോലെ ഒന്നു നടക്കണമല്ലോ.

സഹോദരങ്ങളേ, ആത്മീയജീവിതത്തിന്റെ മർമ്മം അതു മാത്രമാണ്. യേശു നടന്നതുപോലെ നടക്കുക. യേശു നടന്നതുപോലെ നടന്നാൽ നിങ്ങൾക്ക് ജയിച്ചു മുന്നേറാം. യേശുവിന്റെ സ്വഭാവമാകും, യേശുവിന്റെ സ്നേഹമാകും, യേശുവിലുള്ള വിശ്വാസമാകും, യേശുക്രിസ്തു നടന്നതുപോലെ നടക്കുന്നു. യേശുക്രിസ്തു സംസാരിക്കുന്നതുപോലെ സംസാരിക്കുന്നു. യേശുവിന്റെ ഭാവം നമുക്കുണ്ടാകുന്നു.

പാപത്തിനുനേരെ കഠിനമായ കോപം. എന്നാൽ പാപം വിട്ടു മനം തിരിഞ്ഞവരുടെ നേരെ അത്യഗാധമായ സ്നേഹം. ഇതെല്ലാം നമുക്കു കിട്ടും. യേശു നടന്നതുപോലെ നടക്കണം എന്നു നാം വാഞ്ഛിക്കണം. കർത്താവേ, എനിക്കു നീ നടന്നതുപോലെ നടക്കണമല്ലോ.

“ദൈവത്തിൽനിന്നു ജനിച്ചവൻ അവൻ നടന്നതു

പോലെ നടക്കേണ്ടതാകുന്നു.” യേശുവിന്റെ മനസ്സുവേണം. എന്നും പ്രാർത്ഥിക്കണം: എനിക്ക് യേശുവിന്റെ മനസ്സു തരണമേ, യേശുവിന്റെ മനോഭാവം തരണമേ, യേശുവിന്റെ സ്നേഹം തരണമേ, യേശുവിന്റെ ഭാവം തരണമേ എന്ന്. നിങ്ങൾ അങ്ങനെ പ്രാർത്ഥിക്കുമ്പോൾ കേൾക്കുന്ന ഒരു ദൈവം ഇല്ലേ? നിങ്ങൾ നല്ല കാര്യങ്ങൾ യാചിച്ചാൽ കർത്താവു തരും. സംശയിക്കണ്ട.

ശത്രുക്കളെ സ്നേഹിക്കുന്ന മനോഭാവം! ആരോടും പരാതി ഇല്ലാത്ത മനോഭാവം! എല്ലാവരേയും നിഷ്ക്കളങ്കമായി സ്നേഹിക്കുന്ന മനോഭാവം! തെറ്റിനെ കണ്ടാൽ തെറ്റ്, എന്ന് പറയുവാനുള്ള മനോഭാവം. നന്മയെ കണ്ടാൽ സന്തോഷിച്ച്, ആനന്ദിച്ച്, അഭിനന്ദിക്കുന്ന സ്വഭാവം. ശത്രുക്കൾ ആരുമില്ല. നമ്മെ ദ്രോഹിച്ചവരുണ്ടാകും. പക്ഷേ, അവർ നമ്മെ ദ്രോഹിച്ചതായിട്ട് തോന്നുകയില്ല. കാരണം നാം യേശുവിന്റെ മനസ്സുള്ളവരായിത്തീർന്നു.

യേശു വന്ന് പടകിൽ കയറി. താണുകൊണ്ടിരുന്ന പത്രോസിനെ പിടിച്ച് പടകിന്നകത്താക്കി. യേശു അത്ഭുതം ചെയ്തു. പിന്നീട് നാം കാണുന്നത് യേശു കാറ്റിനേയും കടലിനേയും ശാസിച്ചു.

> *“യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു: അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു എന്നു പറഞ്ഞു. അവർ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു. പടകിലുള്ളവർ: നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞ് അവനെ നമസ്ക്കരിച്ചു.”*
>
> *മത്തായി 14 : 31 – 33*

പത്രോസിന്റെ കൈക്കു പിടിച്ചു കർത്താവ് പടകിലാക്കി. യേശു പടകിൽ കയറിയ ഉടനെ കാറ്റ് അടങ്ങി. കടൽ നിശ്ചലമായി. കൊടുങ്കാറ്റില്ല. പെട്ടെന്ന് പടക് നേരെയായി. നിങ്ങളുടെ ജീവിതത്തിലേക്ക് യേശു വന്നാൽ കൊടുങ്കാറ്റുകൾ അടങ്ങും.

യേശു വന്നാൽ നിങ്ങളുടെ ജീവിതത്തിലെ ക്ഷോഭങ്ങൾ അടങ്ങും. നിങ്ങളുടെ പണത്തോടുള്ള ആസക്തി അടങ്ങും.

യേശു അകത്തു വന്നാൽ നിങ്ങളുടെ ഹൃദയത്തിൽ കോളിളക്കം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചില അശുദ്ധവികാരങ്ങൾ പോകും. നിങ്ങളെ വിഷമിപ്പിക്കുന്ന ചില പാപപ്രവണതകൾ മാറിപ്പോകും. യേശു പടകിൽ കയറി, ഉടനെ കാറ്റ് നിശ്ചലമായി. കടൽ ശാന്തമായി. പടക് നേരെ ആയി.

ഇന്ന് അനേകമാളുകൾ പ്രകൃതിയെ നോക്കി പേടിച്ചിരിക്കുകയാണ്. ചിലർ രാഹുദശ, കേതുദശ, ശനിദശ എന്നൊക്കെയുള്ള ദശാന്ത്യങ്ങൾ ജ്യോതിഷത്തിൽ കണ്ട് ഭയപ്പെടുന്നവരാണ്. ആരോ എന്റെ മോന് കൈവിഷം കൊടുത്തതുകൊണ്ടാണ് അവന് പഠിക്കാൻ കഴിവില്ലാതായിത്തീർന്നത് എന്ന് പറയുന്നു. എന്തുചെയ്യും എന്നോർത്തു വിഷമിക്കുന്നു. എനിക്ക് ഇത്രയും വലിയ കടം വരാൻ കാരണം എന്റെ കൂട്ടത്തിലുള്ള ആൾ മന്ത്രവാദം ചെയ്തതാണ്, എന്തുചെയ്യും എന്നൊക്കെ ചിന്തിക്കുന്നവരുണ്ട്. യഥാർത്ഥ ക്രിസ്ത്യാനികളെ സംബന്ധിച്ച് അതെല്ലാം ശുദ്ധ അസംബന്ധമാണ്.

യേശുക്രിസ്തു നിങ്ങളുടെ ഉള്ളിൽ ഉണ്ടെങ്കിൽ ഒരു ശക്തിക്കും നിങ്ങളെ തൊടാൻ സാധിക്കയില്ല. യേശുക്രിസ്തു നിങ്ങളുടെ ഉള്ളിലുണ്ടെങ്കിൽ ഒരു ശനിദശയുടെ അപഹാരകാലമോ കേതുദശയോ രാഹുദശയോ നിങ്ങളെ തൊടുകയില്ല. ഒരു ദശാന്തിദോഷവും നിങ്ങൾക്കു സംഭവിക്കുകയില്ല.

യേശുക്രിസ്തു എന്റെ ഹൃദയത്തിൽ ഉണ്ടായിരിക്കണം. യേശുക്രിസ്തു എന്റെ ജീവിതത്തിൽ ഉണ്ടായിരിക്കണം. യേശുക്രിസ്തു എന്നോട് ചേർന്നുണ്ടായിരിക്കണം. യേശുക്രിസ്തു എന്റെ ഉള്ളിൽ ഉണ്ട്. ഒരു ശക്തിക്കും എന്നെ തൊടാൻ സാധിക്കുകയില്ല.

“പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരു

ന്നു.” നിങ്ങൾക്ക് ഒരു ദോഷവും സംഭവിക്കുകയില്ല; ശത്രുക്കളുണ്ട്, പിശാചുക്കളുണ്ട്, ദുരാത്മാക്കളുണ്ട്, ഭൂതപ്രേത പിശാചുക്കൾ ഉണ്ട്, സാത്താന്റെ കിങ്കരന്മാരെല്ലാവരും ഉണ്ട്, നിങ്ങളെ വീഴിക്കാനും നശിപ്പിക്കാനും ചുറ്റി നടക്കുന്ന സാത്താനുണ്ട്.

പിശാച് മൂന്നു വിധത്തിലാണ് മനുഷ്യനെ ആക്രമിക്കാൻ വരുന്നത്.

1. അലറുന്ന സിംഹം പോലെ.

അപ്പൊസ്തലനായ പത്രോസ് പറയും:

*“ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്നു തിരഞ്ഞ് ചുറ്റിനടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന്നു ആ വക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോട് എതിർത്തു നില്പിൻ.”* *1 പത്രോസ് 5 : 8, 9*

ചുറ്റിത്തിരഞ്ഞ് നടക്കുകയാണ്; അരുതാത്ത ചിന്ത കൊണ്ടുവരുന്നു. അരുതാത്ത മോഹം കൊണ്ടുവരുന്നു. അരുതാത്ത ആഗ്രഹങ്ങൾ കൊണ്ടുവരുന്നു. ഹൃദയത്തിൽ ഒരിക്കലും വരാൻ പാടില്ലാത്ത കലഹസ്വഭാവം കൊണ്ടുവരുന്നു. വീട്ടിൽ കലഹമുണ്ടാക്കുന്നു. വീട്ടിൽ ഭാര്യയും ഭർത്താവും തമ്മിൽ ഇണക്കക്കുറവു വരുന്നു. അഭിപ്രായ വ്യത്യാസം വരുന്നു. മക്കൾ ലോകത്തിന്റെ വെറിക്കൂത്തുകൾക്കനുസരിച്ച് നടക്കുന്നു. മക്കൾ അവരുടെ ജീവിതം നശിക്കുന്നത് അറിയുന്നില്ല. ചിലർ അരുതാത്ത ബന്ധങ്ങളിലേക്കു പോകുന്നു. എല്ലാറ്റിന്റെയും പിന്നിൽ പിശാചാണ്. കാരണം, അവൻ അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടൂ എന്നു ചുറ്റിത്തിരഞ്ഞ് നടക്കുന്നു.

2. അവൻ വെളിച്ച മാലാഖയുടെ വേഷത്തിൽ വരും.

*"സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ." 2 കൊരിന്ത്യർ 11 : 14*

ആത്മീയമായ രീതിയിൽ തന്നെ നിങ്ങളെ സമീപിക്കും. ആത്മീയമായ പ്രസംഗങ്ങൾ ഉണ്ടാകും. വേദപുസ്തകത്തിലെ വാക്യങ്ങൾ ഉണ്ടാകും. അവൻ വേദവാക്യങ്ങൾ ഉദ്ധരിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കും. പക്ഷേ പിശാച് വഞ്ചിക്കുകയാണ്. പിശാച് തന്ത്രപൂർവ്വം നിങ്ങളെ കെണിയിൽപ്പെടുത്തുകയാണ്. കാരണം പിശാചിനറിയാം ഇവനെ എങ്ങനെ വീഴിക്കണമെന്ന്. അലറുന്ന സിംഹംപോലെ വന്നിട്ടും കുലുങ്ങാത്തവൻ ആത്മീയത്തിന്റെ വേഷഭക്തിയിൽ വരുമ്പോൾ കുലുങ്ങിപ്പോകുന്നു; വീണുപോകുന്നു. മാലാഖയുടെ രൂപത്തിലാണ് വരുന്നത്. നല്ല കാര്യം, നല്ല ഉപദേശം.

സാധുജനസംരക്ഷണമുണ്ട്. അനേകർക്ക് ആഹാരം കൊടുക്കുന്നുണ്ട്. അനേകർക്കു വീടു വച്ചുകൊടുക്കുന്നുണ്ട്. അനേകം നല്ല കാര്യങ്ങൾ! കൊള്ളാമല്ലോ, നല്ലത്. വെളിച്ചദൂതന്റെ രൂപത്തിൽ വന്ന് നിങ്ങളുടെ ആത്മീയം നശിപ്പിക്കും. നിങ്ങളെ തകർത്തുകളയും. പാവപ്പെട്ട ആളുകൾ ഒന്നും അറിയാതെ ഈയാംപാറ്റ തീയിലേക്കു വന്നു വീഴുന്നതുപോലെ നരകത്തീയിൽ വീഴുന്നു.

നിങ്ങൾ കൂട്ടായ്മയിൽ വരുന്നവരായതുകൊണ്ട് കൂട്ടായ്മയെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ട് ചില ചെറുപ്പക്കാർ പെൺകുട്ടിയുടെ അടുക്കൽ ആകർഷിക്കാനായി വരും. ഞാനും കൂട്ടായ്മയിലുള്ള ആളാണ്. ഞാനും നല്ല ആത്മീയമുള്ള ആളാണ്. ഞാൻ ആത്മീയ കാര്യങ്ങളിൽ ശുഷ്ക്കാന്തി ഉള്ളവനാണ് എന്നെല്ലാം പറഞ്ഞ് നിങ്ങളുടെ ആത്മീയത്തെ അഭിനന്ദിച്ചു പറഞ്ഞ് തന്ത്രപൂർവ്വം നിങ്ങളെ വശീകരിക്കാൻ വരും. യോഗത്തിനു വരുന്നവർ എല്ലാവരും ആത്മീയരൊന്നുമല്ല. വേറെ ഉദ്ദേശത്തോടെ വരുന്നവരുണ്ട്. ഞാനും

യോഗത്തിനു വരുന്നവനാണ് എന്നു കാണിക്കാൻ വേണ്ടി വരുന്നവരുണ്ട്. കെണിയിൽ വീണുപോകരുത്. പിശാച് മാലാഖയുടെ രൂപത്തിൽ വരും.

3. പിശാച് വരുന്നത് ഉപായം കൊണ്ടാണ്.

ചില സൂത്രങ്ങൾ അവന്റെ കൈവശമുണ്ട്.

*"സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു." 2 കൊരിന്ത്യർ 11 : 3*

പിശാച് ഉപായരൂപേണ വരും. ഓർക്കുക. അപകടം പതിയിരിക്കുന്നു. നിങ്ങളുടെ ജീവിതത്തിൽ പിശാച് എങ്ങനെയെല്ലാമാണ് വരുന്നത് എന്നറിയുന്നില്ല. പക്ഷേ, യേശുക്രിസ്തുവിൽ നീ ചാരി നിന്നാൽ, യേശുക്രിസ്തുവിനോട് നീ ചേർന്നു നിന്നാൽ, യേശു ക്രിസ്തുവിൽ നീ ആശ്രയിച്ചു നിന്നാൽ നിനക്ക് ഇതെല്ലാം വരുമ്പോൾ തന്നെ മനസ്സിലാകും. നീ അതിൽ നിന്നെല്ലാം മാറിപ്പോകും. സാത്താന് തൊടുവാൻ സാധിക്കുകയില്ല.

തിരുവചനത്തിൽ പറയും: "എന്റെ കൈയിൽനിന്ന് അവയെ പിടിച്ചു പറിപ്പാൻ ആർക്കും കഴിയുകയില്ല" എന്ന്. തനിയെ വേണമെങ്കിൽ ഇറങ്ങിപ്പോകാം. നമുക്കു ദൈവം സ്വതന്ത്രബുദ്ധി തന്നിട്ടുണ്ട്. ആരും തടയുകയില്ല. തന്നെയുമല്ല, ആരുപിടിച്ചാലും കിട്ടാത്ത രീതിയിൽ നമുക്കു കർത്താവിന്റെ തിരുമാറിൽ ചേർന്നിരിക്കാം. ശത്രുവിനു തൊടാൻ സാധിക്കുകയില്ല. എപ്പോഴും ഒരു ദൈവാശ്രയം വേണം.

എന്റെ ദൈവമേ, എന്നൊരു വിളിവേണം. ഏതുരംഗത്തു ചെന്നാലും, ലോകപരമായ രംഗത്തായാലും, കോളേജിൽ ആയാലും, സ്കൂളിലായാലും, വ്യവസായ വാണിജ്യ രംഗങ്ങളിലായാലും നമ്മുടെ ഉള്ളിൽ ഒരു തീ കത്തിക്കൊണ്ടിരി

ക്കണം. എന്റെ യേശു, യേശുവിന്റെ തിരുരക്തം, ഇതു നിങ്ങ ളുടെ ഹൃദയത്തിലുണ്ടെങ്കിൽ ഒരു ശത്രുവിനും നിങ്ങളെ തൊടാൻ സാധിക്കുകയില്ല.

കൊടുങ്കാറ്റുകളെല്ലാം ശാന്തമാക്കി യേശുക്രിസ്തു നിങ്ങളുടെ അരികത്തേക്കു വന്നിട്ടുണ്ട്. യേശുക്രിസ്തു നിങ്ങളെ സമീപിക്കുന്നുണ്ട്. യേശുക്രിസ്തുവിന്റെ തൃക്കരം നിങ്ങളുടെ നേരെ നീട്ടുന്നുണ്ട്. ഉയരത്തിൽനിന്നു കൈനീട്ടി നിങ്ങളെ പിടിക്കുവാൻ കർത്താവ് തന്റെ കരം നീട്ടുന്നുണ്ട്. സകല പ്രകൃതിശക്തികളേയും സൃഷ്ടിച്ചവനായ ദൈവം, കൊടുങ്കാറ്റുകളെ മെനഞ്ഞവനായ ദൈവം, അന്ധകാരശക്തി കളെ നിങ്ങളുടെ ജീവിതത്തിൽനിന്നു മാറ്റിത്തരും. നിങ്ങളുടെ കുടുംബത്തിലുള്ള ശാപങ്ങളെ മാറ്റുവാൻ അവന് തിരുമന സ്സാണ്. നിങ്ങളുടെ മേലുള്ള സകല പാപങ്ങളും ശാപങ്ങളും മാറ്റുവാൻ കർത്താവിനു മനസ്സാണ്.

ഏതു കൊടുംക്രൂരപാതകം ചെയ്തവനും ഇന്നു രക്ഷ യുണ്ട്. എന്റെ യേശുവേ, എന്നെ രക്ഷിക്കണമേ. ഞാൻ ഈ വെള്ളത്തിൽ താണുതാണുപോകുന്നല്ലോ; എനിക്ക് നീ നട ക്കുന്നതുപോലെ നടക്കണം എന്ന ഉദ്ദേശമേ ഉണ്ടായിരുന്നു ള്ളൂ. പക്ഷേ, എന്റെ ഉദ്ദേശത്തിൽ പാകപ്പിഴ ഉണ്ടായല്ലോ. എന്റെ ശ്രദ്ധ മാറിപ്പോയല്ലോ. കർത്താവേ, ക്ഷമിക്കണമേ.

നിങ്ങൾ യേശുവിന്റെ നേരെ കൈനീട്ടിക്കൊണ്ടു പറയൂ. യേശുവേ, എന്നെ രക്ഷിക്കണമേ. യേശുവേ, എന്നോടു കനി യണമേ. യേശുവേ, തൃക്കരം എന്റെ നേരെ നീട്ടണമേ. കൈനീട്ടി എന്നെ പിടിക്കണമേ. നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ നോക്കി നെടുവീർപ്പിടാതെ, നിരാശപ്പെ ടാതെ രക്ഷകനിലേക്കു നോക്കൂ. സ്രഷ്ടാവിങ്കലേക്കു നോക്കൂ. സർവ്വവല്ലഭനായ കർത്താവായ യേശുവിങ്കലേക്കു നോക്കൂ. ശാപദോഷങ്ങളെല്ലാം മാറ്റുവാൻ, നിങ്ങളുടെ ജീവിതത്തിലെ പാപങ്ങൾ എല്ലാം മാറ്റുവാൻ യേശുരാജൻ നിങ്ങളുടെ അരി കത്തു വന്നു നിൽക്കുകയാണ്. യേശുവേ, ഈ പാവപ്പെട്ട

വന്റെ ഹൃദയത്തിലേക്കു വരണമേ. നാഥാ, നിന്റെ തൃക്കരം എന്റെ തലമേൽ വയ്ക്കണമേ.

കൊടുങ്കാറ്റുകളെ അവൻ ശാന്തമാക്കിത്തരും. നിങ്ങൾ എത്തേണ്ടിടത്ത് നിങ്ങളെ എത്തിക്കുകയും ചെയ്യും. അന്ന് നിമിഷങ്ങൾക്കകം പടക് എത്തേണ്ടിടത്ത് എത്തി. നടുക്കടലിൽനിന്ന് പത്തു നാഴിക ദൂരം പെട്ടെന്ന് കരയ്ക്കടുത്തു. എല്ലാം ദൈവത്തിന്റെ കൃപ!

ഇപ്പോൾ നിങ്ങൾ നിങ്ങളെത്തന്നെ താഴ്ത്തി ദൈവകരങ്ങളിലേക്ക് ഏല്പിക്കുക. ദൈവത്തോട് പറയുക. യേശുവേ, എന്റെ ഭാവി നിന്റെ കരങ്ങളിലേക്ക് തരുന്നു. എന്റെ ആയുസ്സ് നിന്നെ ഏല്പിക്കുന്നു. എന്നെ നിന്റെ ഒരു വിശുദ്ധനാക്കണമേ.

## ഒൻപത്

ഊഹിച്ചു യാത്ര ചെയ്യുക! അതൊരു അപകടകരമായ യാത്രയാണ്. കർത്താവ് കൂടെ കാണും, കാണാതിരിക്കയില്ല എന്നുള്ള മിഥ്യാധാരണയോടുകൂടി പോകുന്ന അനേകം വിശ്വാസികളുണ്ട്. ഒരിക്കൽ മാനസാന്തരപ്പെട്ടവരാണ്. ജീവിതത്തിൽ പ്രകടമായ പാപങ്ങൾ മാറ്റിയവരാണ്. എന്നാൽ കർത്താവ് എപ്പോഴോ നഷ്ടപ്പെട്ടു എന്നറിയാതെ, കർത്താവ് ഇപ്പോഴും ഹൃദയത്തിൽ വസിക്കുന്നുണ്ട് എന്ന ധാരണയിൽ മുന്നോട്ടു പോകുന്ന അനേകം വിശ്വാസികളുണ്ട്. ഒരു പുനഃപരിശോധന ആവശ്യമാണ്. ഒരു സ്വയം ശോധന ആവശ്യമാണ്.

ദാവീദ് ഒരിക്കൽ പറഞ്ഞു.

*"ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ."*

*സങ്കീർത്തനങ്ങൾ 139 : 23, 24*

ബിൽ എന്നൊരു ചെറുപ്പക്കാരനുണ്ടായിരുന്നു. അവൻ ഒരു വലിയ കമ്പനിയിൽ ജോലി ചെയ്യുകയാണ്. അദ്ദേഹം ഉത്തരവാദിത്വമുള്ള ഒരു ജോലിയാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഒരു ദിവസം അവൻ കമ്പനിയിലേക്ക് ഫോൺ വിളിച്ചു. Managing Director-റെ ആണ് വിളിച്ചത്. നിങ്ങളുടെ കമ്പനിയിൽ ഒരു ജോലിക്ക് ഒഴിവുണ്ട് എന്നു ഞാൻ കേൾക്കുന്നു. എന്നെ ആ ജോലിക്കു കൊള്ളാവുന്നവനാണോ

എന്നറിയാൻ എന്നെ interview നു വിളിക്കാമോ?

അപ്പോൾ Managing Director പറഞ്ഞു. ഇപ്പോൾ ഞങ്ങൾക്ക് അങ്ങനെ ഒരാളെ ആവശ്യമില്ല. ഞങ്ങളുടെ ഓഫീസിൽ നല്ല സമർത്ഥനായ ഒരു യുവാവുണ്ട്. അവൻ നല്ല കാര്യപ്രാപ്തി ഉള്ളവനാണ്. അവൻ ഉള്ളതുകൊണ്ട് ഞങ്ങൾക്ക് ജോലിക്കു വേറെ ആളെ ആവശ്യമില്ല എന്നു പറഞ്ഞു. എന്നിട്ടു പറഞ്ഞു നിങ്ങളുടെ സ്വരം എനിക്കു പരിചയമുള്ളതാണല്ലോ എന്ന്. ഉടനെ അവൻ പറഞ്ഞു: ഇതു ഞാനാണ് ബിൽ. ആ ഓഫീസ് മാനേജറായിട്ട് ഇരിക്കുന്നതു ഞാൻ തന്നെയാണ്.

എന്നെക്കുറിച്ച് ഇപ്പോൾ കമ്പനിയുടെ അഭിപ്രായം എന്താണ് എന്നറിയാനാണ് ഞാൻ വിളിച്ചത്. എന്നെത്തന്നെ വിലയിരുത്താൻ വേണ്ടിയാണ്. ഇത് ഭാവനാപരമായ ഒരു സംഭവമാണ്. നടന്നതായിരിക്കണമെന്നില്ല. പക്ഷേ ഒരു കാര്യമുണ്ട്. ഒരു പുനർ വിചാരണ നമുക്ക് ആവശ്യമാണ്. ഞാനിപ്പോൾ പോകുന്നത് ശരിയായ പാതയിലാണോ? ഇപ്പോഴത്തെ എന്റെ ലക്ഷ്യം ശരിയാണോ? ഇപ്പോഴത്തെ എന്റെ ജീവിതത്തിന്റെ ഒരുക്കം ശരിയായ രീതിയിലാണോ പോകുന്നത്? ക്രിസ്തു എന്റെ ഹൃദയത്തിൽ വസിക്കുന്നുണ്ടോ? ഊഹിച്ചു യാത്ര ചെയ്താൽ പോരല്ലോ. ഒരു പുന:പരിശോധന ആവശ്യമാണ്.

വ്യക്തമായ ഒരു ഉറപ്പു വേണം. ഇന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ കർത്താവ് വന്നാൽ ഞാൻ എടുക്കപ്പെടുമോ? ഞാൻ ആത്മാവിൽ പറന്നുയരുമോ? ഇന്നത്തെ എന്റെ ഹൃദയത്തിന്റെ അവസ്ഥ എന്താണ്?

യേശുക്രിസ്തു എന്റെ ഹൃദയത്തിൽ ഉണ്ട്, യേശുക്രിസ്തു എന്നെ നയിക്കുന്നുണ്ട്, യേശുക്രിസ്തു എന്നെ നടത്തുന്നുണ്ട്, ഞാൻ യേശുവിന്റെ വചനപ്രകാരം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്, ഒരണുവിൽ പോലും ഞാൻ തെറ്റുപറ്റാതെ നിൽക്കുകയാണ് എന്നുള്ള ഒരു പ്രാഗത്ഭ്യം

നിങ്ങൾക്കു വേണം. എങ്കിലേ നിങ്ങൾക്ക് കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ ചേർക്കപ്പെടുവാൻ സാധിക്കുകയുള്ളൂ. അതു മാത്രമല്ല, മരിക്കുമ്പോഴും ക്രിസ്തുവിന്റെ സന്നിധിയിലേക്കു പോകുന്നു എന്ന ഉറപ്പോടെ മരിക്കാൻ സാധിക്കുകയുള്ളൂ.

ഒരു പുന:പരിശോധന; വീണ്ടും ഒന്നുകൂടി ശോധന ചെയ്യുക. ഇടയ്ക്കിടക്ക് നാം ചിന്തിക്കണം. ഇന്ന് കർത്താവ് എന്നിൽ സന്തോഷിച്ചോ? ഞാൻ അവിടെ പോയി സംസാരിച്ചപ്പോൾ കർത്താവ് സന്തോഷിച്ചോ? എന്റെ ജീവിതത്തിൽ എല്ലാകാര്യങ്ങളിലും കർത്താവ് സന്തോഷിക്കുന്നുണ്ടോ? അങ്ങനെ നാം സ്വയം ശോധന ചെയ്യുമ്പോൾ പലതും പലതും നമുക്കു തെളിഞ്ഞു കിട്ടും.

നിത്യവ്യസനത്തിലേക്ക്, നിത്യയാതനയിലേക്ക്, നിത്യനാശത്തിലേക്കു പോകുന്ന എന്തെങ്കിലും എന്റെ ജീവിതത്തിൽ ഉണ്ടോ? ഉണ്ടെങ്കിൽ അതുമാറ്റി സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴിയിൽക്കൂടി നടത്തണമേ എന്നു നാം പ്രാർത്ഥിക്കണം.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ വരുന്ന അനേകംപേർ കർത്താവ് തൊട്ടവരാണ്. കർത്താവ് നമ്മെ വിശ്വസിച്ചു. കർത്താവ് നമ്മുടെ ഹൃദയത്തിലേക്ക് കടന്നുവന്നു. ഈ മകൻ എന്നോടു പറഞ്ഞ വാക്ക് അവൻ പാലിക്കും. എന്ന് കർത്താവു വിശ്വസിച്ചു. ഈ മകൾ എന്നോട് പറഞ്ഞ വാക്ക് അവൾ പാലിക്കും. ഈ നിസ്സാരരായ നമ്മെ വിശ്വസിച്ച് കർത്താവ് നമ്മുടെ ഹൃദയത്തിലേക്ക് കടന്നുവന്നു.

പക്ഷേ, കുറച്ചു കഴിഞ്ഞപ്പോൾ അവിടെയുള്ള തിന്മകൾ, ലോകമയത്വം പൂണ്ട ആഗ്രഹങ്ങൾ, ഭൗതിക സുഖ ഇമ്പങ്ങളിലേക്കുള്ള ചായ്വുകൾ, ജഡത്തിന്റെ ഉല്ലാസങ്ങൾക്കു വേണ്ടിയുള്ള ആഗ്രഹങ്ങൾ, ഹൃദയത്തിലുള്ള കയ്പ്പും ഇഷ്ടക്കുറവും മൂലം ഹൃദയത്തിന്റെ സന്തോഷം നഷ്ടപ്പെടുത്തുന്ന

കാര്യങ്ങൾ, ഇതൊക്കെ ആവുമ്പോൾ കർത്താവ് വീർപ്പുമുട്ടി നമ്മുടെ ഹൃദയത്തിൽ നിന്നും പുറത്തുപോകും. സന്തോഷത്തോടെയല്ല പോകുന്നത്. സങ്കടത്തോടെ, കണ്ണീരോടെ കരഞ്ഞുകൊണ്ട് കർത്താവ് പുറത്തേക്കു പോകും. അതോടുകൂടി നാം ആത്മാവിൽ മരിക്കുകയും ചെയ്യും. അതിന്റെ ഫലമായിട്ട് നിത്യയാതനയിലേക്ക് നാം പോകും; നിത്യമായ നരകാഗ്നിയിലേക്ക് നാം തള്ളപ്പെടും.

ഒരിക്കൽ മാനസാന്തരപ്പെട്ടവരുടെ കാര്യമാണിത്. കർത്താവ് തൊട്ടു. കർത്താവ് പിടിച്ചു. പക്ഷേ, നിലനിൽക്കുക എന്നുള്ളതാണ് ഏറ്റവും പ്രയാസമുള്ള കാര്യം. തുടങ്ങുക എന്നുള്ളത് വളരെ എളുപ്പമാണ്. അത് നിലനിർത്തുക എന്നുള്ളത് വളരെ പ്രയാസമാണ്.

*"ലഭിച്ചുകഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളൂ."*

*ഫിലിപ്യർ 3 : 12*

ക്രിസ്തു എന്നെ വന്നു പിടിച്ചു. ക്രിസ്തുവിനെ എതിർത്തും, ക്രിസ്തുവിന്റെ മക്കളെ ഉപദ്രവിച്ചും, നിഷ്ഠൂരതയോടെ, ഹൃദയ കാഠിന്യത്തോടെ, ക്രൂരമായി ദൈവമക്കളെ വേദനിപ്പിച്ചും ഉപദ്രവിച്ചും ജീവിച്ച ശൗൽ തന്റെ അനുഭവം പറയുകയാണ്. ഞാൻ പ്രതീക്ഷിക്കാത്ത സമയത്ത് എന്നെ യേശു വന്നു പിടിച്ചു; ഞാൻ യേശുവിന്റെ പിടിയിലായി.

നാം പ്രതീക്ഷിക്കാത്ത സമയത്താണ് യേശു വന്നു പിടിച്ചത്. എന്റെ പതിനേഴാമത്തെ വയസ്സിൽ യേശു വന്ന് എന്നെ പിടിച്ചു. ഞങ്ങളുടെ ഇടവകപ്പള്ളിയിൽ ഒരു ചെറിയ പ്രാർത്ഥനായോഗമുണ്ടായിരുന്നു. അവിടെ ഉണ്ടായിരുന്നവർ വലിയ ആത്മീയ തീക്ഷ്ണതയുള്ളവരായിരുന്നു. കർത്താവിന്റെ വേല ചെയ്യണമെന്ന വലിയ ദാഹമുള്ളവരായിരുന്നു.

ഓടി നടന്ന് കർത്താവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കണമെന്ന എരിവും തീക്ഷ്ണതയും ഉള്ളവരായിരുന്നു.

അവരുടെ കൂട്ടത്തിൽ ഒന്നും അറിയാത്തവനായി ഞാനും പോയിരുന്നു. കർത്താവ് എന്നെ പിടിച്ചു എന്ന ബോധ്യം കിട്ടി. പക്ഷേ അവരുടെ കൂടെ ഇരുന്നപ്പോൾ എനിക്കു വളരാൻ പറ്റി. കൂടുതൽ കൂടുതൽ ആത്മാവിൽ ഉറപ്പു കിട്ടി. എന്തു ദാഹമായിരുന്നു വചനം കേൾക്കാൻ!

അവരിൽ ചില ദൈവമക്കൾ എഴുന്നേറ്റ് അവരുടെ അനുഭവത്തോടു ചേർത്ത് വചനം പറയും. അതെല്ലാം ആർത്തി പൂണ്ടു ഞാൻ കേട്ടുകൊണ്ടിരുന്നു. എവിടെയെങ്കിലും അനുഗൃഹീതമായ സുവിശേഷമുണ്ടെന്നു കേട്ടാൽ അവിടെ ഓടിയെത്തും. വചനത്തിനുവേണ്ടിയുള്ള ആർത്തി. ക്രിസ്തു പിടിച്ചതുകൊണ്ടാണ് അതു കിട്ടിയത്.

അപ്പൊസ്തലനായ പൗലോസ്, ശൗൽ ആയിരുന്നു. ശൗൽ ദൈവമക്കളെ ഉപദ്രവിക്കുവാനുള്ള ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട് ദൈവമക്കളെ പിടിച്ചുകെട്ടി കൊണ്ടുവരാനും അവരെ കല്ലെറിഞ്ഞ് കൊല്ലാനുമുള്ള പ്ലാനിട്ടാണ് പോയത്.

അവിടെ ദമസ്ക്കൊസിൽ അനന്യാസ് എന്ന ദൈവപൈതലിന്റെ വീട്ടിൽ കൂട്ടായ്മയോഗം നടക്കുന്നുണ്ടെന്ന് യെരൂശലേമിൽ അറിഞ്ഞു. ശൗൽ കുറെ കൂട്ടുകാരേയും കൂട്ടി നട്ടുച്ചനേരത്ത് ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട് പുറപ്പെട്ടു.

ദമസ്ക്കൊസിന്റെ പടിവാതിൽക്കൽ എത്തിയപ്പോൾ നട്ടുച്ചനേരത്ത് സൂര്യപ്രകാശത്തെ വെല്ലുന്ന പ്രകാശം അവരുടെ മേൽ വന്നടിച്ചു. കണ്ണഞ്ചിപ്പോയി. പ്രകാശം ആസകലം പരന്നപ്പോൾ ശൗലിന്റെ കണ്ണിന്റെ കാഴ്ച പോയി. ശൗൽ താഴെ വീണു. എല്ലാവരും താഴെ വീണു. അതുവരെയും നല്ല ഹുങ്കോടുകൂടി, കരുത്തോടുകൂടി, ദൈവമക്കളെ പീഡിപ്പിക്കാനുള്ള പ്ലാനും പദ്ധതിയും തയ്യാറാക്കിക്കൊണ്ടു പോകുകയാ

യിരുന്ന ആ ചെറിയ സംഘം എല്ലാവരും നിലത്തു വീണു. വീണു കിടക്കുമ്പോൾ ഒരു ശബ്ദം കേട്ടു: "ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത്? ശൗൽ ആ ശബ്ദം തിരിച്ചറിഞ്ഞു."

ദൈവം കണ്ടവരാണെങ്കിൽ ദൈവശബ്ദം തിരിച്ചറിയും. ഇന്ന് തെറ്റായ വഴിയിലായിരിക്കും നടക്കുന്നത്. എന്നാൽ ജീവനുള്ള ദൈവത്തിന്റെ സ്നേഹം നിന്നെ കണ്ടെത്തിയെങ്കിൽ ദൈവത്തിന്റെ ശബ്ദം നീ തിരിച്ചറിയും. കാരണം, ആ ശബ്ദം കേൾക്കുമ്പോൾ ഉള്ളം കിടിലം കൊള്ളും. ഉള്ള് വിറക്കും.

ശബ്ദം കേട്ടു. തേനൂറുന്ന സ്വരം ഹൃദയത്തിൽ വന്നാഞ്ഞടിച്ചു. കണ്ണുകാഴ്ചയില്ലാതെ കിടന്ന കിടപ്പിൽ തന്നെ ശൗൽ ചോദിച്ചു: "നീ ആരാകുന്നു കർത്താവേ?" ഉടനെ മറുപടി വന്നു: "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ." അന്ന് ആ ദമസ്കൊസിന്റെ പടിവാതിൽക്കൽ വച്ച് ശൗൽ കർത്താവിന്റെ പിടിയിലായി. കർത്താവ് ശൗലിനെ പിടിച്ചു.

പിൽക്കാലത്ത് അപ്പൊസ്തലൻ പറയുന്നുണ്ട്: ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ എനിക്കു തോന്നിയിട്ടില്ല.

റോമൻ കാരാഗൃഹത്തിൽ കിടന്നുകൊണ്ട് അപ്പൊസ്തലൻ ഫിലിപ്യയിലെ ദൈവസഭക്ക് എഴുതുമ്പോൾ പറയുന്നു:

> *"ലഭിച്ചുകഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളൂ."*
>
> *ഫിലിപ്യർ 3 : 12*

തികഞ്ഞവനായി എന്ന് എനിക്ക് ഒരിക്കലും തോന്നിയിട്ടില്ല. ക്രിസ്തുയേശു എന്നെ പിടിച്ചു. ക്രിസ്തുവിന്റെ വചനം എന്റെ ഹൃദയത്തിലേക്ക് തറഞ്ഞു കയറി. ക്രിസ്തുവിന്റെ

സ്നേഹമുള്ള കരം എന്റെ നേരെ നീട്ടി എന്നെ മാറോടണയ്ക്കുന്നു.

നാം എത്ര ഹീനമായ ജീവിതം നയിച്ചവരാണെങ്കിലും അന്ന് നിഷ്ഠൂരനായ ശൗലിനെ കയറിപ്പിടിച്ച യേശു ഇന്ന് നിങ്ങളേയും തൊടുവാൻ ആഗ്രഹിക്കുന്നുണ്ട്. ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ നിങ്ങളെ ക്രിസ്തുവിന്റെ ശബ്ദം തൊടുകയാണ്. ക്രിസ്തുവിന്റെ കരം നിങ്ങളെ തൊടുകയാണ്. നിങ്ങൾ ആഗ്രഹിച്ചിട്ടല്ല. പക്ഷേ, ദൈവത്തിന്റെ സമയം. ആ സമയം വന്നപ്പോൾ അവൻ നിങ്ങളെക്കയറിപ്പിടിച്ചു.

ഇന്ന് കർത്താവിന്റെ കരം നിങ്ങളെ കയറിപ്പിടിക്കുകയാണ്. നിങ്ങൾ കർത്താവിന്റെ കരങ്ങളിൽ അമർന്നിരിക്കുമോ? കുതറി മാറാതെ ആ തൃക്കരങ്ങളിൽ നിങ്ങൾ അലിഞ്ഞു ചേർന്നു നിൽക്കുമോ? എങ്കിൽ നിങ്ങൾക്കു രക്ഷപ്പെടാം.

യേശുക്രിസ്തു വന്നു പിടിച്ചു. സെന്റ് പോൾ പിൽക്കാലത്ത് എഴുതുകയാണ്: ഞാൻ നിഷ്ഠൂരനായിരുന്നു. ഞാൻ ഉപദ്രവിയായിരുന്നു. ദൈവമക്കളെ പീഡിപ്പിക്കുവാൻ ഭീഷണിയും കൊലയും നിശ്വസിച്ചുകൊണ്ട് പോയവനായിരുന്നു. എന്നാൽ ദൈവം എന്നെ കണ്ടു. ദൈവം എന്നെ പിടിച്ചു. എനിക്ക് ആത്മീയ പശ്ചാത്തലം ഒന്നുമുണ്ടായിരുന്നില്ല. ആകെയുണ്ടായിരുന്ന ആത്മീയ പശ്ചാത്തലം യെരൂശലേം ദേവാലയത്തിലെ സന്നിദ്രിം സംഘത്തിലെ ഒരു അംഗമായിരുന്നു എന്നുള്ളതാണ്.

സിന്നഡിൽ മെമ്പർഷിപ്പുണ്ട്. പുറമേ നോക്കിയാൽ പള്ളിയുടെ പ്രമാണിയാണ്. സഭയിലെ ഉന്നതനാണ്. റോമാപൗരത്വം ജന്മനാ സിദ്ധിച്ചിട്ടുണ്ട്. രാഷ്ട്രീയമായും സാമുദായികമായും ഒരു നല്ല നിലവാരം ഉണ്ട്. പക്ഷേ, താൻ പാപ്പരാണെന്ന്, സാക്ഷാൽ ദൈവത്തെയാണ് എതിർക്കുന്നത് എന്ന് ശൗൽ അറിഞ്ഞില്ലായിരുന്നു.

വിശുദ്ധനായ സ്തെഫാനോസ്സിനെ കല്ലെറിഞ്ഞപ്പോൾ

ശൗലായിരുന്നു മുൻപന്തിയിൽ അതിനു പ്രോത്സാഹനം കൊടുത്തുകൊണ്ടു നിന്നിരുന്നത്. ഇത്രയും ദുഷ്ടനായ തന്നെ യേശു പിടിക്കുമെന്ന് ശൗൽ വിചാരിച്ചിരുന്നില്ല. എന്തൊരത്ഭുതം! ഇതാണ് ദൈവസ്നേഹം!

സെന്റ് പോൾ ആ സ്നേഹത്തിൽ അലിഞ്ഞു ചേർന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ ലയിച്ചു ചേർന്നു. നിങ്ങൾ എതിർത്തു നടക്കുമ്പോഴും നിങ്ങളെ കാണുന്ന ഒരു സ്നേഹമുണ്ട്. നിങ്ങൾ പിന്മാറിപ്പോകുമ്പോഴും നിങ്ങളുടെ പിന്നാലെ വരുന്ന ഒരു സ്നേഹമുണ്ട്. നിങ്ങൾ അരുതാത്ത ജീവിതം നയിക്കുമ്പോഴും നിങ്ങളെ സ്നേഹിച്ച് പിന്നാലെ വരുന്ന ഒരു സ്നേഹമുണ്ട്.

ഈ നിത്യസ്നേഹത്തെ നിങ്ങൾ കണ്ട് നിങ്ങൾ നിങ്ങളെത്തന്നെ വിനയപ്പെടുത്തുക. "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" "നീ ആരാകുന്നു കർത്താവേ?" "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ."

ചിന്തിക്കൂ നിങ്ങൾ കർത്താവിനെ തള്ളിപ്പറഞ്ഞവരാണോ? കർത്താവിനെ ദൂരവേ അനുഗമിക്കുന്നവനാണോ? കർത്താവിനെ ആക്ഷേപിക്കുന്നവരുടെ കൂട്ടത്തിൽ ഞാൻ പോയി ഇരുന്നുവോ? കർത്താവിനേയും കർത്താവിന്റെ വേലയേയും കർത്താവിന്റെ വേലക്കാരേയും അധിക്ഷേപിക്കുന്നവരുടെ കൂട്ടത്തിൽ ഞാൻ ഇരുന്നുവോ? എന്റെ അവസ്ഥ എന്താണ്? ക്രിസ്തുവിന്റെ സാക്ഷിയായി നിൽക്കേണ്ട സമയത്ത് ഞാൻ തന്ത്രപൂർവ്വം ഒഴിഞ്ഞു മാറിയോ?

ലോകത്തിന്റെ ആകർഷണം വരുമ്പോൾ നിങ്ങൾ യേശുവിനെ വിട്ടുപോകുമോ? ലോകത്തിന്റെ ആകർഷണം, ജഡത്തിന്റെ താൽക്കാലിക ഇമ്പങ്ങൾ, ശരീരത്തിന്റെ നൈമിഷികമായ മോഹങ്ങൾ. ഇതെല്ലാം വരുമ്പോൾ നിങ്ങളുടെ തീരുമാനങ്ങളിൽ ഉറച്ചു നിൽക്കുമോ? ഏതൊരു വിശ്വാസിക്കും നേരിടേണ്ട പോരാട്ടങ്ങളാണിതെല്ലാം.

നമുക്കു പോരാട്ടമുണ്ട്. നമുക്ക് യുദ്ധമുണ്ട്. “നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രേ.”

ഈ ഭൂമിയിൽ വാഴുന്ന ചില ദുഷ്ടശക്തിയുണ്ട്. ദുഷ്ടപ്പിശാചുക്കളുണ്ട്. ഭൂതങ്ങളുണ്ട്. പ്രേതങ്ങളുണ്ട്. വാഴ്ചകൾ – അവർക്ക് ഭരണ അവകാശമുണ്ട്. അനേകം കുടുംബങ്ങളിൽ അവർ ഭരണാവകാശത്തോടെ നിൽക്കുകയാണ്. അനേകം കുടുംബങ്ങളിൽ സാത്താന്റെ ശക്തി വാഴുകയാണ്. ദുഷ്ടാത്മസേന വാഴുകയാണ്. Principalities and Powers! വാഴ്ചകളും അധികാരങ്ങളും – അവർക്കു ചില അധികാരങ്ങളുണ്ട്.

സാത്താനെ അങ്ങനെ പെട്ടെന്ന് പിടിച്ചടക്കാനൊന്നും പറ്റുകില്ല, അവന് അധികാരമുണ്ട്. സാത്താനേ, യേശുവിന്റെ നാമത്തിൽ ഞാൻ നിന്നെ ശപിക്കുന്നു എന്നൊക്കെ TV യിൽക്കൂടി കാണാറുണ്ട്. അതുകേട്ടാൽ സാത്താനു ചിരി വരികയേയുള്ളൂ. അവൻ അപഹസിച്ചു ചിരിക്കുകയേയുള്ളൂ. ഒച്ച എടുത്താലൊന്നും സാത്താൻ പോകുകയില്ല.

സാത്താൻ പോകണമെങ്കിൽ നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് തീയായി ജ്വലിക്കണം. ദൈവത്തിന്റെ പരിശുദ്ധാത്മാവ് തീയായി ജ്വലിക്കുമ്പോൾ പൈശാചിക ശക്തികൾ ഇളകി മാറും. ദൈവത്തിന്റെ പരിശുദ്ധാത്മാവിനു മാത്രമേ പൈശാചികനെ മാറ്റാൻ കഴിയുകയുള്ളൂ. ക്രിസ്തുവിനുമാത്രമേ സാത്താനെ ദൂരീകരിക്കാൻ സാധിക്കുകയുള്ളൂ. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ നിന്നു മാറിനിന്നാൽ നാം സാത്താന്റെ മുമ്പിൽ തോറ്റുപോകും.

നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല. വലിയോരു ദുഷ്ടാത്മസേനയുണ്ട്. മനുഷ്യരോടല്ല നമ്മുടെ യുദ്ധം. ഭൂമിയിൽ ആരോടുമല്ല യുദ്ധം. ഭാര്യയും ഭർത്താവും തമ്മിൽ വഴക്കു കൂടുമ്പോൾ സാത്താനോടുള്ള യുദ്ധത്തിൽ നാം പരാ

ജയപ്പെടുകയാണ്. ഭാര്യയും പരാജയപ്പെടുകയാണ്, ഭർത്താവും പരാജയപ്പെടുകയാണ്. രണ്ടുപേരും മിണ്ടാതിരിക്കുന്നു; പോരടിക്കുന്നു; മാറിക്കിടക്കുന്നു; ഇതിലെല്ലാം സാത്താൻ സന്തോഷിക്കുകയാണ്. അവനോടാണ് നമുക്കു പോരാട്ടമുള്ളത്.

> *"നമുക്കു പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാൻതക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ."*
>
> *എഫേസ്യർ 6 : 12 – 18*

ഇങ്ങനെ പിശാചിനോട് നിരന്തരം പോരാടണം. അല്പം അലസത ബാധിച്ചാൽ അശുഭവഴിയിലേക്കു തിരിഞ്ഞുപോകും. പിതാക്കന്മാർ അങ്ങനെയാണ് പാടിയത്:

"രാജ്യത്തിൻ വാതിൽ
ചെറിയതുമാ മാർഗ്ഗം
വീതികുറഞ്ഞതുമാ-

ണാവഴി ഗമനം കാംക്ഷിപ്പോ-
നത്യുൽസാഹമവശ്യം താൻ
അലസതലേശം ബാധിച്ചാ-
ലശുഭവഴിക്കു വശംവദനായ്
സ്വാത്മത്തെ-സ്വയമേ നിഹനിക്കും"

സ്വന്തം ആത്മാവിനെ സ്വയം കൊല്ലും, എങ്ങനെ? അലസത ലേശം ബാധിച്ചാൽ, ഒരല്പം അശ്രദ്ധ വന്നാൽ മതി, ഏകാഗ്രതയും നിർമ്മലതയും വിട്ടുപോയാൽ തീർച്ചയായിട്ടും വഷളത്വം സംഭവിക്കും. കർത്താവിലുള്ള ഏകാഗ്രത വിട്ടുപോകരുത്. നിങ്ങളുടെ ജീവിതത്തിൽ എപ്പോഴും ഉള്ളിൽ എന്റെ യേശുവേ, എന്നൊരു വിളി ഉണ്ടായിരിക്കണം. അത് വേറെ ആരും അറിയണമെന്നില്ല. ലഭിച്ച കൃപ നഷ്ടപ്പെടുത്തരുത്. ലഭിച്ച കൃപ വൃഥാവാക്കി കളയരുത്.

കർത്താവ് എന്നെ പിടിച്ചു എന്നൊരു ബോധ്യമുണ്ടോ? കർത്താവേ, നീ ഇന്ന് എന്നെ പിടിച്ചാൽ ഞാൻ നിന്റെ പിറകെ വരും. പടകും വലയും വിട്ട് നിന്റെ പിറകെ ശിഷ്യന്മാർ വന്നല്ലോ. ഞാനും നിന്റെ പിന്നാലെ വരും. എന്റെ കർത്താവേ, എനിക്കു നീയല്ലാതെ വേറെ സ്വത്തില്ല. നീയാണ് എന്റെ സർവ്വ സമ്പത്തും.

നീയാണ് എന്റെ ലാക്കും ലക്ഷ്യവും. ഇന്നു ഞാൻ നിന്റെ പിന്നാലെ വരുന്നു. എന്നെ പിടിക്കണമേ. "ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല ക്രിസ്തുയേശുവിനാൽ ഞാൻ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളൂ. ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമ വിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു."

കർത്താവേ, ഞാനും ലാക്കിലേക്ക് ഓടുകയാണ്. ഒരു ലാക്കേയുള്ളൂ, ഒരു വഴിയേ ഉള്ളൂ, ഒരു ലക്ഷ്യമേയുള്ളൂ.

യേശുമാത്രം വഴി, യേശുമാത്രം ലക്ഷ്യം, യേശുവിനായി ഞാൻ എന്റെ ജീവിതം വേർതിരിക്കുന്നു.

ഒന്നറിയാം. ഞാൻ ഒരു പാപിയായ മനുഷ്യൻ. അഭിമാനിക്കാൻ എനിക്ക് ഒന്നുമില്ല. കർത്താവേ, എനിക്കു വേദപുസ്തക നിശ്ചയവുമില്ല. എനിക്ക് ആകെ ഒന്നുണ്ട്, ഞാൻ ഒരു പാപിയാണെന്നുള്ള ബോധം നീ എനിക്കു തന്നു. കർത്താവേ, നിന്റെ കരങ്ങൾ എന്നെ പിടിക്കണമേ.

യേശുവേ, നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ ഒന്നു വയ്ക്കണമേ. എന്നെ ശുദ്ധീകരിക്കണമേ. നിങ്ങൾക്ക് തീരുമാനമെടുക്കാമോ? യേശുവിനോട് വാക്കുപറയാമോ? നിങ്ങൾ ഏതു സഭയിലുള്ളവരാണെങ്കിലും ഏതു സമുദായത്തിലുള്ളവരാണെങ്കിലും ഏതു പള്ളിയിലുള്ളവരാണെങ്കിലും നിങ്ങൾ നിൽക്കുന്ന സഭയിൽ തന്നെ നിൽക്കുക. ഒരു സഭയും മാറണ്ട. യേശു നിങ്ങളുടെ ഹൃദയത്തിലേക്കു വരണമെന്നു പ്രാർത്ഥിക്കാമോ?

നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, അവിടുത്തെ തിരുനാമത്തിന്റെ മഹത്വത്തിനുവേണ്ടി ഞങ്ങൾക്കു തന്ന വചനത്തിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഇപ്പോൾ കർത്താവേ, നിന്റെ തൃക്കരം നീട്ടി നിന്റെ മക്കളെ ഒന്നു തൊടണമേ. പാപക്കറകൾ കഴുകണമേ, ബന്ധനങ്ങൾ അഴിക്കണമേ. ശാപങ്ങളിൽനിന്ന് വിടുതൽ നൽകണമേ. എല്ലാവരേയും നിത്യജീവനുവേണ്ടി ഒരുക്കണമേ. യേശുക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ നാമത്തിൽ തന്നെ, ആമേൻ, ഹാലേലുയ്യ.

# പത്ത്

*"ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളൂ. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു."*

*ഫിലിപ്പിയർ 3 : 12 – 14*

അപ്പൊസ്തലനായ പൗലോസിന്റെ ഒരു അനുഭവസാക്ഷ്യമാണ് ഈ വാക്യം. സ്വന്തം ജീവിതത്തിലേക്കു നോക്കിക്കൊണ്ട് അപ്പൊസ്തലൻ പറയുകയാണ്: ഞാൻ പൂർണ്ണനായിട്ടില്ല. എളിമയുടെ ഒരു പര്യായമാണ് സെന്റ് പോൾ. ഏറ്റവും വിനയപ്പെട്ടു നിൽക്കുവാൻ സാധിക്കുന്നത് മഹത്വത്തിന്റെ ലക്ഷണമാണ്. ഞാൻ ആരുമല്ല, ഞാൻ ഒന്നുമല്ല എന്ന് സ്വയം മനസ്സിലാക്കാൻ സാധിക്കുന്നത് നല്ല ലക്ഷണമാണ്.

പലപ്പോഴും നാം ഞാൻ കഴിവില്ലാത്തവനാണ്, ഞാൻ പാവമാണ്, ഞാൻ നിസ്സാരനാണ്, ഞാൻ സാധുവാണ് എന്നൊക്കെ പറയുന്നത് വീൺവാക്കാണ്, അഭിനയമാണ്. ഹൃദയത്തിന്റെ അടിത്തട്ടിൽ ഒരു വിനയം നമുക്ക് ലഭിക്കുമെങ്കിൽ അത് മഹാഭാഗ്യമാണ്.

യൂറോപ്പിൽ ആദ്യമായുണ്ടായ സഭയാണ് ഫിലിപ്പ്യ സഭ. ഫിലിപ്പിയിൽ ആണ് അപ്പൊസ്തലൻ ആദ്യമായിട്ട് ചെന്നത്. മാസിഡോണിയക്കാരനായ ഒരു മനുഷ്യൻ രാത്രി ദർശനത്തിൽ അപ്പൊസ്തലനോടു പറഞ്ഞു: "കടന്നു വന്നു ഞങ്ങളെ സഹായിക്ക." മാസിഡോണിയ ഗ്രീസിലാണ്. ഫിലിപ്പ്യയും ഗ്രീസിലാണ്, യൂറോപ്പിലാണ്. യൂറോപ്പിലേക്കു കടന്നു വരിക എന്നൊരു ക്ഷണം കിട്ടി.

കർത്താവിന്റെ ആത്മാവ് ക്ഷണിക്കുന്നു എന്ന് അപ്പൊസ്തലനു മനസ്സിലായി. ദൈവത്തിന്റെ വേല ചെയ്യുവാൻ യൂറോപ്പിലേക്കു കടന്നു ചെല്ലേണ്ടതുണ്ട് എന്നു മനസ്സിലായി.

യൂറോപ്പ് വരണ്ടുപോയിരുന്നു. ഇന്ന് അവിടവിടെ ചില മുളകൾ വരുന്നുണ്ട്. ആദിമകാലങ്ങളിൽ ആത്മാവിന്റെ കരുത്തേറിയ സഭയായിരുന്നു ഫിലിപ്പ്യ സഭ. ആത്മാവിന്റെ ഏറ്റവും വലിയ കരുത്തു കിട്ടി എന്നു പറഞ്ഞാൽ പോലും ഏതു നിമിഷത്തിലും തകിടം മറിയാം.

ഫിലിപ്പ്യ സഭ ക്ഷീണിച്ചു പോയിരുന്നു. ഏറിയ കഷ്ടതകൾ അവർക്കു നേരിടേണ്ടി വന്നു. മാത്രമല്ല, അവിടെയുള്ള ദൈവമക്കൾ തമ്മിൽ തൊഴുത്തിൽകുത്തായി, അവരുടെ ഐക്യം നഷ്ടപ്പെട്ടു. തമ്മിലുള്ള സ്നേഹം നഷ്ടപ്പെട്ടു.

ഒരു കുടുംബത്തിൽ പരസ്പരസ്നേഹം കുറഞ്ഞുപോയാൽ അവിടെ പിശാചു കയറും. അവിടെ അധഃപതനമാകും. ഫിലിപ്പ്യ സഭയിൽ ഭിന്നതയുണ്ടായി. ഫിലിപ്പ്യ ലേഖനം വായിക്കുമ്പോൾ ഐക്യപ്പെടുവിൻ, നിങ്ങൾ ഒരു മനസ്സുള്ളവരാകുവിൻ, നിങ്ങൾ ക്രിസ്തുവിൽ ഏകാഗ്രതയോടെ ഇരിപ്പിൻ എന്നെല്ലാം പറയുന്ന വാക്കുകൾ കാണാം.

> *"കർത്താവിൽ ഏകചിന്തയോടിരിപ്പാൻ ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു."* *ഫിലിപ്പിയർ 4 : 2*

Living Bible-ൽ പറയുന്നു: Don't quarrel any more! അവിടെ മുൻപന്തിയിൽ നിന്നിരുന്ന രണ്ടു സ്ത്രീകളാണ് ഇവർ. അവർ തമ്മിൽ ഉള്ളിൽ പിണക്കമായിരുന്നു. പുറമേ പിണക്കമില്ല. ആരാധനയുണ്ട്, വചനശുശ്രൂഷയുണ്ട്, സ്തുതി യുണ്ട്. പക്ഷേ, അകത്ത് പരസ്പര വൈരുദ്ധ്യം. അത് വലിയ അപകടമാണ്.

ദൈവമക്കൾ തമ്മിലുള്ള വൈരുദ്ധ്യം വന്നാൽ അവിടെ ആത്മാവിന്റെ വീര്യം കെട്ടുപോകും. എന്റെ ഹൃദയം വിശുദ്ധ മാണോ എന്നു ഞാൻ തന്നെ ശോധന ചെയ്യണം. പരിശുദ്ധാ ത്മാവിന്റെ കൃപയിൽ ശോധന ചെയ്യണം. പരിശുദ്ധാത്മാ വിന്റെ വെളിച്ചത്തിൽ ഇരുന്നു ശോധന ചെയ്യണം. പരിശുദ്ധാ ത്മാവിന്റെ വെളിച്ചം വചനമാണ്. അപ്പോഴാണ് നമുക്ക് ആരോ ടെല്ലാം വൈരുദ്ധ്യമുണ്ട് എന്നു മനസ്സിലാകുന്നത്. ആരോ ടെല്ലാം ഇണക്കക്കുറവുണ്ടെന്നു മനസ്സിലാകുന്നത്. ഉള്ളം കൊണ്ട് ആരോടെങ്കിലും ചില ചോദ്യങ്ങൾ വരുന്നുണ്ടോ എന്നു മനസ്സിലാകുന്നത്. അകത്തുള്ള വൈരുദ്ധ്യങ്ങളും അക ത്തുള്ള വൈപരീത്യങ്ങളും മാറിക്കിട്ടുക എന്നുള്ളത് മഹാഭാഗ്യ മാണ്.

അത് ആദ്യം നമ്മുടെ കുടുംബത്തിൽ തുടങ്ങണം. കുടും ബത്തിൽ പൂർണ്ണ ഐക്യം ഉണ്ടായിരിക്കണം. പരസ്പരം വിന യപ്പെടാൻ സാധിച്ചാൽ ഐക്യമുണ്ടാകും. Charity begins at home! എന്നൊരു പഴമൊഴിയുണ്ടല്ലോ. നമ്മുടെ ഓരോരുത്തരു ടേയും ഭവനം സ്നേഹത്തിന്റെ കൂടാരമായി മാറണം. സ്നേഹം, വിട്ടുവീഴ്ചാമനോഭാവം, താഴാനുള്ള മനസ്സ് അത് നമ്മുടെ ജീവിതത്തിൽ വരുമ്പോഴാണ് നമ്മുടെ ജീവിതം ശ്രേഷ്ഠമായിത്തീരുന്നത്.

തന്നത്താൻ ഉയർത്തിയാൽ കർത്താവ് താഴ്ത്തും. തന്ന ത്താൻ താഴ്ത്തിയാൽ കർത്താവ് ഉയർത്തും. നമ്മുടെ ജീവിത ത്തിൽ താഴ്മ വരണം. അവിടെ ഐക്യം ഉണ്ടാകും. അത്

കുടുംബജീവിതത്തിൽ തുടങ്ങണം. നമ്മുടെ ജീവിതത്തിൽ ആരെയും തരം താഴ്ത്തിക്കാണാതെ അവരുടെ നന്മമാത്രം കണ്ട് ആദരിച്ച്, അവരെ ബഹുമാനിച്ച്, വിനയപൂർവ്വം വിശ്വ സ്തമായി നമ്മുടെ ജോലി ചെയ്യുക. അവിടെ പിന്നെ തൊഴു ത്തിൽ കുത്തില്ല. കിടമത്സരമില്ല.

ഫിലിപ്പ്യ സഭയിൽ ഐക്യം നഷ്ടപ്പെട്ടു. അപ്പൊസ്തലൻ പറയുകയാണ്. ഞാൻ നിങ്ങളെ ഉപദേശിക്കുന്നുണ്ട്. പക്ഷേ, എന്റെ ഉള്ളു കരയുകയാണ്. ഞാൻ കരഞ്ഞുകൊണ്ടാണ് പറ യുന്നത്. അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നട ക്കുന്നു എന്ന് ഇപ്പോൾ ഞാൻ കരഞ്ഞുകൊണ്ടു പറയുന്നു. നിങ്ങൾ സഭയിലുള്ളവരാണ്, രക്ഷിക്കപ്പെട്ടവരാണ്. പക്ഷേ, നിങ്ങൾ ക്രൂശിന്റെ ശത്രുക്കളാണ്.

> *"സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾ വിൻ. ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതു പോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിനു ശത്രു ക്കളായി നടക്കുന്നു എന്ന് ഇപ്പോൾ കരഞ്ഞും കൊണ്ടു പറയുന്നു."* *ഫിലിപ്പിയർ 3 : 17, 18*

ഒരുകാലത്ത് നല്ല ആത്മാവിന്റെ വീര്യമുണ്ടായിരുന്നു. നല്ല ക്രിസ്തീയ മൂല്യങ്ങൾ കൈമുതലാക്കിയിരുന്ന ഫിലിപ്പ്യ സഭ ഇന്ന് ക്രിസ്തുവിന്റെ ശത്രുവായി മാറി. ഇതെല്ലാം വായി ക്കുമ്പോൾ നാം ചിന്തിക്കണം. നമ്മൾ ഒരു കൂട്ടായ്മയായിട്ടു വന്നിരിക്കുകയാണ്. പല സഭകളിലുള്ളവർ ഒരുമിച്ചു കൂടുക യാണ്. പക്ഷേ, വിശ്വാസികൾ ഒരുമിച്ച് കൂടുമ്പോൾ തന്നെ ഇന്ന് എത്രപേർ ക്രൂശിന്റെ സാക്ഷികളാണ്! ക്രൂശിന്റെ സാക്ഷി യാകുക!

ക്രൂശിന്റെ ശത്രുവാകുക! ക്രൂശിന്റെ ശത്രുവാകുന്നു

എന്നു നാം അറിയുന്നില്ല. ജീവിതത്തിൽ വരുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും കണ്ട് മനസ്സ് വാടുന്നെങ്കിൽ ഞാൻ ക്രൂശിന്റെ ശത്രുവാണ്. മറ്റുള്ളവരിൽ നിന്നു വരുന്ന അപമാനങ്ങളും ആക്ഷേപങ്ങളും പരിഹാസങ്ങളും ഏറ്റ് മനസ്സ് ഉലയുന്നു എങ്കിൽ ഞാൻ ക്രൂശിനു ശത്രുവാണ്.

ക്രിസ്തു ക്രൂശിൽ കാണിച്ചുതന്ന ഒരു മാതൃകയുണ്ട്. അത് സ്നേഹമാണ്. അവിടെ ക്ഷമയാണ്. അവിടെ ആരുടേയും കുറ്റം കാണുന്നില്ല. ക്രൂശിന്മേൽ കിടക്കുമ്പോൾ കർത്താവിന് ആരോടും പരുഷതയില്ല, ആരോടും ഇഷ്ടക്കുറവില്ല, തന്നെ ഉപദ്രവിക്കുന്നവരോടുപോലും സ്നേഹമാണ്. എല്ലാവരേയും സ്നേഹിക്കുന്നു, എല്ലാവരേയും കരുതുന്നു. തന്നെ ഒറ്റിക്കൊടുക്കാൻ വന്ന യൂദായോട് “സ്നേഹിതാ, നീ വന്ന കാര്യം എന്ത്” എന്നാണ് ചോദിച്ചത്. ‘സ്നേഹിതാ’ എന്നാണ് വിളിക്കുന്നത്.

പത്രോസ് വാളൂരി പട്ടാളക്കാരന്റെ കാത് അറുത്തു. പത്രോസിന് അത് സഹിച്ചില്ല, കർത്താവിനെ പിടിച്ചുകൊണ്ടു പോകുന്നു. പത്രോസ് വാളൂരി വെട്ടി. കർത്താവ് പറഞ്ഞു: “വാൾ ഉറയിൽ ഇടുക. വാൾ എടുക്കുന്നവൻ വാളാൽ തന്നെ വീഴും.” എന്നിട്ട് കർത്താവ് പറയുകയാണ്: “ഇത്രയ്ക്ക് എന്നെ ഒന്നു വിടുവിൻ.” അല്പം നേരത്തേക്ക് എന്നെ ഒന്നു വിടാമോ? കർത്താവ് കൈ ഉയർത്തി ആ പടയാളിയുടെ ചെവിയിൽ തൊട്ടു. സൗഖ്യമാക്കി.

ക്രിസ്തു എപ്പോഴും സ്നേഹവും സൗഖ്യവും സമാധാനവും മാത്രം പ്രദാനം ചെയ്യുന്നു. ആ മനോഭാവം നമുക്ക് വന്നില്ലെങ്കിൽ നാം ക്രൂശിന്റെ ശത്രുവാണ്. ഇതു വായിക്കുമ്പോൾ നിങ്ങൾ വിചാരിക്കും ഞാൻ ക്രൂശിന് ശത്രുവല്ല, ഞാൻ ക്രൂശിന്റെ സാക്ഷിയാണ് എന്ന്. കാരണം, ദൈവവേല ചെയ്യുന്നുണ്ട്. പല ത്യാഗവും സഹിക്കുന്നുണ്ട്. എല്ലാം ശരിയാണ്. പക്ഷേ, നിങ്ങളുടെ മനോഭാവത്തിൽ ആഴത്തിൽ ചിക

ഞ്ഞുനോക്കിയാൽ നിങ്ങൾക്കു മനസ്സിലാകും നിങ്ങൾ ക്രൂശിന്റെ സാക്ഷിയല്ല, ക്രൂശിന്റെ ശത്രുവാണ് എന്ന്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് അപ്പൊസ്തലൻ പറയുന്നത്. എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല. ഞാൻ പൂർണ്ണനല്ല. ഞാൻ തികഞ്ഞവനല്ല.

> *"I don't mean to say I am Perfect I haven't learned all I should even yet, but I keep working towards that day when I will finally be all that Christ saved me for and wants me to be."* *Philippians 3:12*

ഞാൻ പൂർണ്ണനാണെന്ന് ഞാൻ കരുതുന്നില്ല. ഇപ്പോഴും പഠിക്കേണ്ടത് എല്ലാം ഞാൻ പഠിച്ചിട്ടില്ല. പക്ഷേ, എനിക്ക് ഒരു കാര്യം ഉറപ്പുണ്ട്. കർത്താവ് എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ആ ദിവസത്തേക്ക്, ക്രിസ്തു എന്നെ എന്തിനുവേണ്ടി രക്ഷിച്ചു എന്നുള്ളതിന്റെ പൂർത്തീകരണം പ്രാപിക്കുന്നു. ആ മഹാഭാഗ്യത്തിനുവേണ്ടി ഞാൻ കാത്തിരിക്കുന്നു.

എന്നെ പൂർണ്ണനാക്കുന്ന ക്രിസ്തുവിന്റെ അരികിലേക്കു ചെന്ന് അവന്റെ പാദം മുത്തിക്കൊണ്ട് അവൻ എന്നെക്കുറിച്ച് എന്തെല്ലാമാണോ ആഗ്രഹിച്ചത് അതെല്ലാം നിവർത്തിച്ചു എന്നുള്ള സർട്ടിഫിക്കറ്റ് കിട്ടാൻ ഞാൻ കാത്തിരിക്കുകയാണ്.

ഈ ഭൂമിയിലേക്ക് എന്നെ അയച്ചപ്പോൾ കർത്താവിന് എന്നെക്കുറിച്ച് ചില പരിപാടികൾ ഉണ്ട്. നാം ഓരോരുത്തരെക്കുറിച്ചും കർത്താവിന് ചില നിയതമായ പരിപാടികൾ ഉണ്ട്. നമ്മെക്കുറിച്ചുള്ള പരിപാടികൾ പൂർത്തീകരിക്കണമെന്നുള്ള ഏക വാഞ്ഛയോടെ മുന്നോട്ടു പോകുകയാണ്.

നമ്മുടെ അവസ്ഥ എങ്ങനെയാണ്? "നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ അഭക്തന്റേയും പാപിയുടേയും ഗതി എന്താകും?" നീതിമാൻ പോലും പ്രയാസേനയാണ് രക്ഷ പ്രാപിക്കുന്നത്. ഒരു തെറ്റും ചെയ്യാതെ ജീവിക്കു

ന്നവൻ പോലും ദൈവരാജ്യത്തിൽ കടക്കുന്നത് പ്രയാസ മാണ്.

കർത്താവിന്റെ രാജ്യത്തിൽ എത്തണമെന്നുള്ള ഏക ലക്ഷ്യത്തോടെ ഓരോ നിമിഷവും ജാഗ്രതയോടെ ഇരുന്നില്ലെ ങ്കിൽ നാം പിന്തള്ളപ്പെട്ടുപോകും. ഏതെങ്കിലും ഒരു തെറ്റ് വരാൻ തോന്നുമ്പോഴേക്കും കർത്താവേ, എന്നെ രക്ഷിക്ക ണമേ എന്നു നിലവിളിച്ചു കൊള്ളണം.

പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ക്രൂശി ക്കണം. പഴയമനുഷ്യൻ ഉരിഞ്ഞുപോകണം. നമ്മുടെ പഴയ ആളത്വം മാറണം. എന്റെ ഹൃദയം കർത്താവിനോടുള്ള ഏകാ ഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകരുത്. ഏകാഗ്രത പോകരുത്. എന്റെ യേശുവേ, എന്നുള്ള ഉൾവിളി ഉയർന്നു കൊണ്ടിരിക്കണം. നിന്റെ രക്തത്താൽ എന്നെ പൊതിഞ്ഞു കൊള്ളണമേ എന്നുള്ള ഹൃദയത്തിന്റെ വാഞ്ഛയും പ്രാർത്ഥ നയും ഉയർന്നു കൊണ്ടിരിക്കണം. കർത്തൃസന്നിധിയിലേക്ക് ഇത് നാം പകർന്നുകൊണ്ടിരിക്കണം.

ഇടുക്കവും ഞെരുക്കവും ഉള്ള വഴിയാണിത്. വാതിൽ കണ്ടെത്തുന്നവർ പോലും ചുരുക്കമാണ്. “ഇടുക്കുവാതിലി ലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴി കയില്ല താനും.”

കളിയല്ല ക്രിസ്തീയ ജീവിതം. ആർക്കും പന്തു തട്ടാനു ള്ളതല്ല, ആർക്കും പരിഹസിക്കാനുള്ളതല്ല ക്രിസ്തീയജീവി തം. പരിഹസിക്കുന്നവർ പരിഹസിക്കട്ടെ. അവരുടെ ജോലി അവർ ചെയ്യട്ടെ. എന്നാൽ നമുക്കുണ്ട് ഒരു വലിയ ധന്യത. ആന്തരികമായ ഒരു ശക്തികേന്ദ്രം നമ്മുടെ ഹൃദയത്തിലുണ്ട്. അത് കർത്താവ് തന്നതാണ്. കർത്താവിന്റെ ആത്മാവാണത്. ആത്മാവ് നമ്മുടെ ഉള്ളിൽ തിങ്ങി വിങ്ങുകയാണ്.

ആത്മാവ് ഇപ്പോൾ നമ്മുടെ ഉള്ളിൽ തത്ക്കാലം ഞരങ്ങി

ക്കൊണ്ടു കഴിയുന്നു. നാം ശരീരത്തിൽ നിന്നു വേർപെട്ടു കഴിയുമ്പോഴാണ് ആത്മാവ് പൂർണ്ണമായി നമ്മുടെ അനുഭവമായി, അനുഗ്രഹമായി മാറുന്നത്. ഇപ്പോൾ ഉള്ളിൽ ഞരങ്ങിക്കൊണ്ടിരിക്കുന്ന ആത്മാവ് ശരീരത്തിൽ നിന്നു പ്രാണൻ വിട്ടു പോയി കഴിയുമ്പോൾ മുഴുവനായി മാറും. നാം ഓരോരുത്തരും മാറുന്നു; ശരീരം പോലും മാറുന്നു. നാം നിത്യതയിലേക്കു പ്രവേശിക്കുന്നു.

നിത്യതയിലേക്കുള്ള പ്രവേശനത്തിങ്കൽ, ഒരല്പം പാകപ്പിഴ ജീവിതത്തിൽ എവിടെ എങ്കിലും വന്നുപോയിട്ടുണ്ടെങ്കിൽ അവിടെ നാം വീണുപോകുന്നു; നാം തകർന്നു പോകുന്നു; നാം നിരാശരായി പോകും. നാം നിത്യ അന്ധകാരത്തിലേക്ക് പോകും.

ഇന്ന് സഭകൾ ധാരാളമുണ്ട്. സമുദായങ്ങൾ ധാരാളമുണ്ട്. സ്ഥാനമാനങ്ങൾക്കുവേണ്ടി വ്യഗ്രതയോടെ ഓടുന്ന അനേകരുണ്ട്. പള്ളിയും മതവും സഭയും പണം ഉണ്ടാക്കുന്ന കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നുമല്ല ആത്മീയം.

ആത്മീയം എന്നു പറയുന്നത് നാം ക്രിസ്തുവിന്റെ ഭവനമായും ക്രിസ്തുവിന്റെ ആലയമായും പണിയപ്പെടുന്നതാണ്. ആത്മാക്കളെ പണിയുന്നുണ്ടോ? ആത്മാക്കളെ ക്രിസ്തുവിന്റെ ആലയമായി പണിയണം. അതിനുള്ള യത്നം നടക്കണം. ഞാൻ ക്രിസ്തുവിന്റെ കരങ്ങളിലേക്ക് എന്നെ പണിയാൻ വിട്ടുകൊടുത്തുവോ എന്നു ചിന്തിക്കുക. ചിലർ പണി തുടങ്ങിയിട്ടുണ്ട്. ചിലർ പണി മുന്നോട്ടു കൊണ്ടുപോകുന്നു. പക്ഷേ ചിലർ പണി തുടങ്ങിയിട്ടു പോലുമില്ല.

അപ്പൊസ്തലൻ പറയുന്നു: ഞാൻ പൂർത്തിയായിട്ടില്ല.

ഞാൻ എന്തായിത്തീരണമോ അത് ആയിട്ടില്ല. എന്റെ ഊർജ്ജമെല്ലാം ഞാൻ ഈ ഒരു ലക്ഷ്യത്തിനുവേണ്ടി കൊണ്ടു

വരികയാണ്. നിത്യജീവന്റെ അനുഭവം പ്രാപിക്കുന്നതിനു വേണ്ടി ഞാൻ എല്ലാം വിട്ട് ഓടുകയാണ്. പഴയകാലം ഞാൻ മറന്നിട്ട് മുന്നിലുള്ളത് എന്തെല്ലാമാണോ അതിനുവേണ്ടി ഓടി ക്കൊണ്ടിരിക്കുകയാണ്. പഴയ കാലങ്ങൾ ഞാൻ മറക്കുന്നു. പഴയ വിജയങ്ങളുണ്ട്. അതും മറക്കുന്നു. പഴയ പരാജയങ്ങ ളുണ്ട്. അതും മറക്കുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങൾ ലാക്കു കണ്ടെത്തിയോ? ഈ ഭൂമിയിൽ ഞാൻ എന്തിനു ജീവിക്കണം? ഞാൻ ആർക്കു വേണ്ടി ജീവിക്കണം? എന്തിനാണ് എന്റെ ജീവിതം? ഈ ജീവിതം യേശുക്രിസ്തുവിനുവേണ്ടി മാത്രം എന്ന വ്യക്തമായ ബോധ്യം നിങ്ങൾക്ക് കിട്ടിയിട്ടുണ്ടോ?

ഈ പ്രായത്തിൽ നിന്നുകൊണ്ടു ചിന്തിക്കൂ. ഇതുവരെ ഞാൻ എന്തുനേടി? ഒന്നും നേടിയില്ല. ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല. ക്രിസ്തുയേശുവിനാൽ ഞാൻ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അത് പിടി ക്കാമോ എന്നുവച്ച് ഞാൻ പിന്തുടരുന്നതേയുള്ളൂ.

ക്രിസ്തുയേശു വന്ന് എന്നെ പിടിച്ചു. അതാണ് എനിക്കു കിട്ടിയ മഹാഭാഗ്യം. ക്രിസ്തു നിങ്ങളെ പിടിച്ചു എന്ന ഒരു വിചാരം നിങ്ങൾക്കുണ്ടോ? നിങ്ങളെ ഒരിക്കൽ ക്രിസ്തുവിന്റെ വചനം തൊട്ടു എന്ന് നിങ്ങൾക്കറിയാമോ? ക്രിസ്തു നിങ്ങളെ തൊട്ടതാണ് എന്നു നിങ്ങൾക്കു മനസ്സിലായോ? പരിശുദ്ധാ ത്മാവ് നിങ്ങളുടെ മേൽ ഊതി എന്ന് നിങ്ങൾക്കറിയാമോ? ക്രിസ്തുയേശു എന്നെ പിടിച്ചതുകൊണ്ട് എനിക്കും അത് പിടി ക്കാമോ എന്നു വച്ച് പിന്തുടരുന്നതേയുള്ളൂ.

ക്രിസ്തുയേശു എന്നെ വശീകരിച്ചിരിക്കുന്നു. പിതാക്ക ന്മാർ പാടി: “എന്നെ മയക്കീ നിൻ നൽ സൗന്ദര്യാശ്ചര്യങ്ങൾ.” ആശ്ചര്യകരമായ സൗന്ദര്യം എന്നെ മയക്കി, എന്നെ വശീക രിച്ചു. കർത്താവ് നിങ്ങളെ വശീകരിച്ചു എന്നൊരു ബോധ്യം

നിങ്ങൾക്കു കിട്ടിയിട്ടുണ്ടോ? ക്രൂശിന്റെ സാക്ഷികളാകാൻ, ക്രൂശിന്റെ മിത്രങ്ങളാകാൻ അവൻ നിങ്ങളെ വശീകരിച്ചു.

നിങ്ങളുടെ ജീവിതം സുഗന്ധമുള്ളതായിത്തീരണം. നിങ്ങളുടെ സ്നേഹം മറ്റുള്ളവരിലേക്ക് സുഗന്ധമായി പകരണം. നിങ്ങളുടെ നന്മകൾ മറ്റുള്ളവരിലേക്ക് നന്മയായി പകരണം. നിങ്ങൾക്കു തന്നത്താൻ അനുഭവിക്കാനല്ല ഈ സുഗന്ധം. നിങ്ങൾക്കു തന്നത്താൻ സുഖിക്കാനല്ല ഈ നന്മകൾ. ഇതെല്ലാം മറ്റുള്ളവർക്കു കൊടുത്തുകൊണ്ടിരിക്കണം. നിങ്ങളുടെ സ്വഭാവശുദ്ധി മറ്റുള്ളവരിലേക്ക് സ്വാധീനം ചെലുത്തണം. അങ്ങനെ വരുമ്പോഴാണ് നാം ഈ പാതയിലേക്കു പ്രവേശിക്കുന്നത്. പ്രവേശിക്കുന്നതേയുള്ളൂ. ഇനിയും ബഹുദൂരം സഞ്ചരിക്കാനുണ്ട്.

അപ്പൊസ്തലൻ പറയുകയാണ്: ഒരു കാര്യം എനിക്ക് നല്ല ഉറപ്പാണ്. ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറക്കുന്നു. പിറകിൽ എനിക്കു പരാജയങ്ങളുണ്ട്. സ്തെഫാനോസിനെ കല്ലെറിഞ്ഞ കാര്യം ഓർക്കുമ്പോൾ ഞാൻ ലജ്ജിച്ചു പോകുന്നു; തകർന്നു പോകുന്നു; തളർന്നു പോകുന്നു.

മുമ്പിൽ എനിക്ക് വലിയൊരു ഓട്ടം ഓടിത്തീർക്കാനുണ്ട്. പിമ്പിലുള്ളതോ എല്ലാം ലജ്ജാകരം. പലകാര്യങ്ങളിൽ നേട്ടങ്ങളുണ്ട്. യൂറോപ്പിൽ പല സഭകൾ സ്ഥാപിച്ചു ശരിയാണ്. യൂറോപ്പിൽ അനേകം വിശ്വാസികൾ ഉണർന്നു ശരിയാണ്. പക്ഷേ, അതൊന്നും എന്റെ നേട്ടങ്ങളല്ല. അത് പരിശുദ്ധാത്മാവിന്റെ നേട്ടങ്ങളാണ്, ഞാൻ എന്ന വ്യക്തിയല്ല. കർത്താവായ യേശുക്രിസ്തു തന്റെ വേല നിർവ്വഹിക്കാനുള്ളതുകൊണ്ട് തൽക്കാലം എന്നെ ഉപയോഗിച്ചു എന്നു മാത്രം.

ഒരു പൂവൻകോഴി കൂവിയാലും പത്രോസ് മാനസാന്തരപ്പെടും. കോഴിക്കു മേന്മ ഒന്നുമില്ല. കോഴി കൂവിയപ്പോൾ പത്രോസ് കർത്താവ് പറഞ്ഞ വാക്ക് ഓർത്തു. അത് കർത്താ

വിന്റെ വാക്ക് ഓർക്കാൻ മുഖാന്തരമായി. ഒരു കാട്ടത്തിമരം. അത്തിമരത്തിൽ കയറിയതുകൊണ്ട് സക്കായി കർത്താവിനെ കണ്ടെത്തി; അത്തിമരത്തിനു പുകഴാൻ ഒന്നുമില്ല. കേവലം ഒരു മരം. അതിന്റെ കൊമ്പിൽ സക്കായിക്ക് കയറി ഇരിക്കാൻ തോന്നി. കർത്താവ് അതിന്റെ ചുവട്ടിൽ വന്നു നിന്നു. കർത്താവ് സക്കായിയെ വിളിച്ചു. വേഗം ഇറങ്ങിവാ എന്നു പറഞ്ഞു. പക്ഷേ, അത്തി കേവലം ഒരു മരം മാത്രം.

വാസ്തവമായി എനിക്ക് അഭിമാനിക്കാൻ ഒന്നുമില്ല എന്ന് നിങ്ങൾക്ക് കണ്ടെത്താൻ സാധിക്കുന്നുണ്ടോ? എനിക്ക് ദൈവ സന്നിധിയിൽ പുകഴാൻ ഒന്നുമില്ല. ലഭിച്ചതല്ലാതെ എനിക്ക് എന്തുള്ളൂ. കർത്താവ് തന്നതല്ലാതെ എനിക്ക് ഒന്നുമില്ല. കർത്താവേ, നിനക്കു തരാൻ തോന്നിയല്ലോ. നിന്റെ കൃപ. ഈ വചനം ലഭിക്കുന്നത് നിന്റെ കൃപയാണ്. ഈ വചനം പറയാൻ ഇടയാകുന്നതു കൃപയാണ്.

ഒരു പാത്രത്തിൽ നിറയെ വെള്ളം ഒഴിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ പാത്രത്തിൽ ഒട്ടും വെള്ളമില്ല. നോക്കിയപ്പോൾ പാത്രത്തിന്റെ അടിയിൽ ദ്വാരമാണ്. ഒഴിക്കുന്ന വെള്ളം മുഴുവൻ ഒഴുകിപ്പോകുന്നു. വെള്ളത്തിനു പകരം വിലയേറിയ വീഞ്ഞ് ഒഴിച്ചു. അതും ഒഴുകിപ്പോകുന്നു.

അനേകർ അങ്ങനെയാണ്. വചനം കേട്ടു, പ്രാർത്ഥിച്ചു, തീരുമാനം എടുത്തു, ശരിയാണ്. തീരുമാനത്തിൽ നില നിന്നാൽ മതി. യേശുവുമായി സജീവമായ ഒരു ബന്ധം വരണമെന്ന് ആഗ്രഹിക്കണം. നിങ്ങൾ കർത്താവിന്റെ ആത്മാവിനെ പ്രാപിച്ചു എന്ന ഉറപ്പു പ്രാപിക്കണം. പാത്രം നോക്കണം. പാത്രത്തിൽ ദ്വാരം ഉണ്ടോ എന്നു നോക്കണം. പാത്രം വിശുദ്ധമാണോ എന്നു നോക്കണം. വിശുദ്ധമായ വീഞ്ഞാണു പകരുന്നത്. ക്രിസ്തുവിന്റെ ദിവ്യാത്മാവാകുന്ന വീഞ്ഞാണ് പകരുന്നത്. ആ വീഞ്ഞ് നമ്മുടെ ഉള്ളത്തിൽ കിട്ടിയാൽ അവിടെ നിലനിൽക്കുന്നുണ്ടോ?

കർത്താവേ, എന്റെ ജീവിതത്തിൽ ദ്വാരങ്ങൾ ഏറെയുണ്ട്. നീ തരുന്നത് പലതും ഒഴുകിപ്പോകുന്നു; ചിലത് സ്വാർത്ഥത ആയിരിക്കാം. ചിലത് എന്റെ ജീവിതത്തിലെ അഹങ്കാരമായിരിക്കാം. ചിലത് ദ്രവ്യാഗ്രഹമായിരിക്കാം. ചിലത് വഴക്കടിക്കുന്ന സ്വഭാവമായിരിക്കാം. ചിലത് കുടുംബകലഹമായിരിക്കാം. എന്റെ ജീവിതത്തിൽ ഞാൻ ചെയ്യേണ്ടതു ചെയ്യാത്തതായിരിക്കാം. അദ്ധ്യാപകരോട് നല്ലപോലെ പെരുമാറാത്തതായിരിക്കാം. ഒരുപക്ഷേ, പഠിക്കേണ്ട സമയത്തു പഠിക്കാത്തതായിരിക്കാം. ഇങ്ങനെ അനേകം ദ്വാരങ്ങൾ ഉണ്ട്. ഈ ദ്വാരങ്ങൾ എല്ലാം അടയ്ക്കണം. അതിനാണ് തന്നത്താൻ ഇരുന്നു പ്രാർത്ഥിക്കണം എന്നു പറയുന്നത്.

ഓരോന്ന് കണ്ടു പിടിച്ച് കർത്താവിനോട് പറയണം: കർത്താവേ, ഇത് എനിക്കു കിട്ടുന്ന വീര്യം ചോർന്നുപോകുന്ന ദ്വാരങ്ങളാണ്. ഇത് നീ അടച്ചുതരണമേ. സഹോദരങ്ങളേ, നിങ്ങൾ അങ്ങനെ പരിശീലിച്ചു നോക്കൂ. കാണാം, ഓരോ ദ്വാരവും കർത്താവ് അടച്ചടച്ചു തരുന്നത്. അവസാനം ദ്വാരമില്ലാത്ത പാത്രം കർത്താവിനെ കാണിക്കുന്നു. കർത്താവ് പുഞ്ചിരിയോടെ വീഞ്ഞ് ഈ പാത്രത്തിലേക്കു പകർന്നു തരും.

സ്വർഗ്ഗത്തിലെ വീഞ്ഞ് നിങ്ങളുടെ പാത്രത്തിലേക്ക് ഒഴിച്ചു തരും; സ്വർഗ്ഗത്തിലെ വീഞ്ഞാകുന്ന പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തരും. ആ പരിശുദ്ധാത്മാവിനെ നിങ്ങൾ പ്രാപിച്ച് ദൈവത്തെ ആർപ്പോടെ, ആനന്ദത്തോടെ, ആരവാരത്തോടെ സ്തുതിക്കാം.

ഞാൻ വളരെ വിനയപൂർവ്വം നിങ്ങളോടു പറയട്ടെ. ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ കർത്താവിനോട് പറയണം: കർത്താവേ, എന്റെ ജീവിതത്തിലുള്ള കിഴുത്തകൾ എല്ലാം കണ്ടുപിടിച്ച് അതു നികത്തുവാനുള്ള കഴിവും കൃപയും എനിക്ക് തരണമേ. അതിനുള്ള എളിമയും സൗമ്യതയും എനിക്കു തരണമേ. അതിനുള്ള പ്രാർത്ഥനാജീവിതം

എനിക്കു തരണമേ.

പ്രാർത്ഥന! സ്വന്തം ജീവിതത്തിലെ ദ്വാരങ്ങൾ, വിടവുകൾ എന്തെല്ലാം എന്നു കണ്ടുപിടിച്ച് അതെല്ലാം അടയ്ക്കാൻ ദൈവത്തോട് അപേക്ഷിക്കുന്നതാണ് വാസ്തവമായ പ്രാർത്ഥന. അങ്ങനെ പ്രാർത്ഥിക്കുമ്പോൾ കർത്താവ് നിങ്ങളെ തൊടുന്നത് നിങ്ങൾക്ക് അനുഭവമാകും. അപ്പോൾ നിങ്ങൾക്ക് ദൈവത്തെ സ്തുതിക്കാം. കർത്താവേ, ഈ നീചപാപിയെ നീ സ്നേഹിച്ചല്ലോ. എന്റെ അരികിലേക്ക് നീ വന്നല്ലോ. എന്റെ വിടവുകളെല്ലാം നീ മാറ്റിത്തന്നല്ലോ. എന്തൊരു മഹാഭാഗ്യം! കർത്താവേ, ഇനിയും ഞാൻ മാറാനുണ്ടല്ലോ. അതിനു നിന്റെ കൃപയാൽ എന്നെ പൊതിയണമേ. നിന്റെ തിരുരക്തത്താൽ എന്നെ മൂടണമേ. കർത്താവേ, വേറെയൊന്നും വേണ്ട.

ഈ വാക്കുകൾ നിങ്ങളുടെ ജീവിതത്തിൽ പ്രയോജനപ്പെടട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ നിസ്സാരമായി കാണേണ്ട ജീവിതമല്ല ആത്മീയജീവിതം. അത് വളരെ ക്ലേശമുള്ളതും ബുദ്ധിമുട്ടുള്ളതുമാണ്. ഇതു മുള്ളുനിറഞ്ഞ പാതയാണ്. പക്ഷേ, അവിടവിടെ ചെറിയ വിടവുകൾ ഉണ്ട്. മുള്ളുനിറഞ്ഞ പാതയിൽക്കൂടി മുള്ളുകൊള്ളാതെ വളരെ സൂക്ഷ്മതയോടെ ഓരോ കാൽച്ചുവടും മുമ്പോട്ടു പോകേണ്ടതാണ്. അങ്ങനെ നടക്കാൻ സാധിക്കുമെങ്കിൽ നിങ്ങൾക്ക് ആത്മീയരാകാം.

നിങ്ങളുടെ ഹൃദയം കർത്താവിന്റെ സന്നിധിയിൽ താഴ്ത്തുക. എന്റെ ജീവിതത്തിൽ അനേകം ദ്വാരങ്ങൾ ഉണ്ട് എന്നു കർത്താവിനോടു പറയുക. വിടവുള്ള ഭാഗങ്ങൾ കർത്താവിനു കാണിച്ചു കൊടുക്കുക.

ഇന്നും കർത്താവേ, എന്റെ സ്വയം തകർന്നിട്ടില്ല. എന്റെ ജഡവും സ്വയവും ഉയർന്നു തന്നെ നിൽക്കുന്നു. ലോകസ്നേഹം മാറിപ്പോയിട്ടില്ല. ലോകമനുഷ്യരുടെ പ്രീതിക്കും

സ്നേഹത്തിനും വേണ്ടിയുള്ള ആഗ്രഹവും ത്വരയും മാറിയിട്ടില്ല. ഇന്നും തെറ്റുകൾ വരുന്നു. ഇന്നും ഞാൻ പൂർണ്ണനായിട്ടില്ല എന്നു മാത്രമല്ല ആരംഭിച്ചിട്ടുപോലുമില്ല. ആത്മീയജീവിതത്തിൽ ഒന്നാമത്തെ പടിപോലും ആയിട്ടില്ല. കർത്താവേ, ഈ സ്ഥിതിയിൽ ഈ ഭൂമിയിൽ നിന്നു ഞാൻ മാറ്റപ്പെട്ടാൽ നിത്യ അന്ധകാരത്തിലേക്ക് പോകുമെന്നു ഞാൻ അറിയുന്നു. അതുകൊണ്ട് കർത്താവേ, എന്റെ ആത്മാവിന്റെ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഞാൻ വ്യക്തമായും നിന്റെ തിരുമുമ്പിൽ വിനയപ്പെട്ടിരുന്നുകൊള്ളാം.

കർത്താവേ, ഇന്ന് ആ സ്വർഗ്ഗത്തിലെ തീക്കട്ട എന്റെ നാവിന്മേൽ തൊടുവിക്കണമേ. ആ തീ എന്നിൽ ഊതിയൂതി പിടിക്കുമാറാകണമേ. ആ തീയിൽ എന്റെ ജീവിതം സംശുദ്ധമായി തീരണമേ. ഒരു ദരിദ്രനെപ്പോലെ ഞാൻ യാചിക്കുന്നു. സ്വർഗ്ഗത്തിലെ തീക്കനൽ എന്റെ ചുണ്ടിന്മേൽ തൊടുവിക്കണമേ. നിത്യതയിൽ പരിശുദ്ധന്മാരോടുകൂടെ ചേരുവാൻ കൃപ തരണമേ.

## പതിനൊന്ന്

ആത്മീയമായ ഔന്നത്യത്തിൽ നിന്ന ഒരു ശ്രേഷ്ഠനായ ദൈവദാസനായിരുന്നു സെന്റ് പോൾ. ആത്മീയകൃപാവരങ്ങൾകൊണ്ടു നിറഞ്ഞ ദൈവപൈതലായിരുന്നു സെന്റ് പോൾ. എല്ലാ അനുഗ്രഹങ്ങളും ലഭിച്ചിട്ടുള്ള ഒരു ദൈവദാസൻ. മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട ഒരു ദൈവദാസൻ. ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു!

നാം എപ്പോഴും ഉന്നതമായ കാര്യങ്ങൾ വാഞ്ഛിക്കണം. R.A. Torry പറഞ്ഞു: Pray for great things, expect great things, work for great things, pray and praise for great things. വൻകാര്യങ്ങൾ ആഗ്രഹിക്കുന്നു, വൻകാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ മാധുര്യം നമുക്കനുഭവിക്കാൻ സാധിക്കും.

നമ്മുടെ ഹൃദയം വേവലാതിപൂണ്ടു വരുമ്പോൾ, മനസ്സ് നൊന്തു വിങ്ങുമ്പോൾ നാം കർത്താവിനോട് ഉള്ളഴിഞ്ഞ് പ്രാർത്ഥിക്കുമ്പോൾ കർത്താവ് നമ്മുടെ അരികത്തു വരുന്നത് നമുക്കുതന്നെ അനുഭവിച്ചറിയാൻ സാധിക്കും. പുറമെയുള്ള കണ്ണുകൊണ്ട് കണ്ടു എന്നു വരികയില്ല. നമ്മുടെ അകക്കണ്ണുകൊണ്ട് അത് നമുക്ക് അനുഭവിച്ചറിയാൻ സാധിക്കും. ആ ഉന്നതമായ നിലവാരത്തിലേക്കു പോകാനാണ് കർത്താവ് നമ്മെ വിളിച്ചത്.

കർത്താവിന് നമ്മെക്കുറിച്ച് വലിയ ഉദ്ദേശങ്ങളുണ്ട്;

വലിയ പ്രതീക്ഷകളുണ്ട്. കർത്താവിന് നമ്മെ വിശ്വാസമാണ്. നാം പറഞ്ഞ വാക്കുകൾ വിശ്വസിച്ചാണ് നമ്മുടെ ബന്ധന ങ്ങൾ അഴിച്ചത്. ദൈവത്തോടു പറയുന്ന ചില പ്രതിഷ്ഠകൾ, കർത്താവിന്റെ സന്നിധിയിൽ നാം ബോധിപ്പിക്കുന്ന അപേക്ഷ കൾ, കർത്താവിന്റെ സന്നിധിയിൽ നാം സമർപ്പിക്കുന്ന ചില സമർപ്പണങ്ങൾ, നമ്മുടെ ചില തീരുമാനങ്ങൾ ഇതെല്ലാം കർത്താവ് കേട്ടു. കർത്താവ് അതങ്ങു വിശ്വസിച്ചു. മഹാപരി ശുദ്ധനായ ദൈവം ഈ സാധുവായ മനുഷ്യൻ പറയുന്നത് കേൾക്കുന്നു, വിശ്വസിക്കുന്നു.

അതുകൊണ്ട് ദൈവം നമ്മെ വിശ്വസിച്ച് നമുക്ക് കൃപാവ രങ്ങൾ തരുന്നു; ദൈവത്തിന്റെ ആത്മാവിനെ തരുന്നു. നാം പറഞ്ഞ വാക്കുപാലിക്കുമെന്ന് നമ്മെക്കുറിച്ച് വിശ്വസിച്ചു.

ഒരു വലിയ ആത്മീയ അനുഭവമാണത്. കർത്താവ് വിശ്വ സിക്കുമാറ് നാം ജീവിക്കണം. നമ്മുടെ വാക്കുകൾ ഓരോന്നും കർത്താവ് ശ്രദ്ധവച്ചു കേൾക്കുന്നുണ്ട്. കർത്താവിന്റെ സ്നേഹം നമ്മെ വിശ്വസിക്കുകയാണ്. കർത്താവിന്റെ സ്നേഹം നാം പറയുന്ന വാക്കു സ്വീകരിക്കുകയാണ്.

എന്റെ കർത്താവേ, ഇനിമുതൽ ഞാൻ നിനക്കായി ജീവിക്കും എന്നു പറയുമ്പോഴേക്കും കർത്താവിന്റെ സ്നേഹം നമ്മെ സ്വീകരിക്കുകയാണ്. അപ്പോൾ കർത്താവിന്റെ കരുണ നമ്മിലേക്കു ഒഴുകുകയാണ്.

കർത്താവ് നമ്മെ വിശ്വസിച്ചു നമുക്കു തന്ന കൃപാവര ങ്ങൾ നാം ഒരിക്കലും വ്യർത്ഥമാക്കിക്കളയരുത്. കൃപ ലഭിച്ചതു വ്യർത്ഥമാക്കരുത്. ഓരോരുത്തർക്കും ദൈവത്തിന്റെ വചനം കേൾക്കാൻ സാധിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. വചനം കേൾക്കാൻ തോന്നുന്നത് കൃപയാണ്. ഈ കൃപയാണ് നമുക്കു ലഭിച്ചത്. ദൈവത്തെ വഞ്ചിക്കാൻ ഇടയാകരുത്; ദൈവത്തോട് വാക്കു വ്യത്യാസം വരരുത്; നാം ഒരു വാക്കു

പറഞ്ഞാൽ വാക്കായിരിക്കണം.

നമ്മിൽ അനേകം പേർ ദൈവത്തോട് വാക്കു പറഞ്ഞവരാണ്. വചനം കേൾക്കുമ്പോൾ ആത്മാവല്ലേ സംസാരിക്കുന്നത്? ആത്മാവ് സംസാരിക്കുമ്പോൾ നാം തകർന്നു പോകുന്നു. നാം തീരുമാനങ്ങൾ എടുത്തുപോകുന്നു. അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. പക്ഷേ, ദൈവത്തോടു പറഞ്ഞവാക്ക് നാം മറന്നുപോകരുത്. ദൈവത്തോടു ചില വാക്കുകൾ പറഞ്ഞു നമ്മുടെ ജീവിതം സമർപ്പിച്ച കാര്യം നാം മറന്നുപോകരുത്.

പൗലോസ്ശ്ലീഹാ ആദ്യകാലങ്ങളിൽ ഒരു മതഭക്തനായിരുന്നു. ഒരു യഹൂദനായിരുന്നു. യഹൂദാമതത്തിൽ മുമ്പനായിരുന്നു. അവിടുത്തെ സന്നിദ്രിം സംഘത്തിലെ അംഗമായിരുന്നു. മാത്രവുമല്ല അന്ന് റോമൻ പൗരത്വം സിദ്ധിച്ചിട്ടുള്ള യഹൂദന്മാരിൽ ഒരാളായിരുന്നു. വലിയ ഒരു വിജ്ഞാനി ആയിരുന്നു. ഗമാലിയേലിന്റെ കീഴിൽ നല്ല വിദ്യാഭ്യാസം ലഭിച്ച ആളായിരുന്നു. അഭിമാനിക്കാൻ പലതും ഉണ്ടായിരുന്നു. പക്ഷേ, പൗലോസ്ശ്ലീഹാ യേശുക്രിസ്തുവിന്റെ ശബ്ദംകേട്ടു. "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്" എന്ന ശബ്ദം കേട്ടു. ആ ശബ്ദം കേട്ട ഉടനെ തിരിഞ്ഞു, പിന്നെ പുറകോട്ടു നോക്കിയില്ല.

നാമും അങ്ങനെയാണ് വേണ്ടത്. ദൈവശബ്ദം നാം കേൾക്കുന്നു; ദൈവത്തിന്റെ വചനം നാം കേൾക്കുന്നു. വചനം കേൾക്കുമ്പോൾ നമ്മുടെ ഹൃദയം ഉരുകണം. നമ്മുടെ ഹൃദയം തകരണം. നമ്മുടെ ഹൃദയം നുറുങ്ങണം. എന്റെ കർത്താവേ, ഞാൻ ഇത്രയും പാപിയായിരുന്നിട്ടും നിന്റെ ആലോചന കേൾക്കാൻ എനിക്ക് ഭാഗ്യം കിട്ടിയല്ലോ. ഞാൻ ഇത്രയേറെ നിസ്സാരനായിരുന്നിട്ടും നിന്റെ ആലോചന കേൾക്കാൻ എനിക്കു കൃപ ലഭിച്ചല്ലോ. കർത്താവേ, നിനക്കു സ്തുതി. ദൈവസന്നിധിയിൽ നമുക്കു ദൈവത്തോടു നന്ദി

ഉണ്ടായിരിക്കണം. അങ്ങനെ ആ നന്ദിയിൽ നിന്ന് നമ്മുടെ തീരുമാനങ്ങൾ ഒന്നിനൊന്ന് ഉറപ്പിച്ചു കൊണ്ടുപോകാൻ സാധിക്കും.

പൗലോസ്ശ്ലീഹാ ആ ചുവടുവയ്പിൽ നിന്നും പുറ കോട്ടു പോയില്ല. പക്ഷേ പിൽക്കാലത്ത് പൗലോസ് തുറന്നു പറയുകയാണ്. ഞാൻ പൂർണ്ണനായിട്ടില്ല. എന്തൊരു ആന്തരിക വിനയമാണ്! പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിലും ആന്ത രിക വിനയം നമുക്കു വേണം. ഞാൻ ഏതാണ്ടെല്ലാം ആയി എന്നു തോന്നിയാൽ വീണു എന്നാണർത്ഥം. എന്റെ ജീവിതം ഉടഞ്ഞുപോയി എന്നാണതിന്റെ അർത്ഥം. കർത്താവേ, ഞാൻ ഒന്നും ആയിട്ടില്ല.

സെന്റ് പോൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒന്നും ആയിട്ടില്ല എന്നു തിരിച്ചറിഞ്ഞ് വളരെ എളിമയോടെ പറഞ്ഞു: “ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല, ക്രിസ്തുയേശുവിനാൽ ഞാൻ പിടിക്കപ്പെട്ടിരിക്കുന്നതു കൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് ഞാൻ പിൻതുടരുന്നതേയുള്ളൂ.”

യേശുക്രിസ്തു എന്നെ പിടിച്ചു; ഞാൻ പിറകെ പോകു ന്നതേയുള്ളൂ; യേശുക്രിസ്തുവിന്റെ സ്നേഹം എന്നെ വശീക രിച്ചു; യേശുക്രിസ്തുവിന്റെ സ്നേഹം എന്നെ ആകർഷിച്ചു; ഞാൻ പിന്നാലെ പോകുകയാണ്. പക്ഷേ, ഞാൻ ആരേ ക്കാളും ഭേദമായിട്ടല്ല, ഞാൻ perfect ആയിട്ടല്ല; ഞാൻ പൂർണ്ണ നായിട്ടുമല്ല; ഞാൻ തികഞ്ഞവനായിട്ടല്ല; ഒരു സമയത്ത് എന്നെ ഒരാൾ വന്നു പിടിച്ചു.

നിങ്ങൾക്ക് യേശുക്രിസ്തു നിങ്ങളെ വന്നു പിടിച്ചു എന്നുള്ള ഒരു പ്രത്യേക സമയം ഉണ്ടായി എന്നു വരില്ല. ഇന്ന സമയത്ത് വചനം കേട്ടുകൊണ്ടിരുന്നപ്പോൾ കർത്താവ് എന്നെ പിടിച്ചു എന്ന് അറിയണമെന്നില്ല. യേശുക്രിസ്തു

എന്നെ പിടിച്ചു എന്നുള്ളത് സത്യമാണ്. എപ്പോഴാണോ എവിടെ വച്ചാണോ എന്ന് അറിയണമെന്നില്ല. ക്രിസ്തു എന്നെ പിടിച്ചു എന്നൊരു ബോധ്യം ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ ഇന്നു തന്നെ അതു പ്രാപിയ്ക്കണം. നാളേയ്ക്ക് മാറ്റിവയ്ക്കരുത്.

കർത്താവിനോടു പറയണം: നിന്റെ തൃക്കരം എന്നെ പിടിച്ചു എന്നുള്ള ഉറപ്പ് നീ എനിക്കു തരണം. ഇനി ഞാൻ നിന്റെ വഴികളിൽ കൂടിയേ പോകുകയുള്ളൂ. നീ കാണിച്ചു തന്ന ഒരു വഴിയുണ്ട്. ഇടുക്കവും ഞെരുക്കവുമുള്ള വഴി. കഷ്ടതയും പരിഹാസവും നിന്ദയും എല്ലാം ഏറ്റ് വലയുന്ന ഒരു വഴി. അനേകരൊന്നും കൂടെയുണ്ടാകില്ല. വളരെച്ചുരുക്കം പേർ മാത്രമേ ഈ വഴിയിൽക്കൂടി പോകുകയുള്ളൂ. കർത്താവേ, ആ വഴിയിൽക്കൂടി നിന്റെ പിന്നാലെ വരാൻ ഞാൻ ഇതാ സമർപ്പിച്ചിരിക്കുകയാണ്. ഇന്നു നീ എന്നെ ഒന്നു പിടിക്കണം.

നിങ്ങളുടെ ഹൃദയത്തിൽ ഇതു വരുന്നുണ്ടോ? നിങ്ങൾ ആരായാലും എന്തു ജോലി ചെയ്യുന്നവരായാലും നിങ്ങൾക്ക് യേശു എന്നെ പിടിച്ചു എന്നുള്ള ഉറപ്പു വേണം. “ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല, ക്രിസ്തു യേശുവിനാൽ ഞാൻ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേ യുള്ളൂ.”

പക്ഷേ, ഒരു കാര്യം എനിക്ക് ഉറപ്പുണ്ട്. “ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു.”

ഞാൻ എന്നെത്തന്നെ അറിയണം; എന്റെ സാക്ഷാത്തായ അവസ്ഥ എന്താണെന്ന് അറിയണം; വാസ്തവമായി എന്റെ ഉള്ളം എങ്ങനെയാണ് എന്നു ഞാൻ അറിയണം. എന്റെ ഹൃദയത്തിലേക്ക് യേശുക്രിസ്തു നോക്കുമ്പോൾ എന്നെ

എങ്ങനെയാണ് കാണുന്നത്? എന്റെ തനിനിറം എന്താണ്? അടുത്തറിയുമ്പോഴാണ് നമ്മുടെ തനിനിറം മറ്റുള്ളവർക്കു മനസ്സിലാകുന്നത്. നമുക്ക് പക്ഷേ, മനസ്സിലാകുന്നില്ല.

ഏതെങ്കിലും ഒരു പ്രത്യേക സന്ദർഭം വരുമ്പോഴാണ് എന്റെ തനിനിറം ഞാൻ മനസ്സിലാക്കുന്നത്. പൈസയുടെ കാര്യം വരുമ്പോൾ, ആത്മീയപ്രവർത്തനങ്ങളുടെ കാര്യം വരുമ്പോൾ തിരിച്ചറിയണം, എന്നിൽ വലിയ സ്വയം ഉണ്ടല്ലോ, എന്നിൽ വലിയ അഹങ്കാരി ഉണ്ടല്ലോ, എന്റെ ഹൃദയം ആർക്കും വഴങ്ങാത്ത ഹൃദയമാണല്ലോ, ഞാൻ ചിന്തിക്കാതെ സംസാരിക്കുന്ന ആളാണല്ലോ എന്നെല്ലാം. ഇങ്ങനെ നാം നമ്മെത്തന്നെ പരിശോധിക്കുമ്പോഴാണ് ശരിയായ അവസ്ഥ തിരിച്ചറിയുന്നത്.

കൂട്ടായ്മയിൽ വരും, പോകും. അക്കരയിലേക്ക് കടന്നു ചെല്ലുമ്പോഴാണറിയുന്നത് ഞാൻ ധരിച്ചതുപോലെ അല്ലായിരുന്നല്ലോ എന്ന്. ആരംഭശൂരത്വം ഉണ്ട്. പക്ഷേ, മുന്നോട്ടുപോകുമ്പോൾ ചില വ്യക്തിപരമായ കാര്യങ്ങൾ വരുമ്പോൾ കാണാം നമ്മുടെ തനിനിറം. എന്നെ സ്പർശിക്കുന്ന കാര്യങ്ങൾ വരുമ്പോൾ കാണാം എന്റെ തനിനിറം. അതും എനിക്കു വ്യക്തമാകണമെന്നില്ല. പക്ഷേ, മറ്റുള്ളവർക്കു വ്യക്തമാകും.

> *“ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.” ഫിലിപ്പിയർ 3 : 14*

കഴിഞ്ഞകാല ജീവിതത്തിലുള്ള പരാജയങ്ങൾ മറക്കുന്നു. വിജയങ്ങളും മറക്കുന്നു. ആവശ്യമില്ലാത്ത സംസാരങ്ങൾ, മറ്റുള്ളവരെ വിധിച്ചത്, മറ്റുള്ളവരെ ദുഷിച്ചത്, ദൈവത്തിന്റെ വചനത്തിന് വില കൊടുക്കാതിരുന്നത്, ദൈവമക്കളെ താരതമ്യം ചെയ്ത് ചിന്തിച്ചത്, ഇങ്ങനെ ആത്മീയരായ നിങ്ങൾ

അറിയാത്ത രഹസ്യപാപങ്ങൾ നിങ്ങളുടെ ഹൃദയത്തിലുണ്ട്. ഈ പാപങ്ങൾ എല്ലാം മാറണം.

നാം ധരിക്കുന്നതുപോലല്ല ആത്മീയം. നാം ഇതുവരെ ചിന്തിച്ചതുപോലല്ല ശരിയായ ആത്മീയം. ശരിയായ ആത്മീയം എന്നു പറയുന്നത് ക്രിസ്തു എന്നെ കാണുന്നതുപോലെ തന്നെ ഞാൻ എന്നെ കാണുന്നതാണ്. ക്രിസ്തു എന്നെ കാണുന്നതുപോലെ എന്നെത്തന്നെ കണ്ടിട്ട് ഞാൻ ക്രിസ്തു സദൃശനാകാൻ നോക്കണം. നാം നമ്മെ മറ്റാരോടും താരതമ്യപ്പെടുത്തരുത്. താരതമ്യപ്പെടുത്തേണ്ടത് ക്രിസ്തുവിനോടാണ്.

ക്രിസ്തുവിന്റെ സ്വഭാവം എന്നിൽ എത്രമാത്രമുണ്ട്? അങ്ങനെ ചിന്തിക്കുമ്പോൾ നമ്മുടെ തല താണുപോകും. ക്രിസ്തുവിന്റെ സ്വഭാവം പ്രാപിക്കാതെ ക്രിസ്തുവിന്റെ സന്നിധിയിൽ എത്താൻ സാധിക്കുകയില്ല. ക്രിസ്തുവിന്റെ എളിമ, ക്രിസ്തുവിന്റെ കഷ്ടത സഹിപ്പാനുള്ള മനസ്സ്, ആക്ഷേപം സഹിക്കുമ്പോഴുള്ള ക്രിസ്തുവിന്റെ സ്നേഹമനോഭാവം! ആളുകൾ ഉപദ്രവിക്കുകയും ഒറ്റപ്പെടുത്തുകയും പരിഹസിക്കുകയും ഒക്കെ ചെയ്യുമ്പോഴും ആരോടും പരിഭവമില്ലാത്ത ഹൃദയം! അതു പ്രാപിക്കാൻ ഞാൻ എത്രയോ ദൂരം ഇനിയും സഞ്ചരിക്കേണ്ടിയിരിക്കുന്നു!

ഇങ്ങനെ നാം നമ്മെത്തന്നെ ശോധന ചെയ്യണം. ആരും ആക്ഷേപിച്ചുകൊള്ളട്ടെ. ആരെല്ലാം നമ്മെക്കുറിച്ച് തെറ്റിദ്ധരിച്ചുകൊള്ളട്ടെ, അത് ചിന്താവിഷയമല്ല. കാരണം, ക്രിസ്തു എന്നെ കാണുന്നു. ക്രിസ്തു എന്റെ വലങ്കരത്തിൽ പിടിച്ചിരിക്കുന്നു. എനിക്കറിയാം ഞാൻ ക്രിസ്തുവിന്റെ വഴിയിലൂടെയാണ് പോകുന്നതെന്ന്. ഈ ഒരുറപ്പ് നമുക്കു വേണം.

“ആയിരം മണിയുടെ നാവടക്കീടാം. ഒറ്റവായിലെ നാവ് ആർക്കാനുമടക്കാൻ കഴിയുമോ” എന്ന് മഹാകവി ഉള്ളൂർ പറഞ്ഞു.

ആളുകൾ പറഞ്ഞുകൊള്ളട്ടെ. നാവുള്ളവരെല്ലാം ആക്ഷേപിച്ചുകൊള്ളട്ടെ; പരിഹസിച്ചു കൊള്ളട്ടെ. ഒന്നും ബാധിക്കയില്ല. പക്ഷേ, ഞാൻ എന്നെത്തന്നെ കണ്ടില്ലെങ്കിൽ എന്നെ ബാധിക്കും. എന്റെ സ്വഭാവം എന്താണ്? എന്റെ പ്രകൃതി എന്താണ്? എന്റെ രക്തത്തിൽ അലിഞ്ഞു കിടക്കുന്ന ഭാവം എന്താണ്? ഇത് ഞാൻ കാണണം.

"ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ദൈവത്തിന്റെ പരമവിളി യുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു."

പിമ്പിൽ വിജയങ്ങളുണ്ട്; ഒരുകാലത്ത് കോപത്തിന്മേൽ ജയമുണ്ടായിരുന്നു; ഒരു കാലത്ത് നീരസമോ ഇഷ്ടക്കുറവോ വരാതെ അതിനെ അഭിമുഖീകരിക്കാനുള്ള കൃപ കിട്ടിയി രുന്നു; ഒരു കാലത്ത് പരാജയം വന്നാലും തളർന്നു പോകാത്ത സ്വഭാവം കിട്ടിയിരുന്നു; ജയമുണ്ടായിരുന്നു.

പക്ഷേ ജയങ്ങൾ മറക്കണം. ഇന്നലത്തെ സമർപ്പണം പോരാ ഇന്ന്. ഇന്ന് ഒരു പുതിയ സമർപ്പണം വേണം. ഇന്ന് ഒരു കുറ്റി അടിച്ച് ഒരു പശുവിനെ കെട്ടി. നാളെ ആ കുറ്റിയിൽ കെട്ടി യാൽ പോരാ. കുറ്റി ആഴത്തിലാക്കണം. അതുപോലെ ഇന്നത്തെ സമർപ്പണത്തിൽ നിന്നാൽ പോരാ, നാളെ ഒന്നുകൂടി ആഴത്തിലാക്കണം. ആഴത്തിലുള്ള സമർപ്പണത്തിലേക്കു വരണം.

ഓരോ നിമിഷവും, അദ്ധ്വാനിക്കുകയും യാത്ര ചെയ്യുകയും ചെയ്യുമ്പോഴെല്ലാം ഈ ചിന്ത വേണം. എന്റെ സമർപ്പണം എവിടെ? എപ്പോഴും ഹൃദയത്തിൽ യേശു വേണം. യേശു വിൽ ലയിക്കണം. യേശുവിന്റെ സ്വഭാവത്തോട് താരതമ്യപ്പെ ടുത്തണം. യേശു ആണെങ്കിൽ ഇങ്ങനെ പറയുമോ? യേശു ആണെങ്കിൽ ഇങ്ങനെ ചിന്തിക്കുമോ? ഇങ്ങനെ പെരുമാറു മോ? എന്റെ സ്ഥാനത്ത് യേശു ആണെങ്കിൽ ഇങ്ങനെ സംസാ

രിക്കുമോ? നാം ചിന്തിക്കണം.

അപ്പോഴാണ് നമ്മെത്തന്നെ വിലയിരുത്താൻ സാധിക്കുന്നത്. തന്നത്താൻ നമ്മെത്തന്നെ മനസ്സിലാക്കാൻ സാധിക്കുന്നത്. ലഭിച്ചുകഴിഞ്ഞു എന്നു ഞാൻ വിചാരിക്കുന്നില്ല. തികഞ്ഞവനായി എന്നും ഞാൻ വിചാരിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.

മുമ്പിൽ ഒന്നുണ്ട്. നിത്യസമാധാനം! നിത്യശാന്തി! "കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ നിരൂപിച്ചിട്ടുപോലുമില്ല." എന്തൊക്കെ ആയിരിക്കും, ആർക്കറിയാം? നമുക്കറിഞ്ഞുകൂടാ. എന്തായിരിക്കും നാം കടന്നുചെല്ലുമ്പോൾ കിട്ടുന്ന സ്വർഗ്ഗത്തിലെ സൗഭാഗ്യം? ഒരു മനുഷ്യനും ചിന്തിച്ചിട്ടുപോലുമില്ലാത്ത സൗഭാഗ്യങ്ങളാണ് കിട്ടാൻ പോകുന്നത്.

യേശുക്രിസ്തുവിന്റെ അടുത്ത് ചെല്ലുമ്പോൾ നമുക്ക് കിട്ടുന്ന ശുശ്രൂഷ എന്തായിരിക്കും? ദൈവരാജ്യത്തിൽ ചെല്ലുമ്പോൾ അവിടെയും പല തട്ടുകൾ ഉണ്ട്. പല പദവികളുണ്ട്. ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്കു തക്ക ന്യായവിധി ഉണ്ടാകും. ഒരു പക്ഷേ, നമുക്ക് കിരീടങ്ങൾ കിട്ടും. ഇതെല്ലാം നാം ചിന്തിക്കണം.

ഒരു വിളി എനിക്കു ലഭിച്ചിട്ടുണ്ട്; എന്റെ കർത്താവ് എന്നെ വിളിച്ചിട്ടുണ്ട്. യേശു എന്നെ പിടിച്ചിട്ടുണ്ട്. ഒരു ശിശു അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകുന്നത് ഒരിക്കലായിട്ട് സംഭവിക്കുന്ന കാര്യമാണ്. പക്ഷേ, അറിയുന്നത് പല നാളുകൾ കഴിഞ്ഞായിരിക്കും. ഒരു പക്ഷേ, ഇന്ന് അറിയുന്നുണ്ടാകില്ല.

പക്ഷേ, നിത്യനായ ദൈവത്തിന്റെ കാര്യപരിപാടിയിൽ ഒരു ശിശു അമ്മയുടെ ഗർഭപാത്രത്തിൽ ഉരുവാകുന്നത് എപ്പോഴാണെന്ന് അവിടത്തേക്ക് അറിയാം. എന്നതുപോലെ നമ്മെ കർത്താവ് പിടിക്കുന്നത് എപ്പോഴാണെന്ന് നമുക്കറിഞ്ഞുകൂടാ. കർത്താവ് നമ്മെ പിടിച്ച് വീണ്ടുംജനനത്തിന്റെ അനുഭവത്തിലേക്ക് കൊണ്ടുവരുന്നത് എപ്പോഴാണെന്ന് നമുക്കറിഞ്ഞുകൂടാ. പക്ഷേ, കർത്താവതറിയുന്നു.

യേശുക്രിസ്തു നമ്മെ പിടിച്ചു എന്നുള്ള ആ ഉറപ്പ് നാമും പ്രാപിക്കണം. അതുകൊണ്ട് ഞാൻ മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ലാക്കിലേക്കോടുന്നു. മുമ്പിൽ വലിയ ഒരു വിരുത് എനിക്കു ലഭിച്ചിരിക്കുന്നു.

ഒന്നാമത്തെ കാരാഗൃഹവാസകാലത്തിൽ അപ്പൊസ്തലനായ പൗലോസ് ഫിലിപ്പ്യ ലേഖനത്തിലാണ് ഇതു പറഞ്ഞത്. ഫിലിപ്പ്യ ലേഖനവും കൊലോസ്യലേഖനവും എഫേസ്യലേഖനവും ഫിലെമോന് എഴുതിയ ലേഖനവും ഒന്നാം കാരാഗൃഹവാസക്കാലത്ത് എഴുതിയതാണ്.

എന്നാൽ പുറത്തുവന്നശേഷം അധികകാലം കഴിയുന്നതിനുമുമ്പ് വീണ്ടും കാരാഗൃഹത്തിലായി. അത് കഠിനതടവായിരുന്നു. അന്ന് തടവിൽ കിടക്കുമ്പോൾ അവസാനം അപ്പൊസ്തലന് മനസ്സിലായി ഇനി അധികം കാലമില്ല എന്ന്.

അപ്പോൾ അപ്പൊസ്തലൻ പറയുകയാണ്: എന്റെ നിര്യാണകാലം അടുത്തു; ഞാൻ മരിക്കാറായി. "ഞാൻ നല്ലപോരാട്ടം പോരാടി, ഓട്ടം തികച്ചു; വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. എനിക്കു മാത്രമല്ല. അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കും കൂടെ." 2തിമോഥെയോസ് 4 : 6 – 8. എന്തൊരുറപ്പാണ്!

ഈ ഒരുറപ്പ് നമുക്കുണ്ടോ? കർത്താവേ, ഇത്രയും കാലംകൊണ്ട് ഒരു സെക്കന്റ് നഷ്ടപ്പെടുത്താതെ നീ എന്നെ

ഏല്പിച്ച വേല തികയ്ക്കാൻ ഞാൻ ഓടുകയായിരുന്നു; നീ എന്നെ ഏല്പിച്ച ശുശ്രൂഷ തികയ്ക്കാൻ ഞാൻ ഓടുകയായി രുന്നു. നിങ്ങൾക്കതു പറയാൻ പ്രാഗത്ഭ്യമുണ്ടോ?

നമ്മുടെ ഓരോ ദിവസത്തെ പെരുമാറ്റവും എങ്ങനെ യെല്ലാമായിരുന്നു? നമ്മുടെ ദൈനംദിന ജീവിതവ്യാപാരങ്ങൾ എന്തൊക്കെയായിരുന്നു? ഓരോന്നോരോന്നു ചിന്തിക്കുമ്പോ ഴാണ് മനസ്സിലാകുന്നത് എന്റെ കർത്താവേ, ഞാൻ ഒന്നും ആയില്ലല്ലോ.

“ജീവനുള്ളവൻ എന്നു നിനക്കു പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു.” ആത്മാവു മരിച്ചു കിടക്കുന്നു, അറിയു ന്നില്ല; ചിലർ ചാവാറായി കിടക്കുന്നു. “ചാവാറായ ശേഷിപ്പു കളെ ശക്തീകരിക്ക.” വെളിപ്പാട് 3 : 1, 2.

ആരംഭത്തിൽ നല്ലപോലെ ഓടിയവർ കുറെ കഴിയു മ്പോൾ വാടിത്തളരുന്നുണ്ട്. അവർ ക്ഷീണിതരായിപ്പോകുന്നു. ഒരു കാലത്ത് അത്യുത്സാഹത്തോടെ ഓടിയവരാണ്. ഒരുകാ ലത്ത് സാക്ഷ്യം പറയുമ്പോൾ തീ കത്തിയവരാണ്. ഒരു കാലത്ത് വചനം പറയുമ്പോൾ അഗ്നി ഇറങ്ങിയവരാണ്. എല്ലാം ദൈവം തന്ന ഭാഗ്യങ്ങളാണ്.

പക്ഷേ, ഇന്നത്തെ അവസ്ഥ എന്താണ്? അതാണ് നാം ചിന്തിക്കേണ്ടത്. ലഭിച്ചു കഴിഞ്ഞു എന്നോ തികഞ്ഞവനായി എന്നോ അല്ല. ലഭിച്ചു കഴിഞ്ഞു എന്നു പറയാൻ നിർവ്വാഹമില്ല. ജയിച്ചില്ല. എന്നാൽ പിറകിലേക്കു നോക്കിയിട്ട് എന്റെ പരാജ യങ്ങൾ, എന്റെ വിജയങ്ങൾ രണ്ടും മറക്കണം. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശു വിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കി ലേക്ക് ഓടുന്നു.

നമ്മുടെ ദൈനംദിന ജീവിതം മാതൃകാപരമാണോ? ഞാൻ വായിച്ചു: വിദേശത്തുള്ള ഒരാൾ നാട്ടിൽ വന്നപ്പോൾ ഒരു

വീട്ടിൽ ചെന്നു. ആ വീട്ടിൽ അതിഥി ആയിട്ട് ചെന്നതാണ്. ആ വീട്ടിലെ കുടുംബിനി അവിടുത്തെ മോനോട്, സോപ്പു തീർന്നു പോയല്ലോ ഒരെണ്ണം വാങ്ങിച്ചു കൊണ്ടുവരാൻ പറഞ്ഞു. മോൻ സോപ്പു വാങ്ങിക്കൊണ്ടുവന്ന് അമ്മയുടെ കൈയിൽ കൊടുത്തു.

അമ്മ പറഞ്ഞു: “Thank you my darling.” വന്ന ആളുചോദിച്ചു: മോനല്ലേ; മോനോട് എന്തിനാ നന്ദി പറയുന്നത്? അമ്മ പറഞ്ഞു: അവനോടതിന് നന്ദി പറയേണ്ട ആവശ്യം ഉണ്ടായിട്ടല്ല. അവന് ആരെങ്കിലും എന്തെങ്കിലും കൊടുത്താൽ അവൻ അവരോട് നന്ദി പറയണം. അതിനുള്ള പരിശീലനം കൊടുക്കുകയാണ്.

നിസ്സാരകാര്യം എന്നു നമുക്കു തോന്നാം. എന്നാൽ നമ്മുടെ ഓരോ ചലനവും കുഞ്ഞുങ്ങൾ നിരീക്ഷിക്കുന്നുണ്ട്. നമ്മുടെ ബലഹീനതകൾ അവർ കാണുന്നുണ്ട്. നമ്മുടെ പോരായ്മകൾ അവർ കാണുന്നുണ്ട്. നമുക്ക് ഈർഷ്യയും മുഷിച്ചിലും വരുന്നത് അവർ കാണുന്നുണ്ട്. അവർ പക്ഷേ മിണ്ടി എന്നു വരില്ല; എന്നാൽ അവർ കാണുന്നുണ്ട്. കൊച്ചു കുട്ടികൾ പോലും അതു ശ്രദ്ധിക്കുന്നുണ്ട്.

നാം നോക്കണം, നമ്മുടെ ജീവിതം മാതൃകാപരമാണോ? അപ്പൊസ്തലൻ പറയും: നിങ്ങൾ എന്നെ അനുകരിപ്പിൻ എന്ന്.

അതുകൊണ്ട് പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു. ഈ ഒരുറപ്പു നമുക്കുവേണം.

എന്റെ കർത്താവേ, ഇനി എനിക്കു പിറകിലേക്കു നോക്കാൻ പറ്റില്ല. പിറകിലേക്കു നോക്കി നിരാശപ്പെടേണ്ട ആവശ്യവും ഇല്ല. കാരണം, കർത്താവ് എല്ലാം കഴുകിത്തരാം

എന്നു പറഞ്ഞിട്ടുണ്ട്. നിന്റെ തിരുരക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞതിനൊന്നും പ്രായശ്ചിത്തം ചെയ്യാൻ എനിക്ക് കഴിവില്ല; കഴിഞ്ഞ തെറ്റുകൾ തിരുത്താൻ എനിക്കു കഴിവില്ല. ഗർഭച്ഛിദ്രം നടത്തി, ഞാൻ എങ്ങനെ തിരുത്തും? തിരുത്താൻ വയ്യാത്ത പല പ്രവൃത്തികളും ചെയ്തു പോയിട്ടുണ്ട്.

തിരുത്താൻ വയ്യാത്തതു ചെയ്തുപോയെങ്കിലും നാഥാ, നീ മഹാ കരുണയുള്ള ദൈവമല്ലോ; നീ സ്നേഹനിധിയായ കർത്താവല്ലോ; എന്നോടു നീ മനസ്സലിയണം; എനിക്കു നീ ക്ഷമിച്ചു തരണം. കർത്താവേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണം. എന്റെ രക്തത്തിലെ പാപം പിശാച് കാണാതവണ്ണം നിന്റെ രക്തത്താൽ പൊതിഞ്ഞു നിർത്തണം.

ഇങ്ങനെ നാം പ്രാർത്ഥിച്ചു സമർപ്പിക്കുമ്പോഴാണ് ദൈവത്തിന്റെ കൃപ നമുക്ക് ലഭിക്കുന്നത്. പ്രാർത്ഥിച്ച് സമർപ്പിക്കുമ്പോൾ കർത്താവിന്റെ കൃപയും പ്രകാശവും നമ്മുടെ മേൽ വരും. നാമെല്ലാവരും അങ്ങനെ പാപക്ഷമ കിട്ടിയവരായിത്തീരണം. പാപം മോചിച്ചു കിട്ടിയവരായിത്തീരണം. മനുഷ്യർ ആരും അറിഞ്ഞില്ലെങ്കിലും ദൈവം അറിഞ്ഞിട്ടുണ്ട്. അത് നിത്യതയിൽ കണക്കിടപ്പെടാതിരിക്കാൻ ഇപ്പോഴേ നാം ഒരുങ്ങണം. ഇപ്പോഴേ നാം തിരുത്തേണ്ടത് തിരുത്തണം.

നമുക്കഭിമാനിക്കാൻ ഒന്നുമില്ല. കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ. നീ എന്നോട് മനസ്സലിയണമേ. നമ്മുടെ സ്വന്തം അവസ്ഥ നാം തന്നെ മനസ്സിലാക്കണം. എന്റെ തനതായ സ്ഥിതി എനിക്കു മാത്രം മനസ്സിലാകുന്നില്ല, എന്നാൽ മറ്റുള്ളവർക്കു മനസ്സിലാകുന്നുണ്ട്. ദൈവമോ, എല്ലാം കാണുന്നു.

നിങ്ങൾ എളിമപ്പെടുക. നിങ്ങൾ താഴുക. എന്നെ നീ രൂപാന്തരപ്പെടുത്തണമേ. നീ എന്നെ എങ്ങനെ കാണുന്നു എന്ന് എനിക്കു മനസ്സിലാക്കിത്തരണമേ. എന്റെ കർത്താവേ,

ഇതുവരെ വന്ന എല്ലാ തിന്മകളും നിന്റെ കൃപയാൽ മോചിച്ച്, മായിച്ച് എന്റെ കരത്തിൽ പിടിച്ച് എന്നെ നടത്തണമേ. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കുക.

നിങ്ങൾ വിശുദ്ധരായി നിന്നുകൊണ്ട് ദൈവവേല ചെയ്യൂ. നിങ്ങൾ കർത്താവിന്റെ പ്രിയ മക്കളായി നിന്നുകൊണ്ട് ദൈവത്തിന്റെ വേല ചെയ്യൂ. കർത്താവിന്റെ ആത്മാക്കളെ നേടൂ.

ആത്മാക്കളെ നേടുക! ആത്മാക്കൾക്കുവേണ്ടി അദ്ധ്വാനിക്കുക! നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെക്കുറിച്ച് ദാഹിക്കുക! അവരെക്കുറിച്ച് വേദനിക്കുക! യേശുക്രിസ്തുവിന്റെ ഭാരം നിങ്ങളും ചേർന്നു വഹിക്കുക! നിങ്ങളും കർത്താവിന്റെ കരത്തെ താങ്ങുക! ദൈവവേലയ്ക്കുവേണ്ടി ബദ്ധപ്പെടുക!

ഓടി നടന്നു ദൈവത്തിന്റെ വേല ചെയ്യുക. അതിലും അഭിമാനിക്കാൻ ഒന്നുമില്ല. എനിക്കും നിന്റെ വേലയിൽ പങ്കാളിയാകാൻ സാധിച്ചല്ലോ, നിനക്കു സ്തുതി. എനിക്ക് അഭിമാനിക്കാനുള്ളത് ഒന്നേ ഒന്നു മാത്രം. നിന്റെ കുരിശ്. നിന്റെ സ്നേഹം. അതുമതി.

ഇത്ര കൊടുംപാപിയായ എന്നെയും നീ സ്നേഹിച്ചതല്ലേ? ഇത്രയും ദുഷ്ടഹൃദയമുള്ള എന്നെയും നീ സ്നേഹിച്ചല്ലോ! ഇത്രയും അഹങ്കാരിയായ എന്നെ നീ സ്നേഹിച്ചല്ലോ! കർത്താവേ, നിനക്കു സ്തുതി. ഞാൻ അനേകർക്ക് സമാധാനം കൊടുക്കേണ്ട സ്ഥാനത്തു സമാധാനം കെടുത്തുന്നവനായിപ്പോയി. കർത്താവേ, നീ എന്നോടു ക്ഷമിക്കണമേ.

ഇങ്ങനെ നമ്മുടെ ജീവിതം ചികഞ്ഞ് ചികഞ്ഞ് ചിന്തിക്കുക. നമ്മുടെ വരവും ചിലവും എങ്ങനെയിരിക്കുന്നു? ദൈവം പ്രസാദിക്കത്തക്കവണ്ണമാണോ നാം പണം ചിലവിടുന്നത്? ഇങ്ങനെ നാം ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മെത്തന്നെ വിട്ടുകൊടുക്കുമ്പോൾ നമുക്ക് ശാന്തി ലഭിക്കും.

നമുക്കു പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ഇത്രയും കാലം നിനക്കു പിടിതരാതെ ഞാൻ ഓടിക്കൊണ്ടിരുന്നു. എനിക്ക് ലഭിച്ച അവസരങ്ങൾ എല്ലാം ഞാൻ നഷ്ടപ്പെടുത്തി. ഇന്നു ലഭിച്ചിരിക്കുന്ന സുവർണ്ണാവസരം പ്രയോജനപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നീ എന്നോടു മനസ്സലിയണമേ. എന്റെ കർത്താവേ, നിന്റെ ആ തൃക്കരം എന്നെ തൊടണമേ. എന്നെ പിടിക്കണമേ. കർത്താവേ, ഒരു ലാക്ക് എനിക്കു കിട്ടി ആ ലക്ഷ്യത്തിൽനിന്ന് ഞാൻ വ്യതിചലിക്കയില്ല. ഞാൻ ഇതാ ഓടുന്നു. ഇനി മുന്നോട്ടുവച്ച കാൽ പിന്നോട്ടില്ല. ആരെല്ലാം പരിഹസിച്ചാലും ഞാൻ മുന്നോട്ടുതന്നെ പോകും. കാരണം, ഞാൻ യേശുവിനെ കണ്ടുപോയി. യേശു എന്നെ സ്നേഹിച്ചു. നിന്റെ രക്തം കൊടുത്ത് എന്നെ വിലയ്ക്കു വാങ്ങി. ഇതാ, ഞാൻ നിന്റെ മാത്രം വക.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?

# Prof. M.Y. യോഹന്നാൻ

## സുവിശേഷസന്ദേശം നൽകുന്നു

# പവർവിഷൻ TV

8:30 PM
1:30 PM
5:30 AM

Indian Standard Time

രാത്രി 8:30
ഉച്ചയ്ക്ക് 1:30
രാവിലെ 5:30

Live Available on
www.crfgospel.org/tv

ഓരോ സമയത്തും വ്യത്യസ്തമായ വിഷയം

SUN DIRECT 607 | VIDEOCON d2h 646 | airtel 873 | dishtv 646

Asianet Cable - 662, Kerala Vision - 510, Den Cable - 637, Idukki Vision - 52, Siti Cable-161
Wayanad Vision-510, Malanad Channel-57, Bhoomika - 43, KCL -651, Sahya-56, Arasu(TN)- 747

ശനി രാവിലെ 6 : 30
സൂര്യ TV

തിങ്കൾ, ചൊവ്വ രാവിലെ 6 : 30
ജയ്ഹിന്ദ് TV

Ph : 9142 30 30 96

## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച<br>സാക്ഷ്യയോഗം | 9.00am - 2.00pm<br>4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള<br>രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും<br>(ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച<br>(വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച<br>യുവാക്കന്മാരുടെ യോഗം<br>(15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |